ചളവറ ഗ്രാമപഞ്ചായത്ത്



ജനകീയാസൂത്രണം

സമഗ്രവികസന രേഖ

ചളവറ ഗ്രാമപഞ്ചായത്ത്

ഒമ്പതാംപദ്ധതി ജനകീയ പദ്ധതി

സമഗ്ര വികസന രേഖ


CHALAVARA-PANCHAYAT
N
S
NELLAYA PANCHAYAT
CHORAKKARY PANCHAYAT
TRIKKODI PANCHAYAT
KIZHUR ROAD
WARD 1
WARD 2
WARD 3
WARD 4
WARD 5
WARD 6
WARD 7
WARD 8
WARD 9
NEW WARD - 10
WARD 10
VALLAPPUZHA ROAD
ANJANGADI PANCHAYAT
ZAMEENKULAM PANCHAYAT
SHORANUR MUNICIPALITY
True Copy

1. ആമുഖം
2. പഞ്ചായത്ത് പൊതു വിതരണം
3. സാമൂഹ്യ സാംസ്ക്കാരിക ചരിത്രം
4. ഭൂപ്രകൃതി വിഭവങ്ങൾ
5. സാമൂഹ്യ സാമ്പത്തിക മേഖലകൾ
5 1 കൃഷിയും ജലസേചനവും
5 2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
5 3 വ്യവസായം
5 4 കുടിവെള്ളം പൊതുജനാരോഗ്യം
5 5 ഗതാഗതം , ഊർജ്ജം
5 6 ഭവന നിർമ്മാ, ണം സാമൂഹ്യക്ഷേമം
5 7 സംസ്ക്കാരം
5 8 വിദ്യാഭ്യാസം
5 9 വനിത
5 10 സഹകരണമേഖല
5 11 പട്ടികജാതി ക്ഷേമം
5 12 വിഭവ സമാഹരണം
6 ഉപസംഹാരം

കോർഗ്രൂപ്പ്

എഡിറ്റോറിയൽ ബോർഡ് :

ടി. രാമകൃഷ്ണൻ

ഇ. ചന്ദ്രബാബു

കെ. വേണുഗോപാലൻ

എം.പി. ഗോവിന്ദരാജൻ

എൻ. രഘുനാഥ്

കെ. രാധാകൃഷ്ണൻ

എം. കുഞ്ചുനായർ

ഗ്രാമപഞ്ചായത്ത് ഭരണസമിതി

1. കെ. ഹേമമാലിനി (പ്രസിഡണ്ട്)
2. ടി.രാമകൃഷ്ണൻ (വൈസ് പ്രസിഡണ്ട്)
3. ഇ. ചന്ദ്രബാബു, (സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ)
4. പി.സി. ഉണ്ണികൃഷ്ണൻ
5. എ. പ്രഭാവതി
6. അംബുജാക്ഷി ടീച്ചർ
7. എൻ. ലീല അമ്മ
8. കെ. രാധാകൃഷ്ണൻ
9. വി.കെ.പി. വിജയനുണ്ണി
10. സി. കുഞ്ഞാലൻ മാസ്റ്റർ

1

ആമുഖം

ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിൽ നിന്നും സ്വാതന്ത്ര്യം ലഭിച്ച ഇന്ത്യൻ ജനാധിപത്യത്തിന് 50 വയസ്സ് തികയാൻ പോകുന്നു. അര നൂറ്റാണ്ടു കാലം ഒരു ജനാധിപത്യ സംവിധാനത്തെ നിലനിർത്തിയിടത്തോളം ഒരു ചെറിയ കാലഘട്ടമല്ല.

സ്വതന്ത്ര ഇന്ത്യയുടെ സമഗ്രവും നീതിപൂർവ്വകവുമായ സമ്പദ് വളർച്ച വിഭാവനം ചെയ്തുകൊണ്ട് രൂപം കൊടുത്ത പഞ്ചവത്സര പദ്ധതികൾ എട്ടെണ്ണം പൂർത്തിയാകുകയാണ്,. ആസൂത്രിത സമ്പദ്‌വ്യവസ്ഥയുടെ ഭാഗമായ പഞ്ചവത്സര പദ്ധതികളിലൂടെ വിവിധ മേഖലകളിൽ ഒട്ടേറെ അഭിമാനാർഹമായ നേട്ടങ്ങൾ നാം കൈവരിച്ചിട്ടുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനോ അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനോ പഞ്ചവത്സരപദ്ധതികൾക്കു കഴിഞ്ഞിട്ടില്ലെന്നത് നിസ്തർക്കമാണ്. അമിത കേന്ദ്രീകരണവും ഡിപ്പാർട്ടുമെൻറലിസവുമായിരുന്നു കഴിഞ്ഞകാല ആസൂത്രണത്തിൻെറ മുഖമുദ്രകൾ. ഇത് ജനാധിപത്യ സംവിധാനത്തെ കൂടുതൽ ദുർബലപ്പെടുത്തുകയും അമിതാധികാര പ്രവണതകളും അതിൻെറ ഫലമായി ദുർഭരണങ്ങളും അഴിമതികളും കൊടി കുത്തി വാഴുകയും ചെയ്തു. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിലുള്ള ദേശീയ പ്രസ്ഥാനങ്ങളുടെയും സ്വാതന്ത്ര്യസമര പോരാട്ടങ്ങളുടെയും ലക്ഷ്യം സ്വരാജ് മാത്രമായിരുന്നില്ല. ഗ്രാമസ്വരാജിലൂടെ മാത്രമേ ഇന്ത്യ പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. അധികാര വികേന്ദ്രീകരണത്തിലൂടെ മാത്രമേ ജനാധിപത്യം കൂടുതൽ അർത്ഥകമാക്കാനും അതുവഴി മൂല്യബോധമുള്ള പൗരജനതയെ സൃഷ്ടിക്കാനും കഴിയൂ. ആസൂത്രണത്തിലും നിർവ്വഹണത്തിലും ബഹുജന പങ്കാളിത്തമുള്ള ഒരു വികസന പദ്ധതിയേ സമഗ്രവും താഴേത്തല സ്പർശിയും ആയിരിക്കുകയുള്ളൂ.

ജനാധിപത്യ പ്രക്രിയ ശക്തിപ്പെടുത്തുന്നതിന് അധികാരം ജനങ്ങളിലേക്ക് കൈമാറുന്നതിനും നമ്മുടെ ഭരണഘടന വിഭാവനം ചെയ്ത പരിപാടികൾ വളരെ വൈകിയാണെങ്കിലും നിയമം മൂലം ഉറപ്പുവരുത്താൻ ഇതിനകം നമുക്ക് സാധിച്ചിട്ടുണ്ട്. 73, 74 ഭരണഘടനാ ഭേദഗതികളിലൂടെ നിലവിൽ വന്ന പഞ്ചായത്ത് രാജ്, നഗരപാലിക ഭരണ സംവിധാനങ്ങൾ അധികാര വികേന്ദ്രീകരണത്തിൻെറ ഒരു പുതിയ പന്ഥാവ് തുറന്നിരിക്കുകയാണ്.

ത്രിതല പഞ്ചായത്ത്, ഭരണ സംവിധാനങ്ങളും നഗരസഭകളും രൂപം കൊണ്ട് ഒരു വർഷം തികഞ്ഞു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗ്രാമസഭകളിലൂടെ അധികാരം ജനങ്ങളിലേക്ക് കൈമാറുന്നതിൻെറ ഭാഗമായി ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി കേരളസർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഗ്രാമപഞ്ചായത്തുകൾക്കും കൂടുതൽ അധികാരങ്ങൾ നൽകിയിരിക്കുയാണ്. പദ്ധതിവിഹിതത്തിൻെറ 35 മുതൽ 40 ശതമാനം വയെുള്ള തുകയും പഞ്ചായത്തുകൾക്ക് ലഭിക്കുന്നതാണ്.

1996 ആഗസ്റ്റ് 17ാംനു സംസ്ഥാന തലത്തിൽ നടന്ന ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ ഒന്നാംഘട്ട പ്രവർത്തനം ചളവറ ഗ്രാമപഞ്ചായത്തിലും സജീവമായിരുന്നു. ഒന്നാംഘട്ട പരിശീലനക്യാമ്പിനുശേഷം ഗ്രാമസഭകൾ സമയബന്ധിതമായിത്തന്നെ നടത്തി. സംഘാടകസമിതികൾ രൂപീകരിച്ചും പ്രചാര പരിപാടികൾ സംഘടിപ്പിച്ചും ചേർന്ന വിശേഷാൽ ഗ്രാമസഭകളിൽ ഭേദപ്പെട്ട ജനപങ്കാളിത്തമുണ്ടായിരുന്നു. ആസൂത്രണവുമായി ബന്ധപ്പെട്ട് വിവിധ വികസന മേഖലകളിലെ ചർച്ചകൾ ശ്രദ്ധേയമായിരുന്നു.

ഒന്നാംഘട്ട പരിശീലന പരിപാടിയിൽ 112 പേർ പങ്കെടുത്തു. 10 വാർഡുകളിലെ ഗ്രാമസഭകളിലാകെ 550 സ്ത്രീകളും 1126 പുരുഷൻമാരും കൂടി ആകെ 1676 പേർ പങ്കെടുത്തു.

വാർഡ്	യോഗം നടന്നതീയതി	പങ്കെടുത്തവരുടെ എണ്ണം		ആകെ	ഉദ്യോഗസ്ഥൻമാരുടെ എണ്ണം
		സ്ത്രീ	പുരുഷൻമാർ		
1.	6.10.96	54	124	178	3
2.	2.10.96	34	104	138	3
3.	28.9.96	47	105	152	4
4.	29.9.96	26	80	106	3
5.	2.10.96	75	175	250	4
6.	6.10.96	160	100	260	4
7.	28.9.96	21	84	105	3
8.	29.9.96	2	119	121	3
9.	2.10.96	75	145	220	3
10.	29.9.96	56	90	146	4
	ആകെ	550	1126	1676	34

ഗ്രാമസഭകൾ പൂർത്തീകരിച്ചശേഷം ഓരോ വികന മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കു ന്നതിന് ആവശ്യമായ ദ്വിതീയ വിവരശേഖരം വിവിധഓഫീസുകൾ കയറിയിറങ്ങി ശേഖരിച്ചു.

രണ്ടാംഘട്ട പരിശീലന പരിപാടിയിൽ 77 പേർ പങ്കെടുത്തു. ഈ ക്യാമ്പിൽവെച്ച് ഗ്രാമസഭ റി പ്പോർട്ടികൾ ക്രോഡീകരണം, ദ്വിതീയ വിവര ശേഖര ക്രോഡീകരണം പഠന പര്യടനയാത്ര എന്നിവ നടത്തുന്നതിനുള്ള പരിപാടികൾക്കു രൂപം നൽകി. വിവിധ മേഖലകളിലെ ഉദ്യോഗ സ്ഥൻമാരുടെ യോഗം ചേർന്ന് ഓരോ വികസന മേഖലയിലെയും പ്രശ്നങ്ങളെക്കുറിച്ചും സാധ്യത കളെക്കുറിച്ചും ചർച്ചചെയ്തു. പഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറുക്കുന്നതിന് 15 കോർഗ്രൂപ്പുകൾ രൂപീകരിക്കുകയുണ്ടായി. ഓരോ കോർ ഗ്രൂപ്പിലും ഒരു ഗ്രാമപഞ്ചായത്ത് മെമ്പർ, റിസോഴ്സ് പേഴ്സൺ, ഉദ്യോഗസ്ഥൻ, വിദഗ്ദൻ എന്നിവർ അംഗങ്ങളായിരുന്നു. വിവിധ കോർ ഗ്രൂപ്പുകളുടെ റിപ്പോർട്ടുകൾ സംയോജിപ്പിച് പഞ്ചായത്ത് ഭരണസമിതി യോഗം റിപ്പോർൽട്ട് ചർച്ചചെയ്ത് അംഗീകരിക്കുയു ചെയ്തു.

പഞ്ചായത്ത് വികസന സെമിനാർ അവതരി പ്പിക്കുന്ന ഈ റിപ്പോർട്ട് നമ്മുടെ നാടിന്റെ ചരിത്രത്തിൽ അഭിമാനാവേശങ്ങളുൾക്കൊള്ളുന്ന താണ്. ഇന്നലെയുടെ അനുഭവ തീഷ്ണതകളിൽ നിന്നും ഇന്നത്തെ പ്രശ്നങ്ങൾ പഠിക്കുന്നതിനും വിലയിരുത്തുന്നതിനും നാളത്തെ സാധ്യതകൾ ശാസ്ത്രീയമായി ആരായുന്നതിനും ഈ റിപ്പോർട്ട് സമഗ്രമായി ചർച്ചചെയ്യണം. വികസന സെമി നാറിൽ രൂപം കൊള്ളുന്ന കർമ്മസമിതികൾക്ക്10ാം പദ്ധതി രൂപീകരണത്തിന് സഹായകമായ വ്യക്ത വും ശക്തവുമായ നിർദ്ദേശങ്ങളും പരിപാടികളും ഉയർന്നുവരണം.

2 പഞ്ചായത്ത് പൊതു വിവരണം



അതിരുകൾ

വടക്ക്	നെല്ലായ, തൃക്കടീരി, ചെർപ്പുളശ്ശേരി പഞ്ചായത്തുകൾ
കിഴക്ക്	അനങ്ങനടി, തൃക്കടീരി പഞ്ചായത്തുകൾ
തെക്ക്	ഷൊറണ്ണൂർ മുൻസിപ്പാലിറ്റി, വാണിയംകുളം പഞ്ചായത്ത്
പടിഞ്ഞാറ്	വല്ലപ്പുഴ പഞ്ചായത്ത്, ഷൊറണ്ണൂർ മുൻസിപ്പാലിറ്റി

പഞ്ചായത്തിന്റെ പേര്	ചളവറ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	ചളവറ
ബ്ലോക്ക് പഞ്ചായത്ത്	ഒറ്റപ്പാലം
താലൂക്ക്	ഒറ്റപ്പാലം
നിയമസഭാമണ്ഡലം	ഒറ്റപ്പാലം
വിസ്തീർണ്ണം	27.90 ച.കീ

ജനസംഖ്യ	19273
പുരുഷൻമാർ	8989
സ്ത്രീകൾ	10284
ജനസാന്ദ്രത	691
സാക്ഷരാഭ്യാസമുള്ളവർ	14154
വാർഡുകൾ	10

(അവലംബം 1991 ലെ സെൻസസ് റിപോർട്ട്)

പ്രസിഡണ്ടിന്റെ പേര്	കെ. ഹേമമാലിനി
വൈസ്പ്രസിഡണ്ടിന്റെ പേര്	ടി. രാമകൃഷ്ണൻ
സ്റ്റാൻറിങ് കമ്മറ്റിചെയർമാൻ	ഇ. ചന്ദ്രബാബു

3

സാമൂഹിക സാംസ്കാരിക ചരിത്രം

പഴയ വള്ളുവനാട് താലൂക്കിന്റെ ഭാഗമായിരുന്നു ചളവറ. ചളവറക്ക് 'ഇട്ടേക്കാട്' എന്നപേരും ആദ്യകാലത്തുണ്ടയിരുന്നു. ചളവറ മേൽതൃക്കോവിൽ പണ്ട് നടത്തിയരുന്ന ''ഇട്ടേക്കാട് വാരം'' പ്രസിദ്ധമായിരുന്നു. മുണ്ടക്കൊട്ടു കുർശ്ശി എന്നി നാലു പ്രധാന ഗ്രാമങ്ങൾ ഉൾക്കൊള്ളുന്നതാണ് ചളവറ ഗ്രാമപഞ്ചായത്ത്. സാമൂഹ്യമായ ഉച്ചനീചത്വങ്ങളും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കൊടികുത്തി വാണിരുന്ന ഒരു സമൂഹമായിരുന്നു ഈ നറ്റാണ്ടിന്റെ പകുതിവരേക്കും ചളവറയിൽ. കാർഷികവൃത്തിയെ ആശ്രയിച്ചു ജീവിച്ചിരുന്ന ദരിദ്രകൃഷിക്കാരും കർഷകത്തൊഴിലാളികളുമായിരുന്നു ജനസംഖ്യയിൽ ഭൂരിഭാഗവും. പരമ്പരാഗത കുലത്തൊഴിലകുൾ ചെയ്തു ജീവിച്ചുപോന്ന ഒരു ചെറുവിഭാഗവു മുണ്ടായിരുന്നു. എടുത്തു പറയത്തക്ക വ്യവസായ - വ്യാപാര സ്ഥാപനങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല.

ജനസംഖ്യയിൽ ഭൂരിഭാഗവും കൃഷിക്കാരും കർഷകത്തൊഴിലാളികുളം ആയിരുന്നെങ്കിലും അവരിൽ മഹാഭൂരിപക്ഷത്തിനും സ്വന്തമെന്ന് പറയാൻ ഭൂമിയുണ്ടായിരുന്നില്ല. ഭൂമി മുഴുവൻ ചില ദേവസ്വങ്ങളുടെയും ബ്രഹ്മസ്വങ്ങളുടെയും, ചില സ്ഥാനി നായർ തറവാടുകളുടെയും വകയായിരുന്നു. കവളപ്പാറ മൂപ്പിൽ നായർ, വരിക്കാശ്ശേരി മന, കാടമ്പറ്റ മറ, വൈശ്രവണത്ത് മന, ഒളപ്പമണ്ണ മന, ഓട്ടൂർ മന, ഇവരായിരുന്നു പ്രധാന ജന്മിമാർ. കവളപ്പാറ മൂപ്പിൽ നായരുടെ അധികാരപരിധിയിൽ ഉണ്ടായിരുന്ന 96 ഗ്രാമങ്ങളിൽ കയിലിയാടും മുണ്ടാക്കോട്ടുകുർശ്ശിയും ഉൾപ്പെട്ടിരുന്നു. പ്രതാപവും ഐശ്വര്യവും കത്തിന്നിന്നുരുന്ന കവളപ്പാറ കൊട്ടാരത്തിന്റെ, ഒരു ശാഖ കയിലിയാട് ഉണ്ടായിരന്നതിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഐതിഹ്യപ്രസിദ്ധമായ കയിലിയാട് ചെറുമുള്ളയൻകാവ് ഭഗവതി ക്ഷേത്രം കവളപ്പാറ കൊട്ടാരം വകയാണ്. ചളവറ, പുലിയാനം കുന്ന്, തൃക്കാരമണ്ണ വാണിർക്കാവ് മുണ്ടക്കോട്ടുകർശ്ശി കുന്നത് കാവ്, കയിലിയാട് കാവ് എന്നീ ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ച് വർഷംതോറും നടക്കുന്ന കൊയ്തുൽസവങ്ങൾ മേധ്യാനത്തിന്റെയും കൂട്ടായ്മയുടെയും മഹത്വം ഉയർത്തിപ്പിടിക്കുന്നവയാണ്. വള്ളുവനാടിന്റെ തനിമയാർന്ന കലാരൂപങ്ങൾ ഈ ഉത്സവങ്ങളുടെ സവിശേഷതയാണ്. പരസ്പരം സൗഹൃദം കൈമാറുകയും ബന്ധുത്വം പുതുക്കുയും എല്ലാം ചെയ്തിരുന്ന ഈ ഉത്സവങ്ങൾ കാലത്തിനനുസരിച്ച് പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും നമ്മുടെ സമ്പന്നമായ കാർഷിക സംസ്കാരത്തിന്റെയും കൂട്ടായ്മയുടെയും പ്രതീകമായി ഇന്നും ചളവറക്കാരുടെ ജീവിതത്തിൽ നിറഞ്ഞു നിൽക്കുന്നു.

ഗ്രാമീണ വ്യാപരരംഗം വളരെ ദർബ്ബലമായിരുന്നു അടുത്ത കാലം വരെയും. ഗ്രാമീണമായ ക്രയവിക്രയങ്ങൾ പ്രധാനമായും നടന്നിരുന്നത് പ്രസിദ്ധമായ വാണിയംകുളം ചന്തയെ കേന്ദ്രീകരിച്ചായിരുന്നു. നാട്ടിൻപുറത്തെ കൃഷിക്കാർ തങ്ങൾ അദ്ധ്വാനിച്ചുണ്ടാക്കിയ കാർഷിക വിഭവങ്ങൾ തലച്ചുമടായി ഏറ്റി നാഴികകൾ താണ്ടി ചന്തയിലെത്തിച്ച് വിൽക്കുകയും വീട്ടാവശ്യത്തിനുള്ള സകലതും ചന്തയിൽ നിന്ന് ആഴ്ചതോറും വാങ്ങിക്കൊണ്ടുവരികയുമായിരുന്നു എഴുപതുകൾ വരെയും നടന്നിരുന്നത്. എന്നാൽ കാർഷികമേഖലയിലെ സമീപകാലത്തുണ്ടായ തകർച്ചയും ഗ്രാമീണ വ്യാപരരംഗം ശക്തിപ്പെട്ടതും, വാണിയംകുളം ചന്തക്ക് ചളവറക്കാരുടെ ജീവിതത്തിൽ ഉണ്ടായിരുന്ന സ്വാധീനം തീർത്തും ഇല്ലാതാക്കി.

ദേശീയ സ്വാതന്ത്ര്യസ്മര പ്രസ്ഥാനത്തിന്റെയും സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തിന്റെയും ചരിത്രത്തിൽ ചളവറക്ക് നിർണായക സ്ഥാനമാണുള്ളത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി രാജ്യത്ത് 1942 ൽ അലയടിച്ചുണർന്ന ''ക്വിറ്റ് ഇന്ത്യ''

പ്രക്ഷോഭത്തിന്റെ ഭാഗമായി ഇന്ത്യയിലാദ്യം വെടിയേറ്റു വീണത് കയിലിയാട് അമ്പാടി പയ്യൂർ നാരായണൻ (എ. പി. നാരായണൻ) ആയിരുന്നു. ക്വിറ്റ് ഇന്ത്യാ സമര പ്രഖ്യാപനം നടത്തിയ ബോംബെ കോൺഗ്രസ്സ്സമ്മേളനത്തിൽ 1942 ൽ എ. പി. നാരായണനും പങ്കെടുത്തു 1942 ആഗസ്റ്റ് 9ന് വെളുപ്പിനാണ് ''ക്വിറ്റ് ഇന്ത്യാ'' സമര പ്രഖ്യാപന പ്രമേയം പാസ്സാവുന്നത്. അന്നു തന്നെ ബോംബെയിലെ ദാദറിൽ ലക്ഷ്മി സിൽക്ക് മില്ലിൽ നിന്ന് ആയിരത്തോളം തൊഴിലാളികളെ സംഘടിപ്പിച്ച് എ. പി. നാരായണൻ ജാഥ നയിച്ചു. ദാദർ മാർക്കറ്റിൽ തടിച്ചുകൂടിയ ആയിരങ്ങളെ അഭിസംബോധന ചെയ്ത് പ്രസംഗിച്ചുകൊണ്ടിരിക്കെ പോലീസ് വന്ന് ജനക്കൂട്ടത്തെ വലയം ചെയ്ത് വെടിവെപ്പു തുടങ്ങി. എ. പി. നാരായണൻ തുടക്ക് വെടിയേറ്റു വീണു. 1946 ലെ പ്രസിദ്ധമായ നാവിക കലാപം സംഘടിപ്പിക്കുന്നതിലും എ. പി. നായാണന പങ്കുവഹിച്ചു. 1937 ൽ ദിവാൻ ഭരണത്തിനെതിരായി എ. കെ. ജി. നയിച്ച ഐതിഹാസികമായ തിരുവിതാംകൂർ ജാഥയിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗമായിരുന്നു എ. പി. നാരായണൻ. വള്ളുവനാട്ടിലെ ദേശീയ പ്രസ്ഥാനത്തിനും, കർഷകപ്രസ്ഥാനത്തിനും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും സമുജ്ജ്വലമായി നേതൃത്വം നൽകിയ സ്വാതന്ത്ര്യസമരപോരാളി പി. വി. കുഞ്ഞുണ്ണിനായർ ചളവറ സ്വദേശിയായിരുന്നു. എണ്ണമറ്റ സമരങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും നേതൃത്വം നല്കി, ദീർഘകാലം ജയിലിൽ കിടന്ന് വിവരണാതീതമായ പീഡനങ്ങൾ ഏറ്റുവാങ്ങിയ കുഞ്ഞുണ്ണിനായർ കേരളരാഷ്ട്രീയത്തിന് ചളവറ നൽകിയ ഉജ്ജ്വല സംഭാവനയാണ്. ആദ്യത്തെയും രണ്ടാമത്തെയും കേരള നിയമസഭകളിൽഒറ്റപ്പാലത്തെ പ്രതിനിധീകരിച്ചത് പി. വി. കുഞ്ഞുണ്ണിനായരായിരുന്നു.

സാമൂഹ്യപരിഷ്കരണ പ്രസ്ഥാനത്തിലൂടെ ദേശീയ പ്രസ്ഥാനത്തിലൂടെ, കോൺഗ്രസ്സിലൂടെ, കോൺഗ്രസ്സ് സോഷ്യലിസ് റ്റ് പാർട്ടിയിലൂടെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലൂടെ, രാഷ്ട്രീയ സാമൂഹ്യരംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച ഐ. സി. പി. നമ്പൂതിരി ആദ്യത്തെ ചളവറ പഞ്ചായത്ത് പ്രസിഡണ്ട് കൂടിയാണ്. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ മുഖപത്രമായി ഇ. എം. എസ്സിന്റെ പത്രാധിപത്യത്തിൽ ഷൊറണൂരിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ''പ്രഭാതം'' ദിനപത്രത്തിന്റെ പ്രിന്ററും പബ്ലിഷറും ഐ. സി. പി. തായിരുന്നു. അക്കാലത്ത് ഐ. സി. പി. എഴുതിയ ഒരു കുറിപ്പിന്റെ ശീർഷകം ''പിച്ചകിട്ടിയതുമില്ല പട്ടികടിക്കുകയും ചെയ്തു''. മലബാർ കലക്ടറെ പ്രകോപിതനാക്കി. ഐ. സി. പി. യെ കോഴിക്കോട്ടേക്ക് വിളിച്ച് ശാസിച്ചു. ഭഗത്സിംഗിനെക്കുറിച്ച് കവിത പ്രസിദ്ധീകരിച്ചതിന് പിഴയടക്കാൻ വിധിച്ചു. പിഴയടക്കാൻ തയ്യാറാവാതെ പത്രം നിർത്തി. പിൽക്കാലത്ത് തൃശൂർ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ''റിപ്പബ്ലിക്'' പത്രത്തിന്റെ മുഖ്യ ചുമതലക്കാരനായി . കോഴിക്കോട്ടുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന ''ദേശാഭിമാനി'' യുടെ മുഖ്യ ചുമതലക്കാരിൽ ഒരാളായി കുറക്കൊലം പ്രവർത്തിച്ചു. ബ്രിട്ടീഷ് ഭരണത്തിലും സ്വാതന്ത്ര്യാനന്തരവും പലതവണ ജയിലിൽ അടക്കപ്പെട്ടു. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രത്തിലെ അതിപ്രധാനമായ സംഭവമായി പരിഗണിക്കപ്പെടുന്ന പിണറായി പാറപ്പുറം സമ്മേളനത്തിൽ ഐ.സി.പി., കുഞ്ഞുണ്ണിനായരോടൊപ്പം പ്രതിനിധിയായിരുന്നു. 1936 ൽ മദിരാശിയിലേ് എ. കെ. ജി. നയിച്ച ഐതിഹാസികമായ പട്ടിണി ജാഥയിൽ ഐ. സി. പി. പങ്കെടുത്തിട്ടുണ്ട്. വള്ളുവനാട്ടിലെ പ്രമുഖ കോൺഗ്രസ്സ് സംഘാടകനും, സ്വാതന്ത്ര്യസമര സേനാനിയുമായ രാമചന്ദ്രൻ നെടുങ്ങാടിയുടെ മുഖ്യ പ്രവർത്തന കേന്ദ്രം ചളവറയായിരുന്നു. കെ. പി. ആർ. ഗോപാലൻ, പി. രാമമൂർത്തി, മോഹൻ കുമരമംഗലം, കേരളീയൻ, വിഷ്ണുഭാരതീയൻ എന്നിവരോടൊപ്പം ആലിപ്പൂർ, ബെല്ലാറി ജയിലുകളിൽ കിടന്ന എ. പി. രാവുണ്ണി, ഐ. എസ്സ്. നമ്പൂതിരി എന്നിവരും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ജയിൽ വസാമനുഭവിച്ച പനമ്പറ്റ ഗോവിന്ദക്കുറുപ്പ്, മണ്ണഴി പനമ്പറ്റ അപ്പുണ്ണിനായർ, കൂനങ്ങാട്ടിൽ തുപ്പൻ എഴുത്തശ്ശൻ, അയിനിത്തൊടി അപ്പുണ്ണി നായർ, എ. അപ്പുകുട്ടൻ നെടുങ്ങാടി എന്നിവരും ദേശീയ പ്രസ്ഥാനത്തിന് കരുത്ത് പകർന്നവരാണ്.

സ്വതന്ത്ര്യസമരകാലത്ത് പലപ്പോഴായി പി. കൃഷ്ണപിള്ള, എ. കെ. ജി., ഇ. എം. എസ്. എന്നിവർ ചളവറ സന്ദർശച്ചിട്ടുണ്ട്. തൂക്കുമരത്തിൽ നിന്ന് തലനാരിഴകൊണ്ട് രക്ഷപ്പെട്ട മറ്റൊരു കർഷക സമരനായകൻ കെ. പി. ആർ. ഗോപാലൻ, എ. കെ. ജി., കെ. എ. കേരളീയൻ, കെ. ദമോദരൻ, വയലാർ സമര നായകൻ സി. കെ. കുമാരപ്പണിക്കർ., കെ. പി. ആർ. രായരപ്പൻ, ഇ. എം. എസ്സ് തുങ്ങി മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമാ നിരവധി നേതാക്കൾ ചളവറയിൽ ഒളിവു ജീവതം നയിച്ചിട്ടുണ്ട്.

1930 കളിൽ ചളവറയിൽ കോൺഗ്രസ്സ് സംഘടന രൂപം കൊണ്ടു. പി. വി. കുഞ്ഞുണ്ണിനായർ, എ. നാരായണമേനോൻ, രാമചന്ദ്രൻ നെടുങ്ങാടി, ഐ.

സി. പി. നമ്പൂതിരി എന്നിവരുടെ നേതൃത്വത്തിൽ നിരവധി ചെറുപ്പക്കാർ സാമ്രാജ്യത്വ വിരുദ്ധ സമരത്തിലേക്ക് കടന്നുവന്നു. 1931 , 32 കാലത്ത് ഷൊറണൂർ ചുടുവാലത്തൂരിൽ നടന്ന ഐതിഹാസികമായ ബഹുജന സമരത്തിൽ ചളവറയിൽ നിന്ന് നിരവധി വളണ്ടിയർമാർ പങ്കെടുത്തിരുന്നു. സമരവളണ്ടിയർമാരെ യാത്രയാക്കാൻ ചളവറ പട്ടത്തിപ്പറമ്പിൽ വിപുലമായ സമ്മേളനം ചേരുകയുണ്ടായി. ആസമ്മേളനത്തിലെ അദ്ധ്യക്ഷൻ അന്ന് കെ. പി. സി. സി. ജനറൽ സെക്രട്ടറിയായിരുന്ന അക്കാലത്ത് ചളവറ. പിൽക്കാലത്ത് ഇടതുപക്ഷ - കർഷക പ്രസ്ഥാനങ്ങളുടെയും ശക്തി കേന്ദ്രമായി ചളവറ മാറി. പി. വി. കുഞ്ഞുണ്ണിനായരും. ഐ. സി. പി. നമ്പൂതിരിയും, എ. പി. നാരായണനുമെല്ലാം ചളവറയുടെ അതിരുകൾ ഭേദിച്ച് രാഷ്ട്രീയകേരളത്തിൽ നിറഞ്ഞു നിന്നവാണ്

ഉച്ചനീചത്വങ്ങൾക്കെതിരെയും, സാമൂഹ്യാനാചാരങ്ങൾക്കെതിരെയും ഭൂമിക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള സമരം കേരളത്തിലെങ്ങുമെന്നപോലെ ചളവറയിലും പുതിയ രൂപങ്ങളിൽ മുന്നോട്ട് പോയി. നാട്ടിലാകെ അലയടച്ചുയർന്ന കർഷകസമരങ്ങളും ചെറുത്തുനിൽപുകളും ചളവറയിലെ കൃഷിക്കാർക്കിടയിലും ഒരു പുത്തനുണർവ്വ് സൃഷ്ടിച്ചു. കർഷകരുടെ സമരങ്ങളും, കൂട്ടായ്മകളും ശക്തിപ്പെട്ടു. ചളവറയിലും, പുലിയാനംകുന്ന്, കയിലിയാട് ഗുരുതിരാമൻ ആലിൻ ചുവട്ടിലും, മുതുക്കോട്ടുകുർശ്ശി ആലത്തുംപള്ളിയാരിലും വിപുലമായ കർഷകസമ്മേളനങ്ങൾ ചേർന്നു. ഇ. എം. എസ്. കെ. ദമോദരൻ, കെ. പി. ആർ. ഗോപാലൻ, ഇ. പി. ഗോപാലൻ, തുടങ്ങിയ നേതാക്കൾ ആ സമ്മേളനത്തിൽ പങ്കെടുത്തു. ഈ ബഹുജന പ്രക്ഷോഭങ്ങളുടെ ഫലമായി 1957 മുതൽ 1971 വരെയുള്ള കാലഘട്ടത്തിൽ വിവിധ ഭൂപരിഷ്കരണ നിയമങ്ങൾ രൂപം കൊണ്ടു. ഈ നിയമങ്ങൾ ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനവിഭാഗങ്ങളെ ഭൂമിയുടെ ഉടമകളാക്കി മാറ്റി. ഭൂബന്ധങ്ങളിൽ വന്ന ഈ മാറ്റം സാമൂഹ്യ ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്തി.

സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളിൽ ചളവറ പ്രബുദ്ധ കേരളത്തിനാകെ മാതൃകയായി നിന്നിട്ടുണ്ട്. നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ വി. ടി. ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ യോഗക്ഷേമ സഭയുടെ നേതൃത്വത്തിൽ നടന്ന പോരാട്ടങ്ങളുടെയും പ്രവർത്തനങ്ങളുടെയും കേന്ദ്രബിന്ദു ചളവറ എന്ന ഗ്രാമമായിരുന്നു. സാമൂഹ്യരംഗം അടക്കിവാണ നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ കലാപം നയിച്ച വി. ടി. ഭട്ടതിരിപ്പാട് ഐ. സി. പി. യുടെ സഹോദരി ശ്രീദേവിയെ വേളികഴിച്ചത് സമുദായ പ്രമാണിമാരെ വെല്ലുവിളിച്ചു കൊണ്ടായിരുന്നു. തുടർന്ന് നടന്ന ഐ. സി. പിയുടെ വിവാഹത്തോടനുബന്ധിച്ച്, കേരളത്തിന്റെ സാമൂഹ്യ രംഗത്ത് കൊടുങ്കാറ്റ് സൃഷ്ടിച്ച വി. ടി. യുടെ ''അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്'' എന്ന നാടകം ഇടിയാംപറമ്പത്ത് മനയിൽ അരങ്ങേറി. വി. ടി. യും. ഇ. എം. എസും. പ്രേംജിയും പരിയാനംപറ്റയും എല്ലാം ആ നാടകത്തിൽ അഭിനേതാക്കളായിരുന്നു. വർഷങ്ങൾക്കുശേഷം 1934 ൽ നമ്പൂതിരി സമുദായത്തിലെ ആദ്യത്തെ വിധവാ വിവാഹത്തിന് വേദിയൊരുക്കുന്നതിലും ഈ ഗ്രാമം മാതൃക കാണിച്ചു. ഐ. സി. പി. യുടെ വിധവയായ സഹോദരി ഉമ (ആദ്യ വിവാഹത്തിനുശേഷം ദിവസങ്ങൾക്കകം വിധവയായി) യെ വിവാഹം കഴിക്കാൻ യോഗക്ഷേമസഭയുടെ പ്രവർത്തകനും കവിയും സാഹിത്യകാരനുമായ എം. ആർ. ബി. മുന്നോട്ടുവന്നപ്പോൾ വി. ടി. യുടെയും ഇ. എം. എസ്സിന്റെയും നേതൃത്വത്തിൽ, സമുദായ പ്രമാണിമാർക്ക് പ്രഹരമേൽപിച്ചുകൊണ്ട് ആദ്യത്തെ ആ വിദവാ വിവാവാം നടത്തികൊടുത്തു. സാമുദായിക പരിഷ്കരണ പ്രസ്ഥാനത്തിലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും വിലക്കുകൾ ഭേദിച്ച് നിരവധി പ്രവർത്തനങ്ങൾക്ക് ഉമാ അന്തർജനം നേതൃത്വം കൊടുത്തു. ഐ. സി. പിയുടെ മറ്റൊരു സഹോദരിയായ പ്രിയദത്തയെ ഈഴവസമുദായത്തിൽപ്പെട്ട തൊഴിലാളി നേതാവ് കല്ലാട്ട് കൃഷ്ണന് വിവാഹം ചെയ്തുകൊടുത്തുകൊണ്ട് മറ്റൊരു വൈവാഹിക വിപ്ലവത്തിനും ചളവറയും പറമ്പത്ത് ഇല്ലവും നേതൃത്വം കൊടുത്തു. പ്രിയദത്ത ഐതിഹാസികമായ പാലിയം സത്യാഗ്രഹത്തിൽ എ. കെ. ജി. യോടൊപ്പം പങ്കെടുത്ത് ഭീകരമായ മർദ്ദനമേറ്റുവാങ്ങുകയുണ്ടായി.

സവർണ്ണ - ജന്മി മേധാവിത്തത്തിനും, ജാതീയമായ അസമത്വങ്ങൾക്കും എതിരെയും ഹരിജനങ്ങൾക്കിടയിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയും മുപ്പതുകളിൽ ചളവറയിൽ ഒരു പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഹരിജൻ സ്ത്രീകൾ കഴുത്തിൽ അണിഞ്ഞിരുന്ന ''കല്ലും മാലയും'' സ്വയം പൊട്ടിച്ചെറിയുന്ന പരിപാടിയായിരുന്നു. നൂറുകണക്കിന് ഹരിജൻ സ്ത്രീകൾ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുകയും അവരുടെ കഴുത്തിലണിഞ്ഞിരുന്നു ''കല്ലും മാലയും'' സ്വയം പൊട്ടിച്ചെറിയുകയും, മേലിൽ അവർ

പ്രായം ധരിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്ത ഈ സംഭവം വള്ളുവനാട്ടിലാകെ രാഷ്ട്രീയനേതാക്കൾക്കിടയിൽ ചലനം സൃഷ്ടിക്കാതിരുന്നില്ല.

1955 നവംബർ 11 ന് അന്നത്തെ റവന്യൂ വില്ലേജ് അടിസ്ഥാനത്തിൽ ചളവറ പഞ്ചായത്ത് നിലവിൽ വന്നു. ചളവറ, പുലിയാനംകുന്ന് പ്രദേശങ്ങൾ മാത്രം ഉൾക്കൊള്ളുന്നതായിരുന്നു അന്നത്തെ ചളവറ പഞ്ചായത്ത്. ''കൈ പൊക്കി'' വോട്ട് സമ്പ്രദായത്തിലൂടെയായിരുന്നു അന്ന് ഭരണസമിതിയംഗങ്ങളെയും പ്രസിഡണ്ടിനെയും തെരഞ്ഞെടുത്തിരുന്നത്. പ്രസിഡണ്ടായി ഐ. സി. പി. നമ്പൂതിരിയെയും ഭരണസമിതിയംഗങ്ങളായി പാലശ്ശീരിക്കളം അപ്പുമേനോൻ, കിഴക്കേതെയ്യുണ്ണിനായർ, അയ്യുണ്ണിയിൽ മാധവൻകുട്ടി മേനോൻ, കരുവാരതൊടി കണ്ണൻ, കല്ലുത്തുംപടിക്കൽ കുഞ്ഞോമ്മൻ, കുറപ്പന്മാർതൊടി മമ്മു, പി. എസ്. ഭട്ടതിരിപ്പാട്, നെക്കത്തൊടി കോരൻ എന്നിവരെയും തെരഞ്ഞെടുത്തു. ആഭരണസമിതി 1962 വരെ തുടർന്നു. ഇന്നത്തെ ചളവറ പഞ്ചായത്തിന്റെ ഭാഗമായ മുണ്ടക്കോട്ടുകുറുശ്ശി പ്രത്യേകം പഞ്ചായത്തായിരുന്നു . അക്കാലത്ത് പുറയത്ത് കൊണ്ടോടി നൊടി രാഘവൻനായർ പ്രസിഡണ്ടും, തവുഞ്ചിയത്ത് നാരായണൻ വൈസ് പ്രസിഡണ്ടും പട്ടത്തു പുറയത്ത് ശങ്കരൻനായർ, ചിനിക്കൽ ചെള്ളി, ചേറമ്പാല രാമൻ നായർ, ഒറവിങ്കൽ കുഞ്ഞയമു, മാർക്കശ്ശീരി ശങ്കുണ്ണി നായർ എന്നിവർ അംഗങ്ങളായുമുള്ള ഭരണസമിതിയായിരുന്നു നിലവിലുണ്ടായിരുന്നത്. ഏതാനും മാസങ്ങൾക്കു ശേഷം തവുഞ്ചിയത്ത് നാരായണൻ പ്രസിഡണ്ടായി ചുമതലയേറ്റു. കയിലിയാട് പ്രദേശം അന്ന് ഇപ്പോൾ വല്ലപ്പുഴ വില്ലേജിൽ ഉൾപ്പെടുന്ന കുറുവട്ടൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. കെ. വി. കരുണാകരൻ നായരായിരുന്നു പഞ്ചായത്ത് പ്രസിഡണ്ട്.

1963 ൽ വില്ലേജ് പുനഃ സംഘടനയോടെ പഞ്ചായത്തിന്റെ ഘടനയിലും മാറ്റം വന്നു. ചളവറ മുണ്ടാക്കോട്ടുകർശ്ശി പഞ്ചായത്തുകളും കുറുവട്ടൂർ പഞ്ചായത്തിന്റെകയിലിയാട് ഭാഗവും കൂട്ടിച്ചേർത്ത് പുതിയ പഞ്ചായത്ത് നിലവിൽ വന്നു. രഹസ്യബാലറ്റ് അടിസ്ഥാനത്തിൽ വോട്ടിങ്ങ് സമ്പ്രദായം ആരംഭിക്കുന്നത് ഈ തെരഞ്ഞെടുപ്പോടെയാണ്. ഭരണസമിതിയിലേക്ക് പി. എ. സുകുമാരമേനോൻ, ഐ. സി. പി. നമ്പൂതിരി, കായത്തു ഹാജി, മാർക്കശ്ശീരി ശങ്കുണ്ണി നായർ, ഇ. കെ. നായർ, കെ. ചാത്തൻ, ഒ. കുഞ്ഞയമ്മതുടടി, പി. വി. രാമവാര്യർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ പി. എ. സുകുമാരമേനോനും, ഐ. സി. പി നമ്പൂതിരിക്കും തുല്ല്യ വോട്ടി ലഭിച്ചതിനാൽ നറുക്കെടുപ്പിലൂടെ സുകുമാരമേനോൻ പ്രസിഡണ്ടായി. 6 മാസത്തിനകം അദ്ദേഹം രാജിവെച്ചൊഴിഞ്ഞതിനാൽ ഐ. സി. പി. പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. ഈ ഭരണസമിതി 16 വർഷക്കാലം ഭരണം തുടർന്നു. ഇടക്കാലത്ത് ഉപതെരഞ്ഞെടുപ്പിലൂടെ എ. പി. രാവുണ്ണിയും കണ്ണേരി കുഞ്ഞിമാളു അമ്മയും 79 ൽ പിന്നീടു നടന്ന പഞ്ചാത്ത് തെരഞ്ഞെടുപ്പിൽ. വി. പി. ശങ്കരനാരായണൻനായർ, കെ. വി. രാമൻകുട്ടി, ലീലാ അന്തർജനം (വനിത) വി ശങ്കരൻകുട്ടി മാസ്റ്റർ. യു . രാമകൃഷ്ണൻ. കെ. രാധാകൃഷ്ണൻ, പി. വി. വേലായുധൻ (പട്ടികജാതി), പി. ബാലകൃഷ്ണൻ നായർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. 1982 ൽ അവിശ്വാസ പ്രമേയം പാസ്സായതിനെത്തുടർന്നടന്ന തെരഞ്ഞെടുപ്പിൽ പി. ബാലകൃഷ്ണൻ നായർ പ്രസഡണ്ടും കെ. വി. രാമൻകുട്ടി വൈസ്പ്രസഡണ്ടുമായി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് 1988 മാർച്ച് മാസത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ 1. കെ. കുഞ്ഞാലൻ ബാബു. 2. എ. പി. തങ്കം, 3. കെ. എം. കൃഷ്ണനുണ്ണി നമ്പൂതിരി, 4. ടി. ഗോവിന്ദൻകുട്ടി മാസ്റ്റർ, 5. യു രാമകൃഷ്ണൻ, 6 ഇന്ദിര രാധാകൃഷ്ണൻ, 7. കെ. അയ്യപ്പൻ, 8. കെ. മുഹമ്മദ്, 9. എൻ. കുഞ്ഞികൃഷ്ണപ്പിള്ള എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്. യു രാമകൃഷ്ണൻ പ്രസിഡണ്ടായും കെ. മുഹമ്മദ് വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു.

ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് 1995 ഒക്ടോബർ 2 ന് കെ. ഹേമമാലിനിയുടെ നേതൃത്വത്തിൽ അധികാരമേറ്റു. 1. ടി. രാമകൃഷ്ണൻ, 2. എ. പ്രഭാവതി, 3 അംബുജാക്ഷി ടീച്ചർ, 4 പി. സി. ഉണ്ണികൃഷ്ണൻ, 5 എൻ. ലീല അമ്മ, 6. കെ. രാധാകൃഷ്ണൻ, 7. വി. കെ. പി. വിജയനുണ്ണി, 8. സി. കുഞ്ഞാലൻ മാസ്റ്റർ, 9. കെ. ഹേമമാലിനി, 10. ഇ. ചന്ദ്രബാബു എന്നിവരാണ് അംഗങ്ങൾ

ഇപ്പോഴുള്ള പഞ്ചായത്തു കെട്ടിടം 1966 ൽ ആണ് നിർമ്മിച്ചത്. മുൻ പഞ്ചായത്ത് പ്രസിഡണ്ട്. പി. എ. സുകുമാരമേനോൻ സംഭാന ചെയ്ത സ്ഥലത്താണ് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. 1996 ജനുവിരിയിൽ കമ്മ്യൂണിറ്റിഹാളും 1981 ൽ കയിലിയാട് 7 ാം വാർഡിൽ പൊതുശ്മശാനവും ആരംഭിച്ചു.

സന്നദ്ധ പ്രവർത്തന മേഖല :

''ജനപങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനം'' എന്ന ആശയം അമ്പതുകളിൽ തന്നെ, ചളവറയിൽ പ്രായോഗികമാക്കുന്നതിനായുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. 1957 ൽ ആദ്യത്തെ കേരള ഗവൺമെൻറിൻെറ കാലത്ത് തൃക്കാരമണ്ണയിലെ അയ്യംകുളം നവീകരണപ്രവർത്തനം നടന്നത് വമ്പിച്ച ജന പങ്കാളിത്തത്തോടെയാണ്. ''വികസന പ്രവർത്തനത്തിലെ ജന പങ്കാളിത്തം'' എന്ന ആ സർക്കാരിൻെറ മുദ്രാവാക്യത്തിൻെറ സംസ്ഥാന തല ഉൽഘാടനമായിരുന്നു ആ പ്രവൃത്തി. പൊരുതമനക്കൽ സുബ്രഹ്മണ്യൻ ഭട്ടതിരിപപാട് പഞ്ചായത്തിന് വിട്ടുകൊടുത്ത അയ്യംകുളത്തിൻെറ നവീകരണ പ്രവർത്തനം ഉൽഘാടനം ചെയ്തത് അന്നത്തെ മന്ത്രി വി. ആർ. കൃഷ്ണയ്യരായിരുന്നു. അന്ന് കലക്ടർ ടി. മാധവമേനോൻ ആയിരുന്നു. ഈ സന്നദ്ധ പ്രവർത്തനത്തിൽ നൂറുകണക്കിന് എം. എസ്. പി. ക്കാരും പങ്കെടുത്തിരുന്നു. 1964 ജനുവരി ഒന്നിന് പുതിയ ഭരണസമിതി അധികാരമേറ്റെടുത്തത് ചളവറ-തരുവക്കോണം റോഡിൻെറ നിർമ്മാണ പ്രവൃത്തി ആരംഭിച്ചുകൊണ്ടായിരുന്നു. കുളപ്പുള്ളി - എലിയപ്പറ്റ റോഡിൻെറ നിർമ്മാണത്തിലും വൻ തോതിലുള്ള സന്നദ്ധ പ്രവർത്തനം ഉണ്ടായിരുന്നു. ചളവറ-മുണ്ടക്കോട്ടുകുർശ്ശി റോഡ്, ചളവറ - ചേരമ്പറ്റക്കാവ്, കയിലിയാട് - നെല്ലായ റോഡുകളുടെ നിർമ്മാണത്തിലും ജനപങ്കാളിത്തവും സന്നദ്ധ പ്രവർത്തനവും ഉണ്ടായിട്ടുണ്ട്. വിവിധ വികസന മേഖലകളിൽ (റോഡ്, വൈദ്യുതി, വിദ്യാഭ്യാസം, പാലം) നിസ്തുലമായ സേവനം അനുഷ്ഠിച്ച മഹാശയർ ആയിരുന്നു പി. വി. കുഞ്ഞുണ്ണിനായർ, ഐ. സി. പി. നമ്പൂതിരി. കെ. വി. കരുണാകരൻ നായർ, കെ. വി. നാരായണൻ നായർ എന്നിവർ.

1902 ൽ തിരവേഗപ്പുറക്കളം രാമയ്യർ ചളവറയിൽ ഒരു ലോവർ പ്രൈമറി എലിമെൻററി സ്കൂൾ സ്ഥാപിച്ചാണ് ചളവറയിൽ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കുന്നത്. തുടർന്ന് ചളവറയിൽ മാപ്പിള എൽ. പി. സ്കൂളും, കയിലിയാട് മിഡിൽ സ്കൂളും ഗേൾസ് സ്കൂളും ആരംഭിച്ചു.

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഹൈസ്കൂൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ 1. 6. 1966 ൽ ചളവറ ഹൈസ്ക്കൂൾ ആരംഭിച്ചു. പൊതുജനങ്ങളിൽ ഓഹരി വിറ്റ്, ജനകീയ പങ്കാളിത്തത്തോടെ ആരംഭിച്ച ഹൈസ്ക്കൂൾ ഇന്ന് ജില്ലയിലെ തന്നെ പ്രധാന വിദ്യാഭ്യാസ സ്ഥാപനമായി വളർന്നിരിക്കുന്നു. ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ ഈ വിദ്യാഭ്യാസ സ്ഥാപനം ഇന്ന് ഏറെ വളർന്നിരിക്കുന്നു. ഹൈസ്ക്കൂൾ മാനേജിംഗ് കമ്മറ്റിയുടെ ആദ്യ പ്രസിഡണ്ട് കെ. എം. സി. നാരായണൻ നമ്പൂതിരിപ്പാടും സെക്രട്ടറി എം. സി. പി. നമ്പൂതിരിയും ആയിരുന്നു. ഇന്ന് പഞ്ചായത്തിൽ ഒരു ഹൈസ്കൂളും മൂന്ന് യു. പി. സ്കൂളും, ആറ്. എൽ. പി. സ്കൂളും പ്രവർത്തിക്കുന്നുണ്ട്. ചളവറ പഞ്ചായത്തിൽ ഉണ്ടായിട്ടുള്ള വിദ്യാഭ്യാസ പുരോഗതിയിൽ കെ. വി. നാരായണൻ നായർ തോട്ടിങ്ങൽ സൈതാലി മൊല്ല എന്നിവരുടെ പങ്ക് പ്രത്യേകം സ്മരണീയമാണ്. ആദ്യകാലത്ത് ഉന്നത വിദ്യാഭ്യാസത്തിന് ആശ്രയിച്ചിരുന്നത് പാലക്കാട് വിക്ടോറിയാ കോളേജിനെയായിരുന്നു. പിൽക്കാലത്ത് പട്ടാമ്പി സംസ്കൃത കോളേജും, ഒറ്റപ്പാലം എൻ. എസ്. എസ്. കോളേജും ആരംഭിച്ചതോടെ ഒട്ടേറെ പേർക്ക് അവിടങ്ങളിൽ നിന്ന് ഉന്നത വിദ്യാഭ്യാസം നേടനായി.

ചളവറയിലെ ആദ്യത്തെ ഗ്രന്ഥശാല 1945-46 ൽ ചളവറയിൽ ആരംഭിച്ചു. ഈ ഗ്രന്ഥശാല എം. എസ്. പി. വേട്ടയുടെ കാലത്ത് നശിപ്പിക്കപ്പെട്ടു. പിന്നീട് 1957 നവംബർ 14ന് ഇന്നത്തെ ചളവറ പൊതുജന വായനശാല സ്ഥാപിച്ചു. പഞ്ചായത്തിലെ പ്രമുഖ ഗ്രന്ഥശാല ഇതു തന്നെയാണ്. മുണ്ടക്കോട്ടുകുർശ്ശി ഗ്രാമീണ വായനശാല, കയിലിയാട് ഗ്രാമീണ വായനശാല എന്നിവ പിന്നീട് സ്ഥാപിക്കപ്പെട്ടു. ഒന്നൊഴിച്ച് ബാക്കിയെല്ലാം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സാംസ്കാരിക രംഗത്തും വികസന രംഗത്തും ഗണ്യമായ സംഭാവനകൾ നൽകി.

ദേശീയ പ്രസ്ഥാനത്തിനൊപ്പം മലബാറിൽ വളർന്നു വന്ന അദ്ധ്യാപക പ്രസ്ഥാനത്തിൻെറ പ്രവർത്തനം ചളവറയിലും സജീവമായിരുന്നു. സി. പി. മാധവൻ നായർ, പി.ഗോപാലൻ നായർ, എം. പി. അപ്പുണ്ണി നായർ, വി.ജി. മാസ്റ്റർ, കെ. നാരായണൻ മാസ്റ്റർ, കെ. പി. നാരായണൻ നായർ. എന്നിവരായിരുന്നു ചളവറ അദ്ധ്യാപക പ്രസ്ഥാനത്തിൻെറ മുൻനിരക്കാർ. സ്വദേശി പ്രസ്ഥാനത്തിൻെറ ഭാഗമായി തൃക്കാരമണ്ണയിൽ ഒരു ചർക്കാ ക്ലാസ് പ്രവർത്തിച്ചിരുന്നു.

ചളവറയിലെ പ്രധാന ഗതാഗത മാർഗ്ഗങ്ങൾ വാണിയംകുളം വല്ലപ്പുഴ റോഡ്, കുളപ്പുള്ളി എലിയപ്പറ്റ റോഡ്, കയിലിയാട് - നെല്ലായ റോഡ്, ചളവറ-തരുവക്കോണം റോഡ്, ചളവറ-ചേരമ്പറ്റക്കാവ് റോഡ് എന്നിവയാണ്. ഇവയിൽ കയിലിയാട്-നെല്ലായ റോഡും ചളവറ തരു

വക്കോണം റോഡ്സും ഇനിയും പൊതു മരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല. മൂന്ന് റോഡുകളിൽ സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. 1969 ൽ ആണ് പഞ്ചായത്തിൽ ആദ്യമായി ബസ് സർവ്വീസ് ആരംഭിച്ചത്.

ചളവറക്കാരുടെ പോസ്റ്റ് ഓഫീസ് ആദ്യകാലത്ത് തൃക്കടീരിയിലായിരുന്നു. 1965 ൽ ചളവറയിൽ സബ്പ് പോസ്റ്റ് ഓഫീസ് ആരംഭിച്ചു. കയിലിയാട്, മുണ്ടക്കോട്ടുകുർശ്ശി, പുലിയാനംകുന്ന് എന്നിവിടങ്ങളിൽ ബ്രാഞ്ച് പോസ്റ്റ് ഓഫീസുകളും പ്രവർത്തിക്കുന്നു. 1979 ൽ ആണ് ചളവറയിൽ ആദ്യമായി പഞ്ചായത്തിൽ ടെലഫോൺ സൗകര്യങ്ങൾ ലഭ്യമായത്. പിന്നീട് മുണ്ടക്കോട്ടുകുർശ്ശിയിൽ ടെലഫോൺ എക്സ്ചേഞ്ച് സ്ഥാപിച്ചു.

1975 ൽ ചളവറയിൽ ആദ്യമായി വൈദ്യുതി യെത്തി. 1978ൽ മുണ്ടക്കോട്ടുകുർശ്ശിയിലും 1980 ൽ കയിലിയാടും വൈദ്യുതിയെത്തി. പിന്നെയും ഒന്നര പതിറ്റാണ്ടു കഴിഞ്ഞാണ് തെക്കുപ്പാറ, പഴയ വില്ലേജ് പ്രദേശങ്ങളിൽ വൈദ്യുതിയെത്തിയത്.

ചളവറയിലെ ആദ്യത്തെ മഹിളാ സമാജം പ്രവർത്തനം ആരംഭിച്ചത് മുണ്ടക്കോട്ടുകുർശ്ശിയിലാണ്. ആദ്യകാലത്ത് മാതൃകാപരമായും കാര്യക്ഷമമായും പ്രവർത്തനം നടന്നിരുന്നെങ്കിലും ഇന്ന് പ്രവർത്തനം തൃപ്തികരമല്ല.

അൻപതുകളിൽ തന്നെയാണ് ചളവറയിലെ പ്രാഥമികാരോഗ്യ കേന്ദ്രവും, ആയുർവേദാശുപത്രിയും ആരംഭിച്ചത്.

4

ഭൂപ്രകൃതി , ജന പ്രകൃതി, ജല പ്രകൃതി

ഭൂപ്രകൃതി. അവലംബ പഠന പര്യടനം

പാലക്കാട് ജില്ലയുടെ വടക്കു പടിഞ്ഞാറുഭാഗത്ത് സ്ഥിതി ചെയ്യുന്ന ഒരു ഉൾനാടൻ ഗ്രാമമാണ് ചളവറ ഗ്രാമ പഞ്ചായത്ത്. ചളവറ, പുലിയാനം കുന്ന്, കയില്യാട്, മുണ്ടക്കോട്ടുകർശ്ശി എന്നീ നാലു ദേശങ്ങൾ ചേർന്നതാണ് ഈ പഞ്ചായത്ത്. ഇതിന്റെ അതിരുകൾ കിഴക്ക് അനങ്ങനടി, തൃക്കടീരി പഞ്ചായത്തുകൾ; പടിഞ്ഞാറ് വല്ലപ്പുഴ, നെല്ലായ, ചെർപ്പുളശ്ശേരി പഞ്ചായത്തുകളും ആണ്. ചളവറ ഗ്രാമപഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 2790.34 ഹെക്ടർ ആണ്.

തരം	വിസ്തീർണ്ണം (ഹെക്ടർ)	ശതമാനം
കുന്നിമണ്ട	824.12	30 %
ചെരിവുകൾ	1116.00	40%
സമതലം	852.10	30%

ഭൂപ്രകൃതി അനുസരിച്ച് ചളവറ ഗ്രാമപഞ്ചായത്തിനെ പ്രധാനമായും മൂന്ന് മേഖലകളാക്കി തിരിയ്ക്കാം.

1. കുന്നിൻ പ്രദേശങ്ങൾ
2. ചരിഞ്ഞ പ്രദേശങ്ങൾ
3. സമതലങ്ങൾ

1. കുന്നിൽ പ്രദേശങ്ങൾ

ഓമത്തം ഭൂവിസ്തൃതിയുടെ 30% കുന്നിൻ പ്രദേശങ്ങളാണ്. സമതലങ്ങിൽ നിന്ന് 60 മുതൽ 100 മീറ്റർ വരെ ഉയരമുള്ള കുന്നുകളാണ് ഇവിടെയുള്ളത്. കുന്നിൻ പ്രദേശങ്ങളിലെ മൺതരം പാറകൾ നിറഞ്ഞ ചെമ്മണ്ണാണ്. കുന്നിൻ മണ്ടകളിൽ ഭൂരിഭാഗവും തരിശാണ്. കുത്തനെയുള്ള ചരിവുകളുള്ളതുകൊണ്ട് മണ്ണൊലിപ്പ് നല്ലവണ്ണം അനുഭവപ്പെടുന്നു. വനവൽക്കരണത്തിനുള്ള സാധ്യതയുള്ളതാണ് ഈ പ്രദേശങ്ങൾ. അതുവഴി മണ്ണൊലിപ്പ് തടയാനും കഴിയും.

2. ചരിഞ്ഞ പ്രദേശങ്ങൾ

കുന്നിൻ മണ്ടകൾക്കും സമതലങ്ങൾക്കുമിടയ്ക്ക് കുത്തനെയുള്ള ചരിവുകളും ചരിഞ്ഞ ചരിവുകളും കാണുന്നു. ഭൂവിസ്തൃതിയുടെ 40% ത്തോളം ചരിഞ്ഞ പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങളിൽ ചെമ്മണ്ണാണ് കാണപ്പെടുന്നത്. ഈ പ്രദേശങ്ങളിലനുഭവപ്പെടുന്ന പ്രധാന പരിസ്ഥിതി പ്രശ്നം മണ്ണൊലിപ്പാണ്. കുത്തനെ ചെരിഞ്ഞ പ്രദേശങ്ങൾ ഭൂരിഭാഗവും തരിശാണ്. ഇതിൽ കുറെ ഭാഗം വനംവകുപ്പിന്റെ അധീനതയിൽപ്പെട്ടതാണ്. ചെറിയ ചെരിവുകളിൽ തോട്ടവിളകളായ തെങ്ങ്, കവുങ്ങ്, കശുമാവ് എന്നിവയും ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ മണ്ണ് ഫലഭൂയിഷ്ഠമാണ്.

3. സമതലങ്ങൾ

കുന്നുകൾക്കിടയിലുള്ള സമതല പ്രദേശങ്ങൾ നെൽകൃഷിചെയ്യുന്ന വയലുകളാണ്. അങ്ങിങ്ങായി വാഴ, തെങ്ങ്, കവുങ്ങ് ഇവയും കൃഷിചെയ്യുന്നുണ്ട്. ഭൂപ്രകൃതിയുടെ 30%ത്തോളം സമതലങ്ങളാണ്. ഇവിടത്തെ മണ്ണ് പൊതുവെ ഫലപുഷ്ടിയുള്ള ചെളിമണ്ണാണ്. 1 ാം വാർഡും രണ്ടാം വാർഡിന്റെ ചില പ്രദേശങ്ങളും പാവുക്കോണം നീർമറി വികസന പദ്ധതിയുടെ ഭാഗമാണ്. സമതലങ്ങൾക്കും ചെരിഞ്ഞ പ്രദേശങ്ങൾക്കുമിടയ്ക്ക് കാഞ്ഞിരപ്പുഴ കനാൽ നിർമ്മാണം പൂർത്തിയാകാതെ കിടക്കുന്നു. ഇതു കാരണം വയലുകളിലെ ജലാംശം കനാലിലേയ്ക്ക് കിനിഞ്ഞ് വരൾച്ച അനുഭവപ്പെടുന്നു. ചില പ്രദേശങ്ങളിൽ കനാൽ ബണ്ട് പൊട്ടി മണ്ണൊലിപ്പും അനുഭവപ്പെടുന്നുണ്ട്. ചളവറ പോസ്റ്റോഫീസിനു സമീപത്തുള്ള നെൽ വയലുകൾ കെട്ടിടങ്ങൾക്കു വേണ്ടി നികത്തുന്നത് നെൽകൃഷിയുടെ വ്യാപ്തി കുറയ്ക്കുകയും സ്വാഭാവിക നീരൊഴുക്കിനെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഈ പ്രവണത നിരുൽസാഹപ്പെടുത്തേണ്ടതാണ്. പണ്ട് വയലുകളിൽ വിളവെടുപ്പുകഴിഞ്ഞാൽ പച്ചക്കറികളും പയറു വർഗ്ഗങ്ങളും കൃഷിചെയ്തിരുന്നു. ഇന്ന്

TRANSECT 1.

തെക്ക് വടക്ക്. ഭൂരിഭാഗവും തെക്കുഭാഗം കുന്നിനും മലയോര

S

N

ഭൂവിനിയോഗം	കുന്നിൻ ചെരിവ്	വെള്ളായണി കായൽ	നെൽവയൽ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ	കുന്നിൻ ചെരിവ്	കായൽ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ
ഭൂപ്രകൃതി	കുന്നിൻ ചെരിവ്	വെള്ളായണി കായൽ	നെൽവയൽ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ	കുന്നിൻ ചെരിവ്	കായൽ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ	കുന്നിൻ ചെരിവ്	കുന്നിൻ മുകൾ
ഉപയോഗം	കുടിവെള്ളം ശേഖരിക്കുന്നു	വെട്ടുകല്ല് ഖനനം ചെയ്യുന്നു	തെങ്ങ്	കുടിവെള്ളം ശേഖരിക്കുന്നു	പാറ ഖനനം ചെയ്യുന്നു	പാറ ഖനനം ചെയ്യുന്നു	പാറ ഖനനം ചെയ്യുന്നു	ചെങ്കൽ നിർമ്മിക്കുന്നു	ചെമ്മീൻ കൃഷി	കുടിവെള്ളം ശേഖരിക്കുന്നു	പാറ ഖനനം ചെയ്യുന്നു	കുടിവെള്ളം ശേഖരിക്കുന്നു	പാറ ഖനനം ചെയ്യുന്നു	കുടിവെള്ളം ശേഖരിക്കുന്നു	പാറ ഖനനം ചെയ്യുന്നു	കുടിവെള്ളം ശേഖരിക്കുന്നു	പാറ ഖനനം ചെയ്യുന്നു	കുടിവെള്ളം ശേഖരിക്കുന്നു	പാറ ഖനനം ചെയ്യുന്നു	കുടിവെള്ളം ശേഖരിക്കുന്നു	പാറ ഖനനം ചെയ്യുന്നു
വിളകൾ/ഭൂപ്രകൃതി	വനം	കുടിൽ വ്യവസായങ്ങൾ	നെൽവയൽ (ഇടകൃഷിയായി)	തെങ്ങ് വലിയതോതിൽ നടുന്നു	നാടൻ	നാടൻ	നാടൻ	ചെങ്കൽ ഖനനം ചെയ്ത പ്രദേശം	നെൽവയൽ (ഇടകൃഷിയായി)	റബ്ബർ തെങ്ങ് മറ്റുകൃഷികൾ നടുന്നു	നാടൻ	നാടൻ	നാടൻ	തെങ്ങ് റബ്ബർ കുരുമുളക് തുടങ്ങിയവ	തെങ്ങ്	തെങ്ങ്	തെങ്ങ്	തെങ്ങ്	തെങ്ങ്	തെങ്ങ്	നാടൻ
ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം	ഉയരം
സ്ഥലനാമം	.....	..... തെക്കുംഭാഗം	.....	.....	.....	.....	.....	.....	.....	.....	.....	.....	.....	.....	.....	.....	.....	.....	.....	.....	.....	.....

ഭൂവിനിയോഗ ഭൂപ്രകൃതി പഠനം

ഉപയോഗം.	മണ്ണിനം.	സ്വഭാവവിശേഷം.	പരിസ്ഥിതിവിശേഷം.

TRANSECT. 2

നപ്രത്യക്ഷമായിരിക്കുന്ന ഈ കൃഷി രീതി പ്രോത്സാഹിപ്പിയ്ക്കേണ്ടതാണ്.

ജന പ്രകൃതി

അവലംബം : കാനേഷുമാരി കണക്കുകൾ 1991, അംഗൻവാടി സർവ്വെ.

1991 ലെ കാനേഷുമാരി കണക്കുകൾ പ്രകാരം ചളവറ ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യ 19273 ആണ്. ഇതിൽ 8989 പുരുഷൻമാരും 10284 സ്ത്രീകളുമാണ്. പുരുഷൻമാരേക്കാൾ 1295 സ്ത്രീകൾ കൂടുതലാണ്. മൊത്തം ആൾതാമസമുള്ള വീടുകളുടെ എണ്ണം 3518 ആണ്. ശരാശരി വീടൊന്നിന് 5.5 ആളുകൾ വീതമുണ്ട്. ഹരിജൻ വിഭാഗത്തിൽ പ്പെട്ട 2053 പുരുഷൻമാരും 2236 സ്ത്രീകളുമുണ്ട്.

പട്ടിക 2

വാർഡ്	ജനസംഖ്യ (1995)			
നമ്പർ	പുരുഷൻമാർ	സ്ത്രീകൾ	ആകെ	പട്ടിക ജാതി
1	1003	1178	2181	677
2	1347	1525	2872	646
3	1071	1150	2221	494
4	806	1220	2026	646
5	1005	1159	2164	686
6	1118	1137	2255	826
7	621	606	1227	322
8	541	520	1061	114
9	1604	1663	3267	541
10	693	746	1439	479
ആകെ	9809	10904	20713	5431

അവലംബം : അംഗൻവാടി സർവ്വെ 1995

1990 ലെ സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിന്റെ ഫലമായി ചളവറ ഗ്രാമപഞ്ചായത്തിലെ ഭൂരിപക്ഷം പേരെയും സാക്ഷരരാക്കാൻ കഴിഞ്ഞു. 86 % പേർ ഇവിടെ സാക്ഷരരാണ്. ജനസംഖ്യയിൽ ഭൂരിഭാഗം കർഷകരും കർഷക തൊഴിലാളികളുമാണ്. കർഷക തൊഴിലാളികൾക്ക് വർഷത്തിൽ ശരാശരി 50 മുതൽ 60 ദിവസം വരെ മാത്രമാണ് തൊഴിൽ ലഭിക്കുന്നത്. അതുകൊണ്ട് വലിയൊരു വിഭാഗം നിർമ്മാണ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. കാർഷിക മേഖലയിൽ സ്ത്രീകളാണ് എണ്ണം കൂടുതൽ. പ്രത്യക്ഷമായ വരുമാനം നൽകുന്ന തൊഴിലുകളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. എന്നാൽ സ്ത്രീകൾ, പ്രത്യക്ഷമായ പ്രതിഫലം കണക്കാക്കാത്ത, കുടുംബവുമായി ബന്ധപ്പെട്ടു ചെയ്യുന്ന പല ഉൽപാദന പരമായ പ്രവർത്തനങ്ങളും കണക്കാക്കപ്പെടുന്നില്ല. ഇത് ഒരു പരിധിവരെ സ്ത്രീകളുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥയ്ക്കു കാരണമാകുന്നു പരമ്പരാഗത കുടിൽ വ്യവസ്യങ്ങളായ ഓട്ടുപാത്ര നിർമ്മാണം, സ്വർണ്ണപ്പണി, ഇരുമ്പായുധ നിർമ്മാണം, പനമ്പ് നെയ്ത്ത്, കുട്ട നിർമ്മാണം, പായ നെയ്ത്ത്, പട്ടുക്കുട നിർമ്മാണം എന്നിവയിൽ ഏർപ്പെട്ടവരും ഒരു ചെറിയ ശതമാനമുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം എന്നീ സേവന മേഖലകളിൽ പണിയെടുക്കുന്ന സർക്കാരുദ്യോഗസ്ഥൻമാരുമുണ്ട്. അഭ്യസ്തവിദ്യരായ യുവതീയുവാക്കളിൽ 40% പേർ തൊഴിൽ രഹിതരാണ്.

ഒരു കാലത്ത് ജാതിവ്യവസ്ഥ കൊടികുത്തി വാണിരുന്ന ചളവറയിൽ ഇന്ന് സാമൂഹ്യമായ ഉച്ചനീചത്വം കുറഞ്ഞു വരുന്നതായാണ് കാണുന്നത് കഴിഞ്ഞ കാലങ്ങളിൽ ദേശീയ പ്രസ്ഥാനങ്ങളോടൊപ്പം ഒത്തുചേർന്നു പ്രവർത്തിച്ച അനുഭവം ചളവറക്കുണ്ട്. സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളും ഭൂപരിഷ്ക്കരണത്തെത്തുടർന്നുള്ള ഭൂവുടമാബന്ധങ്ങളിൽ വന്ന മാറ്റങ്ങളും ഇതിന് സഹായകമായി. ആകെ. ജനസംഖ്യയിൽ 25% പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണ്. പട്ടികജാതി ഒഴികെയുള്ള മറ്റു വിഭാഗങ്ങളിൽ പണക്കാരെയും പാവപ്പെട്ടവരെയും കാണാൻ കഴിയും. ഭൂവുടമകളിൽ ചെറിയൊരു ശതമാനം മാത്രമെ സ്വയം കൃഷിചെയ്യുന്നുള്ളു. ചെറുകിട കൃഷിക്കാർ 90%വും കർഷകതൊഴിലാളികളെ ആശ്രയിക്കുന്നു.

ജലവിഭവങ്ങൾ

മഴയെമാത്രം ആശ്രയിച്ചാണ് ചളവറ പഞ്ചായത്തിലെ കാർഷിക വ്യവസ്ഥ നിലനിൽക്കുന്നത്. പഞ്ചായത്തിലെ ശരാശരി വർഷപാതം 3100 മില്ലിമീറ്റർ ആണ്. ഇതിൽ ജൂൺമാസത്തിൽ ആരംഭിക്കുന്ന തെക്കു- പടിഞ്ഞാറൻ കാലവർഷംകൊണ്ട് വർഷത്തിന്റെ 80% ലഭിയ്ക്കുന്നു. ബാക്കി 15 % തുലാവർഷത്തിലും 5% വേനൽ മഴയായും ലഭിയ്ക്കുന്നു. പഞ്ചായത്തിൽ ആകെ 13.5 കിലോമീറ്റർ ദൈർഘ്യമുള്ള തോടുകളുണ്ട്. ജൂൺ മുതൽ ലഭിയ്ക്കാന്ന മഴവെള്ളം മുഴുവൻ

തോടുകളിലൂടെ ഭാരതപ്പുഴയിലെത്തുന്നു. ഇത് സംഭരിച്ചുനിർത്താനാവശ്യമായ നടപടികളൊന്നും തന്നെയില്ല. വിവിധ വാർഡുകളിലായി വീട്ടുവളപ്പിലെ കുളങ്ങൾക്കു പുറമെ 51 കുളങ്ങളുണ്ട്.. ഇതിൽ ഭൂരിഭാഗം കുളങ്ങളും വേനൽക്കാലങ്ങളിൽ വറ്റാത്തവയാണ്.

ഭൂഗർഭജലസമ്പത്ത് മെച്ചപ്പെട്ടതോതിലുള്ള പഞ്ചായത്താണ്. ചളവറ പഞ്ചായത്ത് മുഴുവൻ ജലവിതരണം നടത്തുന്നത് ഒരു കുഴൽകിണറിൽ നിന്നാണ്. എന്നാൽ പഞ്ചായത്തിലുടനീളം ശുദ്ധ ജലക്ഷാമം അനുഭവപ്പെടുന്നു. മാർച്ച്, ഏപ്രിൽ , മെയ് മാസങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. നിലവിലുള്ള ശുദ്ധജലവിതരണത്തിന്റെ അപര്യാപ്തതയാണ് ഇതിനു കാരണം. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടാണ് അനുഭവപ്പെടുന്നത്. കുന്നിൻ പ്രദേശങ്ങളിലുമ കോളനികളിലും ജലക്ഷാമം രൂക്ഷമാണ്.

പട്ടിക 3

വാർഡ്	പ്രധാന കുളങ്ങൾ	സ്ഥലം
1.	പാലാട്ടുകുളം, ഇഞ്ഞിരത്തിക്കുളം, ചോലയിൽകുളം, ചളവറ അമ്പലകുളം	ചളവറ
2.	തൂമ്പായക്കുളം, അയ്യംകുളം, തൂമ്പായ അമ്പലക്കുളം	ചളവറ
3.	പനഞ്ചീരിക്കുളം, കാരുകുളം, പുളിങ്കുളം	പുലിയാനംകുന്ന്
4.	പെരുംകുളം, തച്ചങ്ങാട് ചിറ	പുലിയാനംകുന്ന്
5	ചെറുശ്ശേരി ചിറ, നെച്ചിക്കുളം, മേതൃക്കോവിൽ അമ്പലക്കുളം	പുലിയാനംകുന്ന്, കയിലിയാട്
6	കളമുള്ളക്കുളം കണ്ടംകുളം, കോട്ടക്കുളം	കയിലിയാട്
7	നമ്പുകുളം, കവനിക്കുളം, ഉറവിങ്കൽചോല	കയലിയാട്
8	മണിക്കുളം, ചോലക്കുളം, വെമ്പക്കുളം, പുത്തൻകുളം	മുണ്ടക്കോട്ടുകുർശ്ശി
9	കൊട്ടക്കോട്ടുകുളം, പയ്യില്ലിക്കുളം, തൃക്കാരമണ്ണ അമ്പല ക്കുളം, അണ്ണാമരക്കുളം	മുണ്ടക്കോട്ടുകുർശ്ശി
10	ഇടൂർകുളം, ഇടൂർകുന്ന് ചിറ, കാരാംകുളം	കയിലിയാട്.

5

സാമൂഹ്യ സാമ്പത്തിക തലങ്ങൾ

5 1 കൃഷിയും ജലസേചനവും

ചളവറ ഗ്രാമപഞ്ചായത്ത് ഒരു കാർഷികഗ്രാമമാണ്. മാഞ്ചിരിമല, പുൽമോഞ്ച്മല, മലച്ചിമല, പുലിയൻമല, രണ്ട് മല, തെക്കെകാട്, തുറവകുന്ന്, കൂരികാട് എന്നിവകളാൽ ചുറ്റപ്പെട്ടു അവയ്ക്കു താഴെയുള്ളതോട്ടങ്ങളും ചെരുവുകളും നെൽവയലുകളും അടങ്ങിയതാണ് ഇവിടുത്തെ ഭൂ പ്രദേശം. പ്രധാന കൃഷി നെല്ല്, തെങ്ങ്, റബ്ബർ എന്നിവയും കൂടാതെ കുരുമുളക്, കവുങ്ങ്, ഇഞ്ചി, കിഴങ്ങുവർഗ്ഗങ്ങൾ, വാഴ എന്നിവ നാമമാത്രയുമ കൃഷിചെയ്തുവരുന്നു.

കുന്നിൻ പ്രദേശങ്ങൾക്ക് താഴെയുള്ള തട്ടു തട്ടുകളായുള്ള വയലുകളിലാണ് നെൽകൃഷി ചെയ്തുവരുന്നത്. സമതല പ്രദേശങ്ങളിൽ നിന്ന് 70 മീറ്റർ ഉയരമുള്ള കുന്നിൽ പ്രദേശങ്ങളുണ്ട്. നെൽകൃഷി ചെയ്യുന്ന പ്രദേശങ്ങൾ 2138 ഏക്രയോളം വരുന്നതാണ്.

75 ശതമാനം ഭൂ ഉടമസ്ഥരും രണ്ടര ഏക്രയിൽ താഴെമാത്രം ഭൂമി കൈവശമുള്ളവരാണ്. 20 ശതമാനം ഭൂവുടമസ്ഥരും 5 ഏക്രക്ക് താഴെയുള്ളവരും, 5 % മാത്രമേ 5 ഏക്രക്ക് മുകളിൽ ഭൂവുടമസ്ഥരായിട്ടുള്ളു.

ആളോഹരി കൃഷി ഭൂമി സംസ്ഥാന ശരാശരിയേക്കാൾ കുറവുമാത്രമാണ് ഈ പഞ്ചായത്തിലേത്.

പഴയകാലത്ത് നെൽകൃഷിക്ക് വളരെയധികം ശ്രദ്ധയും പരിചരണവും നൽകിയിരുന്നു. പരിപൂർണ്ണമായും മഴയെമാത്രം ആശ്രയിച്ചാണ് എല്ലാ കൃഷികളും നടത്തിയിരുന്നത്. പഴയകാലങ്ങളിൽ വലിയ കുളങ്ങളിലെ വെള്ളം കൃഷിയ്ക്കു വേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു. കൃഷിഭൂമിയുടെ ഉടമസ്ഥർ കൂടുതലും വൻകിട ജന്മിമാരാണെങ്കിലും പാട്ടകുടിയാന്മാരായ കർഷകരായിരുന്നു കൃഷി നടത്തിയിരുന്നത്. ഭൂ പരിഷ്ക്കരണ നിയമം നടപ്പിലായതോടു കൂടി കൈവശകൃഷിക്കാരെല്ലാം ഭൂമിയുടെ ഉടമസ്ഥന്മാരായി മാറി. ആകെ ഭൂമിയുടെ 31 ശതമാനം നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. പല സവിശേഷതകളോടുകൂടിയ നാടൻ നെൽവിത്തിനങ്ങളാണ് ഇവിടെ ഉപയോഗിച്ചിരുന്നത്. കഴമ, തവളക്കണ്ണൻ, ചെറുപൊന്നാര്യൻ, വെള്ളുത്തവട്ടൻ, തെക്കൻ ചീര, വെള്ളരി, കാരണി, വെള്ളക്കോലി, കുട്ടാടൻ, കുമ്പളോൻ, എന്നീ നെൽവിത്തുകളുപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത്. പറമ്പുകളിൽ മോടൻ കൃഷിചെയ്തിരുന്നു. 1965 നു ശേഷം ഏതാനും കൃഷിക്കാർ അത്യുല്പാദന ശേഷിയുള്ള തൈനാൻ, ഐ. ആർ. എട്ട്, കൽച്ചർ എന്നീ വിത്തുകൾ ഉപയോഗിയ്ക്കാൻ തുടങ്ങി. രാസവളങ്ങളും ഈ കാലങ്ങളിൽ തൊട്ടാണ് ഉപയോഗിക്കാൻ തുടങ്ങിയത്.

നെൽവയലുകളിൽ ചാമ, മുതിര, ഉഴുന്ന്, എള്ള്, പയർ എന്നീ ധാന്യങ്ങളും കിഴങ്ങു വർഗ്ഗങ്ങളായ, ഇഞ്ചി, ചേന, കാവത്ത്, കപ്പ, മധുരകിഴങ്ങ്, വാഴ എന്നിവയും മഴക്കാലത്ത് കന്നിപൊള്ളൻ, വേനൽക്കാലത്ത് പച്ചക്കറി എന്നിവയും വ്യാപകമായി കൃഷിചെയ്തു വന്നിരുന്നു.

ജലസേചനത്തിനായി നെൽവയലുകളിൽ കൂടി ഒഴുകുന്ന തോടുകൾക്ക് ചിറകെട്ടുകയും കുളങ്ങളിൽ നിന്നും കിണറുകളിൽ നിന്നും തേക്കുകൊട്ട, കയറ്റുകൊട്ട എന്നിവ ഉപയോഗിച്ച് തേവുകയും ചെയ്തിരുന്നു. നാടൻ ജല സേചന ഉപകരണങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. കീടനിയന്ത്രണത്തിനും ചാഴി നശിപ്പിക്കാനും മുറം വീശുകയും വെണ്ണീർ വിതറുകയും ചെയ്തിരുന്നു.

തെങ്ങുകൃഷിയോട് വേണ്ടത്ര താത്പര്യം ഉണ്ടായിരുന്നില്ല. ജന്മിത്വം നിലനില്ക്കുന്നതും ഈ കൃഷി വികസിക്കാൻ തടസ്സമായി വന്നിരുന്നു. കാർഷികോൽപ്പന്നങ്ങൾ കർഷകർ നേരിട്ട് വാണിയംകുളം ചന്തയിലും ഷൊർണൂർ, ചെർപ്പുളശ്ശേരി എന്നീ മാർക്കറ്റുകളിലും ഇടത്തട്ടുകാർ മുഖേനയാണ് വിറ്റഴിച്ചിരുന്നത്.

ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതോടെ സ്വന്തമായി വയലുകൾ ലഭിച്ച കർഷകർ വീടു വയ്ക്കുന്നതിനും വേണ്ടത്ര പരിചയം ആവശ്യമില്ലാത്ത മറ്റു കൃഷികൾ ചെയ്യാനും തുടങ്ങി. പണ്ടു കാലങ്ങളിൽ ജന്മിമാരുടെ കൈവശമുണ്ടായിരുന്ന വനങ്ങൾ 1970 ൽ ദേശസാൽക്കരിച്ചതോടുകൂടി വനങ്ങളിലെ മരങ്ങളെല്ലാം മുറിക്കുകയും മൊട്ടക്കുന്നുകളായി. മാറുകയും ചെയ്തു. ശക്തിയായ മഴകാരണം മണ്ണൊലിപ്പ് വർദ്ധിക്കുകയും വയലുകളിലെ പശിമരാശി മണ്ണ് ഒലിച്ചു പോവുകയും ചെയ്യുന്നു. ഈ പ്രദേശങ്ങളിലെ നെൽവയലുകളിൽ കാൽസ്യത്തിന്റെകുറവ് കണ്ടുവരുന്നു. പഴയ കാലങ്ങളിൽ കർഷകർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യത കുറഞ്ഞു വന്നതോടെ അവർ മറ്റു തൊഴിൽ മേഖലകളിലേക്ക് തിരിയുന്നതിനും അവസരമുണ്ടായി. ഇതോടൊപ്പം നിലവിലുള്ള കൃഷിഭൂമി തരിശിടാനും രണ്ടു വിള ചെയ്തിരുന്ന ഭാഗങ്ങളിൽ കരിങ്കര, കൂട്ടുമുണ്ടകൻ എന്നിവ കൃഷിചെയ്യുവാനും തുടങ്ങി. കൂലി നിലവാരം ഉയർന്നു വരുന്നതിനനുസരിച്ച് കൃഷിഭൂമിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിന്റെ തോതും ക്രമേണ കുറഞ്ഞു വന്നു. ഉൽപ്പാദന ചിലവിനനുസരിച്ച് ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കാത്തതും കർഷകരെ നെൽകൃഷിയിൽ നിന്നും അകറ്റുകയും കൃഷിരീതികൾ മാറ്റാൻ പ്രേരിപ്പിക്കുകയും ചെയ്തു. 1930 കളിലെ സെറ്റിൽമെന്റ് രേഖപ്രകാരമുള്ള വയലുകളിൽ നല്ലൊരു ശതമാനം കൃഷിഭൂമി മറ്റു കൃഷികൾക്കായി മാറിപ്പോയിട്ടുണ്ട്.

നെൽകൃഷി ലാഭകരമല്ലാതായതും ആധുനിക വിദ്യാഭ്യാസം സാർവത്രികമായതും കാർഷികർക്ക് പ്രവൃത്തിക്ക് സമൂഹത്തിലെ മാന്യതക്കുറവ് കാരണവും കർഷകതൊഴിലാളികളുടെ പിൻതല മുറക്കാരെ ഇതര മേഖലകളിലേക്ക് ആകർഷിച്ചു. ഇത് കർഷകത്തൊഴിലാളികളുടെ ലഭ്യതയിൽ കുറവ് വരുത്തി. ഈ കാരണങ്ങളെല്ലാം കൃഷി ഭൂമി തരിശിടാനും മറ്റു കൃഷിരീതികൾ സ്വീകരിക്കുവാനും ഇടയാക്കി. പരമ്പരാഗതമായി കൃഷി ചെയ്തു വന്നിരുന്ന വാഴ, ഉഴുന്ന്, മുതിര, മറ്റു പച്ചക്കറി എന്നീ വിളകളേയും കാര്യമായി ബാധിച്ചു. കാർഷിക വൃത്തിയോടു വന്ന സമീപനത്തിന്റെ ഭാഗമായി പറമ്പുകളിലും തോട്ടങ്ങളിലും കൃഷിചെയ്തിരുന്ന ഇടവിളകളുടെ ഉൽപ്പാദനത്തിലും ഗണ്യമായ കുറവു വരാൻ തുടങ്ങി. ഉപഭോഗ പ്രവണതയെ വർദ്ധിപ്പിക്കുന്നതിന് കാര്യമായ പങ്ക് ഇതിനുണ്ട്. തോട്ടങ്ങളിലും വീട്ടു വളപ്പിലും തെങ്ങൊഴികെയുള്ള കൃഷിയിങ്ങളെല്ലാം നാമമാത്രമായിക്കൊണ്ടിരിക്കുന്നു. കർഷകരുടെ വിനോദങ്ങളിൽ ഒന്നായിരുന്ന കാളപൂട്ട്. പ്രശസ്തമായ രീതിയിൽ ഇവിടെ നടത്തിയിരുന്നു. ഇത് ഇന്നീ പഞ്ചായത്തിൽ ഇല്ലാതായിരിക്കുന്നു.

ഭക്ഷ്യോൽപ്പാദന രംഗത്ത് കുറവു വന്നതിനോടൊപ്പം തന്നെ കൃഷിയുമായി ബന്ധപ്പെട്ടു കൊണ്ടുള്ള കുളങ്ങൾ, തോടുകൾ എന്നിവ സംരക്ഷിച്ചുപോന്നിരുന്ന സ്ഥിതികളിലും മാറ്റമുണ്ടായി. പഴയകാലങ്ങളിൽ ഭൂവുടമകളായ ജന്മികളായിരുന്നു ഇവ നിർമ്മിച്ചിരുന്നതും സംരക്ഷിച്ചിരുന്നതും. ഇപ്പോഴവ മണ്ണിടിഞ്ഞു തൂർന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളോ, തോടുകളോ, ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല. സ്വകാര്യ വ്യക്തികളുടെ കുളങ്ങൾ കൃഷിയ്ക്ക് വളരെയധികം ഉപകാരപ്രദമായിരുന്നത് ഇന്ന് ഉപയോഗശൂന്യമായിരിക്കുന്നു. കുളങ്ങളുടെ ഉടമസ്ഥൻമാർക്ക് അവ നന്നാക്കുവാൻ സാമ്പത്തീകമായും, മാനസീകമായും താൽപര്യമില്ല. ഈ കാരണങ്ങൾ ജലദൗർലഭ്യത്തിനു കാരണമായിട്ടുണ്ട്.

ഭൂ വിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 6895 ഏക്കറാണ്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 1.

വിള	വസ്തീർണ്ണം
നെല്ല്	2132 ഏക്ര
തെങ്ങ്	740 ഏക്ര
റബ്ബർ	460 ഏക്ര
കശുമാവ്	120 ഏക്ര
മറ്റു കൃഷികൾ	1680 ഏക്ര

നെൽകൃഷി

പട്ടിക 2

നമ്പർ	വിള	വിസ്തീർണ്ണം
1	നെല്ല് ഒന്നാം വിള	2132 ഏക്ര
2	നെല്ല് രണ്ടാം വിള	1289 ഏക്ര
3	നെല്ല് മൂന്നാം വിള	

നെൽകൃഷിയുടെ ഉൽപാദനം നാടൻ വിത്തിനങ്ങൾക്ക് ഹെക്ടറിന് 200 0- 2250 കി. ഗ്രാം. അത്യുൽപ്പാദന വിത്തിനങ്ങൾക്ക് 3000 മുതൽ 3250 കി ഗ്രാം വരെ ലഭിയ്ക്കുന്നു. നാടൻ വിത്തിനങ്ങളോടാണ് കൃഷിക്കാർക്ക് ഏറെ താൽപ്പര്യമുള്ളത്. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾക്ക് കീടബാധയുള്ളതിനാലും കൂടുതൽ സംരക്ഷണം വേണ്ടിവരുന്നതിനാലും കൃഷിക്കാർ താൽപ്പര്യം കാണിക്കുന്നില്ല. കൃഷിഭവനിലൂടെ വിതരണം ചെയ്ത വിത്തിനങ്ങൾ മട്ട, ത്രിവേണി, ആതിര, ഐശ്വര്യ, കാഞ്ചന, എന്നിവയാണ്. കൃഷിഭവനിൽ നിന്ന് കർഷകർക്ക് കാര്യമായ സേവനം ലഭിക്കുന്നില്ല. വിളപരിവർത്തനരീതികൾ മുൻകാലങ്ങളിൽ നടപ്പിലാക്കി വന്നിരുന്നത് ഇപ്പോൾ പ്രയോഗത്തിലില്ല. നെൽകൃഷിക്ക് ശേഷം വയലുകൾ തരിശിടുകയാണ്.

പ്രധാനവിളയായ തെങ്ങിന്റെ വാർഷിക ഉൽപ്പാദന കുറവാണ ഈ പഞ്ചായത്തിൽ 20 എണ്ണമാണ് ഇത് സംസ്ഥാന ശരാശരിയിൽനിന്നും വളരെ പിന്നിലാണ്. തെങ്ങിന് ജലസേചന സൗകര്യം ഇല്ലാത്തതും കുന്നിൻ ചരിവുകളിലും മറ്റും ശക്തിയായ മഴകാരണം മണ്ണൊലിപ്പുണ്ടാകുന്നതും വിളകുറയാൻ കാരണമാകുന്നു. തെങ്ങിന്റെ ഇടകളിൽ ടെറസ് നിർമ്മിച്ച് ജലസംരക്ഷണ സമ്പ്രദായങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. വിത്തു തേങ്ങ തെരഞ്ഞെടുക്കുന്നതിലുള്ള അപാകത, ജലസേചനസൗകര്യമില്ലായ്മ, ശരിയായ വളപ്രയോഗമില്ലായ്മ ഇവയൊക്കെ തെങ്ങുകൃഷിക്ക് ദോഷകരമാണ്. നാളികേരത്തിന്റെ വിലക്കുറവും കൃഷിക്കാരുടെ താൽപ്പര്യക്കുറവിന് കാരണമാകുന്നു. ജലസേചനത്തിനുള്ള സൗകര്യമുള്ളിടത്തുപോലും വൈദ്യുതി ലഭിക്കാത്തതിനാൽ തെങ്ങിൻ തോട്ടങ്ങൾ നനയ്ക്കുവാൻ സാധ്യമല്ല.

1975 ന് ശേഷം ഈ പഞ്ചായത്തിൽ റബ്ബർ കൃഷി ആരംഭിച്ചിട്ടുണ്ട്. അടുത്ത കാലത്തായി ധാരാളം കൃഷിക്കാർ ഇതിൽ താൽപ്പര്യം കാണിക്കുന്നുണ്ട്. ചെരിഞ്ഞ കുന്നിൻ പ്രദേശങ്ങളിലും പറമ്പുകളിലുമാണ് റബ്ബർ കൃഷി ചെയ്തിട്ടുള്ളത്. ശാസ്ത്രീയമായി കൃഷി ചെയ്യുന്നില്ല. കൃഷിക്കാരുടെ അജ്ഞതയും സാമ്പത്തിക ബുദ്ധിമുട്ടും കാരണമാവുന്നു.

വളം

ചളവറ പഞ്ചായത്തിൽ രണ്ട് സഹകരണ ബാങ്കുകൾ മുഖേനയാണ് രാസവളം വില്പന നടത്തുന്നത്. രാസവളങ്ങളുടെ ഉപയോഗം ശാസ്ത്രീയ രീതിയിലല്ല. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ രാസവള പ്രയോഗം നടക്കാറില്ല. മണ്ണു പരിശോധനയ്ക്ക് സൗകര്യമില്ലതാനും. ജൈവവളങ്ങൾ കിട്ടാനുള്ള ബുദ്ധിമുട്ടും ഉപയോഗിക്കുമ്പോഴുള്ള അമിതമായ ചെലവും കർഷകർ ജൈവ വളപ്രയോഗത്തിൽ നിന്ന് ഒഴിവാകുന്നു. രാസവള വില്പനയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു

പട്ടിക. 3

നമ്പർ	സ്ഥാപനത്തിന്റെ പേര്	1993-94			1995 -96			വ്യത്യാസം		
		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
			ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
1	കോതക്കുർശ്ശി സർവ്വീസ് സഹകരണ ബാങ്ക്	68.5MT	6.5 ലി.	600 കി.	82.5MT	72 ലി.	720 കി.	+14MT	+7 ലി.	+ 120കി
2	കയിലിയാട് സർവ്വീസ് സഹകരണ ബാങ്ക്	96.6 MT	26.2 ലി	69 MT	109.3 MT	13 ലി	65 MT	+12.7 MT	-13.2 ലി	.04 MT

കീടനാശിനികൾ

നെല്ല്, പച്ചക്കറി, വാഴ, റബ്ബർ എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിച്ചുവരുന്നത്. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയ രീതികളൊ സ്വീകരിച്ചു കാണാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു കാരണമാണ്.

കാർഷിക ഉപകരണങ്ങൾ

പാടശേഖരസമിതികൾക്കായി കൃഷിഭവൻ മുഖേന നൽകിയ നാല് റോക്ക് സ്പ്രെയർ, ഇരുപത്തൊൻപത് നൊപ്പസ്റ്റാക്ക് സ്പ്രെയർ, മൂന്ന് മെതിയന്ത്രം, ഒരു തെങ്ങുകയറ്റ യന്ത്രം എന്നിവയാണ് കാർഷിക യന്ത്രോപകരണങ്ങളായി ഇപ്പോഴുള്ളത്. പഴയ കാലത്ത് കന്നുകളെ ഉപയോഗിച്ചാണ് നിലം ഉഴുതിരുന്നത്. കരി നുകം, മരം, ചവിട്ടി, ചങ്ങലമരം എന്നിവയാണ് പൂട്ടുവാൻ ഉപയോഗിച്ചിരുന്നത്. ഇന്ന് അവയെല്ലാം അപ്രത്യക്ഷമായിരിയ്ക്കുകയാണ്. നാമമാത്രമായ ഉഴവുകാളകൾ മാത്രമെ ഇപ്പോൾ ഈ പ്രദേശത്ത് ഉള്ളൂ ഇപ്പോൾ ട്രക്ടർ ഉപയോഗിച്ചാണ് നിലം ഉഴവുന്നത്. ഈ പഞ്ചായത്തിൽ ട്രാക്ടർ ഇല്ല. പുറം ദിക്കുകളിൽ നിന്ന് വരുന്ന ട്രാക്ടർ വാടകക്ക് ഉപയോഗിച്ചാണ് പൂട്ടുന്നത്. ട്രാക്ടറിന്റെ വാടക അമിതമായി വർദ്ധിക്കുന്നു.

പാടശേഖരസമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെക്കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ടിട്ടുള്ള 14 സമിതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഒന്നുംതന്നെ വേണ്ടത്ര ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. തുച്ഛമായ സബ്സിഡി കർഷകർക്ക് വാങ്ങികൊടുക്കൽ മാത്രമാണ് കൃഷിഭവന്റെയും പാടശേഖര സമിതികളുടെയും പ്രധാനമായ ജോലി.

കൂലിനിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞ് വരികയാണ്. കാർഷികതൊഴിലാളികൾ കെട്ടിടനിർമ്മാണ മേഖലകളിലേക്കും മറ്റും വഴിമാറി പോകുന്നു., കൃഷിയോടുള്ള ആഭിമുഖ്യമില്ലായ്മ, സമൂഹത്തിലെ മാന്യതകുറവ് തുടങ്ങിയവയും ഇതിന്റെ കാരണങ്ങളിൽ പെടുന്നു. പഞ്ചായത്തിലുള്ള കർഷക കുടുംബങ്ങളിൽ സുമാർ പകുതി കുടുംബങ്ങൾ മാത്രമെ കൃഷിയെ മുഖ്യ ഉപജീവനമാർഗ്ഗമായി ആശ്രയിക്കുന്നുള്ളൂ. കർഷകരുടെ എണ്ണത്തിന്റെ ഇരട്ടിയലധികം പേർ കാർഷികതൊഴിലാളികളായി ഈ പഞ്ചായത്തിലുണ്ട്. ഇവരുടെ ശരാശരി കൂലിനിരക്ക് പുരുഷന് 80 രൂപയും സ്ത്രീകൾക്ക് 50 രൂപയുമാണ്. നിലവിൽ ഒരു ഏകീകൃത കൂലി നിരക്കില്ല.

കാർഷിക വായ്പ

രണ്ടു സഹകരണ ബാങ്കുകളും ഒരു ദേശസാൽകൃത ബാങ്കായ കനറാബാങ്കും ഒറ്റപ്പാലം താലൂക്ക് കാർഷിക വികസന ബാങ്കും ഈ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. കൃഷിക്കാർക്ക് കാർഷിക ആവശ്യങ്ങൾക്ക് വേണ്ട സമയങ്ങളിൽ ആവശ്യമായ വായ്പകൾ ബാങ്കുകളിൽ നിന്ന് ലഭ്യമാകുന്നില്ല. വായ്പകളുടെ പലിശ നിരക്ക് വളരെ കൂടുതലാകുന്നു. നബാഡിൽ നിന്ന് കാർഷിക ആവശ്യങ്ങൾക്കുള്ള വായ്പ പലതട്ടുകളായി പ്രൈമറിസംഘങ്ങളിലെത്തി കർഷകർക്ക് ലഭിക്കുമ്പോൾ പലിശശതമാനം വർദ്ധിക്കുവാൻ കാരണമാകുന്നു.

ജലസേചനം

പ്രധാനമായും മഴയെമാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന പഞ്ചായത്തിൽ രണ്ടു ഘട്ടങ്ങളിലായാണ് മഴ ലഭിയ്ക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും(തെക്കുപടിഞ്ഞാറൻ മൺസൂൺ) സപ്തമ്പർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷവും (വടക്കു കിഴക്കൻ മൺസൂൺ) ശരാശരി വർഷത്തിൽ 3100 മി. ലിറ്റർ മഴ ലഭിക്കുന്നു. മുൻകാലങ്ങളിൽ പെയ്തിരുന്ന മഴയുടെ തോത് ഇപ്പോൾ ലഭിക്കുന്നില്ല. ധാരാളം കുന്നുകൾ നിറഞ്ഞ പ്രദേശമായതുകൊണ്ട് മഴപെയ്ത് വെള്ളമെല്ലാം ശക്തിയായി ഒഴുകിപോവുകയാണ്. തലച്ചിറ ഭാഗത്തുനിന്ന് ആരംഭിച്ച കടുങ്ങൻ തോട് 5,10, 6, 7 എന്നീ വാർഡുകളിൽകൂടി പടിഞ്ഞാറു ഭാഗത്തേക്ക് ഒഴുകുന്നു. വേമ്പലത്തുപാടം തോട് 6ാം വാർഡിൽകൂടി പടിഞ്ഞാറ് കുളപ്പുള്ളി ഭാഗത്തേക്ക് ഒഴുകുന്നു. 10ാം വാർഡിൽ നിന്ന് അങ്ങാടി തോട് ഒഴുകുന്നു. 3ാം വാർഡിൽ നിന്നാരംഭിച്ച വയറേങ്കിൽപടി തോട് അങ്ങാടിതോടുമായി ചേരുന്നു. 2ാം വാർഡിൽ കൂടി മാഞ്ചീരിമല, പുളിംതറ തോട്

തൂമ്പായപാടത്തിന് മദ്ധ്യേ ഒഴുകുന്നു. മുണ്ടകോട്ടുകുർശ്ശിതോട് 9ാം വാർഡിലും 8ാം വാർഡിലും കൂടി പാപ്പിനി തോടിൽ ചെന്ന് ചേരുന്നു. ഈ പഞ്ചായത്തിൽ $13^1/_2$ കിലോമീറ്ററോളം നീളം തോടുകൾ ഒഴുകുന്നുണ്ട്. തോടിന്റെ ഒഴുക്ക് കാരണം നെൽവയലുകൾ ഇടിഞ്ഞ് തോടിൽ ചേരുകയും വയലുകളുടെ വിസ്തീർണ്ണം കുറഞ്ഞ് വരികയും ചെയ്യുന്നു. മുണ്ടകൻ കൃഷിക്ക് കർഷകർ നാടൻ മാതൃകയിൽ ചിറ നിർമ്മിച്ച് നെൽകൃഷിക്ക് ജലസേചനം നടത്താറുണ്ട്. ഡിസംബർ മാസ ത്തോടുകൂടി തോടുകളിലെല്ലാം വെള്ളം വറ്റാറുണ്ട്.

കുളങ്ങൾ

ഈ പഞ്ചായത്തിൽ 10 വാർഡുകളിലായി വലുതും ചെറുതുമായി 58 കുളങ്ങളുണ്ട് . ഇതിൽ 4 കുളങ്ങൾ പഞ്ചായത്തിൽ നിന്ന് നന്നാക്കിയ പൊതുകുളങ്ങാണ്. ബാങ്കികുളങ്ങൾ ഒന്നും തന്നെ സംരക്ഷിക്കപെടുകയോ കൃഷി ആവശ്യങ്ങൾക്ക് ഉപകരാപ്രദമോ ആകുന്നില്ല. മണ്ണിടിഞ്ഞ് നാശമായിക്കൊണ്ടിരിക്കുകയാണ്. മുൻകാല ങ്ങളിൽ കുളങ്ങൾ സംരക്ഷിക്കുകയും പച്ചക്കറി കൃഷിക്കും ഉപയോഗിക്കുകയും ചെയ്തിരുന്നു. സർക്കാർ സഹായത്തോടെ നന്നാക്കിയ കുളങ്ങൾക്ക് പുറമെയുള്ളവ സ്വകാര്യ വ്യക്തികളുടെയാണ്. പ്രധാന കുളങ്ങളുടെ വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4

വാർഡ്1

1. പാലാട്ട്ചിറ
2. ചോലയിൽകുളം
3. ഉണ്ണ്യേച്ചികുളം

വാർഡ്2

1. അയ്യംകുളം
2. തൂമ്പായ കുളം
3. തൂമ്പായഗണപതി അമ്പലക്കുളം
4. കിഴക്കേതിൽ കുളം
5. ചെമ്പ്രാട്ടുകുളം

വാർഡ്3

1. പെരുംകുളം(പൊതകുളം)
2. പുളിംകുളം (പൊതുകുളം)
3. ചെറുശ്ശേരിചിറ
4. ചെമ്പ്രംകുളം
5. കാരു കുളം
6. മൂത്തേടത്ത്കുളം
7. മേക്കുളം
8. ചെങ്ങോട്ടുകുളം
9. മൂലയിൽകുളം

വാർഡ്4

1. പൊരുതയിൽ കുളം
2. തച്ചങ്ങാട്ട് കുളം
3. അമ്പലകുളം
4. ഏപ്രത്ത് കുളം

വാർഡ്5

1. പുലിയൻ ചിറ
2. നെച്ചികുളം
3. തവളക്കാച്ചിറ
4. മലയങ്ങാട്ട് കുളം
5. മേൽ മുറി അമ്പലക്കുളം
6. പുലിയാനം കുന്ന് അമ്പലക്കുളം
7. കുളമ്പിൽ കുളം
8. ഉപ്പത്ത് കുളം

വാർഡ്6

1. ചോലക്കുളം
2. കോട്ടകുളം
3. കണ്ടംകുളം
4. നീളികുളം
5. കുളമുള്ളികുളം
6. കുളകൂർ കുളം

വാർഡ്7

1. കവുണികുളം
2. നമ്പുകുളം
3. വളർപ്പറ്റ അമ്പലകുളം
4. നീളികുളം

വാർഡ്8

1. മണികുളം
2. ചോലകുളം
3. വെമ്പാലകുളം
4. പുത്തൻകുളം
5. വാരിയത്ത് കുളം

വാർഡ്9

1 പയ്യീലികുളം (പൊതുകുളം)
2. കൊട്ടക്കോട്ടുകുളം
3. പുതുകുളം
4. മാങ്കുളം
5. അണ്ണാമലകുളം
6. മാപ്പിളകുളം

വാർഡ്10

1. ഇടൂർ കുളം
2. ചിറ
3. കാരാംകുളം
4. കീഴ്ത്രിക്കോവിൽ കുളം
5. പരതക്കാട്ടുകുളം
6. പുതുകുളം

മണ്ണ് ജലസംരക്ഷണം

പഴയകാലങ്ങളിൽ വരമ്പ് മാടിയും മരങ്ങൾ അതിർത്തിയിൽ വെച്ചുപിടിപ്പിച്ചും പറമ്പുകളും തോട്ടങ്ങളും കൊത്തിയിളക്കിയുമാണ് മണ്ണ് ജലസംരക്ഷണപ്രവർത്തനങ്ങൾ നടത്തിയിരുന്നത്. കർഷകരുടെ സാമ്പത്തിക പ്രയാസങ്ങൾ ഒരു പരിധിവരെ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. ദേശസാൽകൃത വനങ്ങളിലെ മരങ്ങൾ മുറിച്ചും വീട്ടുവളപ്പിലെ മരങ്ങൾ വെട്ടിപോയതും മണ്ണൊലിപ്പിനും വരൾച്ചക്കും ആക്കം കൂട്ടിയിട്ടുണ്ട്.

നേഴ്സറികൾ

ഈ പഞ്ചായത്തിൽ കാര്യമായ നേഴ്സറികൾ ഒന്നും തന്നെയില്ല. ഫലവൃക്ഷതൈകളും ഔഷധ ചെടികളും അലങ്കാര ചെടികളും ദൂരസ്ഥലങ്ങളിലുള്ള സ്വകാര്യ നേഴ്സറികളെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. കൃഷിഭവനിൽ നിന്ന് നാമമാത്രമായ ഫലവൃക്ഷതൈകളും കുരുമുളക് വള്ളികളും ലഭിയ്ക്കാറുണ്ട്. കൃഷിഭവനിൽ നിന്ന് ലഭിയ്ക്കുന്ന തൈകൾ കൃഷിയുടെ സീസൺ കഴിഞ്ഞാണ് പലപ്പോഴും കിട്ടാറുള്ളത്. ഔഷധ ചെടികൾ കിട്ടുവാൻ വളരെ പ്രയാസം അനുഭവപ്പെടാറുണ്ട്.

കൃഷിഭവൻ

1987 സെപ്തംബർ 1 ന് ആണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. കാർഷിക മേഖലയായ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം കൃഷിക്കാരെ നിരാശരാക്കിയിരിക്കുകയാണ്. കൃഷിഭവനിൽ നിന്ന് കർഷകർക്ക് അത്യുല്പാദന ശേഷിയുള്ള വിത്തുകളോ നടീൽ വസ്തുക്കളൊ യഥാസമയം ലഭ്യമാകാറില്ല. പച്ചക്കറി വിത്തും കൃഷിഭവനിൽ നിന്ന് കിട്ടാറില്ല. മണ്ണു പിശോധനാ സൗകര്യവും കൃഷിഭവൻ മുഖാന്തിരം നടത്തുന്നില്ല. ചളവറ കൃഷിഭവനിൽ 4 ഉദ്യോഗസ്ഥന്മാർ ജോലിചെയ്യുന്നുണ്ട്. അഗ്രികൾച്ചർ ഓഫീസർ എന്നു ം ഉണ്ടാകാറില്ല. ഉദ്യോഗസ്ഥന്മാരുടെ കൃഷിസന്ദർശന പരിപാടികൾ ഉണ്ടാകാറില്ല. തുച്ഛമായ സബ്സിഡി വിതരണം മാത്രമാണ് കൃഷിഭവനിൽ നടക്കുന്നത്. കേരള സർക്കാർ കൃഷിക്ക് വേണ്ടി ചിലവഴിക്കുന്ന ഫണ്ടിന്റെ ഭീമമായ ഭാഗം ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും എസ്റ്റാബ്ലിഷ്മെൻറ് ചിലവായും മാറുകയാണ്. കർഷകർക്കും കൃഷിക്കും കാര്യമായി പ്രയോജനപ്പെടുന്നില്ല. ചളവറ പഞ്ചായത്തിലെ കൃഷിഭവൻ കോതക്കുർശ്ശി സഹകരണബാങ്കിന്റെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ചളവറ പഞ്ചായത്തിലെ 6 ാം വാർഡിൽ കൃഷിവകുപ്പിൽ നിന്ന് ഒരു ഓഫീസ് കം കോമ്പാർട്ടേഴ്സിന് ഒരു കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

ഫലവൃക്ഷ പഴവർഗ്ഗ കൃഷി

ഈ പഞ്ചായത്തിൽ പിലാവ്, മാവ്, കശുമാവ്, പപ്പായമരം എന്നിവകളിൽ നിന്ന് ചക്ക, മാങ്ങ, പറങ്കിമാങ്ങ, പപ്പായ എന്നിവ കിട്ടുന്നുണ്ട്. ശാസ്ത്രീയമായി കൃഷിചെയ്യുന്നില്ല.. മാങ്ങക്ക് അടുത്തകാലത്തായി ചില സീ സണുകളിൽ വില ലഭിക്കാറുണ്ട്. മറ്റുള്ളവക്ക് കാര്യമായി വില ലഭിക്കാറില്ല. ഇവ സംസ്കരിച്ചെടുക്കാനുള്ള സൗകര്യങ്ങളില്ല. കൈതച്ചക്ക കൃഷി ചെയ്യാൻ തുടങ്ങിയിട്ടില്ല.

പ്രശ്നങ്ങൾ.

കാഞ്ഞിരപുഴ ജലസേചന പദ്ധതി- രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുകയും പിന്നീട് പ്രവർത്തനമാരംഭിക്കുകയും ചെയ്ത ജലസേചന പദ്ധതിയുടെ കനാൽ ചളവറ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും നിർമ്മിച്ചിട്ടുണ്ട്. കനാലിൽ വെള്ളം ഇതുവരെയും എത്തിയിട്ടില്ല. ചില ഭാഗങ്ങളിൽ പ്രധാന കനാലിന്റെ പണിപൂർത്തിയായിട്ടില്ല. കോടികണക്കിന് രൂപ ഇതുവരെയായി ചിലവഴിച്ചിട്ടുണ്ട്. ഇനവധി കൃഷിസ്ഥലങ്ങൾ കനാൽ നിർമ്മിച്ചതുകാരണം കൃഷിയോഗ്യമല്ലാതായിട്ടുണ്ട്. ഈ പഞ്ചായത്തിലെ കൃഷിക്കാർക്ക് ജലസേചനത്തിന് യാതൊരു പ്രയോജനവും ഇന്നുവരെ കിട്ടിയിട്ടില്ല.

കുന്നുകളും മലകളും നിറഞ്ഞ ചളവറ പഞ്ചായത്തിലെ മണ്ണൊലിപ്പ് നെൽകൃഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. തോടുകളുടെ സംരക്ഷണം നടത്താത്തത് നെൽകൃഷിക്ക് ദോഷകരമാണ്. ഉല്പാദന ചിലവിൽ വന്ന വർദ്ധനവ്, ഉല്പാദന ചിലവനുസരിച്ച് ഉല്പന്നത്തിന് ന്യായമായ വില ലഭിയ്ക്കായ്മ, കാലവർഷവ്യത്യാസം, വായ്പാ സൗകര്യകുറവ്, ജലസേചന സൗകര്യകുറവ് എന്നിവയെല്ലാം നെൽകൃഷിയുടെ ഉല്പാദനം കുറയുവാൻ കാരണമായിട്ടുണ്ട്.

പ്രധാനകൃഷിയായ തെങ്ങിന് ജലസേചനസൗകര്യമില്ലായ്മ, തെങ്ങിന്റെ കൃത്യമായ പരിചരണ കുറവ്, വളപ്രയോഗങ്ങളിലുള്ള കുറവ്. നല്ലയിനം തൈകൾ ലഭിയ്ക്കായ്മ, പഴയതെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ വെച്ചുപിടിപ്പിയ്ക്കായ്മ. നാളികേരത്തിന്റെ വിലകുറവ് എന്നിവയെല്ലാം തെങ്ങുകൃഷിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ തൊണ്ട് ശേഖരിച്ച് ചകിരി നിർമ്മിക്കാനും ചകിരിചോറ് വളമാക്കി മാറ്റാനും സൗകര്യങ്ങളുണ്ടാക്കണം. ഈ പ്രദേശങ്ങളിൽ കുരങ്ങു ശല്യം കൃഷിക്കാർക്ക് ഉപദ്രവമാകുന്നുണ്ട്.

രാസവളങ്ങളാണ് കൃഷിക്ക് കർഷകർ കൂടുതൽ ഉപയോഗിക്കുന്നത്. ജൈവവളത്തിന്റെ ലഭ്യത കുറവ് മണ്ണിന്റെ ഘടനയെതന്നെ മാറ്റി മറിയ്ക്കുന്നുണ്ട്. ജൈവവളങ്ങൾക്കായി ഡെയിഞ്ച, തകര, ചണമ്പ്, കൊഴിഞ്ഞിൽ, ശീമകൊന്ന എന്നിവ ധാരാളം ലഭ്യമാകുന്നില്ല.

ചളവറ, പുലിയാനം കുന്ന്, കയിലിയാട്, വേമ്പലത്തുപാടം, മുണ്ടകോട്ടുകുർശ്ശി എന്നീ സ്ഥലങ്ങളിലെല്ലാം മണ്ണൊലിപ്പ് ധാരാളം ഉണ്ടാകുന്നുണ്ട്. എല്ലാ വിധ കൃഷികളെയും ഇത് ദോഷകരമായി ബാധിക്കുന്നുണ്ട്. റബ്ബർ കൃഷിയ്ക്കും കശുമാവ് കൃഷിക്കും അനുയോജ്യമായ സ്ഥലങ്ങൾ ധാരാളമുണ്ട്. അത് വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നില്ല. മണ്ണ് പരിശോധനക്ക് കൊടുക്കാറുണ്ടെങ്കിലും പലപ്പോഴും റിപ്പോർട്ട് ലഭിക്കുന്നില്ല. അശാസ്ത്രീയമായാണ് വളങ്ങൾ ഉപയോഗിക്കുന്നത്.

പഴയകാലത്ത് വയലുകളിൽ ഇടവിളയായി കൃഷിചെയ്തിരുന്ന വേനൽക്കാല പച്ചക്കറി, ധാന്യകൃഷി, കിഴങ്ങു വർഗ്ഗ കൃഷി, കപ്പ എന്നിവ ഇന്ന് കാര്യമായി കൃഷിചെയ്തു വരുന്നില്ല. ജലസേചനസൗകര്യം ലഭിയ്ക്കാത്തതും ജൈവ വളങ്ങളുടെ ലഭ്യതകുറവും ഉല്പാദന ചിലവ് വർദ്ധിച്ചതും ഇവയുടെ ഉല്പാദന കുറവിന് കാരണമായിട്ടുണ്ട്. നെൽപാടങ്ങളിൽ കൃഷിചെയ്തുവരുന്ന വാഴകൃഷിക്ക് വ്യാപകമായിവരുന്ന രോഗങ്ങളും പ്രതീക്ഷിക്കാത്ത കാറ്റും കനത്ത നഷ്ടം വരുത്തുന്നു.

പ്രധാനമായും നെൽകൃഷിക്ക് കണ്ടുവരുന്ന രോഗങ്ങൾ മുഞ്ഞരോഗം, പോളരോഗം, ഗോളീച്ചരോഗം, തണ്ടുതുരപ്പൻ പുഴുവിന്റെ ആക്രമണം, ഓലചുരുട്ടി പുഴുവിന്റെ ആക്രമണം എന്നിവയാണ്. കൂമ്പ് ചീയൽ, തെങ്ങോലപുഴു, വണ്ടുകുത്തൽ, ചെന്നീരൊലിപ്പ്, എന്നിവ തെങ്ങിന് കണ്ടുവരുന്നു. കുരുമുളകിന് ദ്രുതവാട്ടം, റബ്ബറിന് പട്ടമരപ്പ് എന്നിവയും കാണുന്നുണ്ട്. ഇവയ്ക്കുള്ള മരുന്നുകൾ ഒന്നും തന്നെ ഫലപ്രദമല്ല. അഴിച്ചു വിടുന്ന കന്നുകാലികൾ കാരണം കൃഷിക്കാർക്ക് വൻ നഷ്ടം ഉണ്ടാകുന്നു. വേലികെട്ടലിന് വൻതുക ചിലവാകുന്നു. അതു പരിഹരിക്കപെടേണ്ടതാണ്.

ആധുനിക കൃഷി ഉപകരണങ്ങൾ വ്യാപകമായതോതിൽ ലഭ്യമാകുന്നില്ല. നടീൽ യന്ത്രം, മെതിയന്ത്രം, കൊയ്തു യന്ത്രം എന്നിവ ലഭ്യമാകുന്നില്ല. കൃഷിസ്ഥലങ്ങളിൽ നിന്ന് കറ്റകൊണ്ടുവരാനും ജൈവവളങ്ങൾ കൃഷിസ്ഥലങ്ങളിൽ എത്തിക്കുവാനും ട്രാക്ടർപാസ് റോഡുകൾ ഇല്ല. കൃഷിക്കാരുടെ യോജിച്ച പ്രവർത്തനങ്ങളിലും സംഘകൃഷികളിൽ കൂടിയും കൂടുതൽ മെച്ചപ്പെടുത്തുവാൻ സാധ്യതകൾ ധാരാളമുണ്ട്.

ഇതിനെല്ലാം ഉപരിയായി കൃഷിഭവന്റെ പ്രവർത്തനം പോരായ്മയായി നിലനില്ക്കുന്നു. കൃഷിക്കാർക്ക് ഗുണകരമായി തീരുന്നില്ല. ആവശ്യമായ

സന്ദർഭങ്ങളിൽ അത്യുല്പാദന വിത്തുകൾ, ശേഷിയുള്ള വിത്തുകൾ,പച്ചക്കറി നടീൻ വസ്തുക്കൾ എന്നിവ ലഭിയ്ക്കായ്ക, വിദഗ്ദ ഉപദേശങ്ങൾ നല്കൽ, സർക്കാറിൽ നിന്നുള്ള ആനുകൂല്യങ്ങളെപ്പറ്റി അറിവില്ലായ്മ, കർഷകന്റെ സാമ്പത്തിക വിഷമം എന്നിവയെല്ലാം കൃഷിയുടെ പുരോഗതിയ്ക്ക് തടസ്സമായി നില്ക്കുന്നു.

നിർദ്ദേശങ്ങൾ

ചളവറ പഞ്ചായത്തിന് മുഴുവൻ സ്ഥലത്തും ഗുണകരമാകുന്ന കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ ബാക്കിയുള്ള കനാലിന്റെ പണിയുദ്ധകാല അടിസ്ഥാനത്തിൽ പൂർത്തീകരിച്ചാൽ പഞ്ചായത്തിൽ മുഴുവൻ സ്ഥലത്തും ജലസേചന സൗകര്യം ലഭിയ്ക്കും. 2 വിള നെൽകൃഷിക്കും ഉപയോഗപ്പെടുത്താൻ സാധിക്കും.

ഈ പഞ്ചായത്തിലെ കൃഷിക്കാർക്ക് ജലസേചന സൗകര്യം ലഭിക്കുന്നതിനും പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനു ം താഴെ കാണുന്ന കുളങ്ങളും തോടുകളും സംരക്ഷിക്കണം. പലതോടുകളിലും ചീർപ്പുകൾ നിർമ്മിയ്ക്കണം. ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന ആവേശവും ജനപങ്കാളിത്തവും നിർമ്മാണ പ്രവർത്തനങ്ങൾക്ക് സഹായമാകുന്നതാണ്. താഴെ പട്ടികയിൽ വിവരിച്ച പ്രവർത്തനങ്ങൾക്ക് ചിലവിന്റെ 25 ശതമാനം തുക ജനപങ്കാളിത്തത്തോടു കൂടി നിർവ്വഹിക്കുന്നതാണ്. പട്ടിക താഴെ ചേർക്കുന്നു.

വാർഡ് 1

1. കുന്തക്കൽ നിലത്തിന്റെ പടിഞ്ഞാറു ഭാഗം സുമാർ 75 മീറ്റർ പടവ്
2. മുളഞ്ഞൂർ അങ്ങാടിതോടിന്റെ ബണ്ട് നിർമ്മിച്ച് ചീർപ്പ് ഇടണം
3. ചെട്ടിതൊടി പടിക്കൽ 2 തോടുകൾ ചേരുന്ന ഭാഗത്ത് ഒരു ചീപ്പ് ഇടണം.
4. ആലാച്ചിചെട്ടിതൊടിതോടിന്റെ പടിഞ്ഞാറ് ഭാഗം ഇടിഞ്ഞു പോകാതിരിക്കാൻ കരിങ്കൽ പടവ് നിർമ്മിക്കുക.

വാർഡ്. 2

1. പുളിംതറ തോടിന് തടയണ കെട്ടി ചീർപ്പ് ഇടണം

വാർഡ്. 3

1.പള്ളിതോട്, 2, അങ്ങാടിതോട്, 3 യേറേങ്കിൽ പടി ഇട്ടേകോട് തോട് എന്നിവയുടെ ഇരു ഭാഗവും കെട്ടി ചീർപ്പിടണം

വാർഡ് 4

1. പെരുവഴിപുരപാലത്തിൽ നിന്ന് തുടങ്ങുന്ന തോട് വള്ളിതോട് വരെ നിർമ്മിക്കുക

വാർഡ് 5

1. തലച്ചിറഭാഗത്തു നിന്ന് തുടങ്ങുന്ന തോടിന് ഇരുവശവും കെട്ടി ചീർപ്പിടുക
2. പഴയ വില്ലേജിൽ നിന്ന് പുറപ്പെടുന്ന തോടിന്റെ ഇരുവശവും കെട്ടി മണ്ണ് സംരക്ഷണം നടത്തുക

വാർഡ് 6

1. വേമ്പലത്തുപാടം തോട് ഇരുഭാഗവും പടുത്ത് മണ്ണ് സംരക്ഷണം നടത്തുക.

വാർഡ് 7.

1. കടുങ്ങൻതോട് ഇരുവശവും കെട്ടി സംരക്ഷിക്കുക
2. ബാലൻനായർ പടി, അമ്പലകുളത്തിനു സമീപം പുതിയ പാലത്തിന് സമീപം എന്നിവിടങ്ങളിൽ ചീർപ്പ് നിർമ്മിക്കണം

വാർഡ് 8

1. കുറത്തിപാറതോട് പഴയകാലങ്ങളിൽ ചീർപ്പ് ഉണ്ടായിരുന്നത് ഇപ്പോൾ ഉപയോഗശൂന്യമാണ് അത് നന്നാക്കണം.
2. വെള്ളാറംപാറ അമ്പലതോട്,
3. കരുവാരിൽതോട്
4. നമസ്കാരപള്ളി പുറയത്ത് പടിതോട്
5. മുറ്റേക്കോട്ട് പടിതോട്
6. മംഗലത്തറ പടിതോട് എന്നിവ പടുത്ത് കെട്ടുകയും വെള്ളാറംപാറതോട് മണലി ഭാഗത്ത് കരുവാരിൽ തോടിനു ബണ്ട് കെട്ടി ചീർപ്പിടുക.

വാർഡ്. 9

1. മുണ്ടകോട്ടുകർശ്ശി തോട്, പടുത്ത് മണ്ണൊലിപ്പ് തടയുന്നതിനോടൊപ്പം ചോലമുക്ക് ഭാഗത്ത് ഒരു ചീർപ്പ് നിർമ്മിക്കണം.

വാർഡ് 10

1 തലച്ചിറമുക്കിൽ നിന്ന് ആരംഭിക്കുന്ന കടുങ്ങൻ തോട് പടുത്ത് ജലം സംരക്ഷിക്കുകയും മണ്ണ് സംരക്ഷിക്കുകയും വേണം

2. ചാലിയം കുന്നിന് സമീപം, കീഴ്ത്രികോവിലിന് സമീപം, ഗുരുതിരാമൻ പല്ല്യാലിന് സമീപം,

കൊട്ടാരത്തിന് സമീപം കടുങ്ങൾ തോടിന് ചിറ്റപ്പുകൾ നിർമ്മിക്കണം

കുളങ്ങൾ

താഴെ കാണുന്ന പഞ്ചായത്തിലെ കാളങ്ങൾ തണ്ണെടുത്ത്പടുത്ത് കൃഷിക്ക് ജലസേചനത്തിനായി സൗകര്യപ്പെടുത്തണം.

വാർഡ് 1: 1. പാലാട്ടു ചിറ, 2., ചോലയിൽ കുളം, 3. ഉണ്ണ്യേച്ചിക്കുളം, 4, ചളവറ അമ്പലക്കുളം

വാർഡ്2: 1,. തൂമ്പായകുളം, 2. തൂമ്പായ ഗണപതി അമ്പലകുളം, 3. കിഴക്കേതിൽ കുളം, 4. ചോമ്പ്രോട്ടുകുളം

വാർഡ് 3. 1. ചെറുശ്ശീരി ചിറ, 2 ചമ്പ്രംകുളം, 3. കാരുകുളം, 4. മൂത്തേടത്ത് കുളം, 5. മേക്കുളം, 6. ചെങ്ങോട് കുളം, 7. മൂലയിൽകുളം

വാർഡ് 4. : 1. പൊരുതിയിൽ കുളം, 2. തച്ചങ്ങാട്ട് കുളം, 3. അമ്പലകുളം

വാർഡ്. 5: 1. പുലിയൻചിറ. 2. നെച്ചികുളം. 3. അവളക്കാൻചിറ, 4. മലയങ്ങാട്ടുകുളം, 5. മേൽമുറി അമ്പലകുളം, 6. പുലിയാനം കുന്ന് അമ്പലകുളം, 7. കുളമ്പിൽകുളം, 8. ഉപ്പത്ത് കുളം

വാർഡ് 6: 1. ചോലകുളം, 2. കോട്ടകുളം, 3. കണ്ടംകുളം, 4. നീളികുളം, 5. കുളമുള്ളികുളം, 6. കുളികുർകുളം

വാർഡ് 7 : 1. കവണികുളം, 2. നമ്പുകുളം, 3 വളർപറ്റകുളം, 4. നീളംകുളം.

വാർഡ് 8. 1 മണികുളം, 2. ചോലകുളം, 3. അമ്പാലകുളം, 4. പുത്തൻകുളം. 5. വാരിയത്ത് കുളം

വാർഡ്9: 1 കൊട്ടേക്കോട്ട് കുളം, 2. പുതു കുളം, 3. മാങ്കുളം, 4. അണ്ണാമലകുളം, 5. മാപ്പിള കുളം

വാർഡ്10. : 1 ഇടൂർ കുളം. 2. ചിറ, 3. കാരാംകുളം, 4. കീഴ്തൃക്കോവിൽ കുളം, 5. പരതക്കാട്ടുകുളം

ട്രാക്ടർ പാസ്

വാർഡ് 1

1. കണ്ണംതൊടി ഇട്ടേക്കോട്ട് പള്ളി വരെ ട്രാക്ടർ പാസ്
2. കണ്ണം തൊടി മെയിൻ റോഡിൽ നിന്ന് പടത്തേക്ക് ട്രാക്ടർ ഇറക്കാൻ ക്ലാമ്പ് കെട്ടണം
3. അത്താണിതോടിന്റെ തോട്ടുവരമ്പ് വീതി കൂട്ടി ട്രാക്ടർ പാസ് നിർമ്മിക്കണം
4. ചെട്ടിതൊടികോളനി ഭാഗത്തു നിന്ന് പാടത്തേക്ക് ട്രാക്ടർ പാസ് നിർമ്മിക്കണം

വാർഡ് 2

1. പുളിംതോടിന്റെ ഒരു ഭാഗത്തുകൂടി പോസ്റ്റാഫീസ് ജങ്ക്ഷൻ മുതൽ പുളിംതറ കനാൽപാലം വരെ ട്രാക്ടർ പാസ് നിർമ്മിക്കുക.

വാർഡ് 3

1. മുഴുമിൽ പടി തോടിന് പാലം
2. പര്യാംതൊടി തോടിന് പാലം
3. പുളക്കൽ മുക്കിൽ നിന്ന് കല്ലിൻ കടമ്പായ വരെ ട്രാക്ടർ പാസ്
4. പ്ലാക്കൽ മുക്കിൽ നിന്ന് തോണിപാടം വരെ ട്രാക്ടർ പാസ്.
5. പുളക്കൽ മുക്ക് മുതൽ മൂലയിൽ പാടം വരെ ട്രാക്ടർ പാസ്.

വാർഡ് 4.

1. വാരിയത്ത് പാടത്തേയ്ക്ക് ട്രാക്ടർ പാസ് നിർമ്മിക്കുക.
2. പട്ടത്തിൽ പ്ല്യാല് ട്രാക്ടർ പാസ് നിർമ്മിക്കുക.
3. തലച്ചിറമുക്ക് പാടത്തേക്ക് ട്രാക്ടർ പാസ് നിർമ്മിക്കുക.
4. കല്ലുരുട്ടി പാടത്തേക്ക് ട്രക്ടർ പാസ് നിർമ്മിക്കുക.
5. നെച്ചിപാടത്തേക്ക് ട്രാക്ടർ പാസ് നിർമ്മിക്കുക.
6. മേൽ പാടത്തേയ്ക്ക് ട്രാക്ടർ പാസ് നിർമ്മിക്കുക.

വാർഡ് 6.

1. മുണ്ടകാട് മുതൽ നെല്ലികുന്ന് വരെയുള്ള തോടിന്റെ ഒരു ഭാഗം വീതി കൂട്ടി പാടത്തേക്ക് ട്രാക്ടർ പാസ് നിർമ്മിക്കുക
2. പാറക്കോട്ടിൽ പടി വഴി ട്രാക്ടർ പാസ് നിർമ്മിക്കുക.
3. ആർ. വി. എൽ. പി. സ്കൂൾ ഭാഗത്തു നിന്ന് കളത്തിൽ പടി പാടത്തേക്ക്
4. നെല്ലിക്കുന്ന് വഴി നെല്ലിപുറംപാടത്തേക്ക് ട്രാക്ടർ പാസ് നിർമ്മിക്കുക.
5. വെള്ളച്ചീരി പറമ്പ് റോഡിൽ നിന്ന്

കണ്ടംകുളം ഭാഗത്തേക്ക്

6. അത്തിയ്ക്കൽ പടി ട്രാക്ടർ പാസ് നിർമ്മിച്ച് തോടിന് പാലം കെട്ടണം
7. വളവത്ത് ഇടവഴി വീതികൂട്ടി ട്രാക്ടർ പാസ് നിർമ്മിക്കണം
8. മാമ്പറ്റപടി പൊറ്റുതൊടി വഴി ട്രാക്ടർ പാസ് നിർമ്മിക്കുക
9. പുളിക്കൽകുണ്ട് തോടിന് പാലം നിർമ്മിച്ച് ട്രാക്ടർ ഇറക്കാൻ സൗകര്യപ്പെടുത്തണം.
10. വേമ്പലത്തുപാടം കളത്തിൽ പടി ഭാഗത്ത് പാലം നിർമ്മിച്ച് ട്രാക്ടർ ഇറക്കാൻ സൗകര്യപ്പെടുത്തുക.
11. നെല്ലിക്കുന്ന് ഭാഗത്ത് തോടിന് പാലം നിർമ്മിച്ച് ട്രാക്ടർ ഇറക്കാൻ സൗകര്യപ്പെടുത്തുക.

വാർഡ് 7

1. കഴായിൽ പടി ട്രാക്ടർ പാസും തോടിന് പാലവും നിർമ്മിക്കണം.
2. കാരാം കുഴിപള്ള്യാൽ ട്രാക്ടർ പാസും തോടിന് പാലവും നിർമ്മിക്കണം
3. തട്ടാരകുന്നിൽ നിന്ന് തെക്കോട്ട് പാടത്തേയ്ക്ക് ട്രാക്ടർ പാസ് നിർമ്മിക്കണം.

വാർഡ് 8

1. ചരൽപറമ്പ് വെള്ളാറംപാറ അമ്പലത്തോട് ഭാഗത്തേക്ക് ട്രാക്ടർ പാസ്.
2. കുഞ്ഞുകുർശ്ശി ഇടവഴി ട്രാക്ടർ പാസ് നിർമ്മിക്കുക.
3. പോസ്റ്റോഫീസ് മംഗലതറ തോടിന് പാലം കെട്ടുക
4. കുമുള്ള്മുക്ക് മണ്ണാൻ പടി ഭാഗത്തേക്ക് ട്രാക്ടർ പാസ് നിർമ്മിക്കുക.
5. യു പി. സ്കൂൾ ഭാഗത്ത് നിന്ന് മഞ്ഞമുള്ളി പള്ള്യാൽ ഭാഗത്തേക്ക് ട്രാക്ടർ പാസ് നിർമ്മിക്കുക.

വാർഡ്. 9

1. സിറ്റി കളത്തിൽ പടി ട്രാക്ടർ പാസ് നിർമ്മിക്കുക
2. കനാൽകേളുവീട്ടുപടി ട്രാക്ടർ പാസ് നിർമ്മിക്കുക
3. പയ്യില്ലിക്കുളം വഴി മാമ്പറ്റ ഇടവഴി ട്രാക്ടർ പാസ് നിർമ്മിക്കുക
4. പട്ടത്തികുന്ന് വഴി ട്രാക്ടർ പാസ് നിർമ്മിക്കുക
5. കാക്കശ്ശീരി പടി വഴി ട്രാക്ടർ പാസ് നിർമ്മിക്കുക
6. തട്ടാൻപടി ഇടവഴി ട്രാക്ടർ പാസ് നിർമ്മിക്കുക
7. പണിയ്ക്കൽ ഇടവഴി ട്രാക്ടർ പാസ് നിർമ്മിക്കുക
8. ചീനിയ്ക്കൽ പടിവഴി ട്രാക്ടർ പാസ് നിർമ്മിക്കുക
9. അണ്ണാമല കുളം വഴി ട്രാക്ടർ പാസ് നിർമ്മിക്കുക
10. ചോലയിൽ മുക്ക് വഴി ട്രാക്ടർ പാസ് നിർമ്മിക്കുക
11. വാണീർകാവ് പള്ള്യാൽ വഴി ട്രാക്ടർ പാസ് നിർമ്മിക്കുക
12. ഞെഴുക്കിൽപടി വഴി ട്രാക്ടർ പാസ് നിർമ്മിക്കുക
13. വളപ്പിൽ പടി വഴി വടക്കോട്ട് ട്രാക്ടർ പാസ് നിർമ്മിക്കുക

വാർഡ് 10.

1. കീഴ്തൃക്കോവിൽ ക്ഷേത്രത്തിന് സമീപം ട്രാക്ടർ പാസ് നിർമ്മിക്കുക
2. കൊട്ടാരം തൊടിയിൽ നിന്ന് പാടത്തേക്ക് ട്രാക്ടർ പാസ് നിർമ്മിക്കുക
3. കോഴിക്കാട്ടിൽ ഇടവഴിയിൽ നിന്ന് പാടത്തേക്ക് ട്രാക്ടർ പാസ് നിർമ്മിക്കുക

വിത്തിനങ്ങൾ :

ഉല്പാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭിയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം. പഞ്ചായത്തിൽ വിത്തുല്പാദിപ്പിയ്ക്കുന്നതിന് പാടശേഖര സമിതികൾ ഉപയോഗപ്പെടുത്തണം. നടീൽ വസ്തുക്കൾ ലഭിയ്ക്കുന്നതിന് പ്രാദേശിക തലത്തിൽ നേഴ്സറികൾ ഉണ്ടാക്കണം. നേഴ്സറികൾക്കാവശ്യമായ വിത്തുകളും ഉപദേശങ്ങളും കൃഷിഭവൻ വഴി ലഭ്യമാക്കണം. റബ്ബർ തൈകൾ റബ്ബർ ബോർഡിന്റെ നേഴ്സറികളിൽ നിന്ന് ലഭ്യമാക്കണം. കശുമാവിൻ തൈകളും ലഭ്യമാക്കണം.

ഔഷധ സസ്യങ്ങൾ

പ്രാരംഭിക തലത്തിൽ ഔഷധ ചെടികൾക്കുള്ള നഴ്സറി ഉണ്ടാക്കണം. പഞ്ചായത്തിൽ പല ഭാഗങ്ങളിലായി കണ്ടുവരുന്ന ഔഷധ ചെടികൾ കണ്ടെത്തി അത് വ്യാപിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും കഴിയണം. ഇഞ്ചി, കുരുമുളക്, മഞ്ഞൾ, കച്ചോലം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിയ്ക്കാൻ സാധിക്കണം.

പച്ചക്കറി ഉൽപ്പാദനം

ഗുണമേൻമയുള്ള വിത്തിനങ്ങൾ ശേഖരിച്ച് ജൈവവളം ഉപയോഗിച്ച് സഹകരണ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വാർഡുകളിൽ വ്യാപിപ്പിയ്ക്കാൻ കഴിയും. സംഘകൃഷി സമ്പ്രദായം ഉപയോഗപ്പെടുത്താം. അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കണം. സ്കൂളുകൾ കേന്ദ്രമാക്കി കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്. ഉണ്ടാക്കുന്നതോടൊപ്പം വിദ്യാർത്ഥികളിൽ കാർഷിക വൃത്തിയോട് ആഭിമുഖ്യം വർദ്ധിപ്പിയ്ക്കാനും സാധിയ്ക്കും. വിത്തുകൾ ലഭ്യമാക്കാൻ ഗവേഷണ കേന്ദ്രങ്ങൾ വഴി സൗകര്യമുണ്ടാവണം.

കീടനാശിനി

ശരിയായ സുരക്ഷാ സംവിധാനങ്ങളുടേയോ ശരിയായ അളവിലൊ അല്ല ഇന്ന് കീടനാശിനി ഉപയോഗിക്കുന്നത്. അത് മാറണം. ബോധവൽക്കരണ ക്ലാസുകൾ കർഷകർക്ക് നല്കണം. കഴിയുന്നതും കീടനാശിനികൾ ഉപയോഗിക്കാതെ പഴയ കാല മാതൃകകളും ഉപയോഗിക്കേണ്ടതാണ്.

വളങ്ങൾ

ചളവറ പഞ്ചായത്തിലെ 2 സഹകരണ ബാങ്കിലെ വളഡിപ്പോവിലും കർഷകർക്ക് കൃഷിക്ക് ആവശ്യമായ സമയത്ത് ആവശ്യമുള്ള വളങ്ങൾ ലഭ്യമാക്കണം. ജൈവവളത്തിന്റെ ആവശ്യത്തിലേക്ക് ശീമകൊന്ന, ഡെയിഞ്ച, തകര, ചണമ്പ്, കൊഴിഞ്ഞിൽ എന്നിവ കൂടിയതോതിൽ വളർത്താൻ സൗകര്യമുണ്ടാക്കണം. ജൈവവള പ്രയോഗം കൂടുതൽ പ്രോത്സാഹിപ്പിക്കുകയും വേണ്ട സഹായങ്ങൾ നല്കുകയും വേണം. മണ്ണിര കമ്പോസ്റ്റ് രീതി കർഷകർക്ക് പരിചയപ്പെടുത്തി വ്യാപകമാക്കാൻ കഴിയണം. കമ്പോസ്റ്റ് കുഴികൾ എല്ലാ കർഷകരും ഉണ്ടാക്കാൻ ശ്രമിയ്ക്കണം. ആവശ്യമായ സഹായങ്ങൾ നല്കുകയും വേണം

ജലസേചനം

കവുങ്ങ്, തെങ്ങ്, എന്നീ കൃഷിക്ക് ജലസേചന സൗകര്യം വർദ്ധിപ്പിയ്ക്കണം. ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗർ ഇറിഗേഷൻ, എന്നിവ ഉപയോഗപ്പെടുത്താം. തുടക്കം മുതൽ മുടക്ക് ആവശ്യമായതിനാൽ വേണ്ട ലോണുകളും സബ്സീഡികളും നല്കണം. ചളവറ പഞ്ചായത്തിലെ കൃഷി ആവശ്യത്തിന് വേണ്ട വൈദ്യുതി ഉടൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കണം. ആവശ്യമുള്ള ഭാഗങ്ങളിൽ സിംങ്കിൾ ഫേയ്സുകൾ മാറ്റി ത്രീഫെയ്സ് കണക്ഷൻ കൊടുക്കണം. ജല സേചനത്തിനുള്ള മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിയ്ക്കുകയും പെർമിറ്റ് നൽകുകയും ചെയ്യണം.

പൊതുവിപണനം

കാർഷിക ഉല്പന്നങ്ങൾക്ക് ഉല്പാദന ചിലവിനനുസരിച്ച് ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കണം. സഹകരണ ബാങ്കുകളൊ, സർക്കാർ ഏജൻസിമുഖാന്തിരമോ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിയ്ക്കണം.

പച്ചക്കറികൾക്ക് പൊതുമാർക്കറ്റ്, ചന്ത സമ്പ്രദായം പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കാം. ഈ പഞ്ചായത്തിലെ പ്രധാന ഉല്പന്നമായ നെല്ല്, നാളികേരം, റബ്ബർ, കുരുമുളക്, എന്നിവ സഹകരണ ബാങ്കുകൾ ശേഖരിച്ചാൽ ഇടത്തട്ടുകാരെ ഒഴിവാക്കാനും കർഷകന് ന്യായമായ വില ലഭ്യമാക്കാനും സാധിയ്ക്കും.

നാളികേര വികസന ബോർഡ്, റബ്ബർ ബോർഡ് എന്നീ മാതൃകയിൽ പാഡി ബോഡ് രൂപീകരിക്കുകയും നെൽ കൃഷിക്കാർക്ക് സഹായകമാകുന്ന രൂപത്തിൽ പ്രവർത്തിക്കുകയും വേണം.

ഇൻഷൂറൻസ്:

കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനും വിളകൾക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് സമ്പ്രദായം നടപ്പിലാക്കണം,

നേഴ്സറികൾ

ധാരാളം വിപണന സാധ്യതയുള്ള ഫലവൃക്ഷതൈകൾ, ഔഷധ സസ്യങ്ങൾ, അലങ്കാരച്ചെടികൾ, ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല എന്നിവ കൃഷിചെയ്യുന്നതിന് തൈകൾ ലഭ്യമാക്കുന്നതിന് ഈ പഞ്ചായത്തിൽ നേഴ്സറിയ്ക്ക് സാധ്യതകൾ ധാരാളമുണ്ട്.

ചിലവ് കുറഞ്ഞതും കർഷകർക്ക് എളുപ്പമായി ചെയ്യാൻ കഴിയുന്നതുമായ തേനീച്ച വളർത്തലിയന് ധാരാളം സാധ്യതകളുണ്ട്. ലാഭകരമായി നടത്താൻ സാധിയ്ക്കും. ഇന്ന് തരിശായി കിടക്കുന്ന പഞ്ചായത്തിന്റെ മുഴുവൻ ഭാഗ

ങ്ങളിലും റബ്ബർ, കശുമാവ് എന്നിവ കൃഷി ചെയ്യാം. തെങ്ങിൻ തോട്ടങ്ങളിലെല്ലാം താങ്ങുമരം പിടിപ്പിച്ച് കുരുമുളക് കൃഷിചെയ്യുന്നതോടൊപ്പം തന്നെ തെങ്ങുകളിലും കുരുമുളക് വെച്ച് പിടിപ്പിയ്ക്കണം. ഈ പഞ്ചായത്തിൽ മാവു കൃഷി ചെയ്യുന്നത് കൃഷിക്കാർക്ക് വരുമാനം വർദ്ധിക്കാൻ ഉപകരിക്കുന്നതാണ്. വാഴ, പൈനാപ്പിൾ എന്നിവയും കൃഷിചെയ്യുന്നതിന് താല്പര്യമെടുക്കണം. പ്രാദേശികമായ നല്ല വിത്തുകൾ ശേഖരിക്കുവാനും ഉള്ള സംവിധാനം ഉണ്ടാകണം.

കർഷകനെ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം. ഏകീകൃത കൂലി സമ്പ്രദായം കാർഷിക വൃത്തിയുമായി ബന്ധപ്പെടേണ്ടത് അത്യാവശ്യമാണ്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതിലേക്ക് ഒരു മോണിറ്ററിങ്ങ് സമിതി ഉണ്ടാക്കുന്നത് നന്ന്.

ഇതിനെല്ലാം പുറമെ കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.. അഗ്രോ ക്ലിനിക്കുകൾ, കാർഷിക പരിശീലന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിയ്ക്കണം

ചളവറ ഗ്രാമപഞ്ചായത്തിൽ കാർഷിക പുരോഗതിയ്ക്ക് ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. കാർഷിക വൃത്തി രാഷ്ട്ര സേവനമായി കാണേണ്ടതാണ്. പുത്തൻ വികസന സംസ്കാരം ഉൾക്കൊള്ളാൻ നാം തയ്യാറകേണ്ടതാണ്.

5 2 മൃഗപരിപാലനവും മത്സ്യമേഖലയും

മൃഗപരിപാലനം

പശു, ആട്, പോത്ത് എന്നിവയാണ് ചളവറ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. ആട്, പോത്ത് ഇവയുടെ എണ്ണത്തിൽ മുൻപത്തെക്കാൾ എണ്ണം കുറഞ്ഞിട്ടുണ്ട്. മുൻപ് കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കാലിവളർത്തൽ. ഉഴവിനും കാലിവളർത്തലിനും കന്നുകാലികൾ അത്യന്താപേക്ഷിതമായിരുന്നു. കൂടാതെ പാലിനും ഇറച്ചിക്കും വേണ്ടി ആടുമാടുകളെ വളർത്തിയിരുന്നു. എന്നാൽ, റബ്ബർ, തെങ്ങ്, തുടങ്ങിയ ദീർഘകാലവിളകളുടെ വ്യാപനം കാലിവളർത്തൽ സാമ്പത്തികബുദ്ധിമുട്ടുള്ളതാക്കി തീർത്തു. നെൽകൃഷിയുടെ വ്യാപ്തി കുറഞ്ഞതും ഉഴവിന് യന്ത്രസൗകര്യങ്ങൾ വർധിച്ചതും ഉഴവുമാടുകളുടെ പ്രാധാന്യം കുറച്ചു. ഉൽപാദനശേഷി കൂടിയ പശുക്കളുടെ എണ്ണം വർദ്ധിച്ചത് നാടൻ പശുക്കളുടെയും എരുമകളുടെയും എണ്ണം കുറയാൻ കാരണമായി. കൂടാതെ കുന്നിൻ ചരിവുകൾ തെങ്ങുകൃഷിക്കും റബ്ബർ കൃഷിക്കും ഉപയോഗിക്കുന്നതുകൊണ്ട് ആടു വളർത്തലിൽ ആളുകളുടെ താത്പര്യം കുറഞ്ഞു. വളർത്തു പക്ഷികളിൽ പ്രധാനം കോഴികൾ തന്നെയാണ്. പട്ടിക1 കാണുക.

വളർത്തുമൃഗങ്ങളും പക്ഷികളും		
1.	പശു (നാടൻ)	636
2.	പശു (സങ്കര ഇനം)	808
3.	കാള (നാടൻ)	160
4.	കാള (സങ്കര ഇനം)	76
5.	എരുമ	95
6.	പോത്ത്	397
7.	ആട്	1711
8.	പൂവൻ കോഴി	3098
9.	പിടക്കോഴി	5415

ആവലംബം : കന്നുകാലി സെൻസസ് റിപ്പോർട്ടുകൾ

ക്ഷീര കർഷകരുടെ താൽപര്യക്കുറവിന് പ്രധാന കാരണംളൽപന്നങ്ങൾക്ക് വിപണിയില്ലത്തതാണ്. ചളവറ പഞ്ചായത്തിൽ ചളവറയും കയിലിയാടും കേന്ദ്രമാക്കി മിൽമയുടെ കീഴിൽ APCOS ക്ഷീരസഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും പാൽ ശേഖരിക്കാൻ തുടങ്ങിയിട്ടില്ല. ഈ സഹകരണ സംഘത്തിൽ ചളവറ 56 ഉം കയിലിയാട് 52ഉം പേർയഥാക്രമം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, കാലിത്തീറ്റയുടെ അമിതമായ വിലക്കയറ്റം, വയ്ക്കോലിന്റെ കയറ്റുമതി, തീറ്റപ്പുല്ലിന്റെ ദൗർലഭ്യം ഇവ ക്ഷീര കർഷകരെ നിരുത്സാഹപ്പെടുത്തുന്നു.

ഈ പഞ്ചായത്തിൽ മൃഗചികിത്സക്ക് ആകെയുള്ള ഒരു വെറ്റിനറി ഡിസ്പെൻസറി കയിലിയാടാണ് സ്ഥിതിചെയ്യുന്നത്. ഇതിന്റെ സൗകര്യം 1,2,3,4 വാർഡുകളിലെ കർഷകർക്ക് ലഭ്യമല്ല. ഉള്ള ഡിസ്പെൻസറി തന്നെ ഇടിഞ്ഞുപൊളിഞ്ഞു വീഴാറായിരിക്കുന്നു. ഇവിടെ വൈദ്യുതിയും വെള്ളവും എത്തിയിട്ടില്ല. മരുന്നുകളൊ സ്ഥിരം ഡോക്ടറോ ഇവിടെയില്ല. ഈ ഡിസ്പെൻസറിക്കു കീഴിൽ ഒരു കൃത്രിമ ബീജസങ്കലന കേന്ദ്രം ഉണ്ട്. കാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങൾ അകിടു വീക്കം, കുളമ്പു,, കുരലടപ്പൻ, കാലി വസന്ത, മുടന്തൻ പനി തുടങ്ങിയവയാണ്.

നാടൻ കോഴികളുടെ എണ്ണം കുറഞ്ഞു വരുന്നു. ഇറച്ചിക്ക് നഗരപ്രദേശങ്ങളിലെ ചിക്കൻ സ്റ്റാളുകളെയാണ് ആളുകൾ ആശ്രയിക്കുന്നത്. മുട്ടക്ക് ഇറക്കുമതിയെയാണ് ആശ്രയിക്കുന്നത്. കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത് നാൽപ്പത്തിയഞ്ചു ദിവസം കഴിഞ്ഞ് തിരിച്ചു വാങ്ങുന്ന സ്വകാര്യ ഏജൻസികൾ വൻതോതിലുള്ള ചൂഷണമാണ് നടത്തുന്നത്. കോഴിത്തീറ്റക്ക് വിലകുത്തനെ കയറുമ്പോഴും കോഴിക്ക് കിലോവിന് 27 രൂപയാണ് ഇവർ നൽകുന്നത്. സ്റ്റാളുകളിൽ 47 രൂപയാണ് വില. കോഴികൾക്ക് പ്രതിരോധകുത്തിവയ്പുകളോ കോഴിത്തീറ്റയോ ലഭ്യമല്ല. പഞ്ചായത്തിൽ ഇറച്ചി മാർക്കറ്റോ ചന്തയോ ഇല്ല. ഈ പഞ്ചായത്തിൽ താറാവു കൃഷി വ്യാപകമല്ല. ഓമനകളായി മാത്രം

ദുർലഭം ചില വീടുകളിൽ മുയൽ വളർത്തുന്നുണ്ട്. കാടവളർത്തലോ പന്നി വളർത്തലോ പഞ്ചായത്തിലില്ല.

കാലി വളർത്തലിനോടൊപ്പം ഊർജ്ജ പ്രതിസന്ധിക്ക് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിയുന്ന ഗോബർ ഗ്യാസ് പ്ലാൻറുകൾ 25 എണ്ണം മാത്രമാണ് പഞ്ചായത്തിലുള്ളത്.

ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ :

1. നിലവിലുള്ള ക്ഷീരകർഷകർക്ക് ഉൽപന്നങ്ങൾ വിറ്റഴിക്കാൻ വിപണിയില്ല. IRDP മുതലായ ക്ഷേമപദ്ധതികളിലൂടെ ധനസഹായം ലഭിച്ചിട്ടുള്ളവർക്കുപോലും പാൽവിൽക്കാൻ കഴിയാതെ പശുക്കളെ വിൽക്കേണ്ടി വരുന്നു.
2. കാലിത്തീറ്റയുടെ വിലക്കയറ്റം, വയ്ക്കോലിൻെറ ദൗർലഭ്യം, തീറ്റപ്പുൽവിത്തുകൾ ലഭിക്കായ്ക, ഇവ സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കുന്നു.
3. നല്ലയിനം കന്നുകുട്ടികളെ കിട്ടാനില്ല.
4. മൃഗങ്ങൾക്കസുഖം വന്നാൽ 1,2,3,4 വാർഡുകളിലെ കർഷകർക്ക് ചികിത്സക്ക് ചെർപ്പുളശ്ശേരി, അനങ്ങനടി പഞ്ചായത്തുകളിലെ മൃഗാശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നു. ഇവ കിലോമീറ്ററുകളോളം അകലെയാണ്.
5. കയിലാട് പ്രവർത്തിക്കുന്ന വെറ്റിനറി ഡിസ്പെൻസറിയിൽ സ്ഥിരം ഡോക്ടറോ മരുന്നുകളോ പ്രതിരോധ കുത്തിവയ്പുകളോ ഇല്ല.
6. കൃത്രിമബീജ സങ്കലന കേന്ദ്രം വളരെ അകലെയായതു കാരണം 1,2,3,4 വാർഡുകളിലെ കർഷകർ പശുക്കളിൽ പ്രജനനത്തിന് നാടൻ കാളകളെ ആശ്രയിക്കേണ്ടി വരുന്നു.
7. ഇറച്ചിക്കും മുട്ടക്കും വേണ്ടി കോഴികളെ വളർത്തൽ യൂണിറ്റുകൾ തുടങ്ങാൻ വേണ്ട ധനസഹായമോ, പ്രതിരോധ കുത്തിവയ്പു കളോ, വിപണന സൗകര്യങ്ങളോ ഇല്ല.
8. 1,2 വർഡുകളിൽ നടപ്പിലാക്കികൊണ്ടിരുക്കുന്ന നീർമറി വികസന പദ്ധതികൾ അർഹരായ മുഴുവൻ ആളുകൾക്കും എത്തിയിട്ടില്ല.
9. പേ വിഷബാധ നിയന്ത്രിക്കാൻ പ്രതിരോധകുത്തിവെയ്പുകൾ ലഭ്യമല്ല.

പ്രശ്ന പരിഹാര മാർഗ്ഗങ്ങൾക്കുള്ള സാധ്യതകൾ :

1. ക്ഷീരോത്പാദന രംഗത്ത് കർഷകരെ ആകർഷിക്കാൻ മുഴുവൻ ക്ഷീരകർഷകരെയും ക്ഷീരസഹകരണ സംഘങ്ങളിൽ അംഗങ്ങളാക്കണം. പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ കഴിഞ്ഞ് മിച്ചം വരുന്ന പാലുത്പന്നങ്ങൾ മുഴുവൻ ഈ സംഘങ്ങൾ ശേഖരിക്കണം.
2. സഹകരണാടിസ്ഥാനത്തിൽ കുറഞ്ഞ ചിലവിൽ കാലിത്തീറ്റ ഉത്പാദിപ്പിക്കാൻ പരിശീലനം നൽകണം. തീറ്റപ്പുൽ വിത്തുകൾ ലഭ്യമാക്കി തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കണം.
3. മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് നല്ലയിനം കന്നുകുട്ടികളെ ലഭ്യമാക്കണം.
4. കയിലാട് നിലവിലുള്ള വെറ്റിനറി ഡിസ്പെൻസറി മൃഗാശുപത്രിയായി ഉയർത്തുകയും മരുന്നുകളും ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തുകയും വേണം.
5. 1,2,3,4 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു വെറ്റിനറി സബ്സെൻറർ ആരംഭിക്കണം. ഇവിടെ മരുന്നുകളും ചികിത്സാസൗകര്യങ്ങളും ലഭ്യമാക്കണം. ഇതിനോടനുബന്ധിച്ച് ഒരു കൃത്രിമ ബീജസങ്കലന കേന്ദ്രം പ്രവർത്തനമാരംഭിക്കണം. ചളവറ പള്ളിമുക്കിനു സമീപമുള്ള AMLP സ്ക്കൂളിന് തൊട്ടുകിടക്കുന്ന റവന്യൂ വകുപ്പിൻെറ കീഴിലുള്ള 25 സെൻറ് സ്ഥലം ഇതിനായി ഉപയോഗിക്കാൻ കഴിയും.
6. സഹകരണാടിസ്ഥാനത്തിൽ ചെറുകിട ഡയറിഫാമുകൾ ആരംഭിക്കാവുന്നതാണ്. വനിതാ സംരംഭകരെ ഇതു വഴി ഈ രംഗത്തേക്ക് ആകർഷിക്കാൻ കഴിയും.
7. താരതമ്യേന കുറച്ചു ചിലവുമാത്രമുള്ള പാവപ്പെട്ടവൻെറ പശുവായ ആട് വളർത്തൽ യൂണിറ്റുകൾ ആരംഭിക്കണം. പ്രജനനാവശ്യത്തിനായി മുട്ടനാടുകളെ വളർത്താവുന്നതാണ്. ചളവറ, കയിലാട്, മുണ്ടക്കോട്ടുകുർശ്ശി എന്നിവിടങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ മാംസ സംസ്കരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.
8. ഇറച്ചിക്കോഴികളെയും മുട്ടക്കോഴികളെയും സഹകരണ യൂണിറ്റടിസ്ഥാനത്തിൽ വളർത്താവുന്നതാണ്. ഈ സംഘങ്ങളുടെ നേതൃത്വത്തിൽ ഹാച്ചറികളും എഗ്ഗർ നഴ്സറികളും ആരംഭിക്കണം. കുറഞ്ഞചിലവിൽ കോഴിത്തീറ്റയും പ്രതിരോധ കുത്തിവെയ്പുകളും ലഭ്യമാക്കണം. സ്ക്കൂളുകൾ കേന്ദ്രീകരിച്ച്

പോൾട്രി ക്ലബ്ബുകൾ ആരംഭിക്കണം. ഇതിനാവശ്യമായ ധനസഹായം ബാങ്കുകളിൽനിന്ന് കുറഞ്ഞ പലിശക്ക് ലഭ്യമാക്കണം.

9. ഏറ്റവും കുറച്ചു പ്രജനന കാലദൈർഘ്യമുള്ള മുയലുകളെയുണ്ടിറ്റടിസ്ഥാനത്തിൽ വളർത്താവുന്നതാണ്. ഇതിന് ആവശ്യമായ കുഞ്ഞുങ്ങളെ പഞ്ചായത്തിന്റെ ചുമതലയിൽ ലഭ്യമാക്കണം.

10. കാലിവളർത്തൽ, കോഴിവളർത്തൽ, പന്നിവളർത്തൽ, മീൻ വളർത്തൽ, നെൽക്കൃഷി ഇവയുടെ സമ്മിശ്രകൃഷിയെക്കുറിച്ച് ബോധവൽകരണം നടത്തുകയും ഖാദിബോർഡിന്റെ സഹായത്തോടെ ഗോബർ പ്ലാൻറുകൾ വ്യാപിപ്പിക്കുകയും വേണം.

11. രണ്ടായിരാമാണ്ടോടെ പേവിഷവിമുക്തമായ ചളവറ ഗ്രാമം എന്ന ലക്ഷ്യം മുൻനിർത്തി സൗജന്യമായി പേവിഷത്തിന് എതിരെയുള്ള പ്രതിരോധകുത്തിവെയ്പുകൾ ലഭ്യമാക്കണം. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുകയും വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും വേണം.

12. കുളപ്പുള്ളിയിൽ പ്രവർത്തിക്കുന്ന മേഖലാക്ഷീരവികസന ഓഫീസ് വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ പഞ്ചായത്ത് ഭരണസമിതിയുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കേണ്ടതുമാണ്.

മത്സ്യമേഖല

ചളവറ പഞ്ചായത്തിൽ 51 കുളങ്ങളും $13\frac{1}{2}$ കിലോമീറ്റർ നീളത്തിലുള്ള തോടുകളുമാണ് പ്രധാന ജലാശയങ്ങൾ. ഇതിനുപുറമേ വീട്ടുവളപ്പുകളിലെ കിണറുകളും കുളങ്ങളുമുണ്ട്. പെരുംകുളം, അയ്യങ്കുളം, പുളിങ്കുളം, പയ്യല്ലിക്കുളം എന്നീ നാലെണ്ണം പൊതുകുളങ്ങളാണ്.

ഏതാനും വർഷങ്ങൾക്കുമുൻപ് കുളങ്ങളും കിണറുകളും തോടുകളും പാടങ്ങളും നാടൻ മത്സ്യങ്ങളുടെ ആവാസങ്ങളായിരുന്നു. കണ്ണൻ, ഒമായ്, കരുതല, കുറുന്തല, കൊയ്ത്ത, ആരൽ (വരാൽ), മനിഞ്ഞിൽ (ഈൽ), കടുവ് തുടങ്ങിയവയായിരുന്നു പ്രധാന നാടൻ ഇനങ്ങൾ. അമിതമായ കീടനാശിനി ഉപയോഗവും രാസവളപ്രയോഗവും ഇതിൽ മിക്കവയേയും നാശോൻമുഖമാക്കി. കണ്ണൻ മത്സ്യത്തിന് മത്സ്യരോഗം മൂലം വംശനാശം സംഭവിച്ചു കഴിഞ്ഞു.

ഇന്ന് ആളുകൾ ആഹാരത്തിനു വേണ്ടി പൂർണമായും കടൽമത്സ്യങ്ങളെയാണ് ആശ്രയിക്കുന്നത്. മത്തി, അയല, ചമ്പാൻ, ഐക്കോറ, ആകോലി തുടങ്ങിയവയാണ് ഇറക്കുമതി ചെയ്യുന്ന പ്രധാന കടൽ മത്സ്യങ്ങൾ. ഒന്നാം വാർഡു മുഴുവനും രണ്ടാം വർഡിന്റെ ചില പ്രദേശങ്ങളും പാവുക്കോണം നീർമറി വികസന പദ്ധതിയുടെ കീഴിലാണ്. ഈ പ്രദേശത്ത്പതിനാലുകർഷകർ ഈ പദ്ധതിയിൻ കീഴിൽ ധനസഹായം ലഭിച്ച് മത്സ്യങ്ങളെ വളർത്തുന്നുണ്ട്. ഒരു വർഷം കൊണ്ട് ഒരു കിലോഗ്രാം വരെ തൂക്കം വെക്കുന്ന കട്ല, രോഹു, മൃഗാൽ തുടങ്ങിയവയാണ് വളർത്തുന്ന പ്രധാന ഇനങ്ങൾ. ഇതിനു പുറമേ പഞ്ചായത്തിന്റെ മറ്റുപ്രദേശങ്ങളിലും നാമമാത്രമായി ചില കർഷകർ ഇത്തരം മീനുകളെ വളർത്തുന്നുണ്ട്. FFDA (മത്സ്യകർഷക വികസന ഏജൻസി) യുടെ മീൻകരയിലുള്ള മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്ന കേന്ദ്രത്തിൽ നിന്നാണ് മീൻ കുഞ്ഞുങ്ങളെ കൊണ്ടു വരുന്നത്. ചിലർ മലമ്പുഴയിൽ നിന്നും കൊണ്ടു വരുന്നുണ്ട്.

മത്സ്യബന്ധനമോ വിപണനമോ പ്രധാന തൊഴിലാക്കിയ ആരും തന്നെ പഞ്ചായത്തിലില്ല. എന്നാൽ ചിലകാലങ്ങളിൽ മാത്രം ഇത് ഉപതൊഴിലാക്കിയ മുപ്പതോളം പേർ വരും. ഇവരാരും തന്നെ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളല്ല.

ഗ്രാമസഭയിൽ ഉർയന്നുവന്ന പ്രശ്നങ്ങം :

1. അമിതമായ കീടനാശിനി രാസവളപ്രയോഗം മൂലം പല നാടൻ മത്സ്യങ്ങളും നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്.

2. മത്സ്യരോഗം നിമിത്തം കണ്ണൻമീനിന് വംശനാശം സംഭവിച്ചു കഴിഞ്ഞു.

3. നീർമറി വികസന പദ്ധതി പ്രകാരം 1,2 വാർഡുകളിലെ താൽപര്യമുള്ള മുഴുവൻ കർഷകർക്കും സഹായം ലഭിച്ചിട്ടില്ല.

4. പഞ്ചായത്തിലെ ജലാശയങ്ങളിൽ ആവശ്യത്തിനുവേണ്ട മത്സ്യങ്ങളെ ഉത്പാദിപ്പിക്കാത്തതു കാരണം ആളുകൾ പഴകിയതെങ്കിലും കടൽമത്സ്യങ്ങളെ ആഹാരത്തിനുവേണ്ടി ആശ്രയിക്കുന്നു.

5. നല്ല ലാഭമുള്ളതെങ്കിലും ധാരാളം ജലാശയങ്ങളുണ്ടായിട്ടുകൂടി ചെറുപ്പക്കാർ മത്സ്യകൃഷിരംഗത്തേക്ക് കടന്നുവരുന്നില്ല.

6. ഫിഷറീസ് വകുപപിന് കീഴിൽ പ്രവർത്തി

ക്കുന്ന FFDA, ADAK തുടങ്ങിയ ഏജൻസികളുടെ സഹായം വേണ്ടത്ര ലഭിക്കുന്നില്ല. ഉൾനാടൻ മത്സ്യകൃഷിക്ക് സാധ്യതയുണ്ടെങ്കിലും പ്രോത്സാഹനം ലഭിക്കുന്നില്ല.

7. മത്സ്യതീറ്റയുടെ അമിതമായ വിലക്കയറ്റം, ഇന്ന് ഉള്ള മത്സ്യകർഷകരെത്തന്നെ നിരുത്സാഹപ്പെടുത്തുന്നു.

8. മത്സ്യവിപണനത്തിന് ആധുനിക സംവിധാനങ്ങൾ ഒന്നും ഇല്ല.

9. മത്സ്യരോഗം തടയാൻ ഒരു നടപടിയും ഇല്ല.

പ്രശ്ന പരിഹാരമാർഗങ്ങൾക്കുള്ള സാധ്യതകൾ :

1. ചളവറ പഞ്ചായത്തിലെ നാലു വലിയ പൊതുകുളങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ മത്സ്യം വളർത്താവുന്നതാണ്. മീൻകരയിൽ നിന്നും മലമ്പുഴയിൽ നിന്നും കുറഞ്ഞ വിലക്ക് മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാണ്. സഹകരണാടിസ്ഥാനത്തിൽ മത്സ്യത്തീറ്റ നിർമാണവും വിപണനവും നടത്താവുന്നതാണ്. ഇതിനാവശ്യമായ പ്രാഥമിക ചിലവുകൾക്ക് കുറഞ്ഞ പലിശക്ക് ബാങ്കുവായ്പ ലഭിക്കുകയാണെങ്കിൽ കുറേയേറെ ചെറുപ്പക്കാർക്ക് തൊഴിൽ നൽകാൻ കഴിയും.

2. ഈ പഞ്ചായത്തിലെ നാൽപത്തിയേഴോളം വരുന്ന സ്വകാര്യകുളങ്ങൾ പാട്ടത്തിനെടുത്ത് പെട്ടെന്ന് തൂക്കം വെക്കുന്ന ഇനം മത്സ്യങ്ങളെ വളർത്താവുന്നതാണ്. കൂടാതെ കുറഞ്ഞകാലം കൊണ്ട് വിളവെടുക്കുന്ന ശുദ്ധജല ചെമ്മീൻ കൃഷിയും ചെയ്യാൻ കഴിയും.

3. വീട്ടുകുളങ്ങളിൽ മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട ഉപദേശവും സാങ്കേതികസഹായവും നൽകുന്നതിന് അക്വാ സർവ്വീസ് ക്ലബ്ബുകൾ രൂപീകരിക്കണം. ഇതിന്റെ നേതൃത്വത്തിൽ മത്സ്യബന്ധന ഉപകരണങ്ങളും ലഭ്യമാക്കണം.

4. പാവുക്കോണം നീർമറി വികസന പദ്ധതി പരിധിയിൽ വരുന്ന മുഴുവൻ കർഷകർക്കും മത്സ്യം വളർത്തുന്നതിന് ധനസഹായം നൽകണം.

5. അലങ്കാരത്തിനുവേണ്ടിയുള്ള മത്സ്യക്കുഞ്ഞുങ്ങളെ വളർത്താവുന്നതാണ്.

6. മത്സ്യരോഗം തടയുന്നതിന് പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കണം.

7. മേഖലാടിസ്ഥാനത്തിൽ കോൾഡ് സ്റ്റോറേജ് സംവിധാനങ്ങളുള്ള പൊതു വിതരണ കേന്ദ്രങ്ങൾ ആരംഭിക്കണം.

8. പഞ്ചായത്തിലെ മത്സ്യബന്ധനം ഉപത്തൊഴിലായി സ്വീകരിച്ചവരെ പൂർണമായും ഈരംഗത്ത് നിലനിർത്തണം. അവരെ മുഴുവൻ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാക്കണം.

5 2 വ്യവസായം

കമാകെ പൊതുവിൽ വമ്പിച്ച കുതിച്ചു ചാട്ടം ിഞ്ഞ ഏതാനും ദശകങ്ങളിലുണ്ടയി. ഗതാഗത ഖലയിലും വാർത്താവിനിമയ രംഗത്തു ായ വമ്പിച്ച മുന്നേറ്റങ്ങൾ വ്യവസായ വളർ ക്ക് വമ്പിച്ച മുന്നേറ്റങ്ങൾ നൽകി. നമ്മുടെ ുത്തും നഗര കേന്ദ്രീകൃതമായി അസന്തു മായ രീതിയിൽ വ്യവസായ വളർച്ചയുണ്ട,ായി. പ്പെട്ടരീതിയിലാണെങ്കിലും നാട്ടിൻ പുറങ്ങളി ാൽപര്യവും ഇച്ഛാശക്തിയുമുള്ള വ്തികളു ും സംഘടനകളുടെയും നേതൃത്വത്തിൽ ഇട രം ചെറുകിട വ്യവസായ സംരംഭങ്ങൾ വളർന്നു ികയുണ്ടായി.

പശ്ചാത്തലത്തിൽ ചളവറപഞ്ചായത്തിലെ വസായരംഗത്തെ സ്ഥിതി പരിശോധിക്കുമ്പോൾ കസാഹചര്യങ്ങളിൽ ഒന്നോരണ്ടോ നൂറ്റാണ്ടു ക്ക് പുറകിലും ഇന്ത്യയിലെ സാഹചര്യങ്ങളിൽ വധി ദശകങ്ങൾക്കു പുറകിലും കേരളത്തിലെ ിണ സാഹചര്യങ്ങൾ വച്ചു നോക്കുമ്പോൾ ന്ന വളരെ പിന്നേക്കാവസ്ഥയിലുമാണ് . പ്രത്യ ത്തിൽ ഇത് നിരാശാജനകമായ ഒരു ചിത്രമാണ് ന്നത് ശരിതന്നെ. എന്നാൽ ഈ അവസ്ഥയുടെ രണങ്ങൾ കണ്ടെത്തുമ്പോൾ പ്രതീക്ഷാനിർ മായ മാറിവരുന്ന മറ്റൊരു ചിത്രവും നമുക്ക് ാൻ കഴിയും. വ്യവസായ സംരംഭങ്ങൾക്ക് ുവശ്യമായ പശ്ചാത്തലസൗകര്യങ്ങളൊന്നും ന്ന-ഗതാഗത സൗകര്യം, ഊർജ്ജലഭ്യത, വാർത്താ നിമുയ സൗകര്യം-എന്നിവയൊന്നും തന്നെ ുത്തകാലം വരെ പഞ്ചായത്തിലുണ്ടായിരുന്നില്ല.

ാൽ കഴിഞ്ഞ ഏതാനും വർഷങ്ങളിലെ കസന പ്രവർത്തനങ്ങളുടെ ഫലമായി ഈ വസ്ഥക്ക് മാറ്റം വന്നിട്ടുണ്ട്. അടുത്ത വ്യവസായ ന്ദ്രമായ ഷൊറണ്ണൂർ, താലൂക്ക് കേന്ദ്രമായ ുളശ്ശേരി, പട്ടാമ്പി എന്നിപ്രദേശങ്ങളുമായി ന്ധപ്പെടുന്നതിന് സഹായകരമായ ഒട്ടേറെ റോഡ ുടെ നിർമ്മാണം പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. ാതെ പഞ്ചായത്തിലെ വിവിധകേന്ദ്രങ്ങളെ ബന്ധിപ്പിച്ചിരുന്ന നിരവധി റോഡുകളും നില വിൽ വന്നിട്ടുണ്ട്. ചളവറ, കയിലിയാട്, മുണ്ടക്കോട്ടു കുറുശ്ശി പ്രദേശങ്ങളിൽ ഫോൺസൗകര്യം ലഭ്യ മാണ്. ആവശ്യത്തിന് തികയില്ലെങ്കിലും പഞ്ചാ യത്തിലെ പ്രധാന കേന്ദ്രങ്ങളിലെല്ലാം വൈദ്യുത ലൈനുകളും ഇന്ന് നിലവിലുണ്ട്.

മുൻകാലത്തെ അപേക്ഷിച്ച് സാങ്കേതിക വിദ്യാ ഭ്യാസം നേടിയവരുടേയും പൊതുവിദ്യാഭ്യാസം നേടിയവരുടേയും എണ്ണത്തിൽ വളർച്ചയു ണ്ടായിട്ടുണ്ട്. കൂടാതെ വ്യവസായ കേന്ദ്രങ്ങളായ ബോംബെ, മദ്രാസ് എന്നിവിടങ്ങളിൽ വിവിധതൊ ഴിലുകളിൽ നിരവധികാലം ഏർപ്പെട്ട് അനുഭവസ മ്പത്തുള്ള നിരവധി ആളുകൾ ഇന്ന് നമ്മുടെ പഞ്ചായത്തിലുണ്ട്.അടുത്തകാലത്ത് നാമമാത്രമായി ചെറുകിട വ്യവസായ യൂണി കൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. പരമ്പര വ്യവസായങ്ങളായ പരമ്പ്, കൊട്ട നെയ്ത്ത്, ഓ ാത്ര നിർമ്മാണം, സ്വർണ്ണപ്പണി, ഇരുമ്പുപണി, പപ്പട നിർമ്മാ ണം എന്നിവയും ഉണ്ട്.

നിലവിലുള്ള പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

1. പരമ്പ്, കൊട്ട, മുറം നെയ്ത്ത്, ഓലക്കുട നിർമ്മാണം :

പഞ്ചായത്തിലെ 6 വാർഡുകളിലായി നൂറിലധികം തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കു ന്നുണ്ട്.

2. ഓട്ടുപാത്രനിർമ്മാണം, സ്വർണ്ണപ്പണി, ഇരു മ്പുപണി എന്നിവയിൽ ഏർപ്പെട്ട തൊഴി ലാളികളും പഞ്ചായത്തിലെ വിവിധപ്രദേശ ങ്ങളിലുണ്ട്.

3. പഞ്ചായത്തിലെ 5 കേന്ദ്രങ്ങളിലായി ഏതാണ്ട് 125 തൊഴിലാളികൾ പപ്പട നിർമ്മാണ രംഗ ത്ത് പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ :

1. പരമ്പ്, കൊട്ടനെയ്ത്ത് തൊഴിലാളികൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കളായ മുള, ഓട എന്നിവ ആവശ്യത്തിന് ലഭിക്കുന്നില്ല. ഇവക്ക് വലിയ വിലകൊടുക്കോണ്ടതായും വരുന്നു.
2. ഉൽപ്പന്നങ്ങൾക്ക് ന്യായ വിലക്ക് വിൽക്കുന്നതിനുള്ള വിപണി കണ്ടെത്താൻ കഴിയുന്നില്ല. ലാഭത്തോത് ജീവിതാവശ്യങ്ങൾ നിറവേറ്റാൻ പര്യാപത്മല്ല.

പരിഹാര നിർദ്ദേശങ്ങൾ :

1. പഞ്ചായത്തിലെ ഈ രംഗത്തുള്ള തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.
2. സഹകരണ സംഘം മുഖേന ഇവർക്കുള്ള അസംസ്കൃതവസ്തുക്കൾ എത്തിച്ചുകൊടുക്കണം. സംഘത്തിന്റെ നേതൃത്വത്തിൽ വിപണി കണ്ടെത്തണം.
3. നിലവിലുണ്ടാക്കുന്ന ഉൽപന്നങ്ങൾക്ക്പുറമെ വിദൂര മാർക്കറ്റുകളിൽ ഡിമാൻഡുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനാവശ്യമായ പരിശീലനം തൊഴിലാളികൾക്ക് നൽകണം.
4. പുലിയാനംകുന്ന്, തെക്രപ്പാറ, മുണ്ടക്കോട്ടുകുറിശ്ശി പ്രദേശങ്ങളിൽ ബീഡി നിർമ്മാണത്തിൽ ഏർപ്പെട്ട തൊഴിലാളികളുണ്ട്.
5. സ്വർണ്ണപ്പണിക്കും മറ്റും പുതിയ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ധനസഹായം നൽകുക, അവ ഉപയോഗിക്കുന്നതിനുള്ള പരിശീലനം എന്നിവ സംഘത്തിന്റെ നേതൃത്വത്തിൽ ചെയ്യണം.
6. ബീഡിത്തൊഴിലാളികളുടെ സഹകരണ സംഘം രൂപീകരിക്കണം.

നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ

DWCRA യൂണിറ്റുകളായി ചളവറയിൽ (വാർഡ് 4) ഒരു കറിപൗഡർ നിർമ്മാണ യൂണിറ്റും വേമ്പലത്ത് പാടത്ത് ഒരു കുട നിർമ്മാണ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. രണ്ടു യൂണിറ്റുകളും വനിതാ തൊഴിൽ സംരംഭങ്ങളാണ്. കറിപൗഡർ യൂണിറ്റിൽ രജിസ്റ്റർ ചെയ്ത 13 തൊഴിലാളികളിൽ ഇപ്പോൾ 8 തൊഴിലാളികൾ പ്രവർത്തിക്കുന്നു. ശരാശരി പ്രതിമാസ വരുമാനം 350 രൂപയാണ്. യൂണിറ്റിന് സ്വന്തമായി 5 സെൻറ് സ്ഥലം എടുക്കുന്നതിനുള്ള നടപടികളായിട്ടുണ്ട്. ചളവറ പഞ്ചായത്തിനു പുറമെ, ഷൊർണ്ണൂർ, പട്ടാമ്പി, വല്ലപ്പുഴ, ചെർപ്പുളശ്ശേരി പ്രദേശങ്ങളാണ് വിപണന മേഖല. ശരാശരി 50,000 രൂപയുടെ ഉൽപ്പന്നങ്ങൾ പ്രതിമാസം ഉൽപാദിപ്പിക്കുന്നു.

വായ്പയെടുത്ത തുക സാമ്പത്തിക പരാധീനതകൾക്കിടയിലും കൃത്യമായി അടച്ചുതീർക്കുന്നുണ്ട്. തൊഴിലാളികളുടെ ഇച്ഛാശക്തിയാണ് പ്രധാനമായും സ്ഥാപനത്തെ നിലനിർത്തുന്നത്.

കുട നിർമ്മാണ യൂണിറ്റിൽ രജിസ്റ്റർ ചെയ്ത 13 തൊഴിലാളികളിൽ 10 പേർ ഇപ്പോൾ തൊഴിൽ ചെയ്യുന്നു. സീസണൽ ആയിമാത്രമെ തൊഴിൽ ലഭിക്കുന്നുള്ളു. ദിവസക്കൂലി 40 രൂപയാണ്. സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം വാങ്ങിയട്ടുണ്ട്. വായ്പയെടുത്ത തുക അടച്ചുതീർക്കുന്നുണ്ട്. സീസണിൽ വിപണിക്കനുസരിച്ച് കുട നിർമ്മിച്ച് കൊടുക്കാൻ കഴിയുന്നില്ല.

സ്വകാര്യ ചെറുകിടയൂണിറ്റുകൾ:

വേമ്പലത്ത് പാടത്ത് (വാർഡ് 6) 3 കാർഷിക യൂണിറ്റുകളുണ്ട്. ഗേറ്റ്, ഗ്രിൽ എന്നിവ ഉണ്ടാക്കുന്ന 2 കേന്ദ്രങ്ങൾ മുണ്ടക്കോട്ടുകുർശ്ശിയിലുണ്ട്. ചളവറയിൽ ഒരു പ്രിൻറിങ്ങ് പ്രസ്സ് പ്രവർത്തിക്കുന്നു. ചളവറയിൽ ഒരു മോട്ടോർ വൈൻഡിങ്ങ് വർക്ക് ഷോപ്പ്, കയില്യാട് ഒരു ഓട്ടോവർക്ക്ഷാപ്പ് എന്നിവയുണ്ട്. 2 സ്റ്റുഡിയോ ചളവറയിലും ഒന്ന് കയില്യാടും പ്രവർത്തിക്കുന്നു. ഇവയിലെല്ലാമായി ഏതാണ്ട് 25 തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ 12 റൈസ് മില്ലുകൾ, 1 കൊപ്രയാട്ടുന്ന മില്ല് 3 മരമില്ലുകൾ എന്നിവയിലായി ഏതാണ്ട് 20 തൊഴിലാളികൾ പണിയെടുക്കുന്നു.

പ്രശ്നങ്ങൾ

1. DWCRA യുടെ കീഴിലുള്ള 2 യൂണിറ്റുകളും ഏറെ സാമ്പത്തിക വിഷമങ്ങൾ നേരിടുന്നു. കെട്ടിട നിർമ്മാണത്തിനും പുതിയ യന്ത്രങ്ങൾ വാങ്ങുന്നതിനും വിപുലീകരിക്കുന്നതിനും സ്വന്തം സാമ്പത്തിക ശേഷി അപര്യാപ്തമാണ്.
2. വിപണി കണ്ടെത്തുന്നതിന് തൊഴിൽ സമയത്തിന്റെ നല്ലൊരു പങ്ക് ചെലവഴിക്കേണ്ടിവരുന്നത് ഉൽപാദന വർദ്ധനവിന് തടസ്സമാകുന്നു. വേണ്ടത്ര വിപണി ലഭിക്കുന്നുമില്ല.
3. നിലവിലുള്ള വരുമാനം തെഴിലാളി കളുടെ ജീവിതാവശ്യങ്ങൾ നിറവേറ്റാൻ അ

പര്യാപ്തമാണ്.

ഉൽപ്പന്നങ്ങൾക്ക് വേണ്ടത്ര പ്രചാരം ലഭിക്കുന്നില്ല.

ഇവർക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

കുടനിർമ്മാണ യൂണിറ്റിലെ തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരമായി ലഭിക്കുന്നില്ല.

സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു യൂണിറ്റുകൾ സാമ്പത്തിക ഞെരുക്കം കാരണം വിപുലീകരണത്തിന് കഴിയുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ

DWCRA യുടെ കീഴിലുള്ള 2 വനിതാ യൂണിറ്റുകൾക്കും കൂടുതൽ ധനസഹായം ലഭ്യമാക്കികൊണ്ട് കെട്ടിട നിർമ്മാണം പുതിയ ഉപകരണങ്ങൾ വാങ്ങിക്കൊണ്ടുള്ള വിപുലീകരണം എന്നിവ സാധ്യമാക്കണം

ആകർഷകമായ പാക്കിങ്ങ് സംവിധാനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, പരിശീലനം, ഉപകരണങ്ങൾ എന്നിവ നൽകണം.

ഉൽപ്പന്നങ്ങൾക്ക് നല്ല പരസ്യം നൽകേണ്ടതുണ്ട്. ഇതിന് ചെലവ് കുറഞ്ഞതും ആകർഷകവുമായ നൂതനമായ രീതികൾ കണ്ടെത്തി വളർത്തി കൊണ്ടുവരണം.

സ്ഥാപനങ്ങളുടേയും നാട്ടുകാരുടെയും ഭാഗത്തു നിന്ന് തൊഴിൽസംരംഭങ്ങളിൽ ഏർപ്പെട്ടവർക്ക് നല്ല പ്രോത്സാഹനം നൽകണം. ഇതിന് ജന പ്രതിനിധികൾ ഉദ്യോഗസ്ഥർ ആ പ്രദേശത്തെ നാട്ടുകാർ എന്നിവരടങ്ങിയ ഉപദേശ സഹായസമിതികൾ ഓരോ യൂണിറ്റ് കേന്ദ്രീകരിച്ചും ഉണ്ടാക്കണം.

ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സെയിൽസ് രംഗത്ത് പ്രത്യേകം ചുമതലക്കാരെ കണ്ടെത്തണം. ഇത് ഉൽപാദന രംഗത്തുള്ള തൊഴിലാളികൾക്ക് ആ രംഗത്തുതന്നെ പ്രവർത്തിക്കുന്നതിനും ഉൽപാദന വർദ്ധനവിനും സഹായിക്കും.

ഓരോ യൂണിറ്റിന്റേയും വികസനത്തിനു വേണ്ട പരിപാടി അതാതു യൂണിറ്റിലെ തൊഴിലാളികൾ, ഉപദേശ സഹായ സമിതി അംഗങ്ങൾ എന്നിവർ ചേർന്ന് ഉണ്ടാക്കേണ്ടതാണ്.

പുതിയ സാധ്യതകൾ

വ്യവസായ വികസന രംഗത്ത് ഏറെ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ ഇന്ന് വികസന സാധ്യതകൾ ഏറെയുണ്ട്.

1. കാർഷിക ഉൽ പാദന മേഖലയെ വ്യവസായ വളർച്ചക്ക് ഉപയോഗപ്പെടു ത്തേണ്ടതുണ്ട്. ഇന്ന് പ്രധാന കാർഷിക ഉൽപ്പന്നമായ നെല്ല് പഞ്ചായത്തിന് പുറത്തേക്ക് ലോറികളിൽ കയറ്റികൊണ്ടുപോവുകയും തിരിച്ച് അരി ഇറക്കുകയുമാണ്. ഇത് കാരണം കർഷകർക്ക് നെല്ലിന് ന്യായ വില ലഭിക്കാതെ വരികയും അരിവാങ്ങുന്നവർക്ക് അതിന് കൂടുതൽ വില നൽകേണ്ടി വരികയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിൽ സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിക്കുകയും വിപുലമായ സംവിധാനങ്ങളോടെ അത് പുഴുങ്ങി ഉണക്കി അരിയാക്കുന്നതിനും വേണ്ട ഒരു വൻകിട സംരംഭം പഞ്ചായത്ത് തലത്തിൽ തുടങ്ങാൻ കഴിയും ഇതിന് വേണ്ട സ്ഥലം കണ്ടെത്തുന്നതിനും സഹകരണാടിസ്ഥാനത്തിൽ ഈ സംരംഭം തുടങ്ങുന്നതിനും വേണ്ട മുൻകൈ പഞ്ചായത്ത് ഭരണസമിതി തന്നെ എടുക്കണം.

2. കൊപ്ര സംഭരിച്ചു കൊണ്ട് ആട്ടി എണ്ണയാക്കി ആകർഷകമായ ബോട്ടിലുകളിൽ (കേരളാ മാതൃകയിൽ) വിപണനത്തിന് തയ്യാറാക്കുന്ന ഒരു സംരഭം സഹകരണാടിസ്ഥാനത്തിൽ തുടങ്ങാം.

3. റബ്ബർ ഷീറ്റുകൾ ഉപയോഗപ്പെടുത്തി റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു വ്യവസായം പൊതു മേഖലയിൽ തുടങ്ങാൻ കഴിയും.

4. അടക്ക സംഭരിച്ച് അതുപയോഗിച്ച് പാൻമസാല രൂപത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു സംരംഭം DWCRA യുടെ കീഴിൽ തുടങ്ങാൻ കഴിയും

5. പഞ്ഞിപ്പുള്ള ഉപയോഗപ്പെടുത്തി കിടക്കകളും മറ്റും നിർമ്മിക്കുന്ന ഒരു സംരഭം ആരംഭിക്കണം.

6. കോൺക്രീറ്റ് കട്ടിളകൾ, മറ്റു സാമഗ്രികൾ എന്നിവ നിർമ്മിക്കുന്ന ഒരു യൂണിറ്റ്, ചെരിപ്പു നിർമ്മാണ യൂണിറ്റുകൾ, ഫർണീച്ചർ നിർമ്മാണം, പ്ലാസ്റ്റിക് നിർമ്മാണ യൂണിറ്റുകൾ, ഫർണീച്ചർ നിർമ്മാണം, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്., റീഫിൽ, ചകിരി ബ്രഷ്, സോപ്പ് നിർമ്മാണം മെഴുകുതിരി, തീപ്പെട്ടി, ഫിനോയിൽ, ബ്ലീച്ചിങ്

പൗഡർ, ക്ലീനിങ്ങ് പൗഡർ, ചന്ദനത്തിരി, തുണിത്തിരി, ലെയ്ത്ത് വർക്ക് യൂണിറ്റ് എന്നിവ സ്വകാര്യ മേഖലയിൽ തുടങ്ങണം. ഇതിന് വായ്പയായും മറ്റും സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതുണ്ട്. സാങ്കേതികസഹായങ്ങളും നൽകണം.

7. പൊതു മേഖലയിൽ, ഇലക്ട്രോണിക് ഉപകരണങ്ങളായ സ്റ്റെബിലൈസർ, എമർജൻസി ലാംബ്, ഇലക്ട്രോണിക് ചോക്ക്, ബാറ്ററി എലിമിനേറ്റർ, കളിപ്പാട്ടങ്ങൾ തുടങ്ങിയ ഉപകരണങ്ങൾ നിർമ്മിക്കുന്ന ഒരു വ്യവസായ കേന്ദ്രം തുടങ്ങണം. ഇതിനു വേണ്ട ഭാഗങ്ങൾ വീടുകളിൽ അസംബിൾ ചെയ്തു കൊടുക്കുന്ന നിരവധി ചെറിയ യൂണിറ്റുകൾ തുടങ്ങാനും കഴിയും.

8. പഞ്ചായത്തിൽ ഒരു സിനിമാ ശാലയും 100 പേർക്ക് ഇരുന്ന് കാണാവുന്ന രണ്ടോ മൂന്നോ വീഡിയോ പ്രദർശന ശാലകളും സ്വകാര്യ മേഖലയിൽ തുടങ്ങാൻ കഴിയും.

9. വാർഡ് തലത്തിൽ ഓരോ ഗാർമെൻറ് മെയ്ക്കിങ്ങ് യൂണിറ്റുകളും അവയെ ഏകോപിപ്പിച്ചുകൊണ്ട് പഞ്ചായത്ത് തലത്തിൽ സഹകരണ സംഘവും രൂപീകരിക്കണം.

10. നോട്ട് ബുക്ക് നിർമ്മാണ കേന്ദ്രം DWCRA യുടെ കീഴിൽ തുടങ്ങണം.

11. പഠനോപകരണങ്ങളുടെ ഒരു നിർമ്മാണ യൂണിറ്റ് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് സ്കൂൾ കോംപ്ലക്സിന്റെ നേതൃത്വത്തിൽ ആരംഭിക്കണം.

12. പാൽ സംഭരിച്ച് വിതരണം നടത്തുന്ന സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിക്കണം.
13. എല്ലാവാർഡുകളിലും ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങണം

14. പഞ്ചായത്തിൽ ഒന്നോ രണ്ടോ ആടുവളർത്തൽ കേന്ദ്രങ്ങൾ വ്യവസായാടിസ്ഥാനത്തിൽ തുടങ്ങണം.

15. പഞ്ചയത്ത് കേന്ദ്രങ്ങളിൽ ഒരു മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് തുടങ്ങണം.

16. ആയുർവേദ മരുന്നുകളുടെ നിർമ്മാണം

17. സ്റ്റോൺ ക്രഷർ യൂണിറ്റ്

18. പാൽപ്പൊടി പോലുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ്

19. കൊണ്ടാട്ടം, അച്ചാർ, അട, സേമിയ എന്നിവയുടെ നിർമ്മാണ യൂണിറ്റ്

20. നേന്ത്രക്കായ, പൂള ചിപ്സ് നിർമ്മാണം

21. ജിലേബി, ലഡു, മൈസൂർ പാക്ക് നിർമ്മാണം.

22. മാങ്ങ, ചക്ക, ജാമുകൾ ബേക്കറി സാധനങ്ങളുടെ നിർമ്മാണം

23. ഇത്തിൽ നിർമ്മാണത്തിനുള്ള ചൂള

24. ഇഷ്ടിക നിർമ്മാണം

25. ചളവറയിലും കയിലിയാടും ആഴ്ച ചന്തകൾ- കാർഷിക വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യത്തിന് തുടങ്ങുന്നത് നന്നായിരിക്കും.

26. കച്ചവടം തൊഴിൽ എടുക്കുന്നവരുടെ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുകയും അവരുടെ ലൈസൻസ് പോലുള്ള കാര്യങ്ങൾക്ക് പഞ്ചായത്ത് സൗകര്യം ചെയ്തുകൊടുക്കുകയും വേണം.

27. വിവിധ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാദ്ധ്യതകൾ സംബന്ധിച്ച സെമിനാറുകളും മറ്റു ചർച്ചകളും സംഘടിപ്പിക്കണം.

വാർഡ്	ഗ്രാമസഭകളിൽ നിന്നും വന്ന പുതിയ സംരംഭങ്ങൾക്കുള്ള നിർദ്ദേശങ്ങൾ
1.	പനമ്പ്, കൊട്ട, പായനെയ്ത്ത്, അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക, ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സഹകരണാടിസ്ഥാനത്തിലുള്ള മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുക. റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണവും മാർക്കറ്റിങ്ങും പഞ്ചായത്ത് അടിസ്ഥാനത്തിൽ മിൽക്ക് സൊസൈറ്റി രൂപീകരിക്കുക. കോഴിവളർത്തൽ ആടുവളർത്തൽ
2.	ചെരുപ്പ് നിർമ്മാണ യൂണിറ്റ്, തുടങ്ങാൻ കഴിയും, മുറം, കൊട്ട നെയ്ത്ത് അറിയുന്നവർ ഉണ്ട്. കുടനിർമ്മാണത്തിന് സാദ്ധ്യതകൾ ഉണ്ട്. റെഡിമെയ്ഡ് ഗാർമെൻറ്, നെയ്ത്, നൂൽ നൂൽപ്പ് ജീർണ്ണാവസ്ഥയിലാണ്. ഫർണീച്ചർ നിർമ്മാണം

3	ഓല, പനമ്പ്, കൊട്ട എന്നിവ നെയ്യുന്നതൊഴിലാളികളുണ്ട്. ഓട് പിച്ചള, സാമഗ്രികൾ നിർമ്മി ക്കുന്നുണ്ട്. ഇരുമ്പു പണിക്കാർ സ്വർണ്ണ പണിക്കാർ എന്നിവരും ഉണ്ട്. കള്ള് ചെത്ത് വ്യവസായം ഉണ്ട്.
4	നിലവിലുള്ള DWCRA യൂണിറ്റിൽ കൂടുതൽ അംഗങ്ങളെ ചേർത്ത് യൂണിറ്റ് വിപുലീകരിക്കണം. സോപ്പ് കമ്പനി തുടങ്ങാൻ സാധ്യതയുണ്ട്. റീഫിൽ നിർമ്മാണം, നോട്ട് ബുക്ക് നിർമ്മാണം, ചകിരി ബ്രഷ് എന്നിവ തുടങ്ങുന്നതിനുള്ള സാങ്കേതിക വിദ്യയും സാമ്പത്തിക സഹായവും ലഭ്യമാക്കണം. ബീഡി നിർമ്മാണം സഹകരണ അടിസ്ഥാനത്തിൽ കൊ ണ്ടുവരണം.
5	ലൈത്ത് വർക്ക് തുടങ്ങുന്നതിന് സന്നദ്ധത പ്രകടിപ്പിക്കുന്നവർ ഉണ്ട്. 50% മുതൽ മുടക്കാൻ കഴിയും പ്ലാസ്റ്റിക് മോൾഡിങ്ങ് യൂണിറ്റ് ഇലക്ട്രിക്ക് മെറ്റീരിയൽസ് ഉണ്ടാ ക്കുന്നതിന് 25000/രൂപ മുതൽ മുടക്കാൻ തയ്യാറുള്ളവരുണ്ട്. ബീഡി നിർമ്മാണ യൂണിറ്റ് തുടങ്ങാൻ തയ്യാറുള്ളവർ ഉണ്ട്. തുന്നൽ പരിശീ ലന കേന്ദ്രം തുടങ്ങാൻ സാധ്യത യുണ്ട്. ആടുവളർത്തൽ, കോഴി വളർത്തൽ എന്നിവയ്ക്കും സാധ്യത കളുണ്ട്.
6	മൂന്ന് ചെറിയ ഇരുമ്പ് വ്യവസായ യൂണിറ്റ്, ഒരു കൊപ്ര മില്ല്. 2 നെല്ലുകുത്ത് മില്ല് എന്നിവ പ്രവർ ത്തിക്കുന്നു. 6 കുടുബങ്ങൾ കൊട്ട, മുറം, പനമ്പ് എന്നിവ ഉണ്ടാക്കുന്നു.
7	കരടിക്കുന്ന് കോളനി കേന്ദ്രീകരിച്ച് പനമ്പ്, മുറം, കുട്ട, എന്നിവയുടെ നിർമ്മാണം നടക്കുന്നുണ്ട്. ഇത് സഹകരണ അടിസ്ഥാനത്തിൽ ആക്ക ണം. കപാറി വ്യവസായം 7 ാം വാർഡ ിലുണ്ട്. ഇതിന് ആവശ്യമായ ലൈസൻസ് മറ്റ് രേഖകളും വാങ്ങി കൊടുക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കണം. തൊഴിലാളികൾക്ക് ഇൻഷൂറൻസ് സൗകര്യം ഉണ്ടാക്കണം. ഒരു ക്രഷർ യൂണിറ്റ് തുടങ്ങുന്നതിന് ശ്രമം ആരംഭിക്കണം. DWCRA പദ്ധതിയിൽ ബ്രഷ് യൂ ണിറ്റ് തുടങ്ങണം
8.	വനിതകളുടെ നേതൃത്വത്തിൽ ഗ ത്തിയിരുന്ന ഗാർമെൻറ് മേക്കിങ്ങ് യൂണിറ്റ് സാമ്പത്തീക വിഷമങ്ങൾ കാരണവും വിപണി ലഭിക്കാത്തതു കാരണവും നിന്നു പോയിട്ടുണ്ട്. തൊഴിൽ സംരഭങ്ങൾ തുടങ്ങുന്നതിന് വേണ്ടത്ര ധാരണ എല്ല. കോഴിവളർത്തൽ മത്സ്യ കൃഷി എന്നിവയ്ക്ക് സാധ്യതകളുണ്ട്.
9	റെഡിമെയ്ഡ് ഗാർമെൻറ്, ചന്ദന ത്തിരി തീപ്പെട്ടി, പ്ലാസ്റ്റിക് ഉൽപ്പ ന്നങ്ങൾ എന്നിവയുടെ യൂണിറ്റുകൾ സഹകരണ അടിസ്ഥാനത്തിൽ തുടങ്ങാൻ കഴിയും. ഫിനോയിൽ, ബ്ലീച്ചിങ്ങ് പൗഡർ, ക്ലീനിങ്ങ് പൗഡർ, എന്നിവയുടെ യൂണിറ്റ് തുടങ്ങാൻ കഴിയും. പാലിൻെറ ഉൽപ്പന്ന വിതരണ സംവിധാനം മിൽക്ക് സൊസൈറ്റി രൂപീകരിച്ച് ശക്തിപ്പെടുത്താം.
10.	കാർഷിക ഉപകരണങ്ങൾ നിർമ്മി ക്കുന്ന വ്യവസായ യൂണിറ്റ് രൂപീക രിക്കാൻ കഴിയും, ഗേറ്റ്, ഗ്രിൽസ്, എന്നിവ നിർമ്മിക്കുന്നതിന് അടി സ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയാ ണെങ്കിൽ സാദ്ധ്യതയുണ്ട്. കെൽട്രോ ണിൻെറ, ഒരു മിനി യൂണിറ്റ് ആരം ഭിക്കണം. പഞ്ചായത്തിൽ വ്യവസായ വികസന കോർപ്പറേഷൻെറ സഹായ ത്തോടെ ഒരു മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് ആരംഭിക്കണം. മരപ്പണി എടുത്തു ജീവിക്കുന്നവർ ധാരാള മുണ്ട്. വായ്പാ സൗകര്യം ചെയ്തു കൊടുക്കണം. DWCRA യൂണിറ്റു കൾ മുഖേന കുടനിർമ്മാണം, ഫർ ണീച്ചർ നിർമ്മാണം, ബ്രഷ് നിർമ്മാ ണം എന്നിവയ്ക്ക് സാദ്ധ്യതയുണ്ട്.

5 4 കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യപുരോഗതിയുടെ മുഖ്യ സൂചകങ്ങളിൽ ഒന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണ നിലവാരവും. കുടിവെള്ളത്തിനായി പഞ്ചാ യത്തിലെ ഭൂരിഭാഗം ജനങ്ങളും കിറുകളെയാണ് ആശ്രയിക്കുന്നത്. മാർച്ച് മുതൽ കാലവർഷാരംഭം വരെ 90 ശതമാനം ജനങ്ങളും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിയ്ക്കുന്നു. കുന്നുകളും [illegible] ഭൂപ്രകൃതിയാണ് നമ്മുടെത്. താഴ്ന്ന വരുമാനക്കാരും പട്ടി[illegible] പെട്ടവരും താരതമ്യേന ഉയർന്ന പ്രദേശത്താണ് താമസിക്കുന്നത്. അതുകൊണ്ട് തന്നെ ഈ പ്രദേശങ്ങളിൽ അതി രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിൽ 12 പൊതു കിണറുകളും 23 കുഴൽകിണറുകളും പഞ്ചായത്ത് നിർമ്മി ച്ചിട്ടുണ്ട്. പൊതു കിണറുകളിൽ പലതിലും വേനൽക്കാലത്ത് വേണ്ടത്ര ശുദ്ധജലം ലഭി യ്ക്കാറില്ല. കുഴൽ കിണറുകളിൽ പലതും പ്രവർത്തനരഹിതമാണ്. ഇവയിൽ തന്നെ ഇരുമ്പ് പൈപ്പുകാളയതുകൊണ്ട് വെള്ളത്തിന് ചുവയും നിറം മാറ്റവും കാണാറുണ്ട്.

ചെർപ്പുളശ്ശേരി, ചളവറ, തൃക്കടീരി പഞ്ചാ യത്തുകൾ കൂടി 1980 ൽ തൂതപുഴയിലെ ജനലം ഉപയോഗിച്ച് ഒരു ശുദ്ധജല പദ്ധതി ആരംഭിച്ചു. പദ്ധതി കമ്മീഷൻ ചെയ്യാൻ പിന്നേയും സമയമെടുത്തു. ഇപ്പോൾ തൂതപ്പുഴയിലെ കിണർ നാശമായതുകാരണം ഈ പദ്ധതിയ്ക്ക് വെള്ളം ലഭ്യമാകുന്നില്ല. പകരം ചളവറയിലുള്ള ഒരുകുഴൽ കിണറിൽ നിന്നാണ് വെള്ളം ഉപയോഗിച്ചു വരുന്നത്. തൃകടീരി പഞ്ചായത്തിലേക്കും കൂടി ഈ കുഴൽകിണറിൽ നിന്നുള്ള വെള്ളമാണ് ഉപയോഗിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ സുമാർ 7 കി. മീറ്റർ നിളം ഈ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ ഇട്ടിട്ടുണ്ട്. ഏകദേശം 43 ടാപ്പുകൾ ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. വേനൽക്കാലത്ത് വൈദ്യുതി കമ്മിയായതുകൊണ്ട് മോട്ടോർ ഉപയോഗശൂന്യമായി പലപ്പോഴും വെള്ളം കിട്ടാറില്ല.

നമ്മുടെ പഞ്ചായത്തിൽ എല്ലാ കാലത്തും വെള്ളം ലഭിക്കുന്ന 5 ഉറവ്കൾ ഉണ്ട്. 1.ാം വാർഡിലെ ചോലയിൽമുക്ക്, 2 ാം വാർഡിലെ ചരപ്പുറമ്പത്ത് ചോല, 3ാം വാർഡിലെ മൂലയിൽ ചോല, 6 ാം വാർഡിൽ ഇട്ടീരിക്കുന്നിന് മുകളിലുള്ള ചോല, 8 ാം വാർഡിലുള്ള ചോല എന്നിവയാണിവ. ഇവയുടെ ജലശേഷിയെകുറിച്ച് വിശദമായ പഠനങ്ങൾ ആവശ്യമാണ്.

ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്നിട്ടുള്ളതായ പ്രശ്നങ്ങളും നിർദ്ദേശങ്ങളും കൂടുതൽ വിശകലനത്തിനായി ചുവടെ ചേർക്കുന്നു.

വാർഡ്1: 1ാം വർഡിൽ കിഴക്കൻ മുക്ക് പ്രദേശത്ത് കുടിവെള്ള ക്ഷാമം ഉണ്ട്.. മദ്രശയുടെ അടുത്ത് ഉപയോഗശൂന്യമായ കിണർ നന്നാക്കു കയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിയ്ക്കും.

2. കുളത്തുംപടി മദ്രസഭാഗത്ത് പ്രാരികിണർ നന്നാക്കിയാൽ ആ പ്രദേശത്തെയും കുടിവെള്ളക്ഷാമം പരിഹരിക്കാം.

3. പഴംകഞ്ഞി ഭാഗത്ത് ഉപയോഗശൂന്യമായ കിണർ നന്നാക്കി ആ പ്രദേശത്തുള്ളവരുടെ കുടി വെള്ളക്ഷാമം പരിഹരിയ്ക്കാം.

4. തലശ്ശേരികുന്നത്ത് കിണർകുഴിയ്ക്കാനുള്ള സ്ഥലമ ആ പ്രദേശത്തുകാർ നല്കാൻ സന്നദ്ധരാണ്. അവിടെ കിണർ കുഴിച്ച് പ്രശ്നം പരിഹരിക്കണം.

5. ചളവറ പോസ്റ്റ് ഓഫീസ് പരിസരത്തു നിന്ന് കെ. ഡബ്ല്യു. എ. യുടെ പൈപ്പ് ലൈൻ നീട്ടി കല്ലംപറമ്പ് കോളനിയുടെയും ചേമ്പറ്റക്കാവ്വ രെയുള്ള പ്രദേശത്തേയും ജലക്ഷാമം പരി ഹരിയ്ക്കാം.

6. ചെട്ടിത്തൊടി കോളനിയിലെ നാശോ ന്മുഖമായ കിണർ നന്നാക്കി ആ പ്രദേശത്തു

ളുടെ വെള്ളക്ഷാമം പരിഹരിയ്ക്കാം

വാർഡ് 2

1. വരാട്ടിൽ ഹരിജൻ കോളനിയിലെ ഗകുടി വെള്ളംക്ഷാമം പരിഹരിക്കുന്നതിന് കുഴൽ നിർമ്മിക്കേണ്ടതാണ്.

2. പറകുന്ന് കോളനിയിൽ കുഴൽകിണർ നിർമ്മച്ച് ജലക്ഷാമം പരിഹരി ക്കേണ്ടതാണ്.

3. ചെമ്പരത്തിമട, കയ്യാലപറമ്പ് പ്രദേശം, തെക്കിൽ പടിഹരിജൻ കോളനി, അത്താണി പറമ്പ് ഭാഗം, വാരിയത്തൊടി എന്നി പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ കുഴിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാം.

1. മനച്ചിത്തൊടി ഭാഗത്തുള്ള കിണർ ചേറെടുത്ത് വൃത്തിയാക്കിയാൽ ആ പ്രദേശത്തെ ജലക്ഷാമം പ രിഹരിക്കാം.

വാർഡ് 3

ഒടും കാട്ട് കുന്ന്, കിഴക്കൻ മുക്കിലെ പൂളമുക്ക്, ഓട്പാറ, എന്നി പ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമം നേരിടുന്നു. ഇവിടെ യെല്ലാം കിണറുകൾ കുഴിച്ച് പ്രശ്നം പരിഹരിക്കേണ്ടതാണ്.

പുലാക്കൽ പ്രദേശത്ത് നിലവിലുള്ള കിണർ പുനരുദ്ധാരണം ചെയ്ത് ആ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാം. അല്ലെങ്കിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ആ പ്രദേശത്തേക്ക് നീട്ടി ടാപ്പുകളിട്ട് പ്രശ്നം പരിഹരിക്കാം.

വാർഡ് 4

വട്ടോളിക്കുന്ന്, ചിറയിൽകുന്ന്, മനക്കത്തൊടി, , ലക്ഷം വീട് കോളനി, എന്നിസ്ഥലങ്ങളിലേക്ക് വാട്ടർ അതോറിറ്റിയുടെ നനിലവിലുള്ള പൈപ്പ് ലൈൻ നീട്ടി ടാപ്പുകളിട്ട് കു ടിവെള്ള ക്ഷാമം പരി ഹരിക്കാം. നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ശ്രോതസ്സായ കുഴൽകിണറിന്റെ വളരെ അടുത്ത പ്രദേശമായ മനക്കത്തൊടികോളനിയിൽ ജലക്ഷാമം രൂക്ഷമാണ്. ഇവിടെക്ക് ഒരു ടാപ്പുപോലും ഇല്ല എന്നത് വളകെര ഖേദകരമാണ്.

2. കണ്ണൂർക്കാം പറമ്പ് പ്രദേശത്ത് ഒരു കകുഴൽക്കിണർ കകുഴിച്ച് വെള്ളക്ഷമാം പരിഹരികക്കാം.

3. പട്ടത്തിൻ പ്രദേശത്ത് ഒരുതുറന്ന കിണർ കുഴിക്കണം.

4. മുണ്ടൻകുാട് പ്രദേശത്ത് നിലവിൽ രണ്ടു ടാപ്പുകളുണ്ട്.കുഞ്ചുപടിയിലുള്ള

ടാപ്പിൽ നിന്ന് സ്വകാര്യവ്യക്തികൾ ഹോസുകളിട്ട് വെള്ളളം ടാങ്കുകളിൽ ശേഖരിക്കുന്നു.

വാർഡ് 5

1. ചെറുവത്തൂർ കോളനിയിൽ കിണർ കുഴിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം.

2. കിളിഞ്ചീരികുന്ന് കോളനിയിൽ ജലക്ഷാമം പരിഹരിക്കാൻ മുതലിയാർ തെരുവിൽ കുഴൽകിണറിൽ നിന്ന് വെള്ളം പമ്പ് സെചയത് പൈപ്പിട്ടാൽ കഴിയും.

3. ഓട്പാറ പ്രദേശത്ത്, കാഞ്ഞിരപ്പുഴ കനാൽ അതിർത്തിയിലുള്ള കിണർ നന്നാക്കി ഉപയോഗ്യമാക്കണം.

4. കോഴിക്കോട്ട്പറമ്പ്, തെക്കറെകുണ്ട്, എന്നി പ്രദേശങ്ങളിൽ കുഴൽകിണറുകൾ കുഴിക്കണം.

5. നാരായകുണ്ട് ഭാഗത്ത് നിലവിലുള്ള കിണർ നന്നാക്കി ജലക്ഷമാം പരിഹരിക്കണം.

6. തെക്കറപാറയിലെ നിലവിലുള്ള കുഴൽ കിണർ പ്രവർത്തനയോഗ്യമാക്കണം.

7. മുതലിയാഖർ തെരുവിലെ കുഴൽകിണറിലെ വെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തണം.

വാർഡ് 6

1. പുതുക്കാട് പറമ്പ്(കുഴൽകിണർ), കളത്തിൽപടിക്കോളനി, ചക്കുപുരകുന്ന് കോളനി, അടാട്ടിരികുന്ന് കോളനി, കല്ലുവെട്ട് പറമ്പ്, മുണ്ടക്കാട, കോട്ടക്കുതാഴെ, വെള്ളച്ചീരിപറമ്പ്, മൂത്തേടത്തുപടികോളനി എന്നിസ്ഥലങ്ങളിൽ കിണർ നിർമ്മിച്ച് ജലക്ഷമാം പരിഹരിക്കണം.

2. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ കയലിയാട് നിന്ന് വാണിയംകുളം പഞ്ചായത്തിന്റെ അതിർത്തിയായ കോട്ടവരെ നീട്ടിയാൽ ഈ വാർഡിലെ കുടിവെള്ളക്ഷാമം ഒരി പരിധി വരെ പരിഹരിക്കാം.

3.

വെള്ളച്ചീരിപറമ്പിലരുള്ള നിലവിലുള്ള പൊതുകിണർ ചേറെടുത്ത് പടുത്ത് വൃത്തിയാക്കി ആപ്രദേശത്തെ കുടി വെള്ളക്ഷാമം പരിഹരിക്കേണ്ടതാണ്.

4. വേമ്പലത്തുംപാടംസെൻറിലുള്ള പൊതു കിണർ താഴ്ത്തിപടുത്ത് വൃത്തിയാക്കിയാൽ ആ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

5. നിലവിലുള്ള കുഴൽകിണറുകളിലെ ഇരുമ്പ് പൈപ്പ് മാറ്റി പി.വി.സി. പൈപ്പ് ആക്കേണ്ടതാണ്.

വാർഡ്7

1. നീളിക്കുളമോ, കൌണിക്കുളമോ ഉപയോഗിച്ച് ജലം പമ്പ് ചെയ്ത് പൈപ്പ് ലൈനിട്ട് വിതരണം നടത്തിയാൽ കരടിക്കുന്ന്, നടുത്തൊടിപറമ്പ്, പറക്കുന്ന്, ശവത പറമ്പ്, മാളിയാട്ട്കുന്ന് എന്നീ കോളനികളേയും സമീപപ്രദേശങ്ങളിലേയും കടുിവെള്ളക്ഷാമം പരിഹരിക്കാം.

2. കരടിക്കുന്നത്ത് നിലവിലുള്ള കുഴൽക്കിണറിൽ വേനൽക്കാലത്ത്വെള്ളംകിട്ടുന്നില്ല. അത്പരിശോധിച്ച് ജലം ലഭ്യമാകാൻ വേണ്ട നടപടികൾ ഉണ്ടാക്കണം.

3. തട്ടാര്കുന്നിലെ കുഴൽകിണറിലെ വെള്ളത്തിന് ചുവയും മഞ്ഞനിറവും കാണുന്നു. ഇതും അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

വാർഡ്8

1. അത്താണിപാറ, കുഞ്ഞികുർശ്ശി (കുഴൽകിണറുകൾ), പ്ലാചിറാളേനി, മണ്ണാൻകോളനി എന്നീ പ്രദേശങ്ങളിൽ കിണറുകൾ കുഴിച്ച് ജലക്ഷാമം പരിഹരികര്കണം.

2. അത്താണിപ്പാറയിലെ കിഴക്കേ അറ്റത്തും മനപടിക്കുസമീപവും ഉള്ള കുഴൽകിണറുകളലെി ഇരുമ്പുപൈപ്പ് ലൈൻ മുണ്ടക്കേടട്ടുകുർശ്ശി റോഡിലൂടെ ചളവറ പഞ്ചായത്തിൻെറ അതിർത്തിവരെ നീട്ടി ആ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കണം

വാർഡ്9

1. മലച്ചിക്കോളനിയിൽ ഒരു കുഴൽകിണർ നിർമ്മിച്ച്ുജലക്ഷമാം പരിഹരിക്കണം.

2. മമാപ്പിളകുളം, പയ്യിലികുളം, പറകുഴി എന്നിവതാഴ്ത്തി പടുത്ത് മോട്ടോർ സ്ഥാപിച്ച് വെള്ളം ടാങ്ക് വഴി കൈതേലികുന്ന്, മുണ്ടക്കോട്ട്കുർശ്ശി അങ്ങാടി, പട്ടത്തിക്കുന്ന് കോളനി, പറക്കുനന്ന്മുക്ക്, ചെറുമുക്ക് തുടങ്ങിയസ്ഥലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

4. കുന്നത്തൊടി കോളനി, കുറുപപെത്ത് കോളനി എന്നിവിടങ്ങളിൽ കിണർകുഴിച്ച് ജലക്ഷാമ പരിഹരിക്കണം.

വാർഡ്10

1. തേലശ്ശീരിപറമ്പ്, പാലനൂർപറമ്പ്, കണം തൊടിതെരുവ്, കൊട്ടാരംതൊടി, കുറുപ്പത്ത് പടി, ചാലിയംകുന്ന് കോളനി, ഓടുപാറ എന്നിവിടങ്ങളിൽ കുഴൽകിണറുകൾ കുഴിച്ച്ുജലം എത്തിക്കണം.

2. തച്ചംപറ്റകുന്ന്, ചക്കുതൊടിയലെ നിലവിലുള്ള പൊതുകിണർ വൃത്തിയാക്കി ആ പ്രദേശത്ത്കുടിവെള്ളക്ഷമാം പരിഹരിക്കണം.

3. വാട്ടർ അതേറിറ്റിയുടെ നിലവിലുള്ള പൈപ്പ് ലൈൻ പഴയവില്ലേജ്, ഓടുപാറ റോഡ്, മണിപ്രപടിമലച്ചിറോഡ്, ഇടൂർകുന്ന്, പട്ടത്തികുന്ന് റോഡ്, ഇടൂർകുന്ന് തേലശ്ശീരിപറമ്പ്വഴി കൊട്ടാരത്തൊടി റോഡ് എന്നീറോഡുകളിലൂടെ നീട്ടി ആവശ്യമായ പൈപ്പുകളിട്ട് ആ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കണം.

എല്ലാഗ്രാമസഭകളിലും നിർദ്ദേശിിച്ച പദ്ധതികൾക്ക് 25 മുതൽ 30 ശതമാനം വരെ പ്രാദേശീക വിഭവസമാഹരണം ഉണ്ടാകുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

ചെറുകിട ശുദ്ധജല പദ്ധതികൾ

1. ചോലായിൽഭാഗത്തുള്ള കുളം വൃത്തിയാക്കി ഒരു ചെറുകിടശുദ്ധജല പദ്ധതി ആവിഷ്കരിച്ചാൽ ചളവറ ഇപദേശത്തെ കുടിവെള്ള പ്രശ്നത്തിന് സമ്പ്രായിയായപരിഹാരമാകും.

2. ചരപ്പുറമ്പത്ത് ചിറ ഉപയോഗിച്ചോ അല്ലെങ്കിൽ തൂമ്പായ പ്രദേശത്തെ കുഴൽകിണർ ഉപയോഗിചച്ചോ ചെറുകിട ശുദ്ദജല

പദ്ധതി നടപ്പിലാക്കാൻ കഴിയും.

8. കാട്ടിലെ പാടത്ത് ടാങ്ക് കെട്ടി ഒരു ചെറുകിട ശുദ്ധജല പദ്ധതി നടപസ്പിലാക്കാം.

4. വെള്ളച്ചീരി പറമ്പിലെ കുഴൽകിണറും ഉപയോഗിചച് ഒരു ചെറുകിട ശുദ്ധജല പദ്ധതി ആവിഷ്ക്കരിച്ചാൽ 6,7,10 എന്നീ വാർഡുകളിലെ ശുദ്ധജലക്ഷാമം സ്ഥായിയായി പരിഹരിക്കാം.

5. ഒലിംകരചോല ഉപയോഗിച്ച് ഒരു പദ്ധതി ഏരംഭിച്ചാൽ മുണ്ടക്കോട്ടുകുർശ്ശി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

മറ്റുനിർദ്ദേശങ്ങൾ

1. നിലവിലുള്ള കുടിവെള്ളത്തെസംരക്ഷിക്കാൻ വേണ്ടി വളപ്പുകളിൽ കുഴികൾ കുഴിച്ച് മഴവെള്ളം സംഭരിക്കാം.

2. ഇതിന്നാവശ്യമായ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുക.

ആരോഗ്യം

''ശാരീരികവും, മാനസികവും, സാമൂഹികവും സാമ്പത്തികവുമായ സുസ്ഥിതിയാണ് ആരോഗ്യം'' (ഠ.ഛ്ല.ൻ 1956)

ആരോഗ്യം എന്നാൽ രോഗം ഡോക്ടർ, ആശുപത്രി മരുന്ന് മറിച്ച് ഭക്ഷണം, കുടിവെള്ളം, പരിസര ശുചിത്വം, വരുമാനം എന്നതായിരിക്കണം. ഇതനുസരിച് പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യസ്ഥിതി വളരെ പരിതാപകരമാണ്. ആദ്യകാലങ്ങളിൽ ഏതാനും പാരമ്പര്യവൈദ്യകുടംബങ്ങളെയാണ് ജനങ്ങൾ ചികിത്സക്കായി ആശ്രയിച്ചിരിക്കുന്നത്. ചരടു ജപിച്ചു കൊടുക്കുക, വഴിപാടുകൾ നേരുക, മന്ത്രം ജപിക്കുക തുടങ്ങിയ അന്ധവിശ്വാസ ചികിത്സാസ്രദായങ്ങൾക്കായിരുന്നു മുൻഗണന. സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസത്തിന്റേയും, സാമൂഹ്യസംഘടനകളുടേയും മറ്റും പ്രവർത്തനഫലമായി ഇത്തരം പ്രകൃതി ചികിത്സാരീതികൾക്ക് മാറ്റം വന്നിട്ടുണ്ട്. എന്നാലും ഇന്നും ചില സ്ഥലങ്ങളിൽ ഇത് തുടർന്നുകൊണ്ടിരിക്കുന്നു.

മുണ്ടക്കോട്ടുകുർശ്ശിയിലെ P.H.C. ,കളിലെ സബ്സെൻറുകളും, ചളവറയിലെ ആയുർവേദ ആശുപത്രിയും അടങ്ങുന്നതാണ് പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യസംവിധാനങ്ങൾ. ഇതിനുപുറമേ രണ്ട് പാരമ്പര്യവൈദ്യൻമാരും ഒരു വിഷചികിത്സാ കേന്ദ്രവും നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമല്ല. അതു കൊണ്ടുതന്നെ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ചികിത്സക്കായി ഒറ്റപ്പാലം, ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി, പട്ടുമ്പി തുടങ്ങിയ സ്ഥലങ്ങളിലെ ആശുപത്രികളെ ആശ്രയിക്കുന്നു. ലഭ്യമായ കണകനുസരിച്ച് 1995 96ൽ 994 ജലജന്യരോഗളങ്ങളും 606 വായുജന്യരോ ഗങ്ങളും 8 പ്രാണിജന്യരോഗ്ങ്ങളും 7839 മറ്റുരോഗങ്ങളും റിപ്പോർട്ടുചെയ്യപ്പെട്ടു. കുഷ്ടരോഗം ബാധിച്ച് 70പേരും, കാൻസർ ഉള്ള 4പേരും ക്ഷയം ബാധിച്ച 6 പേരും, രക്തസമ്മർദ്ദമുള്ള 72 പേരും, പ്രമേഹം ബാധിച്ച 27 പേരും ഈ പഞ്ചായത്തിലുണ്ട്. മുണ്ടക്കോട്ടുകുർശ്ശിയിലെ പി.എച്ച്.സിയിൽ 190 കിടക്കളളും. ചളവറയിലുള്ള ആയുർവേദാശുപത്രിയിൽ 10 കിടക്കകളും ഉള്ള വാർഡുക43 ഉണ്ട്. അതുകൊണ്ടുതനെന കൂടുതൽ പേരും കിടത്തിചികിത്സാസൗകര്യങ്ങൾക്ക് മറ്റു ആശുപത്രികളെ അഭയം പ്രാപിക്കുന്നു. പഞ്ചായത്തിലെ ഔദ്യോഗിക ആരോഗ്യസ്ഥാപനങ്ങളിൽ ഒട്ടാകെ 30 ഓളം ജീവനക്കാരുണ്ട്.

മുണ്ടക്കോട്ടുകുർശ്ശിയിലെ പി.എച്ച.സിയിൽ 2 ഡോക്ടർമാരുടെ പോസ്റ്റ് ഉണ്ടെങ്കിലും ഒരാളാണ് നിലവിലുള്ളത്. ഈ ഡോക്ടർ തന്നെ ഉച്ചവരെ മാത്രമേ രോഗികളെ പരിശോധിക്കുന്നുള്ളൂ. ഈ സ്ഥാപനത്തിന്റെയ ബാലാരിഷ്ടതകൾ ഇന്നും തീർന്നിട്ടില്ല. അതുപോലെ മുണ്ടക്കോട്ടുകുർശ്ശിയിലെ റോഡുകളുടെ മോശപ്പെട്ട നിലവാരം ഇതിന്റെ വളർങ്ങച്ചക്കുള്ളള മറ്റൊരു വിലങ്ങുതടിയാണ്. ആവശ്യമുള്ള അളവിൽ മരുന്നുകളുടെ ലഭ്യതക്കുറവ്, ഉപകരണമില്ലായ്മ, ജീവന്കാരുടെ കമ്മി ഇവയെല്ലാം മറ്റു പ്രശ്നങ്ങളാണ്.

ചളവറ ആയുർവേദ ആശുപത്രിയിൽ വർഷത്തിൽ വെറും 30,000 രൂപക്കുള്ള മരുന്നുകളെ അനുവദിക്കുന്നുള്ളൂ. ഇത് രോഗികളുടെ ആവശ്യത്തിന്തികയുന്നില്ല. ആകെയുള്ള 8 പോസ്റ്റുകളിൽ രണ്ടെണ്ണം ഒഴിഞ്ഞുകിടക്കുന്നു. വാതരോഗികളാണ് കൂടുതലായും ഈ ആശുപത്രിയിലെത്തുന്നത്. അതുതന്നെ പുറം പഞ്ചായത്തുകളിൽ നിന്നാണ്. പുതിയ വാർഡിന്റെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. നിലവിലുള്ള നാല് സബ്സെൻറുകളിൽ രണ്ടെണ്ണത്തിൽ

മാത്രമേ ജീവന്കാരുള്ളൂ. ബാക്കി രണ്ടെണ്ണം തീരെ പ്രവർത്തിക്കുന്നില്ല. ഈ സബ് സെൻററുകളിൽ പ്രഥമശുശ്രൂഷയ്ക്കുള്ള മരുന്നുകൾ പോലും പലപ്പോഴും കിട്ടാനില്ല.

ഗ്രാമസഭകളിൽ ഉയർന്നുവന്ന ആരോഗ്യരംഗത്തെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും തഴെ ചേർക്കുന്നു.

ജീവനക്കാരില്ലാത്ത സബസെൻററുളൽ ജീവനക്കാരെ നിയമിക്കണം. ഓരോ വാർഡിലും ആഴ്ചയിൽ രണ്ടുദിവസമെങ്കിലും ഡോക്ടർമാർ രോഗികളെ പരിശോധിക്കണം. സബ് സൻെററുകളില്ലാത്ത വാർഡുകളിൽ സെൻററുകൾ സ്ഥാപിക്കണം. കുട്ടികൾക്ക് പോളിയോ കൊടുക്കാൻ വേണ്ടി എല്ലാ വാർഡുകളിലും മാസത്തിലൊരിക്കൽ സൗകര്യം ഉണ്ടാക്കേണടതാണ്. ഛർദ്ദി, അതിസാരം, ചെങ്കണ്ണ്, പനി തുടങ്ങിയ പകർച്ചവ്യാധികൾ ഉണ്ടാകാറുണ്ട്. ഇവ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ആരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർ സ്ഥിരമായി വീടുകൾ സന്ദർശിച്ച് ജനങ്ങളെ ആരോഗ്യകാര്യങ്ങളിൽ ബോധവാൻമാരാക്കണം. വാ;ർഡ് അടിസ്ഥാനത്തിൽ രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കണം. സ്ക്കൂളുകളിലെ ആരോഗ്യ പരിപാടികൾ കൂടുതൽ കാര്യക്ഷമമാക്കണം. അംഗനവാടികളിലൂടെയുള്ള പോഷകാഹാര പരിപാടി കൂടുതൽ കാര്യക്ഷമമാക്കണം.

മുണ്ടക്കോട്ടുകുർശ്ശിയിലെ പി.എച്ച്.സിയിൽ ഒഴിവുള്ള പോസ്റ്റിൽ ഉടൻ ഡോകടേറെ നുയമിക്കുക.

മുണ്ടക്കോട്ടുകുർശ്ശിയിലെ പി.എച്ച്. സിയിലേക്കുള്ള റോഡകളുടെ ശോചനിയാവസ്ഥ പരിഹരിക്കുക.

പി.എച്ച.സിക്കു ചുറ്റും മതിൽ നിർമ്മിക്കുക.

പി.എച്ച്. സിയിൽ ടെലിഫോൺ സൗകര്യവും, ആംബുലൻസ് സൗകര്യവും ഏർപ്പെടുത്തുക.

പി.എച്ച്.സിയിൽ ഒരു മുഴുവൻ സമയ ഡോഖ്ടറെ നിയമിക്കുക.

ആശുപത്രിയുടെ മെച്ചപ്പെട്ട നടത്തിപ്പിന് ഒരു ജനസമിതിയെ നിയമിക്കുക.

ആയുർവേദ ആശുപത്രിയിൽ ഒഴിവള്ള പോസ്റ്റുകളിൽ ജീവനക്കാരെ നിയമിക്കുക.

ജനങ്ങൾക്ക് ആവശ്യമുള്ളത്ര മരുന്നുകൾ ആശുപത്രികളിൽ ലഭ്യമ;ക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ഈ സബ്സെൻററുകളുടെ പ്രവർത്തനം വിപുലമാക്കുക.

ഉദ്യോഗസ്ഥരെ ബന്ധപ്പെടുത്തി ചർച്ചാക്ലാസ്സുകൾ, ഫീൽഡ് പബ്ലിസിറ്റി വഭാഗങ്ങളുടെ സ്ലൈഡ് വീഡിയോ പ്രദർശനങ്ങൾ എന്നിവ നടത്തണം.

മുണ്ടക്കോട്ടുകുർശ്ശിയിലെ വിഷചികിത്സാ കേന്ദ്രത്തിന് കൂടുതൽ ഗ്രാൻറ് ലഭ്യമാക്കി പ്രവർത്തനം വിപുലീകരിക്കുക.

10ാം വാർഡിൽ ഒരു ആരോഗ്യ ഉപകേന്ദ്രം ആരംഭിക്കുക. സ്ഥലം സൗജന്യമായി നാട്ടുകാർ നൽകും

പരിസ്ഥര സുചിത്വം

ആരോഗ്യരംഗത്ത് കുടിവെള്ളത്തോടൊപ്പം തനെ പ്രാധാന്യമർഹിക്കുന്ന സംഗതിയാണ് പരിസരശുചിത്വം. കക്കൂസുകൾ പരിസരശുചിത്വത്തിന് അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിലെ പകുതിയിലധികം കുടുംബങ്ങൾക്കും കക്കൂസ് സൗകര്യമില്ല. ഇതിനാൽ വിരശല്യം, വയറിളക്കരോഗങ്ങൾ മറ്റു പകർച്ചവ്യാധികൾ എന്നിവയ്ക്കുള്ള സാധ്യത വളരെയേറെയാണ്. 1995-'96 വർഷത്തിൽ 994 പേർക്ക് ജലജന്യരോഗങ്ങൾ ബാധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കക്കൂസ് നിർമ്മാണ രംഗത്ത് അനുഭവപ്പെടുന്ന പ്രശ്നങ്ങൾ താഴെച്ചേർക്കുന്നു.

1. സാമ്പത്തിക പരാധീനത, 2. സ്ഥലപരിമിതി (കോളനി പ്രദേശങ്ങളിൽ) 3, കക്കൂസിൻെറ പ്രാധാന്യത്തെക്കുറിച്ചുള്ള അജ്ഞത.

നിർദ്ദേശങ്ങൾ :

സർക്കാ, അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ സഹായം കൂടുതൽ ആളുകൾക്ക് ലഭ്യമാക്കണം.

ചിലവു കുറഞ്ഞ നിർമ്മാണ രീതികൾ കണ്ടു പിടിച്ച് പ്രോത്സാഹിപ്പിയ്ക്കുക.

ആരോഗ്യക്ഷേമ പ്രവർത്തകരേയും, സന്നദ്ധസംഘടനാ പ്രവർത്തകരേയും ഉൾപ്പെടുത്തി ജനങ്ങളെ ബോധവാൻമാരാക്കുക.

കടപ്പുറം, തിരുവേഗപ്പുറ പഞ്ചായത്തുകളിൽ നടപ്പിലാക്കിയതുപോലെ വിദേശസഹായം ഈ രംഗത്ത് ലഭ്യമാക്കുക.

വ്യവസായ രംഗത്തു നിന്നുള്ള പരിസര മലിനികരണം ഈ പഞ്ചായത്തിൽ ഗുരുതരമല്ല. പഞ്ചായത്ത് പ്രദേശത്ത് നഗരവത്കരണ പ്രവണതയും, ജനസംഖ്യാ വർദ്ധനയും മൂലം ഈ പ്രശ്നം കൂടുതൽ രൂക്ഷമാകാൻ സാധ്യതയുണ്ട്. റോഡ

ുകളുടെ ഓരത്ത് ചാലുകൾ ഉഴിഞ്ഞ് വെള്ളം കെട്ടി നിൽക്കാതെ ശ്രദ്ധിക്കേണ്ടതുണ്ട്. പ്രധാനപ്പെട്ട സെൻററുകളിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് 'വെയിസ്റ്റ് ബോക്സുകൾ' സ്ഥാപിയ്ക്കണം. റോഡ് സൈഡുകളിൽ സ്ഥിരമയി മീൻ വിൽക്കുന്നത് പരിസരമലിനീകരണത്തിന് കാരണമാകുന്നു. അത്തരം സ്ഥലങ്ങളിൽ മത്സ്യവില്പനക്ക് വൃത്തിയുള്ള മീൻചന്തകൾ സ്ഥാപിക്കണം. പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന ഹോട്ടലുകൾ, ശീതളപാനീയങ്ങൾ ശാലകൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങളുടെ വിൽപ്പന ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും അതു പാലിയ്ക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. വീടിനു ചുറ്റും മലിനജലം കെട്ടിനിൽക്കാൻ അനുവദിയ്ക്കരുത്. അടുക്കളയിലെ അവശിഷ്ടങ്ങളും മറ്റു ചപ്പുചവറുകളും കമ്പോസ്റ്റാക്കി മാറ്റുന്നതിനാവശ്യമായ ബോധവൽക്കണം നടത്തേണ്ടതുണ്ട്. ഭാവിയിൽ രൂക്ഷമായ പരിസ്ഥിതി പ്രശ്നമായേക്കാവുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ വർധിച്ചുവരുന്ന ഉപയോഗം തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിയ്ക്കണം.

പഞ്ചായത്തു തലത്തിൽ പ്രാവർത്തികമാക്കാവുന്ന പൊതു നിർദ്ദേശങ്ങൾ

പൊതുശ്മാശാനം :

ഏഴാം വർഡിൽ സ്ഥിതിചെയ്യുന്ന പൊതുശ്മാശാനത്തിലേയ്ക്ക് ഗതാഗതസൗകര്യം ഒട്ടുമില്ല. ജനങ്ങൾക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ ഗതാഗതസൗകര്യം അടിയന്തിരമായി ഉണ്ടാക്കണം

ജിംനേഷ്യം

പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിന് ഉതകുന്ന കായിക പരിശീലന കേന്ദ്രം പഞ്ചായത്തിൻെറ കീഴിൽ സ്ഥാപിയ്ക്കുക.

ആയുവേദ ഔഷധത്തോട്ടം:

ആയുവേദരംഗത്ത് രൂക്ഷമായി വരുന്ന ഔഷധസസ്യങ്ങളുടെ ദൗലഭ്യം പരിഹരിയ്ക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഔഷധത്തോട്ട നിർമ്മാണം പ്രേത്സാഹിപ്പിക്കാനുള്ള നടപടി എടുക്കണം.

വിഷ ചികിത്സാ കേന്ദ്രം

ആരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് പഞ്ചായത്തിൽ ശരാശരി (വർഷത്തിൽ) 24 ഓളം പേർക്ക് പാമ്പുകളിയേൽക്കുന്നുണ്ട്. അതിനാൽ ഒമ്പതാം വാർഡിൽ സ്ഥിതിചെയ്യുന്ന വിഷചികിത്സാകേന്ദ്രം, ചികിത്സയ്ക്കുതകുന്ന സ്ഥാപനമാക്കി മാറ്റണം.

ബോധവർക്കരണം:

ജനങ്ങളുടെ ആരോഗ്യസ്ഥിതിയെ തകരാറിലാക്കുന്ന ദുശ്ശീലങ്ങൾ (പുകവലി, മുറുക്കൽ, മദ്യപാനം)ക്കെതിരെ ബോധവൽക്കരണം സംഘടിപ്പിക്കുകയും ഇത്തരം ശീലങ്ങൾ നിരുത്സാഹപ്പെടുത്തുകയും ചെയ്യണം. പഞ്ചായത്തിൽ വർദ്ധിച്ചുവരുന്ന വ്യാജമദ്യ നിർമ്മാണവും വില്പനയും തടയാൻ അടിയന്തിരമായ നടപടികൾ സ്വീകരിക്കണം. ഇതിനുവേണ്ടി ഓരോ പ്രദേശത്തും എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളേയും ഉൾപ്പെടുത്തി പ്രദേശിക കമ്മറ്റികൾ രൂപീകരിക്കണം.

രക്തദാന സേനകൾ

ആധുനകി ചികിത്സാ സമ്പ്രദായത്തിൻെറ ഭാഗമായി ദിനംപ്രതി വർദ്ധിച്ചുവരുന്ന രക്തത്തിൻെറ ആവശ്യകതയെ മാനിച്ച് സന്നദ്ധസംഘടനകളുടേയും മറ്റും നേതൃത്വത്തിൽ വാർഡുതോറും രക്തദാന സേനകൾ രൂപീകരിയ്ക്കണം. അതോടൊപ്പം തന്നെ രക്തദാനത്തെക്കുറിച്ച് ബോധവൽക്കരണ സെമിനാറുകളും സംഘടിപ്പിയ്ക്കണം. ഇതു പോലെ നേത്രബാങ്കുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ശക്തമാക്കണം.

സഹകരണ ആശുപത്രി :

നിലവിലുള്ള ആരോഗ്യ സംവിധാനത്തിൻെറ പരിമിതികൾ പരിഗണിച്ചും വർദ്ധിച്ചുവരുന്ന ആരോഗ്യരംഗത്തെ ആവശ്യങ്ങൾക്കനുസരിച്ചും പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഒരു സഹകരണ ആശുപത്രിയുടെ സാദ്ധ്യതകൾ ഗൗരവമായി ചർച്ചചെയ്യണം.

നിലവിലുള്ള സംവിധാനത്തിൻെറ ദൗർബല്യങ്ങൾ പരിഹരിച്ചും, ആരോഗ്യരംഗത്തെ സ്ഥാപനങ്ങളേയും സന്നദ്ധ സംഘടനകളേയും കൂട്ടിയിണക്കിയും, കിട്ടാവുന്ന ലഭ്യതകൾ പരമാവധി ചൂഷണം ചെയ്തും, 'എല്ലാവർക്കും ആരോഗ്യം' എന്ന മഹത്തായ ലക്ഷ്യം സാക്ഷാത്ക്കരിയ്ക്കാൻ നമുക്കു കഴിയും. ഇതിനുവേണ്ടി നമുക്കേവർക്കും ആത്മാർത്ഥമായി പരിശ്രമിയ്ക്കാം

5 ഗതാഗതം - ഊർജ്ജം

ഗതാഗതത്തിന്റെ കാര്യത്തിൽ ഇന്നും വളരെയധികം പ്രയാസങ്ങൾ അനുഭവിയ്ക്കുന്ന ഒറ്റപ്പാലം താലൂക്കിലെ ഒരു പഞ്ചായത്താണ് ചളവറ ഗ്രാമ പഞ്ചായത്ത്. 1960 ന്റെ ആരംഭത്തിൽ നിർമ്മിച്ച ഈ പഞ്ചായത്തിലെ രണ്ടു പി. ഡബ്ല്യു. ഡി റോഡുകൾ ഇപ്പോഴും വേണ്ടത്ര ഗതാഗത യോഗ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ശ്രീ. പി. വി കുഞ്ഞുണ്ണിനായരും. ശ്രീ. ഐ. സി. പി. നമ്പൂതിരിയും, ശ്രീ. കെ. വി. കരുണാകരൻ നായരും മറ്റും ഈ പഞ്ചായത്തിലെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി നേതൃത്വപരമായി എടുത്ത പങ്കിനെ ആദരപൂർവ്വം നോക്കി കാണുന്നു. നാളിതുവരെയുള്ള എല്ലാ ഭരണസമിതികളും വരുമാനത്തിന്റെ 90 % വും റോഡ് നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കുമാണ് ഉപയോഗിച്ചത്. എന്നാൽ ഈ പഞ്ചായത്തിലെ റോഡ് ഗതാഗതത്തിന്റെ കാര്യം അങ്ങേയറ്റം ശോചനീയമാണ്. 41 കി. മീ. ദൂരം വരുന്ന ഈ പഞ്ചായത്തിലെ ആകെ റോഡുകളിൽ 18 കി. മീറ്റർ ദൂരം പി. ഡബ്ല്യു.ഡി. റോഡും 14 കി. മീറ്റൽ മെറ്റൽ റോഡും. 9 കി. മീറ്റർ പഞ്ചായത്ത് റോഡുമാണ്. കുളപ്പുള്ളി - എലിയപ്പറ്റ റോഡും, വാണിയംകുളം - വല്ലപ്പുഴ റോഡും, ചളവറ- ചേറമ്പറ്റക്കാവ് റോഡുമാണ് ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന പി. ഡബ്ലയു.ഡി. റോഡുകൾ. ഇതിൽ കുളപ്പുള്ളി- എലിയപ്പറ്റ റോഡും, വാണിയംകുളം വല്ലപ്പുഴ റോഡും പഴക്കമുള്ളതിനാൽ ചളവറ - ചേറമ്പറ്റക്കാവ് റോഡ് 2 വർഷങ്ങൾക്ക് മുമ്പാണ് പൊതുമാരമത്ത് വകുപ്പ് ഏറ്റെടുത്തത്. ഈ റോഡിന്റെ പണി ഇനിയും പൂർത്തീകരിച്ചിട്ടില്ല.

പുതുതായി ചില ഗ്രാമീണ റോഡുകൾ നിർമ്മിയ്ക്കേണ്ടതുണ്ടെങ്കിലും നിലവിലുള്ള റോഡുകൾ സംരക്ഷിയ്ക്കലും, ഗതാഗതയോഗ്യമാക്കലും തന്നെയാണ് അടിയന്തിരമായിട്ടുള്ളത്. പല ഗ്രാമീണ റോഡുകളും നിർമ്മിച്ചതിനുശേഷം പുരോഗതി പ്രാപിയ്ക്കാതെ കിടക്കുന്നു. 1964 ൽ പണിയാരംഭിച്ച വളരെ പ്രാധാന്യമുള്ള ചളവറ-തരുവക്കോണം റോഡ് ഇനിയും പണിപൂർത്തീകരിയ്ക്കാതെ കിടക്കുന്നു. 3 പഞ്ചായത്തുകളിലായി 2 ബ്ലോക്കിന്റെ കീഴിൽ കിടക്കുന്ന ഈ റോഡ് പി. ഡബ്ല്യു. ഡി. ഏറ്റെടുക്കണമെന്ന് നിരവധിതവണ ആവശ്യപ്പെട്ടിട്ടും യാതൊരു ഫലവുമുണ്ടായിട്ടില്ല. ഇതുപോലെന്നെ കയിലിയാട് - നെല്ലായ റോഡിനും പി. ഡബ്ല്യു.ഡി. ഏറ്റെടുക്കേണ്ട വളരെ പ്രാധാന്യമുള്ള ഒരു റോഡാണ്.

അറ്റകുറ്റപണികൾ നടത്താനോ, കലുങ്കുകളും ഓവുചാലുകൾ നിർമ്മിക്കാനോ കഴിയാത്തതു കാരണം നിലവിലുള്ള റോഡുകൾ പോലും ഗതാഗത യോഗ്യമല്ലാതായി തീർന്നിരിക്കുന്നു. ആവശ്യത്തിനു ഫണ്ടില്ലായ്മ. വരുമാനം കുറഞ്ഞ ഈ പഞ്ചായത്തിന്റെ എല്ലാ വികസന പ്രവർത്തനങ്ങൾക്കും വിലങ്ങുതടിയാകുന്നു. കൃഷിയ്ക്കാവശ്യമായ ജലസേചനത്തിനു വേണ്ടി ആരംഭിച്ച കാഞ്ഞിരപ്പുഴ കനാൽ ഗ്രാമവാസികളെയും കർഷകരെയും നോക്കി കൊഞ്ഞനം കുത്തുന്നുണ്ടെങ്കിലും പല ഉൾപ്രദേശങ്ങളിലേക്കും വാഹനങ്ങളുടെ ഇരമ്പൽ കേൾക്കുന്നതിന് കനാൽ റോഡുകൾ സഹായകരമായിട്ടുണ്ട്. മുഴുവൻ കനാൽ റോഡുകളും മെറ്റൽ ചെയ്ത് ടാറിട്ട് ഗതാഗതയോഗ്യമാക്കി, സംരക്ഷണചുമതല പഞ്ചായത്തുകളെ ഏൽപ്പിച്ചാൽ, റോഡ് ഗതാഗതത്തിന്റെ കാര്യത്തിലുള്ള പോരായ്മ ഒരു പരിധിവരെ പരിഹരിയ്ക്കാൻ കഴിയും.

പ്രശ്നങ്ങൾ

നിലവിലുള്ള പഴക്കം ചെന്ന 2 പി. ഡബ്ല്യു.ഡി. റോഡുകളിലും ബസ് സർവ്വീസ് ഉണ്ടെങ്കിലും വീതികുറവും കയറ്റിറക്കങ്ങളും ബസ്സ് സർവ്വീസ് നടത്തുന്നതിന് ബസ് ഓപ്പറേറ്റർമാരെ നിരുൽസാഹപ്പെടുത്തുന്നു. വാണിയംകുളം വല്ലപ്പുഴ റോഡിൽ ബസ് സർവ്വീസ് സമാന്യം മെച്ചപ്പെട്ട രീതിയിൽ ഉണ്ടെങ്കിലും കുളപ്പുള്ളി, എലിയപ്പറ്റ പി. ഡബ്ല്യു.ഡി റോഡിൽ വേണ്ടത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നില്ല. മറ്റൊരുകാരണം ജീപ്പ് സർവ്വീസ് ധരാളം നടക്കുന്നുണ്ട്. ജീപ്പ് സർവ്വീസ് ചാർജ്ജ് വളരെ കൂടിയതാണെങ്കിൽപോലും ഗതാഗത വിഷമം ഒരു പരിധിവരെയെങ്കിലും

കുറയ്ക്കാൻ ഇവയുടെ സർവ്വീസ് സഹായകമാണ്.

ഡ്രെയിനേജിന്റെ അഭാവം റോഡുകളെ പെട്ടെന്ന് തകരുവരുത്തുന്നു. പൊതുമരാമത്ത് പണികളിലെ ജനകീയ പങ്കാളിത്തക്കുറവ് റോഡുകൾ പെട്ടെന്ന് നശിയ്ക്കാൻ കാരണമാകുന്നു. കയില്യാട്, കൃഷ്ണപടി റോഡും, ചളവറ തരുവക്കോണം റോഡും പി. ഡബ്ല്യു.ഡി. ഏറ്റെടുക്കണ്ടത് ഈ പഞ്ചായത്തിന്റെ ഒരു പ്രധാന പ്രശ്നമാണ്. അതുപോലതന്നെ പി. ഡബ്ല്യു.ഡി. ഏറ്റെടുത്ത ചളവറ-ചേറമ്പറ്റക്കാവിന്റെ പണി പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കുന്നതിനുള്ള കാലതാമസവും മറ്റൊരു പ്രധാന പ്രശ്നമാണ്. പല ഗ്രാമീണ റോഡുകളെയും മെറ്റൽ ചെയ്യുന്നതിനും ടാർ ചെയ്യുന്നതിനും തുച്ഛമായ വരുമാനമുള്ള പഞ്ചായത്തിനെകൊണ്ട് കഴിയുന്നില്ല. കാലാകാലങ്ങളിൽ നാമമാത്രമായ പദ്ധതിവിഹിതം ഉപയോഗിച്ചാണ് റോഡിനുവേണ്ടി പഞ്ചായത്ത് തുക കണ്ടെത്തുന്നത്.

സാധ്യതകൾ

റോഡ് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന സാധ്യതകളിൽ എത്തിച്ചേരുന്നു.

1. കുളപ്പുള്ളി- എലിയപ്പറ്റ റോഡ്, വാണിയംകുളം- വല്ലപ്പുഴ റോഡ്, വീതികൂട്ടുകയും അറ്റകുറ്റപണികൾ നടത്തുകയും ചെയ്താൽ കൂടുതൽ ബസ് സർവ്വീസ് ആരഭിയ്ക്കുവാനും അതുവഴി സമഗ്രവികസനത്തിനുമ സാധ്യതയേറുകയും ചെയ്യും.

2. കയില്യാട്- കൃഷ്ണപടി റോഡും, ചളവറ-തരുവക്കോണം റോഡും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ഗതാഗത സൗകര്യമുള്ള താക്കിയാൽ മറ്റ് പഞ്ചായത്തുകളുമായി കൂട്ടിയിണക്കുന്ന പ്രധാന റോഡുകളായി മാറും.

3. ചളവറ- ചേറമ്പറ്റക്കാവ് പി. ഡബ്ല്യു.ഡി. റോഡ് ഉടൻ പണിപൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കിയാൽ ബസ് സർവ്വീസ് ആരംഭിയ്ക്കുവാനും താലൂക്ക് ആസ്ഥാനവുമായി ബന്ധപ്പെടുവാൻ ചളവറയിൽ നിന്നുമുള്ള ഏറ്റവും എളുപ്പമാർഗ്ഗമായി തീരുന്നു.

4. പുളിന്തറ മുതൽ- ചളവറ പോസ്റ്റാഫീസ് വരെ പുതിയ റോഡ് നിർമ്മിച്ചാൽ ചളവറയിൽ നിന്നും നെല്ലായ പഞ്ചായത്തിലേക്കുള്ള ഏറ്റവും എളുപ്പവഴയയായി തീരും. കൂടാതെ ഈ പ്രദേശത്തെ കാർഷിക മേഖലയുടെ പുരോഗതിയ്ക്ക് ഇത് വളരെ അത്യാവശ്യമാണ്.

5. ചളവറയിൽ നിന്നും മുണ്ടക്കോട്ടുകുർശ്ശി ഭാഗത്തേയ്ക്ക് പോകുന്ന റോഡ് പൂർണ്ണമായും ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കിയാൽ പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റത്ത് സ്ഥിതിചെയ്യുന്ന മുണ്ടത്തിക്കോട്ടുകുർശ്ശിയിലേക്കുള്ള ഏറ്റവും എളുപ്പമാർഗ്ഗമായി തീരും

6. മണ്ണാർക്കാട് നിന്നും കൃഷ്ണപടി മുണ്ടക്കോട്ടുകുർശ്ശി കയില്യാട് വഴിയും പെരിന്തൽമണ്ണയിൽ നിന്ന് ചളവറ, കയില്യാട് വഴിയും തൃശൂർ ഭാഗത്തേക്ക് കെ. എസ്. ആർ. ടി. സി. ബസ് സർവീസ്സുകൾ ആരംഭിക്കണം

7. നിലവിലുള്ള റോഡുകൾക്കും ഡ്രെയിനേജ് നിർമ്മിക്കുകയും പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ ഡ്രെയിനേജ് നിർമ്മാണത്തിന് പ്രാധാന്യം കൊടക്കുകയും ചെയ്താൽ മാത്രമെ റോഡുകൾ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടാൻ കഴിയുകയുള്ളൂ.

8. പ്രധാന ബസ് സ്റ്റോപ്പുകളിൽ ബസ്സ് വെയിറ്റിങ്ങ് ഷെഡുകൾ നാട്ടുകാരുടെ സഹായത്തോടുകൂടി മാത്രം നിർമ്മിക്കണം.

9. എല്ലാ റോഡ് കൾക്കും സംരക്ഷണസമിതി രൂപീകരിച്ച് സംരക്ഷണ ചുമതലകളിൽ നാട്ടുകാരുടെ പങ്ക് ഉറപ്പുവരുത്തണം.

10. വാണിയംകുളം ചളവറ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി പനയൂർ കോട്ടയിൽ നിന്നും വളച്ചുകെട്ടി വഴി ചെറുവത്തൂർ കോളനി ഭാഗത്തേക്ക് റോഡ് നിർമ്മിക്കണം.

ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ വാർഡടിസ്ഥാനത്തിൽ താഴെ കൊടക്കുന്നു.

വാർഡ്1

1. പോസ്റ്റ് ഓഫീസ് തരുവക്കോണം റോഡ് ഗതാഗതയോഗ്യമാക്കി യാത്ര സൗകര്യം ഉണ്ടാക്കണം

2. കല്ലംപറമ്പ് കോളനി ഭാഗത്തേക്കുപോകുന്ന റോഡ് വീതി കൂട്ടുകയും . ചെട്ടിത്തൊടി കോളനി റോഡുമായി ബന്ധിപ്പിക്കുകയും ചെയ്യണം

3. ആക്കുന്നത്ത് ഭാഗത്തുനിന്ന് ഇട്ടേക്കോട്ടു ഭാഗത്തേക്ക് പോകുന്ന ഇടവഴി ഗതാഗത യോഗ്യമാക്കി തീർക്കണം.

4. ചേറമ്പറ്റക്കാവ് റോഡിൽ നിന്ന് പുലാക്കുന്ന് ഭാഗത്തേക്ക് പോകുന്ന റോഡ് അറ്റകുറ്റപണി നടത്തണം.

5. ചെട്ടിത്തൊടി-ആക്കോട്ടുകുളം റോഡ് നിർമ്മാണ തടസ്സങ്ങൾ നീക്കി പൂർത്തിയാക്കണം.

6. ചോലയിൽ കോളനിയിലേക്കുള്ള റോഡ് കളിത്തികുന്ന് റോഡ് എന്നിവയുടെ പണി ഉടൻ ആരംഭിച്ച് പൂർത്തികരിക്കണം.

വാർഡ് 2

1. കളുപ്പുള്ളി 3- എലിയപ്പറ്റ പി. ഡബ്ല്യു.ഡി. റോഡ് വീതികവട്ടി ബസ്സ് സർവ്വീസകുകൾ കൂടുതൽ നടത്തുവാനുള്ള സൗകര്യമുണ്ടാക്കുക.

2. പാലാട്ട് പടി മുതൽ പൊരുതിയിൽ മന്പ്പടി വരെ കാനാൽ റോഡ് മെറ്റലിട്ട് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

3. പോസ്റ്റ് ഓഫീസ് മുതൽ പുളിന്തവരെയുള്ള ട്രാക്ടർ റോഡിന് ഉടൻ പ്രവർത്തനം ആരംഭിക്കണം.

4. പുളിന്തര - നെല്ലായ റോഡിന്റെ രണ്ടാംഘട്ടം പൂർത്തീകരിക്കണം.

5. പാലാട്ട് പടി അംഗനവാടി മുതൽ ചെമ്പരത്തിമാടുവരെയുള്ള പൊതു വഴി 50% ജനപങ്കാളിത്തത്തോടുകൂടിയും , ബാക്കി പഞ്ചായത്തിന്റെ സഹായത്തോടുകൂടിയും പൂർത്തീകരിക്കണം.

6. തൃക്കാരമണ്ണകോളനി റോഡ്- ഗോതമ്പ് റോഡിൽ മുട്ടിക്കുക

7. തോ;ട്ടത്തിൽ മുക്ക് അംഗനവാടി മുതൽ ചാക്കുന്നത്ത് കോളനി റോഡിലേക്കുള്ള വഴി 50% ജനപങ്കാളിത്തത്തോടും 50% പഞ്ചായത്തിന്റെ സഹായത്തോടും നേരെയാക്കണം.

8. തൂമ്പായമുക്ക് കാട്ടിരിക്കുളം വഴി ഗോതമ്പ് റോഡിലേക്ക് മുട്ടിക്കുക.

9. പയ്യൂരി പടി ആലും ചുവടുമുതൽ പറക്കുന്നത്ത് കോളനി വഴി പുളിങ്കുളം കനാൽ റോഡിലേക്ക് മുട്ടിക്കുക. ആ ഭാഗത്തുള്ള ജനങ്ങളുടെ ശ്രമദാനവും സംഘടിപ്പിക്കാം.

10. ചളവറ ഹൈസ്ക്കൂൾ മുതൽ ഗോതമ്പ് റോഡിൽ നിന്നും വഴുക്കാംപാറവരെ റോഡ് പണി പൂർത്തീകരിക്കുക.

11. ചരപ്പറമ്പത്ത് കോളനി റോഡ് നെച്ചായ റോഡിൽ മുട്ടിക്കുക.

12. പള്ളിയാൽപടി ഗോതമ്പ് റോഡിൽ നിന്നും വഴുക്കാംപാറവരെ റോഡ് പണി പൂർത്തീകരിക്കുക.

13. പുളന്തറ പറക്കുന്നത്ത് കോളനിയിലേക്കുള്ള വഴി സ്റ്റെപ്പ് കെട്ടി ശരിയാക്കുക.

14. കുഞ്ഞീരത്തൊടി ഇടവഴി പോക്കറ്റ് റോഡാക്കുക.

15. തലശ്ശേരി പള്ളിയാലിലേക്ക് തടസ്സമായ വഴി ശരിയാക്കുക.

വാർഡ് 3

1. കല്ലും, കടമ്പായ - തെക്കരപ്പാറ, കല്ലും കടമ്പായ പാവുക്കോണം, കനാൽ റോഡ്, പുലാക്കൽ റോഡ് തുടങ്ങിയവ വിപുലീകരിക്കണം.

2. കല്ലുംകടമ്പായ- തെക്കരപ്പാറ റോഡ് ടാറിംഗ് നടത്തണം.

3. കനാൽ റോഡുകൾ ഗതാഗത സൗകര്യത്തിന് പണികഴിപ്പിക്കുകയും, പൊതുജനങ്ങൾക്ക് വിട്ടുകൊടുക്കുയും വേണം.

4. കല്ലും കടമ്പായ- പാവുക്കോണം റോഡ് പണിപൂർത്തീകരിക്കണം.

5. വയറേങ്കൽപടി- കല്ലും കടമ്പായ റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് പണി നടത്തണം.

6. പഞ്ചായത്ത് ഓഫീസ്- കണ്ണംതൊടി പടി റോഡ് പണിപൂർത്തീകരിക്കണം.

7. ചേറമ്പറ്റക്കാവ് റോഡിൽ നിന്നുള്ള അങ്ങാടിതോടിന് പാലം പണിയണം.

8. സ്കൂൾപറമ്പ് - ചളവറ പാടം വഴി ഉണ്ണിയത്തിക്കുളം ഭാഗത്തേക്ക് റേഡാ പണി ആരംഭിക്കണം.

വാർഡ് 4

1. കുഞ്ഞാപ്പുപടിയിൽ നിന്ന് കനാലിലേക്ക് ബന്ധിപ്പിക്കുന്ന റോഡ് കൃഷിക്ക് ആവശ്യമായി വരുന്ന തരത്തിൽ ഗതാഗതയോഗ്യമാക്കാൻ ശ്രമിക്കണം.

2. പുലിയാനംകുന്ന് ഏഴുക്കോട്ടുപറമ്പിലേക്കുള്ള വഴി ഗതാഗതയോഗ്യമാക്കണം.

3. പഞ്ചായത്തിനു സമീപമുള്ള മനക്കത്തൊടി

കോളനിയിലേക്കുള്ള വഴി ഗതാഗതയോഗ്യ മാക്കണം.

4. ഹൈസ്കൂളിന്റെ വടക്കുവശത്തുകൂടി വട്ടോള്ളികുന്ന് കോളനിയിലേക്ക് പോകുന്ന റോഡ് ഗതാഗത യോഗ്യമാക്കണ ം.

വാർഡ്5

1. പുലിയാനംകുന്ന് എൽ. പി. സക്കൂൾ മുതൽ തെക്രയിൽ കുണ്ടുവരെയുള്ള വഴി ഗതാഗത യോഗ്യമാക്കണം.

2. കളത്തിൽത്തൊടി ഹംസയുടെ ഭാഗത്തു നിന്ന് തുടങ്ങുന്ന കനാൽ റോഡ് നെച്ചിക്കുളത്ത് ചെന്നു ചേരുന്നത് വരെയുള്ള ഭാഗം ഗതാഗതയോഗ്യമാക്കുന്നതിന്കെ. പി. ഐ. പി. യുടെ അനുവാദം കിട്ടുന്നതിന് പഞ്ചായത്ത് ഭരണസമിയതിയുടെ ഇടപെടൽ ആവശ്യമാണ്.

3. കിളിഞ്ചീരിക്കുന്ന് റോഡ് മെറ്റൽ ചെയ്ത് ടാറിടണം.

4. കോഴിക്കാട്ടുപറമ്പിൽ നിന്ന് കുളമ്പുറ്റകുണ്ട് ഭാഗത്തേക്ക് ഒരു റോഡു നിർമ്മിക്കാൻ ജനങ്ങളുടെ കൂട്ടായ സഹകരണവും, അ ദ്ധ്വാനവും ഉണ്ടുവുന്നതാണ്.

5. ചെറുവത്തൂർ കോളനി റോഡിൽ നിന്ന് കാട്ടിചെപാടം ഭാഗത്തേക്ക് ഒരു റോഡ് നിർമ്മിക്കണം. നിർമ്മാണ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പൂർണ്ണ സഹകരണം ഉണ്ടാവും.

6. ചെറുവത്തൂർ റോഡ്മെറ്റൽ ചെയ്ത്ടാറിടണം.

8. പി. ഡബ്ല്യു.ഡി റോഡിൽ തെക്കരപ്പാറ പ്രദേശത്ത് ഓവുപാലം പണിയണം.

9. ചെറുവത്തൂർ കോളനി വഴി കടന്നു പോകുന്ന കാഞ്ഞിരപുഴകനാലിനു കുറുകെ പാലം നിർമ്മിക്കണം

10.പി. ഡബ്ല്യു. ഡി. റോഡിൽ കൂടി ട്രാൻസ്പോർട്ട് ബസ്സ് സർവ്വീസ് തുടങ്ങുന്നതിന് ഭരണസമിതി ബന്ധപ്പെട്ടവരോട് സമ്മർദ്ദം ചെലുത്തണം.

11.മണിപ്രവടി- മലച്ചിക്കുണ്ട് റോഡിനു കുറുകെയുള്ള കാഞ്ഞിപ്പുഴ കനാലിനു പാലം പണിയണം.

വാർഡ്6

1. വാണിയംകുളം - വല്ലപ്പുഴ പി. ഡബ്ല്യു. ഡി. റോഡ് അറ്റകുറ്റപണികൾ നടത്തണം

2. ഇട്ടീരിക്കുന്ന് ഹരിജൻ കോളനി വഴി കളത്തിൽപടി, ചക്കുപുരക്കുന്ന് ഹരിജൻ കോളനിറോഡ് മെറ്റലിങ്ങും, ടാറിങ്ങും നടത്തണം.

3. ആർ. വി. എൽ. പി. സക്കൂർ പഴയ വില്ലേജ് റോഡ ്മെറ്റലിട്ട് റാർ ചെയ്യണം

4. ആർ. വി. എൽ. പി. സ്കൂൾ കളിത്തി പടി റോഡ ്നിർമ്മിച്ച് മെറ്റൽ ചെയ്ത് ടാറിടണം.

5. ആർ. വി. എൽ. പി. സ്കൂൾ മുതൽ നെല്ലിക്കുന്ന് റോഡ് ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെടുത്തി മെറ്റൽ ചെത് ടാറിടണം.

6. വെള്ളച്ചീരിപറമ്പിൽ നിന്ന് താഴോട്ട് വടക്കുഭാഗത്ത് വയലു വരെ റോഡ് നന്നാക്കണം.

7. മലദൈവക്കോട്ട മുതൽ പുതുക്കാട് പറമ്പ് റോഡ് പുതിയതായി നിർമ്മിക്കണം.

8. അത്തിക്കൽ പടി റോഡ്- കൊടിയംകുന്ന് വഴി നിർമ്മിച്ച് വെള്ളച്ചീരി പറമ്പ് റോഡുമായി ബന്ധപ്പെടുത്തണം.

9. അടാട്ടിരിക്കുന്ന് ഹരിജൻ കോളനി റോഡ് നിർമ്മിക്കണം.

10.ഇട്ടീരിക്കുന്ന്ഹരിജൻ കോളനി റോഡ്300 മീറ്റർ കിഴക്കോട്ടും 300 മീറ്റൽ പടിഞ്ഞാട്ടും നീട്ടണം.

മേൽ പ്രവൃത്തികൾക്കെല്ലാം ജനങ്ങളിൽ നിന്ന് ചിവിന്റെ 30% തുക അദ്ധ്വനമായും പണമായും സംഘടിപ്പിക്കുന്നതാണ്.

11.വാണിയംകുളം - വല്ലപ്പുഴ റോഡിൽ വേണ്ടത്ര ബസ്സുകൾ ഇല്ലാത്തതിനാൽ കെ. എസ്. ആർ. ടി. സി ബസ്സ് സർവ്വീസ് നടത്തണം.

വാർഡ്7

1. 7ാം വാർഡിലൂടെ കടന്നുപോകുന്ന വാണിയംകുളം- വല്ലപ്പുഴ കുള്ളുള്ള - എലിയപ്പറ് പി.ഡബ്ല്യു.ഡി റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് പഞ്ചായത്ത് പ്രസ്തുത ഡിപ്പാർട്ട്മെൻറിനോട് നിർദ്ദേശിക്കണം.

2. കുളപ്പുള്ളി-എലിയപ്പറ റോഡിൽ മാമ്പ റ്റപടിയിൽ നിന്നും ചളവറ പഞ്ചായത്തിന്റെ പൊതുശ്മശാനം വരെ എത്തുന്ന റോഡിന്റെ പണി എത്രയും പെട്ടെന്ന് തുടങ്ങണം അതിന് വേണ്ടുന്നസ്ഥലവും പദ്ധതി വിഹിതത്തിന്റെ നല്ലൊരു പങ്കും 7ാം വാർഡിലെ നല്ലവരായ

നട്ടുകാർ നല്കാൻ മുമ്പോട്ടു വന്നിട്ടുണ്ട്. കൂടാതെ വിവിധ കോളേജുകളുടെ ശ്രമദാനവും ഇതിലേക്കായി വിനിയോഗിക്കാം.,

3. കുളപ്പുള്ളി- എലിയപ്പറ്റ റോഡിൽ നിന്നും കഴായിൽപ്പടി വരെയുള്ള റോഡ് മെറ്റൽ ചെത്ത് പാടത്തേയ്ക്ക് ട്രാക്ടർ ഇറങ്ങാൻ സൗകര്യപ്പെടുത്തണം.

4. വാണിയംകുളം - വല്ലപ്പുഴ റോഡിൽ വലിയ പറമ്പിൽ നിന്ന് ചവതപറമ്പ് റോഡ് മെറ്റൽ ചെത്ത് പാടത്തേക്ക് ട്രാക്ടർ ഇറങ്ങാൻ സൗകര്യം ചെയ്യണം. കൂടാതെ 7 ാം വർഡിലെ പോക്കറ്റ് റോഡുകളായ കാഞ്ഞങ്ങാട്ടെ പടി- പുന്നാരം റോഡ്, നടുത്തൊടിപറമ്പ്- കവനിക്കുളം റോഡ് എന്നിവ സഞ്ചാര യോഗ്യമാക്കി പാടത്തേക്ക് ട്രാക്ടർ ഇറങ്ങാൻ സൗകര്യപ്പെടുത്തണം.

5. കരടികുന്ന് ഹരിജൻ കോളനിയിലേക്കുള്ള റോഡിന്റെ പണി പൂർത്തികരിയ്ക്കാത്ത ഭാഗങ്ങൾ ഉടൻ മെറ്റലും ടാറും ചെയ്യണം.

വാർഡ്8

1. ഈ വാർഡിലെ ഏറ്റവും പ്രധാനപ്പെട്ട റോഡായ കൃഷ്ണപ്പടി- കയിലിയാട്റോഡ് പി.ഡബ്ല്യു.ഡ ി. ഏറ്റെടുത്ത് ശോച്യാവസ്ഥ പരിഹരിക്കണം.

2. മുണ്ടക്കോട്ടുകുർശി- കുഞ്ഞുക്കുർശ്ശി റോഡ് ടാർ ചെയ്യാത്ത ഭാഗം ടാർചെയ്ത് ഗതാഗത യോഗ്യമാക്കണം.

3. പാതിരിക്കുന്നത്ത് മനയുടെ തെക്കുഭാഗത്തു കൂടി ഒരു പോക്കറ്റ് റോഡ് നിർമ്മിച്ച് കൃഷിക്കും ആ ഭാഗത്തെ ആളുകൾക്കും സൗകര്യപ്രദമാക്കണം. നാട്ടുകാരുടെ സഹകരണം ഉറപ്പുവരുത്തുന്നു.

4. മലയരുകിൽ വീട്ടുകാരുടെയും , ഒറവിങ്കിൽ അ ബുബക്കറിന്റെയും തൊടിയുടെ നടുവിൽ കൂടിയുള്ള ഇടുങ്ങിയ വഴി വീതികൂട്ടി ട്രക്ടർ ഇറങ്ങാനുള്ള സൗകര്യം ഉണ്ടാക്കണം.

5. അത്താണിപ്പാറ റോഡിന്റെ ശോച്യാവസ്ഥക്ക് മാറ്റം വരുത്തി ആ റോഡിന്റെ പുരോഗതിക്ക് ഉതകുന്ന രൂപത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കണം.

6. മുണ്ടക്കോട്ടുകുർശ്ശി എ. എം. യു. പി. സ്കൂളിന് മുൻവശത്തുകൂടി പോകുന്നതും നെല്ലായ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതുമവായ റോഡ് എത്രയും പെട്ടെന്ന് പൂർത്തീകരിക്കണം.

വാർഡ്9.

1. കയിലിയാട്- കൃഷ്ണപടി റോഡ് റീ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

2. മുണ്ടക്കോട്ടുകുർശ്ശി ആശുപത്രി ചളവറ റോഡിൽ വാരിയംകുന്ന് പ്രദേശത്ത് ടാർ ചെയ്യുവാനും അറ്റകുറ്റപണികൾ നടത്തുവാനും ആവശ്യപ്പെടുന്നു.

3. പട്ടത്തികുന്ന്- പൊരുതിയിൽ മനപ്പടി റോഡ് നിർമ്മിക്കണം. ഇതിലേക്കായി വരുന്ന ചിലവിന്റെ 40% മനുഷ്യ പ്രയ്തമായോ, പണമായോ തരുന്നതിന് ആ പ്രദേശ നിവാസികൾ തയ്യാറാണ്.

4. മുണ്ടക്കോട്ടുകുർശ്ശി ഹെൽത്ത് സെൻററിനു സമീപത്തുള്ള ബാലവാടി മുതൽ മനക്കൽ പടിവെരയുള്ള പഞ്ചായത്ത് റോഡ് നിലവിലുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കണം.

5. പട്ടത്തികുന്ന് - ഇടൂർകുന്ന് റോഡ്, ചളവറ മുണ്ടക്കോട്ടുകുർശ്ശി റോഡിൽ നീ തൃക്കാരമണ്ണ ശിവക്ഷേത്രത്തിലേക്കുള്ള റോഡ്, പട്ടത്തികുന്ന് പൊരുതിയിൽ മനപ്പടി റോഡിലേക്ക് ബന്ധിപ്പിച്ച് പണി പൂർത്തീകരിക്കണം. ഇതിന്റെ മൊത്തം ചിലവിന്റെ 40% നാട്ടുകാർ വഹിക്കുന്നതാണ്,

6. നിലവിലുള്ള പാറേക്കാട് - പട്ടത്തികുന്ന് റോഡ ് ടാർ ചെയ്യണം.

9. കുറുപ്പത്ത് പടിയിൽ നിന്ന് പാടം വരേക്കുള്ള ഇടവഴി വീതി കൂട്ടണം.

10. ചോലമുക്ക് റോഡ്- കുറുവട്ടൂർ റോഡുമായി ബന്ധിപ്പിക്കണം.

11. മുണ്ടക്കോട്ടുകുർശ്ശി ചളവറ റോഡിൽ നിന്ന് പള്ളിയാലിൽ ഇടവഴി കൃഷിസ്ഥലത്തേക്ക് ട്രാക്ടർ റോഡ് ഉണ്ടാകകണം. 25% മനുഷ്യ പ്രയ്തനം തരാൻ സമ്മതമാണ്.

12. പെരിന്തൽമണ്ണ- കൃഷ്ണപടി, മുണ്ടക്കോട്ടുകുർശ്ശി, കയിലിയാട് വഴി തൃശൂരിലേക്ക് കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസ് നടത്തി യാത്രക്ലേശം പരിഹരിക്കണം.

വാർഡ് 10

1. വാർഡിലെ പ്രധാന റോഡ് കുളപ്പുള്ളി - എലിയപ്പറ്റ പി. ഡബ്ല്യു.ഡി. റോഡ് ആണ്. ഏതാണ്ട് 1 കി. മീറ്റർ ദൂരം പി. ഡബ്ല്യു.ഡി. റോഡ് ആണ ഈ വാർഡിലുള്ളത്. കാലാകാല്റീ

ടാറിങ്ങ് നടത്തുന്നതിലെ വീഴ്ചകാരണം റോഡ് ഗതാഗതയോഗ്യമല്ലാതായികൊണ്ടിരിക്കുകയാണ്. പി. ഡബ്ല്യു.ഡി. റോഡുകൾ അറ്റകുറ്റപണിനടത്തുന്നതിൽ കാലതാമസം ഉണ്ടാവാതിരിക്കാന ശ്രദ്ധിക്കേണ്ടതാണ്. ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തൻ പ്രത്യേക ഫണ്ട് അനുവദിക്കണം.

2. പഴയ വിലേജ് - ചാലിയംകുന്ന് ഐ. എച്ച്.ഡി.പി. റൊഡ് മേമ്പലത്തുപാടം വരെ നീട്ടി മെറ്റലിംഗും ടാറിംഗും നടത്തി ഗതാഗതയോഗ്യമക്കണം.

3. ഇടുർകുന്ന് - തലശ്ശേരിപറമ്പ് - കൊട്ടാരംതൊടി റോഡ് നിർമ്മിച്ച് മെറ്റലിംഗും ടാറിംഗും നടത്തണം.

4. ഇടൂർകുന്ന്പട്ടത്തിക്കുന്ന് റോഡ് മെറ്റലിംഗും ടാറിംഗും നടത്തി ഗതാഗത യോഗ്യമാക്കണം.

5. മണിപ്രപടി- മലച്ചിക്കുണ്ട് റോഡ് മലച്ചിവെര നീട്ടി ടാറിംഗ് നടത്തണം.

6. ഇടൂർകുന്ന്- ഗുരുതിരാമൻ പള്ള്യാർ റോഡ് വീതികൂട്ടി മെറ്റൽ ചെയ്ത് ടാറിംഗ് നടത്തണം.

7. പാലന്നൂർ പടി- മാരിയമ്മൻ കോവിൽ റോഡ് മെറ്റൽ ചെത് ടാറിംഗ് നടത്തണം.

8. മണ ിപ്രവടി - മലച്ചിക്കുണ്ട് റോഡിൽ നിന്ന് പള്ളത്തുകുണ്ട് വരെ റോഡ് നിർമ്മിക്കണം.

9. വിില്ലേജ് ഓഫീസിനു പിൻവശത്തുകൂടി കയിലിയാട് കാവ് വരെ പോവുന്ന റോഡ് മെറ്റലിംഗും ടാറിംഗും നടത്തണം.

10. കുന്നത്ത് പടി മുതൽ ''ദ്വാരക'' വരെയുള്ള ഇടവഴി വീതി കൂട്ടി റോഡ് നിർമ്മിക്കണം.

11. വിില്ലേജ് ഓഫീസിനു മുൻവശത്തുകൂടിയുള്ള ഇടവഴി വീതികൂട്ട റോഡ് നിർമ്മിക്കുക,.

12. ഓട്ടുപാറ റോഡിൽ നിന്ന് എ. എൽ. പി. സ്കൂൾ വരെ റോഡ് നിർമ്മിക്കുക.

13. കുറപ്പത്തു പടിഹരിജൻ കോളനിയിലേക്കുറോഡ് നിർമ്മിക്കണം.

14. ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്താൻ പ്രത്യേകം ഫണ്ട് അനുവദിക്കുക

ഗതാഗത ജനകീയ പ്രസ്ഥാനവും

ഗ്രാമവികസനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതിനെ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ അഭിപ്രായം ഏറി വരുന്ന എന്നുള്ളത് ആശ്വാസകരമാണ്. വികസനത്തിന്റെ കാര്യത്തിൽ ജനങ്ങൾക്കിടയിൽ പുത്തൻ പ്രതീക്ഷകളും ചുമതലകളും നൽകിക്കൊണ്ടാണ് ഈ പഞ്ചായത്തിലെ വിശേഷാൽ ഗ്രമസഭകൾ അവസാനിച്ചത്. നവ. 1ന്റെ പുനരർപ്പണദിനത്തിൽ എല്ലാ വാർഡുകളിലും സന്നദ്ധ പ്രവർത്തനങ്ങൾ നടന്നത് ഇതിന്റെ ഒരു തുടക്കം മാത്രമാണ്. മറ്റെല്ലാ മേഖലകളിലുമെന്ന പോലെ ഗതാഗതത്തിന്റെ മേഖലയിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ഒട്ടേറെ സംഭാവനകൾ നൽകാൻ കഴിയും. ഗ്രാമസഭകളിൽ ഉയർന്നു വന്ന ഗതാഗത മേഖലയിലെ എല്ലാവികസന പ്രവർത്തനങ്ങൾക്കും 25% മുൽ 40% വരെ വിഭവ സമാഹരണം സന്നദ്ധ പ്രവർത്തനത്തിലൂടെയും സംഭാവനകളിലൂടെയും നൽകാൻ തയ്യാറായ രീതി ശ്ലാഘനീയമാണ്. പുതിയ റോഡുകൾ രൂപീകരിയ്ക്കുന്നതിന് കാണിയ്ക്കുന്ന താൽപര്യം നിലവിലുള്ള സംരക്ഷിയ്ക്കുന്ന കാര്യത്തിലും ഉണ്ടായാൽ മാത്രമേ ഗതാഗത മേഖല രക്ഷപ്പെടുകയുള്ളൂ.

ഊർജ്ജം

1975 ലാണ് ചളവറ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത്. ആ കൊല്ലം ചളവറ വായനശാലയുടെ വാർഷികാഘോ ദിനത്തിലാണ് ഈ പഞ്ചായത്തിൽ ആദ്യമായി വൈദ്യുത ബൾബ് പ്രകാശിയ്ക്കുന്നത്.. ചെർപ്പുളശ്ശേരി ഇലക്ട്രിക്കൽ മേജൻ സെക്ഷൻ, പട്ടാമ്പി ഇലക്ട്രിക്കൽ മേജൻ സെക്ഷൻ എന്നിവയ്ക്ക് കീഴിലാണ് ചളവറ പഞ്ചായത്ത് ഉൾപ്പെടുന്നത് . പഞ്ചായത്തിലെ ഉപഭോക്തക്കൾ കറൻറ് ചാർജ്ജ അടയ്ക്കുന്നതിനുവേണ്ടി 5 മുതൽ 14 കിലോമീറ്റർ ദൂരത്തുള്ള ഇലക്ട്രിസിറ്റി ഓഫീസിൽ പോകേണ്ടിയിരിക്കുന്നു. രണ്ടായിരത്തോളം ഉപഭോഗക്തക്കൾ ഉള്ളതിൽ 85% ഗാർഹിക ഉപഭോക്താക്കളാണ്. കാർഷിക ഉപഭോക്താക്കൾ 10% വും കമേഴ്സിയർ ഉപഭോക്താക്കൾ 8% വും വ്യാവസായിക ഉപഭോക്താക്കൾ 2% വും വരു.

നിലവിൽ ഈ പഞ്ചായത്തി 11 ട്രാൻസ്ഫോർമറുകൾ ഉണ്ട്. തെരുവ് വിളക്കുകൾ 132 എണ്ണവും സോഡിയം വേപ്പർ ലാമ്പ് 18 എണ്ണവും സ്ഥാപിച്ചിട്ടുണ്ടെങ്കിലും അമ്പതോളം ഹരിജൻ കോളനികൾ ഉള്ളതിൽ പതിനാലോളം ഹരിജൻ കോളനികളിൽ മാത്രമേ വൈദ്യുതി എത്തിയട്ടുള്ളൂ. എലിയപ്പറ്റ - കുളപ്പുള്ളി റോഡിലുമ, ചളവറ - ചേറമ്പറ്റക്കാവ് റോഡിലും, വാണിയംകുളം -

വല്ലപ്പുഴ റോഡിലും കയിലിയാട് - മുണ്ടക്കോട്ടുകുർശ്ശി റോഡിലും ചളവറ - തരുവക്കോണം റോഡിലും പൂർണ്ണമായും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. സൗരോർജ്ജ വിളക്കുകൾ കവലകളിൽ സ്ഥാപിക്കാവുന്നാതാണ്.

പഞ്ചായത്തിലെ മിക്ക വീടകുളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്.. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയ ഉപയോഗിച്ച് പാചകം നടത്തുന്നവർ നാമമാത്രമാണ്. ഗോബർ ഗ്യാസ് പ്ലാൻറുകൾ 50 ൽ താഴെ മാത്രമെ ഈ പഞ്ചായത്തിൽ ഉള്ളൂ ഇതിൽ പലതും പ്രവർത്തന ക്ഷമമല്ല. പാചകവാതക കണക്ഷൻ കിട്ടുന്നതിന് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് റജിസ്ട്രേഷൻ അനുവദിയ്ക്കുന്നില്ല.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവന പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

2. 5 കി. മീറ്റര മുതൽ 14 കി. മീറ്റർ വരെ ദൂരം യാത്രചെയ്ത് വേണം ഇലക്ട്രിസിറ്റി ബിൽ അടക്കുവാൻ വൈദ്യുതബോർഡ് ഓഫീസിൽ എത്തേണ്ടത്. പട്ടാമ്പി ഇലക്ട്രിക്കൽ സെക്ഷനിൽ അടയ്ക്കുന്ന ആളുകൾക്ക് കയിലിയാട് സെൻററിലും ചെർപ്പുളശ്ശേരി സെക്ഷനിൽ അടക്കുന്ന ആളുകൾക്ക് ചളവറയിലും ബിൽ അടക്കുവാൻ സൗകര്യപ്രദമായ രീതിയിൽ കളക്ഷൻ സെൻററുകൾ ആരംഭിയ്ക്കണം.

3. പഞ്ചായത്തിലെ നാൽപ്പതോളം ഹരിജൻ കോളനികളിൽ വൈദ്യതി എത്തിയിട്ടില്ല.

4. പഞ്ചായത്തിൽ 132 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ടെങ്കിലും 25% പോലും പ്രകാശിക്കുന്നില്ല. 35 ലക്ഷം രൂപ ഒരു വർഷം ഇലക്ട്രിസിറ്റി ബിൽ ഇനത്തിൽ അടക്കുന്നു.

5. ചേറമ്പറ്റക്കാവ് - പരിയതൊടി കോളനി വരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 80,000 രൂപ പഞ്ചായത്ത് അടച്ചിട്ടും ഇതുവരെയും പണി നടന്നിട്ടില്ല.

6. പല ഭാഗങ്ങളിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.

സാധ്യതകൾ

1. പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും വൈദ്യുത് എത്തിക്കുന്ന രീതതിയിൽ ആവശ്യമായ 11 കെ.വി.ലൈനുകളും ത്രീഫെയ്സ് ലൈനുകളും സിംഗിൾ ലൈനുകളും വലിക്കുക. മുഴുവൻ ഹരിജൻ കോളനികളിലേക്കും വൈദ്യുതി എത്തികുവാൻ ഇതുമൂലം സാധ്യമാണ്.

2. നിലവിലുള്ള മുഴുവൻ സ്ട്രീറ്റ് ലൈറ്റുകളും പ്രകാശിപ്പിക്കുന്നതിന് ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥൻമാർ മുൻകൈ എടുക്കണം. കൂടാതെ ചതുവറ പഞ്ചായത്തിൽ ഉൾപ്പെടുന്ന കുളപ്പുള്ളി, എലിയപ്പറ്റ, വാണിയംകുളം വല്ലപ്പുഴ, കയില്യാട്, നെല്ലായ ചളവറ തരുവക്കേണം റോഡുകളിൽ പൂർണമായും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ലൈൻ വലിക്കണം. ചേമ്പെറ്റകക്കാവ് പരിയംതൊടി കോളനിയിലേക്ക് സ്ട്രീറ്റ് വലിക്കുന്നനിനു വേണ്ടി പഞ്ചായത്ത് പണമടച്ചിട്ടുണ്ട്. അതിൻമേൽ സത്വര നടപടികൾ ഉൾപ്പെടുത്തുവാൻ ഇലക്ട്രസിറ്റി ബോർഡ് തയ്യാറാകണം.

3. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. ബന്ധപ്പെട്ട ഗ്രാമസഭാ റിപ്പോർട്ടുകൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

4. പുകയില്ലാത്ത അടുപ്പുകളെപ്പറ്റിയും സോളാർ വിളക്കുകളെപ്പറ്റിയും അനെർട്ടിൻെറയും, വൈദ്യുത ബോർഡിൻെറയും സഹകരണത്തോടെ പഞ്ചായത്ത് പ്രചരണം നടത്തണമെന്ന് ഗ്രാമ സഭാ റിപ്പോർട്ടുകളിൽ നിർദ്ദേശങ്ങളായി വന്നിട്ടുണ്ട്.

5. വൈദ്യുതി കൂടുതൽ കിട്ടുന്നതിനുവേണ്ടി മുറവിളികൂട്ടുമ്പോൾ തന്നെ വൈദ്യുതിയുടെ അനാവശ്യ ഉപഭോഗത്തിനെ തടയുന്നതിന് ജനങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

പലപ്പോഴും നേരത്തെ സ്ട്രീറ്റുകൾ ഓൺചെയ്കയുന്നതും രാവിലെ വളരെ വൈകി ഓഫ് ചെയ്യുന്നതും പതിവാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തണം.

6. ഗോബർ ഗ്യാസ് പ്ലാൻറുകളുടെ പ്രചരണം കൃഷി ഭവൻ മുഖാന്തിരം നടത്തി സാധ്യതയുള്ള വീടുകളിൽ സബ്സിഡി നൽകിക്കൊണ്ട് സ്ഥാപിക്കണം.

7. ദക്ഷതയുള്ള അടുപ്പുകളുടെ പ്രചരണം ഇന്ന് പഞ്ചായത്ത് ഏരിയയിൽ ദുർലഭമാണ്. ബോധവൽകണം സംഘടിപ്പിക്കണം.

8. പാചക വാതക കണക്ഷൻ

ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്യാൻ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ഇപ്പോൾ അനുവാദമില്ല. രജിസ്ട്രഷൻ അനുവദിച്ചു കൊടുക്കുന്നതിന്ബന്ധപ്പെട്ട എം.പി. മുഖാന്തിരം കേന്ദ്ര മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തണം.

9. വീട്ടുവളപ്പിൽ വിറകാവശ്യത്തിനായി പെട്ടെന്ന് വളർന്നു വലുതാകുന്ന മരങ്ങൾ വെച്ച് പിടിപ്പിക്കണം.പഞ്ചായത്തിന്റെ നേതൃത്വം ഇതിനാവശ്യമാണ്.

10. സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ചു കിട്ടുന്നതിന് സ്ട്രീറ്റ് മെൻ ഇല്ലാത്തസ്ഥലങ്ങളിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

ഊർജ്ജം

വാർഡ് 1

1. കളത്തിൽകുന്ന് കോളനിയിലെത്തി നിൽക്കുന്ന വൈദ്യുതി ലൈൻ കൊക്കണ്ടത്ത് മേത്തോട്ടത്തിൽ വരെ നീട്ടണം.

2. ചേറമ്പറ്റക്കാവ് ഭാഗം കളത്തിൽ കുന്ന് കോളനി, തലശ്ശേരിക്കുന്ന് ഭാഗം, ഇടക്കോട്ടുകുന്ന് എന്നിവിടങ്ങളിലേക്ക് വൈദ്യുതി ലഭ്യമാക്കണം.

3. പോസ്റ്റ് ഓഫീസ് തരുവക്കോണം റോഡിലും, ചേറമ്പറ്റക്കാവു മുതൽ പരിയൻതൊടി കോളനി വരെയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.

4. എല്ലാ വീട്ടിലു പുകയില്ലാത്ത അടുപ്പുകൾ നിർമ്മിച്ചുകൊടുക്കണം.

5. വീട്ടുവളപ്പുകളിൽ വിറക് ആവശ്യത്തിനായി പെട്ടെന്ന് വളരുന്ന മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് നിർദ്ദേശങ്ങൾ നൽകണം.

വാർഡ് 2

1. പാലാട്ട് കോളനി, ചരപ്പറമ്പത്ത് കോളനി, ചിനക്കൽ കോളനി ഹരിജൻ കോളനി, പറക്കുന്നതിന് കോളനി എന്നിവിടങ്ങളിലേക്ക് വൈദ്യുതി എത്തിണം.

2. തൂമ്പായമുക്ക്, പറമ്പൻമുക്ക്, കയ്യാലപറമ്പ് വരെ ഏകദേശം 75 വീടുകൾക്ക്പ്രയോജനപെപ്പടും വിധം ഒരു ട്രാൻസസ്ഫേഅർമർ സ്ഥാപിച്ച് വൈദ്യുതി ഐത്തിക്കുക.

3. പള്ളിയാൽ അത്താണിപ്പറമ്പ് ഭാഗത്തേക്ക് വൈദ്യുതി എത്തിക്കുക.

4. തോട്ടത്തിൽ ചാക്കുന്നത്തുമുക്ക് വരാട് പറമ്പ് ഭാഗത്തേക്ക് വൈദ്യുതി എത്തിക്കുക.

5. തൃക്കാരമണ്ണയിൽ കൂടുതൽ പവറുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

6. വിറകിന് ക്ഷാമമുള്ള ഈ സാഹചര്യത്തിൽ കന്നുകാലികളെ വളർത്തുന്ന വീടുകളിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും സാങ്കേതിക സഹായം നൽകിയാൽ ബയോ;ഗ്യാസ് പ്ലാൻറുകൾ ഉണ്ടാക്കുവാൻ സാധിക്കും.

7. പുകയില്ലാത്ത അുപ്പുകൾ നിർമ്മിക്കുവാൻ സാങ്കേതിക സൗകര്യങ്ങൾ ഉപഞ്ചായത്ത് നൽകണം.

വാർഡ് 3

1. പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരണം നടത്തണം.

2. ഇരുപതോളം വീടുകളിൽ ഗോബർ ഗ്യാസ് പലാൻറിന് സാധ്യഥയുണ്ട്. അതിന് വേണ്ട സഹായങ്ങൾ പഞ്ചായത്ത് ചെയ്യണം.

3. ചേറമ്പറ്റക്കാവ് ട്രാൻശ്ഫോർമർ പ്രവർത്തനക്ഷമമാക്കണം.

4. അമ്പലക്കുന്ന്, ആലുപുരത്തുപടി, കല്ലും കടമ്പായ, കിഴക്കൻ മുക്ക് ഓടുപാറ, വയറേങ്കൽ റോഡ് എന്നിവിടങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

വാർഡ് 4

1 ചളവറ കനറാ ബാങ്കിൽ നിന്ന് പുലിയാനം കുന്ന് കുഞ്ഞാപ്പു പടി വരെയുള്ള സ്ഥലത്തുകൂടി വഴിവിളക്കുകൾ സ്ഥാപിക്കണം.

2. വാരിയത്ത് പ4ടിയിലുള്ള പന്ത്രണ്ടോളം ഹരിജൻ വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിനമ് പഞ്ചായതത് ഭരണസമിതി മുൻകൈ എടുക്കണം.

വാർഡ് 5

1. കാട്ടിലപ്പാടം ഭാഗത്തേക്ക് വൈദ്യുതി

എത്തിക്കണം. കാട്ടിലപ്പാടം ഭാഗത്തുള്ള ജനങ്ങളുടെ ആവശ്യാർത്ഥം അവർക്ക് മിനിമം ഗ്യാരണ്ടി കണക്ഷൻ ലഭിക്കുവാൻ അപേക്ഷിക്കുവാനുളപ്ള സൗകര്യം ഉണ്ടാക്കികൊടുക്കണം.

2. നാരായക്കുണ്ട്, ചെറുവത്തൂർ കോളനി, കളത്തിൽപടി കോളനി, പാലനൂർ പറമ്പ് കോളനി, കൂറ്റം പറ കോളനി കോഴിക്കോട് പറമ്പ് എന്നിവ വൈദ്യുതീകരിക്കുന്നതിനു വേണ്ട നടപടി സ്വീകിക്കണം

3. പാചക ഗ്യാസിന് പഞ്ചായത്തിൽ ഒരു ഏജൻസി ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണം.

4. വാർഡിലെ അംഗനവാടികൾ, സ്ക്കൂളുകൾ എന്നിവ ജനകീയമായി പൈസ സമാഹരിച്ചുകൊണ്ട് വൈദ്യുതീകരിക്കുവാൻ തീരുമാനിച്ചു.

വാർഡ്6

ഇട്ടീരികുന്ന് പട്ടിക ജാതി കോളനി

പിരങ്ങരാടം പട്ടിക ജി കോളനി

കളത്തിൽ പടി കോളനി

ചക്കുപുരകുന്ന് കോളനി

നെടാട്ടിരിക്കുന്ന് കോളനി

വെള്ളച്ചീരികപറമ്പ്

പുതുക്കാട് പറമ്പ്

കോട്ടപള്ളിയാൽ

നെടിയംകുന്ന്

നെല്ലിക്കുന്ന് പരിസരം

കല്ലുവെട്ടു പറമ്പ് കോളനി

മഠത്തിൽ കോളനി എന്നിവകൾ വൈദ്യുതീകരിക്കണടം. തെരുവ് വിളക്കുകൾ ഉണ്ടെങ്കിലും കത്തുന്നില്ല. കത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കണം. വെള്ളച്ചീരി പറമ്പ്, കോട്ടക്കുമുകളിൽ. മുണ്ടുകാട് എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണം.

വളരെ കുറച്ച് പേർക്കു മാത്രമേ ഗ്യാസ് കണക്ഷൻ ലഭിച്ചിട്ടുള്ളു. പുതുതായി ഗ്യാസ് കണക്ഷൻ ലഭിക്കുവാൻ പഞ്ചായത്ത് തലത്തിൽ സൗകര്യം വേണ്ടതാണ്. പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നതിന് ജനങ്ങളിൽ ബോധവൽക്കരണം നടത്താൻ തീരുമാനിച്ചു.

വാർഡ്7

1. ചവര പറമ്പ്, വലിയപറമ്പ് റോഡിൽ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് ഏർപ്പെടുത്തണം.

2. മാമ്പറ്റപ്പടി, കരടിക്കുന്ന് ഹരിജൻകോളനി റോഡിലെ സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

3. 7ാം വാർഡിലെ നിലം പതിക്കാറായി അപകടം വിളിച്ചു വരുത്തുന്ന ഇലക്ട്രിക് പോസ്റ്റുകൾ ഉടനടി മാറ്റി സ്ഥാപിക്കണം.

4. മാമ്പറ്റപടിയിലെ സോഡിയം വേപ്പർ ലാമ്പ് കത്തുന്നില്ല. റിപ്പയർ ചെയ്ത് കത്തിക്കണം.

5. വാണിയംകുളം വല്ലപ്പുഴറോഡിൽ ലക്ഷം വീട് കോളനിക് സമീപവും മാമ്പറ്റപ്പടി - കരടികുന്നര് റോഡിൽ പുളിയ്ക്കൽ നാരായണന്റെ വീടിന് സമീപമുള്ള കവലയിലും സോഡിയം വേപ്പൽ ലാമ്പുകൾ സ്ഥാപിയ്ക്കണം

6. കയില്യാട് 7ാം വാർഡിൽ വൈദ്യുത കണക്ഷൻ ഇപ്പോൾ കുളപ്പുള്ളി പവർ ഹൗസിൽ നിന്നും ചളവറ, മുണ്ടക്കോട്ടു കുർശ്ശി വഴിയാണ് എത്തുന്നത്. ഈ വഴിയിലെ നിസ്സാര തടസ്സങ്ങൾ കലോചിതമായി പരിഹരിയ്ക്കാത്തതിന്റെ പേരിൽ പലപ്പോഴും ഈ പ്രദേശം ഇരുട്ടിലാകുന്നു. ഈ രീതി മാറ്റി മുണ്ടക്കോട്ടു കുർശ്ശിയിൽ നിന്നു വരുന്ന ലൈൻ കട്ട് ചെയ്ത് വേമ്പലത്തുപാടം ട്രാൻസ്ഫോർമറിൽ നിന്നും വൈദ്യുതി കണക്ഷൻ നൽകാൻ ഇലക്ട്രിസിറ്റി ബോർഡിനോട് അഭ്യർത്ഥിയ്ക്കുന്നു. ഇതിന് പഞ്ചായത്തിൽ നിന്ന് നിർദ്ദേശമുണ്ടാക്കണം. ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിയ്ക്കുകയും വേണം.

7. ഇന്ധന ക്ഷാമം പരിഹരിഹരിയ്ക്കുന്നതിന് പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരണത്തിനും ബോധവർക്കരണത്തിനുമായി വീട്ടമ്മമാക്കുവേണ്ടി ചർച്ചാക്ലാസ് നടത്തണം. ശാസ്ത്ര സാഹിത്യ പരിഷത്ത് നേതൃത്വം നൽകണം.

വാർഡ്- 8

1. പരിഷത്ത് അടുപ്പുകൾ സൗജന്യമായി

വിതരണം ചെയ്യുക.

2. മുണ്ടക്കോട്ടുകുർശ്ശി പുതിയ ട്രാൻസ്ഫോർമറിന്റെ പരിധിയിൽപ്പെട്ടതും 8-ാം വാർഡിന്റെ പരിധിയിൽ പെട്ടതുമായ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിയ്ക്കുക.

3. മനയ്ക്കൽകുന്നത്ത് ഹരിജൻ കോളനി ഉടനെ വൈദ്യുതീകരിക്കുക.

4. വീഴാറായ ഇലക്ട്രിക്ക് പോസ്റ്റുകൾ ഉടനെ മാറ്റി പുതിയവ സ്ഥാപിച്ച് അപകടങ്ങൾ ഒഴിവാക്കണം.

5. വർഷങ്ങളായി വയറിങ്ങ് ചെത്തും കണക്ഷൻ ലഭിക്കാത്തതുമായ വീടുകൾ ഉടൻ കണക്ഷൻ അനുവദിച്ചുകിട്ടുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം.

വാർഡ് 9

1. തൃക്കാരമണ്ണ, പട്ടത്തിക്കുന്ന് ഭാഗങ്ങളിലുള്ള വൈദ്യുതി എത്താത്ത മൂന്ന് ഹരിജൻ കോളനികൾ ഉൾപ്പെടെയുള്ള നൂറോളം വീടുകളിൽ വൈദ്യുതി എത്തിയ്ക്കണം.

2. കൈതേരികുന്ന് കോളനി, പൂളയ്ക്കാതൊടി കോളനി എന്നിവ വൈദ്യുതീകരിയ്ക്കണം.

3. അത്താണിപ്പാറ പരിസരത്ത് വൈദ്യുതി എത്തിയ്ക്കണം.

4. ഷാപ്പുകുന്ന്, ആശുപത്രിപ്പടി, തൃക്കാരമണ്ണ അംഗൻവാടി, കാവിൽതൊടി മുക്ക്, പാറക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ സോഡിയം ലാമ്പുകൾ സ്ഥാപിയ്ക്കുന്നതിനും കയിലിയാട് മുതൽ മോളൂർ വരെയുള്ള റോഡിൽ സ്ട്രീറ്റ് ലൈൻ ാ വലിയ്ക്കുയും വേണം

5. വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കണം.

വാർഡ് 10

10ാം വാർഡിലെ 25% വീടുകൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. വൈദ്യുതീകരിച്ച വീടുകളിൽ കടുത്ത വോൾട്ടേജ് ക്ഷാമം നേരിടുന്നുണ്ട്. പിന്നോക്ക സമുദായത്തിൽ പെട്ടവരുടേതാണ്. വൈദ്യുതീകരിയ്ക്കാത്ത വീടുകളിലേറെയും. കൃഷിക്കാർക്ക് കാർഷികാവശ്യത്തിന് വൈദ്യുതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

1. ചാലിയംകുന്ന്, കുറുപ്പത്തുപടി, കൊട്ടാരം തൊടി ഹരിജൻ കോളനികൾ വൈദ്യുതീകരിക്കുക.

2. വൈദ്യുതി എത്താത്ത അടവക്കാട്ടുതൊടി, കണ്ണം തോടിതെരുവ്, തലശ്ശേരി പറമ്പ് കളരിക്കൽ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാൻ നടപടികൾ സ്വീകരിക്കണം.

3. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കാൻ ബോധവൽക്കരണവും പരിശീലന പരിപാടികളും സംഘടിപ്പിക്കണം.

4. ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടക്കുവാൻ പഞ്ചായത്തിൽ ഒരു കലക്ഷൻ സെൻറർ ആരംഭിക്കണം

5. കത്താത്ത തെരുവു വിളക്കുകൾ കത്തിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുക.

6. ചാലിയംകുന്ന്, ഓട്ടുപാറ, അടവക്കാട്ടുതൊടി, കുഞ്ചുനായർപടി, മാരിയമ്മൻ കോവിൽ, തേലശ്ശേരി പറമ്പ്, പാലന്നൂർ പറമ്പ് എന്നവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

7. ചാലിയം കുന്ന് റോഡിൽ തെരുവും വിളക്കുകൾ സ്ഥാപിക്കുക.

8. വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കാൻ 10ാം വാർഡിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

5 6 ഭവനനിർമ്മാണം

പാർപ്പിട സൗകര്യങ്ങളുടെ രംഗത്ത് ചളവറ പഞ്ചായത്തിന് ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തികമേഖലയിൽ താരതമ്യേന കുറവാണ്. ഈ പഞ്ചായത്തിലെ ഏതാണ്ട് ആയിരം പേർ ഗൾഫ് നാടുകളിൽ തൊഴി ലെടുക്കുന്നുണ്ട്. ഗൾഫ് പണം മറ്റെവിടെയുമെന്നപോലെ ഇവിടെയും വിനിയോഗിക്കപ്പെടുന്നത് പ്രധാനമായും ഉൽപാദനേതര മേഖലയിലാണ്. കോൺക്രീറ്റ് കൊട്ടാരങ്ങൾ നിർമ്മിക്കുന്നതിനായി ലക്ഷങ്ങൾ ധൂർത്തടിക്കുന്ന പ്രവണത ഇവിടെയും പതുക്കെ പതുക്കെ വളർന്നു വരികയാണ്.

കാർഷിക മേഖലയിലുണ്ടായ തകർച്ച, ആ മേഖലയിലെ തൊഴിലാളികളെ മറ്റു തൊഴിൽ മേഖലകൾ തേടിപ്പോകാൻ നിർബന്ധിതരാക്കിയിട്ടുണ്ട്. ഇങ്ങിനെ കാർഷിക മേഖല വിട്ട് കൂടുതലാളുകളും ചേക്കേറിയിട്ടുള്ളത് കെട്ടിടനിർമ്മാണ മേഖലയിലാണ്. നിർമ്മാണ തൊഴിലാളികൾ എന്ന ഒരു പുതിയ വിഭാഗം തന്നെ ഉണ്ടായിരിക്കുന്നു.

കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും. അതു കൊണ്ടു തന്നെ കുടിലുകളും, ചെറിയ വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും. ഇതിൽ തന്നെ ഓല മേഞ്ഞതും ഭാഗികമായി ഓടുമേഞ്ഞതും ഉൾപ്പെടുന്നു.

വീടുകളുടെ തരംതിരിവ് പട്ടിക

വാർഡ്	നിക്കുതി ചുമത്തിയവ	നിക്കുതി ചുമത്താത്തവ	ടെറസ്	ഓട്	ഓല	ആകെ
1.	241	244	10	231	234	485
2.	382	159	18	364	139	541
3.	370	210	22	348	200	580
4.	135	278	10	125	210	413
5.	347	222	15	359	195	569
6	350	185	18	347	170	535
7	441	259	35	445	220	700
8	367	204	24	363	184	571
9	366	192	20	366	172	558
10(10 ാം വാർഡ് പുതിയതായി രൂപീകരിച്ച വാർഡായതിനാൽ പ്രത്യേകം കണ്ക്ക് ലഭ്യമല്ല.)						
	2999	1953	172	2948	1724	4952

കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ശരാശരി 200 കെട്ടിടങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. ചളവറയിലെ 3.5 % വീടുകൾ കോൺക്രീറ്റ് മേൽപ്പുരയുള്ളതും 60% വീടുകൾ ഓടുമേഞ്ഞതും 36.5 % വീടുകൾ ഓലമേഞ്ഞതുമാണ്. 80% വീടുകളുടെയും ചുമർ വെട്ടുകല്ലോ ഇഷ്ടികയോ കൊണ്ട് പണിതിരിക്കുന്നു. 25% വീടുകളുടെയും തറ പരമ്പരാഗതമായ രീതിയിൽ മണ്ണും ചാണകവും ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്നു. 2% ൽ താഴെയാണ് മൊസൈക് തറയുള്ള വീടുകൾ. ബാക്കി വരുന്ന വീടുകളുടെ തറകൾ സിമൻറും കാവിയും ഉപയോഗിച്ച് നിർമ്മിച്ചതാണ്,. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ നിർമ്മിക്കപ്പെട്ട കോൺഗ്രീറ്റ് വീടുകളുടെ നിർമ്മാണച്ചെലവ് വളരെയധികം വർദ്ധിച്ചതായി കാണുന്നു. വയൽ നികത്തി കെട്ടിടം പണിയുന്ന പ്രവണത ഈ പഞ്ചായത്തിലേക്കും കടുന്നുവരുന്നുണ്ട്. കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവണതയിൽ ജനങ്ങൾ ആശങ്കാകുലരാണ്.

ഒറ്റപ്പാലം ബ്ലോക്ക് ഭവനനിർമ്മാണ സഹകരണസംഘം, പാലക്കാട് ജില്ലാ സഹകരണബാങ്ക്, ഒറ്റപ്പാലം പ്രൈമറി അഗ്രികൾച്ചറൽ ഡവലപ്മെൻറ് കോ. ഓപ്പ്റേറ്റീവ് ബാങ്ക് എന്നീ സാമ്പത്തിക സ്ഥാപനങ്ങളെയാണ് ഈ പഞ്ചായത്തിലെ ജനങ്ങൾ ഭവന നിർമ്മാണ വായ്പക്കായി ആശ്രയിക്കുന്നത്. എന്നാൽ താങ്ങാനാവാത്ത പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്.

ഈ പഞ്ചായത്തിൽ താമസയോഗ്യമായ വീടില്ലാത്ത ആയിരത്തോളം കുടുംബങ്ങളുണ്ട്. സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടുകൾ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറവാണ്. പട്ടികജാതി കുടംബങ്ങളിൽ തന്നെ താമസയോഗ്യമായ വീടില്ലാത്തവർ 272 ആണ്. മറ്റു വിഭാഗങ്ങളിൽപ്പെട്ടവർ 750 ഓളം വരും. സർക്കാരിൻെറ വിവിധ പദ്ധതികൾ മുഖേന നൽകുന്ന ഭവനനിർമ്മാണ സഹായധനം തീരെ അപര്യാപ്തമാണ്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വർദ്ധിച്ചുവരുന്ന വിലയും കൂലിനിരിക്കിലുണ്ടായ വർദ്ധനവും പരിഗണിച്ചുകൊണ്ട് സഹായധനം വർദ്ധിപ്പിക്കുവാൻ തയ്യാറാവണം.

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വഴി ദുർബ്ബല- ഇടത്തരം വിഭാഗക്കാർക്ക് നടപ്പാക്കികൊണ്ടിരിക്കുന്ന ഭവന വായ്പ വിരലിലെണ്ണാവുന്നവർക്കു മാത്രമാണ് ലഭിക്കുന്നത്. വായ്പാ വ്യവസ്ഥകൾ സങ്കീർണ്ണവുമാണ്. പിന്നോക്ക വിഭാഗങ്ങളിൽപെട്ട ഭവന രഹിതർക്ക് ഭവന നിർമ്മാണ സഹായം ഇന്ന് നൽകുന്നത് വളരെ പരിമിതമാണ്. കൂടുതൽ ഭവന രഹിതർക്ക് സഹായം നൽകുവാൻ നടപടികളുണ്ടാവണം ദുർബ്ബല വിഭാഗക്കാർക്ക് വീടുവെക്കാനും പുതുക്കിപ്പണിയുവാനും ഉള്ള സഹായങ്ങളോ വായ്പകളോ ആവശ്യാനുസരണം ലഭിക്കാത്തതിനാൽ ഈ വിഭാഗക്കാർക്ക് പൊതുവെ പൊതുപ്രവർത്തനത്തിൽ ഉത്സാഹക്കുറവ് കാണപ്പെടുന്നു. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിടപ്രശ്നം അടിയന്തിരപ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതാണ്.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലയിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ അത്ഭുതകരമായ വർദ്ധനവാണുണ്ടായത്. 1992 ൽ 110 രൂപയുണ്ടായിരുന്ന സിമൻറിന് ഇപ്പോൾ 180 രൂപയാണ് വില. ഇഷ്ടിക, കമ്പി, മണൽ, മരം, ഓട്, തുടങ്ങി എല്ലാ കെട്ടിട നിർമ്മാണ സാമഗ്രികളുടെയും വില താങ്ങാനാവാത്തവിധം വർദ്ധിച്ചു. കൂലിനിരക്കിലും ഇക്കാലയളവിൽ ഗണ്യമായ വർദ്ധനവുണ്ടായി. ഈ കൂലി വർദ്ധനവ് വിദഗ്ദതൊഴിലാളികൾക്കുമാത്രമല്ല അവിദഗ്ധ തൊഴിലാളികൾക്കും ബാധകമാണ്. കൂലി നിരക്കിലെ വർദ്ധനവും നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും കാരണം സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായധനം കൊണ്ട് പണിപൂർത്തിയാക്കാൻ കഴിയാതെ ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. ഐ. എ. വൈ, ജെ. ആർ. വൈ. എം. ഡബ്ല്യു. എസ്. എന്നീ പദ്ധതികളുടെ ധനസഹായ പരിധിയും രാജീവ് ദശലക്ഷഭവനനിർമ്മാണ വായ്പാ പരിധിയും ഉയർത്തേണ്ടതുണ്ട്. വായ്പലഭിക്കാനുള്ള നടപടിക്രമങ്ങൾ ലളിതമാക്കണം.

പഞ്ചായത്തിലാകെ 58 ഹരിജൻ കോളനികളിലായി 801 ഹരിജൻ വീടുകളുണ്ട്. ഇവയിൽ 272 കുടുംബങ്ങൾക്ക് താമസയോഗ്യമായ വീടില്ല. വിവിധ പദ്ധതികൾ മുഖേന ഇവർക്ക് അടിയന്തിരമായി ഭവന നർമ്മാണ സഹായം ലഭ്യമാക്കേണ്ടതുണ്ട്. സർക്കാർ പദ്ധതികൾ മുഖേന ലഭിക്കുനന വീടുകളുടെ അറ്റകുറ്റപ്പണി നടത്തുവാൻ കടുത്ത സാമ്പത്തിക പ്രയാസങ്ങൾ

മുലം പലർക്കും കഴിയുന്നില്ല. ഇതിനായി പ്രത്യേക സഹായം ലഭ്യമാക്കണം.

പഞ്ചായത്തിൽ 4 ലക്ഷം വീട് കോളനികളിലായി 100 വീടുകളുണ്ടായിരുന്നു. എന്നാൽ അവയിൽ 40% വീടുകളിൽ മാത്രമേ ഇപ്പോൾ ആൾതാമസമുള്ളൂ. ബാക്കി വീടുകളത്രയും നശിച്ചിരിക്കുന്നു. മുണ്ടക്കോട്ടുകുർശ്ശി, ചളവറ ലക്ഷംവീട് കോളനികൾ ഏറെക്കുറെ നാമാവശേഷമായിരിക്കുന്നു. ലക്ഷം വീട് കോളനികളുടെ സ്ഥിതി അതീവ ശോചനീയമാണ്. ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണിക്ക് അടിയന്തിരമായി ഫണ്ട് അനുവദിക്കണം. ആൾതാമസമില്ലാത്തതും നശിച്ചതുമായ വീടുകൾ പുതിയ അപേക്ഷകൾ ക്ഷണിച്ച് അർഹരായവർക്ക് നൽകാൻ നടപടികൾ സ്വീകരിക്കണം.

പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ പരിഹരിയ്ക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. ഭവന വായ്പകൾ ഏതു സാധാരണക്കാരനും ലഭിക്കത്തക്ക രീതിയിൽ വായ്പാ വ്യവസ്ഥകൾ ഉദാരമാക്കണം.

   എ). നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

   ബി) പലിശനിരക്ക് 10 % മാക്കി നിജപ്പെടുത്തുക

   സി) പ്ലോട്ട് അടിസ്ഥാനത്തിൽ , തവണ വ്യവസ്ഥയിൽ വീട് നിർമ്മിച്ചു നൽകുക

2. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സംഘം രൂപീകരണം. എഞ്ചിനീയർ മുതൽ ലേബർ വരെ ഈ സംഘത്തിലൂടെ സപ്ലൈ ചെയ്യാൻ കഴിയണം.

3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇടപെടുക. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റത്തെ ഈ നടപടിയിലൂടെ ഒരു പരിധിവരെ ചെറുക്കാനാവും.

4. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഭവന വായ്പകൾ (മൈത്രീഭവന പദ്ധതി, രാജീവ്ദശലക്ഷ ഭവന പദ്ധതി) ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുക. ഭവന വായ്പയുടെ പരിധി ഉയർത്തുക.

5. ഭവന നിർമ്മാണ ബോർഡ് പഞ്ചായത്തുകളിൽ സ്ഥലം എടുത്ത് ഹൗസിംഗ് കോളനികൾ നിർമ്മിക്കാൻ തയ്യാറാവുക.

6. ചെലവുകുറഞ്ഞ ഗൃഹനിർമ്മാണ രീതികൾ പരിശീലിപ്പിക്കാൻ പഞ്ചായത്തുകളിൽ നിർമ്മിതി കേന്ദ്രം ആരംഭിക്കുക.

7. ഐ. എ. വൈ, ജെ. ആർ. വൈ, എം. ഡബ്ലു. എസ് എന്നീ പദ്ധതികൾ മുഖേനയുള്ള ധനസഹായം 15800 രൂപയിൽ നിന്ന് 30000 രൂപയായി ഉയർത്തുക.

8. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെ വായ്പാപരിധി 26400 രൂപയിൽ നിന്ന് 50000 രൂപയായി ഉയർത്തുക.

9. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

   എ). അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക

   ബി) രജിസ്ട്രാഫീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.

   സി) സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

10. പഞ്ചായത്തിൽ ചളവറ കയിലിയാട് എന്നിവിടങ്ങളിൽ ഭവനരഹിതർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാക്കുന്നതിനായി (4സെന്റ് ഭൂമിവീതം) സർക്കാരും പഞ്ചായത്തും സ്ഥലമെടുത്ത് അർഹരായവർക്ക് വിതരണം ചെയ്യണം. ഇങ്ങിനെ ഭൂമി ലഭിക്കുന്നവർക്ക് സർക്കാർ പദ്ധതികൾ വഴി വീട് അനുവദിക്കണം.

11. എൽ. ഐ. സി. പോലുള്ള സ്ഥാപനങ്ങൾ ഗ്രാമീണ ഭവന നിർമ്മാണ പദ്ധതികൾക്ക് വായ്പ നൽകുവാൻ തയ്യാറാവണം.

12. സാമ്പത്തിക ഭദ്രതയുള്ള പ്രാഥമിക സഹകരണ ബാങ്കുകൾ നിർമ്മിക്കുന്ന വീടിന്റെ ഈടിന്മേൽ ഭവന നിർമ്മാണ വായ്പ നൽകുക.

13. ലക്ഷം വീടു കോളനികളുടെ അറ്റകുറ്റപ്പണിക്കായി അടിയന്തിർമായി 10000 രൂപ വീതം അനുവദിക്കണം.

14. ആൾതാമസമില്ലാത്തതും നശിച്ചുപോയതുമായ ലക്ഷം വീടുകൾ പുതിയ അപേക്ഷ ക്ഷണിച്ച് അർഹരായവർക്ക് നൽകണം ഇതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.

5 6 സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും സംഘടിത - അസംഘടിത തൊഴിലാളി വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്. പൂർണ്ണമായും കേന്ദ്ര സംസ്ഥാന ഗവർമെണ്ടുകൾ വഹിക്കുന്ന ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി - തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ നടപ്പാക്കുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ പരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് പഞ്ചായത്തിൽ കൂടുതലായി ലഭ്യമാവുന്നത്. മറ്റു പദ്ധതികൾ മുഖേനയുള്ള സഹായം ഈ പഞ്ചായത്തിൽ നാമമാത്രമായി മാത്രമേ ലഭ്യമായിട്ടുള്ളൂ.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്മ, ബോധവൽക്കരണത്തിന്റെ കുറവ് ആവശ്യത്തിനും, സമയത്തിനും ലഭിക്കായ്ക, സാങ്കേതികമായ നൂലാമലകൾ എന്നിവ എടുത്തു പറയേണ്ടതാണ്.

പട്ടികജാതി വികസന കോർപ്പറേഷന്റെയും വനിതാ വികസന കോർപ്പറേഷന്റെയും ഓഫീസുകൾ യഥാക്രമം പാലക്കാട്ടും, തിരുവനന്തപുരത്തും ആയതിനാൽ ആനുകൂല്യങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കാൻ കഴിയുന്നില്ല. താലൂക്ക് തലത്തിൽ ഈ കോർപറേഷനുകളുടെ ഓഫീസുകൾ പ്രവർത്തനമാരംഭിക്കേണ്ടതാണ്. ഈ കോർപ്പറേഷൻ വഴിയുള്ള വിവിധ സഹായ പദ്ധതികളെക്കുറിച്ച് ഈ വിഭാഗങ്ങൾക്കിടയിൽ കാര്യമായ ബോധവൽക്കണരം നടത്തേണ്ടതുണ്ട്.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസിനു താഴെയുള്ള മൂന്ന് വി. ഇ. ഒ. സർക്കിളുകൾ വഴിയാണ്.

ഏറ്റവും ഒടുവിൽ ഐ. ആർ, ഡി. പി. സർവ്വെയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ മൂന്ന് വി. ഇ. ഒ. സർക്കിളുകളിലായി ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1834 ആണ്. ഇതിൽ പട്ടികജാതി കുടുംബങ്ങൾ 461 ആണ്. ഇവയിൽ നാളിതുവെര സഹായം ലഭിച്ച കുടുംബങ്ങൾ 191 ആണ്. സഹായം ലഭിച്ചതുവഴി ദാരിദ്രരേഖക്കു മുകളിലെത്തിയ കുടംബങ്ങൾ കേവലം 63 ആണ്.

എസ്. എഫ്. / എം. എഫ് പരിപാടിയനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം

	വാർഡ്										
	1	2	3	4	5	6	7	8	9	10	ആകെ
കിണർ	5	7	4	1	7	7	3	1	1	3	39
കുളം	..	1	1	1	.	.	.	.	.	3	
പമ്പ്		.									
ഹൗസ്	.	.	.								
പമ്പ്											
സെറ്റ്	3	2	5	2	4	4	5	4	3	9	41

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി ആർ. എ. പി.

വി. ഇ. ഒ. സർക്കിൾ	എ. ആർ. ഡി. പി. സർവ്വെ പ്രകാരം എണ്ണം	സഹായം ലഭിച്ചവർ	ഇനി സഹായത്തിന് അർഹതയുള്ളവർ
1	54	20	34
2	53	9	44
3	33	13	20
ആകെ	140	42	98

ജെ. ആർ. വൈ പഞ്ചായത്ത് വിഹിതത്തിൽ നിന്ന് അനുവദിച്ച വീടുകൾ

വർഷം	വീടുകളുടെ എണ്ണം	അനുവദിച്ച സംഖ്യ
1991 - 92	18	Rs. 201600/-
1992 - 93	9	Rs. 100800/-
1993 - 94	8	RS. 116000/-
1994 - 95	7	RS.99400/-
1995 - 96	10	RS. 158000/-

1992 മുതൽ 1996 വരെയുള്ള കാലയളവിൽ ചളവറ പഞ്ചായത്തിൽ ഐ, ആർ. ഡി. പി. പദ്ധതിപ്രകാരം സ്വയം തൊഴിൽ വായ്പ 272 പേർക്ക് നൽകുകയുണ്ടായി. 1859490 രൂപ മൊത്തം വായ്പയായി നൽകി. ഇതിൽ 10,39,198 ക. സബ്സിഡിയായിരുന്നു. TRYSEM പദ്ധതിപ്രകാരം ഈ കാലയളവിൽ 72 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകി. ഇതിൽ 42 പേർ പട്ടികജാതി വിഭാഗത്തിലും 35 പേർ വനിതകളുമായിരുന്നു. 1988 മുതൽ 1996 വരെയുള്ള കാലയളവിൽ DWCRA പദ്ധതിപ്രകാരം 6 തൊഴിൽ സംരഭങ്ങൾ പഞ്ചായത്തിൽ രൂപപ്പെടുകയുണ്ടായി . ഈ പദ്ധതികൾ വഴി 66 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുവെങ്കിലും ചില യൂണിറ്റുകൾ ഇന്ന് നിഷ്ക്രിയമാണ്. കയിലിയാട് ഒരുകുട നിർമ്മാണ യൂണിറ്റും ചളവറയിൽ ഒരു കറിപൗഡർ യൂണിറ്റും തരക്കേടില്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന ടൂൾ കിറ്റ് വിതരണ പദ്ധതി പ്രകാരം 1992 മുതൽ 96 വരെ 39 പേർക്ക് സഹായം നൽകി. ഈ പദ്ധതിയെക്കുറിച്ച് ജനങ്ങൾ വേണ്ടത്ര ബോധവാന്മാരല്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ ഗ്രാപഞ്ചായത്ത് ഭരണസമതികൾക്ക് അധികാരം നൽകണം. ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന സി. ആർ. എസ്സ്. പി. പദ്ധതിപ്രകാരം 74 കുടുംബങ്ങൾക്ക് സഹായം നൽകി. ഇധ പദ്ധതിപ്രകാരം കൂടുതൽ പേർക്ക് സഹായംലഭ്യമാക്കണം. കോളേജ് വിദ്യാർത്ഥികളായ 27 പട്ടികജാതി വിദ്യർത്ഥികൾക്ക് ഫർണീച്ചറുകൾ നൽകി.

''സാമൂഹ്യവനവൽക്കരണപരിപാടി'' പ്രകാരം 300 തെങ്ങിൻ തൈകളും 7000 വൃക്ഷതൈകളും വിതരണം ചെയ്തു. ഈ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നവർക്ക് വൃക്ഷത്തൈകൾ സംരക്ഷിക്കാൻ തുടർസഹായം ആവശ്യമാണ്. ''കുടീർജ്യോതി'' പദ്ധതിപ്രകാരം 8 പട്ടികജാതി വീടുകൾ മാത്രമാണ് വൈദ്യുതീകരിച്ചത്. ഈ പദ്ധതി വിപുലപ്പെടുത്തി കൂടുൽ കോളനികൾ വൈദ്യുതീകരിക്കണം. ''ജവഹർ റോസ്ഗാർ യോജന'' ''ഇന്ദിര ആവാസ് യോജന'' , ''മില്യൻ വെൽ സ്കീം'' എന്നീ പദ്ധതികൾ വഴി 1992 മുതൽ 96 വരെ 194 വീടുകൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും ദാരിദ്രരേഖക്കുതഴെയുള്ളവർക്കും നൽകുകയുണ്ടായി. പഞ്ചായത്തിലെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ എണ്ണം തുലോം പരിമിതാമണ്.

വില്ലേജ് ഓഫീസകം വഴിയുള്ള ക്ഷേമപദ്ധതികം:

സാമൂഹ്യക്ഷേമരംഗത്ത് റവന്യു വകുപ്പ് കാര്യമായി പെൻഷനുകളും, നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായങ്ങളുമാണ് ലഭ്യമാക്കുന്നത്. അർഹരായവരിൽ ഒരു ചെറിയ വിഭാഗത്തിനു മാത്രമാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. ഇതൊരു സാമൂഹ്യ പ്രശ്നമായി നാട്ടിൻപുറങ്ങളിൽ നിലനിൽക്കുകയാണ്.

ഈ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ വളരെ സങ്കീർണ്ണമാണിന്ന്. ഇത് ലളിതമാക്കണം. ഗ്രാമവാസികളിൽ വളരെ ഗൗരവമായി ഉയർന്നു വന്ന വിമർശനമാണിത്. കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പെടെ എല്ലാ സാമൂഹ്യ സുരക്ഷാ പദ്ധതികളുടെയും പൂർണ്ണ ചുമതല ഗ്രാപഞ്ചായത്തുകളെ ഏൽപ്പിക്കണം, അധികാരം വികേന്ദ്രീകരിക്കുന്നതോടൊപ്പം സമ്പത്തും വികേന്ദ്രീകരിക്കണം.

പെൻഷൻ ഗുണഭോക്താക്കളുടെ വിവരം 1996

വില്ലേജ്	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗപെൻഷൻ	കർഷകത്തൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം	വാർദ്ധക്യപെൻഷൻ	മാരകരോഗസഹായം
ചളവറ	116	160	78	288	79	ലഭിക്കാൻ കാത്തുനിൽപ്പില്ല	ലഭിക്കാൻ കാത്തുനിൽപ്പില്ല

നിർദ്ദേശങ്ങൾ

1. വിധവാ പെൻഷൻ, പ്രായപൂർത്തിയായ ആൺ കുട്ടികളുണ്ടെങ്കിൽ ഇന്ന് ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

2. വികലാംഗപെൻഷന്, അംഗവൈകല്യം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് ലഭിക്കാൻ ഇന്ന് നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കണം. സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർക്ക് നൽകണം.

3. കർഷകത്തൊഴിലാളി പെൻഷൻ പലർക്കും ലഭിക്കാത്ത സ്ഥിതിയാണ്. ഇന്നുള്ളത്. അനർഹരായ പലരും പെൻഷൻ വാങ്ങുന്നുണ്ടുതാനും. ഈ സ്ഥിതി മാറ്റിയെടുക്കാൻ അർഹരായവരെ തെരഞ്ഞെടുക്കാൻ ഗ്രാമപഞ്ചായത്തിന് അധികാരം നൽകണം.

4. തൊഴിലില്ലായ്മ വേതനവും അനർഹരായവർ കൈപ്പറ്റുന്ന സ്ഥിതിയാണ് ഇന്നുള്ളത്. അർഹരായവരെ തെരഞ്ഞെടുക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ട എന്ന് ഉറപ്പുവരുത്തണം.

ക്ഷേമനിധികൾ

കർഷകത്തൊഴിലാളി ക്ഷേമനിധി:

ഏറ്റവും കൂടുതൽ തൊഴിലാളികൾ അംഗമായി ചേർന്നിട്ടുള്ള ക്ഷേമനിധിയാണിത്. പഞ്ചായത്തിൽ ആകെ 1124 പേർ ഈ ക്ഷേമനിധിയിൽ അംഗങ്ങളാണ്. പഞ്ചായത്തിലെ മൊത്തം കർഷകത്തൊഴിലാളികളുടെ പകുതിയിൽ കൂടുതൽ മാത്രമാണ് ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. ക്ഷേമനിധി ഓഫീസിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കേണ്ടതാണ്. വിവാഹധനസഹായവുമ മരണാനന്തര ആനുകൂല്യവും യഥാസമയം ലഭ്യമാക്കണം.

കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിലെ ഒരു പ്രധാന തൊഴിലാളി വിഭാഗമായി ഈ വിഭാഗം ഇന്ന് മാറിയിരിക്കുന്നു. ഗൾഫ് മേഖലയിലെ വർദ്ധിച്ചുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളെ ആശ്രയിച്ചാണ് ഇവർ നില നിൽക്കുന്നത്. ഇവരിൽ ഭൂരിഭാഗവും അസംഘടിതരാണ്. പതുക്കെപ്പതുക്കെയാണെങ്കിലും സംഘടിത തൊഴിലാളി വിഭാഗമായ മാറിക്കൊണ്ടിരിക്കുന്നു. 150 പേർ മാത്രമേ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളു. ഇത് ആകെ തൊഴിലാളികളുടെ 10 % മാത്രമേ ആവുന്നുള്ളു. ബഹുഭൂരിപക്ഷവും ക്ഷേമനിധിക്കുപുറത്താണ്. പെൻഷൻ പ്രായം 55 ആക്കണം. ക്ഷേമനിധി ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കണം.

തയ്യൽതൊഴിലാളി ക്ഷേമനിധിയിൽ ഈ പഞ്ചായത്തിലെ 50 ൽ പരം പേർ അംഗങ്ങളാണ്. വിവിധ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട ക്ഷേമനിധികളെക്കുറിച്ച് വേണ്ട ബോധം തൊഴിലാളികൾക്കിടയിൽ ഇല്ല. വ്യാപകമായ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

പൊതുവിതരണം.

പഞ്ചായത്തിലാകെ 5 പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. മാവേലിസ്റ്റോർ ഈ പഞ്ചായത്തിൽ നിലവിലില്ല. ഓണക്കാലത്ത് രണ്ട് സഹ: ബാങ്കുകളും ഓണച്ചന്തകൾ നടത്താറുണ്ട്. പൊതുവിതരണകേന്ദ്രങ്ങളിലൂടെ നിത്യോപയോഗ സാധനങ്ങൾ മിതമായ വിലക്ക് വിതരണം ചെയ്യണം. പഞ്ചായത്തിൽ ചളവറയിലും കയിലിയാടും മുണ്ടക്കോട്ടുകർശ്ശിയിലും മാവേലിസ്റ്റോറുകൾ അനുവദിക്കണം. പല പ്രദേശങ്ങളിലെയും ജനങ്ങൾക്ക് റേഷൻ ഷാപ്പിലേക്ക് ഏറെ ദൂരം താണ്ടേണ്ടിവരുന്നത് വലിയ പ്രയാസമാണ്. അതിനാൽ, മൂന്നാംവർഡിൽ കിഴക്കൻമുക്ക് വേമ്പലത്തുപാടം, തൃക്കാരമണ്ണ എന്നിവിടങ്ങളിൽ റേഷൻഷോപ്പ് അനുവദിക്കണം.

റേഷൻ കാർഡിലെ അപാകതകൾക്ക് പഞ്ചായത്ത് തലത്തിൽ പരിഹാരം കണാണൻ സംവിധാനമുണ്ടാക്കണം.

അംഗൻവാടികൾ :

ചളവറ പഞ്ചായത്തിൽ 20 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 19 അംഗൻവാടികളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ വർഷം ആരംഭിച്ച കുഞ്ഞുകുർശ്ശി അംഗൻവാടി മാത്രം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സ്വന്തമായി സ്ഥലം ലഭിച്ചിട്ടുണ്ട്. അനൗപചാരിക പ്രീ- സ്കൂൾ വിദ്യാഭ്യാസം, പ്രീ സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകൽ, തെരഞ്ഞെടുത്ത ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും 6 മാസം മുതൽ 5 വയസ്സുവെരയുള്ള

അംഗൻവാടി പൊതുസ്ഥിതി പട്ടിക

ക്രമനമ്പർ	അംഗൻവാടി നമ്പർ	വാർഡ്	ജനസംഖ്യ	പട്ടികജാതി	5 വയസ്സുവരെയുള്ള കുട്ടികൾ	അനുപൂരക പോഷകാഹാരം ലഭിക്കുന്നവർ	ഗർഭിണികൾ
1	1	8	1061	114	99	75	8
2	2	9	1105	193	200	60	9
3	3	9	1353	156	117	71	14
4	4	9	1023	174	71	70	7
6	6	7	1227	322	123	62	3
6	6	6	1152	477	45	44	6
7	7	6	1003	349	68	64	6
8	8	10	1439	479	111	72	14
9	9	5	1009	433	87	74	6
10	10	5	1155	253	76	42	6
11	11	4	1026	346	75	62	9
12	12	3	1033	268	87	65	9
13	13	3	1188	226	119	74	9
14	14	9	786	318	86	67	8
15	15	2	906	148	66	76	10
16	16	2	1078	310	107	45	9
17	17	1	1213	323	84	90	13
18	18	1	968	354	106	90	11
19	156	2	888	188	72	57	5
20	169	8	315	28	34	7	3
			20928	5459	1833	1267	165

കുട്ടികൾക്കും അനുപൂരക പോഷകാഹാ പരിപാടി, പ്രതിരോധ കുത്തിവെപ്പ്, ആരോഗ്യ പോഷണ വിദ്യാഭ്യാസം, എന്നി പരിപാടികളാണ് ഈ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്നത്. അ ംഗൻ വാടികളുടെ പ്രവർത്തനം ഇനിയും ഗുണപരമായി മെച്ചപ്പെടുത്തേണ്ടതുണ്ട്. സ്കൂൾ വിദ്യാഭ്യസത്തിനു മുമ്പ് കുട്ടികളെ അംഗൻ വാടികളിലയക്കാൻ മദ്ധ്യവർഗ്ഗ കുടുംബങ്ങളിലെ രക്ഷിതാക്കൾ താൽപര്യം കാണിക്കുന്നില്ല. അംഗന വാടികളിലെ ഭൗതിക സൗകര്യങ്ങളുടെ കുറവ് ഈ സ്ഥാപനങ്ങൾ നേരിടുന്ന മുഖ്യപ്രശ്നമാണ്. കളിസ്ഥലത്തിന്റെ അഭാവം കളിപ്പാട്ടങ്ങളുടെ കുറവ്, കക്കൂസ് സൗകര്യങ്ങളില്ലായ്മ, അംഗൻ വാടി കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ, ഇക്കാ രണങ്ങളാൽ പലരക്ഷിതാക്കളും കുട്ടികളെ അംഗ ൻവാടികളിലേക്ക് അയക്കുന്നില്ല. വളരെ മോശ മായ ജീവനക്കാരുടെ ഓണറേറിയം , ജീവിത ചെലവിന് ആനുപാതികമായി വർദ്ധിപ്പിക്കു വാൻ നടപടികൾ സ്വീകരിക്കണം അംഗൻവാടി കളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങൾ പ്രവർത്തനം മെച്ചപ്പെടുത്തണം.

നിർദ്ദേശങ്ങൾ:

1. പട്ടത്തിക്കുന്ന്, ചെറുവത്തൂർ കോളനി കരടിക്കുന്ന് എന്നിവിടങ്ങളിൽ അംഗൻ വാടികൾ ആരംഭിക്കണം. സ്ഥലം സൗജന്യ മായി നാട്ടുകാർ നൽകുന്നതാണ്.
2. അംഗൻവാടി കെട്ടിട നിർമ്മാണത്തിന് അനു വദിക്കുന്ന തുക 50000 രൂപയായി ഉയർ ത്തണം.
3. അംഗൻവാടികളുടെ അറ്റകുറ്റപ്പണി നടത്താൻ പ്രത്യേക ഫണ്ട് അനുവദിക്കണം.
4. കക്കൂസില്ലാത്ത മുഴുവൻ അംഗൻവാടി കളിലും കക്കൂസ് നിർമ്മിക്കണം
5. അംഗൻവാടി വർക്കർമാരെയും ഹെൽപർമാ രേയും സർക്കാർ ജീവനക്കാരായി അംഗീ കരിച്ച് സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തണം.
6. അംഗൻവാടികൾക്ക് ജനകീയ പങ്കാളി ത്തത്തോടെ കളിപ്പാട്ടങ്ങൾ ലഭ്യമാക്കണം.
7. അംഗൻവാടി വെൽഫേർ കമ്മറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.
8. ഭക്ഷണ വിതരണത്തിന് പഞ്ചായത്ത് തലത്തിൽ ക്രമീകരണം ഉണ്ടാക്കണം.
9. അംഗൻവാടികളിൽ ശുദ്ധജലസൗകര്യം ഏർപ്പെടുത്തണം.
10. മുഴുവൻ അംഗൻവാടികളും പഞ്ചായത്ത് ചുമതലയിൽ വൈദ്യുതീകരിക്കണം
11. മാസത്തിൽ ഒരു തവണയെങ്കിലും മാതൃ സംഗമം അംഗൻവാടികളിൽ വളിച്ചു ചേർക്കണം.
12. അംഗൻവാടികളിൽ രണ്ടാഴ്ചയിലൊരിക്കൽ ഡോക്ടറുടെ സേവനം ലഭ്യമാക്കണം
13. അംഗൻവാടികൾക്ക് ഫർണീച്ചർ വാങ്ങുവാൻ പ്രത്യേക ഗ്രാൻറ് അനുവദിക്കണം
14. അംഗൻവാടികൾക്ക് കോമ്പൗണ്ട് നിർമ്മി ക്കാൻ നടപടി സ്വീകരിക്കണം
15. അംഗൻവാടികളിലേക്ക് റോഡ് സൗകര്യം ഉണ്ടാക്കിയെടുക്കണം.

കഴിഞ്ഞവർഷം 685 കുട്ടികൾക്കും 185 അ മ്മമാർക്കും അനുപൂരക പോഷകാഹാര വിതരണവും 360 പ്രീ. സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണവും വിദ്യാഭ്യാസവും നൽകി യിട്ടുണ്ട്.

5 7

സംസ്കാരം

വള്ളുവനാടിന്റെ സാംസ്ക്കാരിക പൈതൃകം ഉയർത്തപ്പുടിച്ച പാരമ്പര്യമാണ് നമുക്കുള്ളത്. കുന്നുകളും മല്ലകളും നിറഞ്ഞ, മറ്റു ഭൂവിഭാഗങ്ങളിൽ നിന്ന് ഒറ്റപ്പെട്ടു കിടക്കുന്ന ഈ പ്രദേശം ചളവറ ഒരു കാലത്ത് കമ്മ്യൂണിസ്റ്റുകാരുടെ ഒളി സങ്കേതമായിരുന്നു. അതുകൊണ്ടുതന്നെ കേരളത്തിന്റെ രാഷ്ട്രീയ ഭൂപടത്തിൽ ചളവറ സ്ഥാനം പിടിച്ചു.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി ഉയർന്നു വന്ന ദേശീയ പ്രസ്ഥാനം ചളവറയേയും കർമ്മോന്മുഖമാക്കി. ഈ പ്രദേശത്തെ സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നല്കിയ ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ, ശ്രീ. രാമചന്ദ്രൻ നെടുങ്ങാടി തുടങ്ങിയ മഹാരഥന്മാർ ഇന്ന് നമ്മോടൊപ്പമില്ല. മൺമറഞ്ഞുപോയ ഈ ത്യാഗധനരോടൊപ്പം മുന്നേറിയ ശ്രീ. ഐ. സി. പി. നമ്പൂതിരി ഇന്നത്തെ പഴമക്കാരിൽ ഗുരുസ്ഥാനീയനാണ്. നമ്പൂതിരി സമുദായത്തിന് നിഷിദ്ധമായിരുന്ന വിധവാവിവാഹവും, മിശ്രവിവാഹവും നടത്തി ഇട്ട്യാം പറമ്പത്തു മനയും അതിനു നേതൃത്വം നല്കിയ ഐ. സി. പി. നമ്പൂതിരിയും സാമൂഹ്യ വിപ്ലവത്തിനു തിരികൊളുത്തി.

ജന്മിത്തത്തിനെതിരായി ഉയർന്നുവന്ന കർഷക പ്രസ്ഥാനവും ശക്തമായ അധ്യാപക പ്രസ്ഥാനവും ഈ നാടിന്റെ സാമൂഹ്യ സാംസ്കാരിക പുരോഗതിയ്ക്ക് ആക്കംകൂടി. സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് പ്രേരകശക്തിയായിത്തീർന്ന ഔപചാരിക വിദ്യാഭ്യാസത്തിന് ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ ചളവറയിൽ പ്രാരംഭം കുറിച്ചു. 1902 ൽ ശ്രീ തിരുവേഗപുറക്കളം രാമയ്യർ ആരംഭിച്ച ചളവറ യു. പി. സ്കൂളാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. ഇതിനു പുറമെ ഇന്ന് നിലവിലുള്ള എ. എം. എൽ. പി. സ്കൂൾ, ചളവറ എൽ. പി. സ്കൂൾ കയിലിയാട്, കെ.വി.യു.പി. സ്കൂൾ കയിലിയാട്, ആർ. വി. എൽ. പി. സ്കൂൾ കയിലിയാട്. എ. എൽ. പി. സ്കൂൾ പുലിയാനംകുന്ന്, എ. എം. യു പി. സ്കൂൾ മുണ്ടക്കോട്ടുകുർശ്ശി എന്നിവ അര നൂറ്റാണ്ടിനുമുമ്പുതന്നെ സ്ഥാപിച്ച ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ചളവറ ഹൈസ്കൂൾ 1966 ലാണ് ആരംഭിച്ചത്. അതിനു നേതൃത്വം നല്കിയത് ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ, ശ്രീ. കെ.പി. കേശവൻ നായർ, പൊരുതിയിൽ നാരായണൻ വൈദ്യർ തുടങ്ങിയവരാണ്. ശ്രീ. കെ. എം. സി. നാരായണൻ നമ്പൂതിരിപ്പാട്, ശ്രീ. കെ. വി. നാരായണൻ നായർ, ശ്രീ. കെ. രാമചന്ദ്രൻ നെടുങ്ങാടി തുടങ്ങി പല പ്രമുഖ വ്യക്തികളും ഈ പഞ്ചായത്തിന്റെ വിദ്യഭ്യാസ പുരോഗതിയിൽ നിർണ്ണായകമായ പങ്കുവഹിച്ചവരാണ്. ഇന്ന് ഈ ഗ്രാപഞ്ചായത്തിൽ ആറ് എൽ. പി. സ്കൂളുകളും മൂന്ന് യു. പി. സ്കൂളുകളും, ഒരു ഹൈസ്ക്കൂളും അടക്കം പത്ത് സ്കൂളുകൾ നിലവിലുണ്ട്.

മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് വായനാശാലകളും ഗ്രന്ഥശാലകളും ക്ലബ്ബുകളും. 1957 ൽ ആരംഭിച്ച ചളവറ പൊതുജനവായനശാലയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാ ല. 7300 ഓളം പുസ്തകങ്ങളും 43 ആനുകാലിക പ്രസിദ്ധീകരണങ്ങളുമുള്ള ഈ ഗ്രന്ഥാലയം ഇന്നും നന്നായി പ്രവർത്തിക്കുന്നുണ്ട്. ചളവറ വായനശാലയുടെ ആഭിമുഖ്യത്തിൽ നമ്മുടെ സാംസ്കാരിക നായകന്മാരായ ജോസഫ് മുണ്ടശ്ശേരി, ചെറുകാട് എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് സാംസ്കാരിക സമ്മേളനങ്ങൾ നടത്തിയിട്ടുണ്ട്. അതുപോലെത്തന്നെ സുകുമാർ അഴീക്കോടിന്റെ ഗാന്ധിസ്മാരക പ്രഭാഷണം ഇക്കൊല്ലം ചളവറയിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ ഗ്രന്ഥശാലയ്ക്കു പുറമെ ചളവറ പഞ്ചായത്തിൽ മറ്റ് നാല് വായനശാലകൾ കൂടി പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം പൊതുവെ തൃപ്തികരമല്ല. ഈ ഗ്രന്ഥശാലകളിലെല്ലാംതന്നെ ധാരാളം നല്ല പുസ്തകങ്ങൾ ഉണ്ടെങ്കിലും ജനങ്ങൾ അവയ്ക്കുവേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. സ്ത്രീകളുടെ ഇടയിൽ വായനാശീലം നന്നേ കുറവാണ്. മറ്റൊന്ന് റേഡിയോ, ടെലിവിഷൻ, സിനിമ തുടങ്ങിയ ബഹുജന വാർത്താമദ്ധ്യമങ്ങൾ വായനശാലകളെയും മറ്റും പ്രതികൂലമായി ബാധിക്കുന്നുവെന്നുള്ളതാണ്. ഇവ ജനങ്ങളുടെ വായനാശീലത്തെ ഇല്ലാതാക്കുന്നുവെന്നു മാത്രമല്ല കുട്ടികളുടെയും

യുവജനങ്ങളുടെയും കായിക ശേഷിയെ തളർത്തുകയും ചെയ്യുന്നു. ഗ്രന്ഥശാലകളുടെ പൂർവ്വവിവരങ്ങൾ സൂചിപ്പിയ്ക്കുന്ന പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

ഇതുപോലെ സാംസ്കാരിക നവോത്ഥാനത്തിന് വീഥിയൊരുക്കുന്ന പ്രസ്ഥാനങ്ങളാണ് യുവജനങ്ങളുടെ നേതൃത്വത്തിലുള്ള കലാ- കായിക സംഘങ്ങൾ. ഇവയിൽ ചിലതെല്ലാം ജന്മം കൊള്ളുകയും അകാലത്തിൽ മൃത്യുവരിക്കുയും ചെയ്തു. നിലവിലുള്ള പത്തോളം കലാ - കായിക സംഘടനകൾക്ക് തന്നെ ഏറെ പരിമിതികളുണ്ട്. പ്രധാനമായും സാമ്പത്തിക പ്രശ്നം തന്നെ. ഇവയിൽ മൂന്നെണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. പ്രദേശികമായി ജനങ്ങളിൽ നിന്ന് സ്വരൂപിക്കുന്ന സംഭാവനകൊണ്ടും, അംഗങ്ങളിൽ നിന്നും ഈടാക്കുന്ന വരിസംഖ്യകൊണ്ടും മാത്രമാണ് ഇപ്പോൾ ഇവ പ്രവർത്തിക്കുന്നത്. (പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്) ഈ പഞ്ചായത്തിലുള്ള കലാ കായിക പ്രതിഭകളെ കണ്ടെത്താനും അവർക്ക് പ്രോത്സാഹനം നല്കാനും ഇന്നും നമുക്ക്വേണ്ടത്ര സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കേരളോത്സവം സംഘടിപ്പിക്കാറുണ്ടെങ്കിലും അതിനു പോരായ്മകളേറെയുണ്ട്. അതുകൊണ്ട വായശാല കലാ സാംസ്കാരിക സംഘടനകൾ യുവയുടെ പ്രവർത്തനം ശക്തമാക്കണം. യഥാർത്ഥ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും പഞ്ചായത്തു തലത്തിൽ ഒരു കലാ സാംസ്കാരിക സമിതിയും, കലാസമിതയും, സാംസ്കാരിക നിലയവും ആരംഭിക്കേണ്ടതാണ്.

ഈ ഗ്രാമപഞ്ചായത്തിൽ പ്രധാനമായും രണ്ടു മത വിഭാഗങ്ങളാണ് ഉള്ളത്. ഹിന്ദുക്കളും മുസ്ലീങ്ങളും. നാമമാത്രമായ ക്രിസ്തുമതത്തിൽപ്പെട്ടവരും ഇവിടെയുണ്ട്. ഹിന്ദുക്ഷേത്രങ്ങളും, മുസ്ലീംപള്ളികളും സാംസ്കാരിക കേന്ദ്രങ്ങൾ തന്നെയാണ്. ഉത്സവങ്ങളും, പെരുന്നാളാഘോഷങ്ങളും നേർച്ചകളും ജനപങ്കാളിത്തത്തോടെ നടത്തിവരുന്നുണ്ട്. ജാതി സംബന്ധമായ തരംതിരിവുകൾ ഉണ്ടെങ്കിലും ഉച്ചനീചത്വം നിലനിൽക്കുന്നില്ല.

സ്വാതന്ത്ര്യത്തിനുമുമ്പ് ഈ ഗ്രാപഞ്ചായത്തിലെ പ്രബല രാഷ്ട്രീയ കക്ഷി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സായിരുന്നു. എന്നാൽ ഇന്ന് ഈ പാർട്ടിയെ കൂടാതെ സി. പി. ഐ. (എം), സി. പി. ഐ., ബി. ജെ. പി., കോൺഗ്രസ്. എസ്. മുസ്ലീംലീഗ്, ജനതാദൾ, തുടങ്ങിയ രാഷ്ട്രീയ പാർട്ടികളുണ്ട്. ഇവയുടെ യുവജന വിഭാഗവും ഇന്ന് നിലവിൽ ഉണ്ട് എന്നാൽ വർഗ്ഗീയമോ, രാഷ്ട്രീയമോ ആയ സംഘട്ടനങ്ങളിൽ നിന്ന് ഈ ഗ്രാമം മോചിതമാണെന്നതിൽ നമുക്ക് അഭിമാനിക്കാം.

നമ്മുടെ പ്രാചീന കലകളിൽ ഒന്നായ തോൽപാവകൂത്തിന് പ്രസിദ്ധമാണ് ചളവറ. പാവക്കൂത്തു കലാകാരന്മാരിൽ പ്രസിദ്ധനും ഗുരുസ്ഥാനീയനുമാണ് ശ്രീ. കുന്നത്ത് രാവുണ്ണിനായർ. അദ്ദേഹത്തിന്റെ ശിഷ്യൻ ശ്രീ. ഉപ്പത്ത് നാരായണൻ നായർ (പുലവർ) ഇന്നും ഈ രംഗത്ത് പ്രവർത്തിക്കുന്ന കലാകാരൻമാരിൽ പ്രമുഖനാണ്. ഇദ്ദേഹം വിദേശരാജ്യങ്ങളിൽ സന്ദർശനം നടത്തി, പാവക്കൂത്ത് അവതരിപ്പിച്ചിട്ടുണ്ട്. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഈ കലയേയും, കലാകാരന്മാരേയും കണ്ടെത്തി ആദരിക്കുകയും, അവർക്ക് വേണ്ട പ്രോത്സാഹനം നൽകേണ്ടതുമാണ്. അതുപോലെത്തന്നെ നാടൻകലകളായ പുള്ളുവൻപാട്ട് പൊറാട്ട് കളി, പൂതൻ, തിറ തുടങ്ങിയവയ്ക്കും പ്രോത്സാഹനം കൊടുക്കേണ്ടതുണ്ട്. ചെണ്ട, പഞ്ചവാദ്യം, തുടങ്ങിയ വാദ്യകലകളിൽ പ്രാവീണ്യം നേടിയവർ ഈ പ്രദേശത്ത് ഏറെയുണ്ട്. അവർക്കും അവസരങ്ങളും പ്രോത്സാഹനങ്ങളും നല്കി സഹായിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

ഇന്ന് സാംസ്കാരിക മണ്ഡലത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. ഒന്ന്, രണ്ട് മൂന്ന് , ഏഴ്, ഒമ്പത്, പത്ത്, വാർഡുകളിൽ ഒരു വായനശാല സ്ഥാപിക്കണം.
2. ഒന്ന്, അഞ്ച് വാർഡുകളിലെ കോളനികളിൽ ടി. വി സ്ഥാപിക്കണം
3. നിലവിലുള്ള ഗ്രന്ഥശാലകളും, ക്ലബ്ബുകളും നേരിടുന്ന സാമ്പത്തിക പ്രശ്നം
4. ഒരു വാർഡിലും തന്നെ പൊതു കളിസ്ഥലം നിലവിലില്ല.
5. നിലവിലുള്ള പല വായനശാലകളിലും, ക്ലബ്ബുകളിലും വൈദ്യുതി ഇല്ല.
7. ജനങ്ങളിൽ വായനാശീലം കുറവ്
8. നിലവിലുള്ള വായനാശാലകളിലും , ക്ലബ്ബുകളിലും റേഡിയോ, ടി. വി. എന്നിവ ഇല്ല.
9. സ്പോർട്ട്സ് ഉപകരണങ്ങൾ വേണ്ടത്ര ഇല്ല.
10. വായനശാല, ക്ലബ്ബ്, സ്കൂൾ എന്നിവ വാർഷി

കാഘോഷങ്ങൾ നടത്തുന്നില്ല.,

11. ഉത്സവാഘോഷങ്ങളിൽ ജനപങ്കാളിത്തം കുറവ്

12. കേരളോത്സവം ഫലപ്രദമല്ല.

13. പഞ്ചായത്തിന്റെ സാമ്പത്തികസഹായം ലഭിക്കുന്നില്ല.

14. നാടൻ കലകൾക്ക് പ്രോത്സാഹനം കുറവാണ്.

15. അനധികൃമായ മദ്യ വില്പന

പരിഹാരങ്ങളും നിദ്ദേശങ്ങളും

1. ഓരോ വാർഡിലും ഓരോ വായനശാലയും, ക്ലബ്ബും, പൊതുകളിസ്ഥലവും വേണം.

2. വായനശാലകളുടെയും, ക്ലബ്ബുകളുടെയും നേതൃത്വത്തിൽ ബോധവൽക്കണക്ലാസ്സ്, തുടർ സാക്ഷരതാ പരിപാടി എന്നിവ സംഘടിപ്പിക്കണം.

3. ഒന്ന്, രണ്ട്, മൂന്ന്, ഏഴ്, ഒമ്പത്, പത്ത്, വാർഡുകളിൽ വായനശാല ആരംഭിക്കണം.

4. പുസ്തകങ്ങളും സ്പോർട്ട്സ് ഉപകരണങ്ങളും വാങ്ങുന്നതിന് പഞ്ചായത്തിന്റെ സാമ്പത്തിക സഹായം ആവശ്യമാണ്.

5. വൈദ്യുതി ഇല്ലാത്ത വായനശാലകളും ക്ലബ്ബുകളും വൈദ്യുതീകരിക്കുക.

6. സ്കൂളുകളിൽ സാഹിത്യ സമാജങ്ങൾ നടത്തുക

7. മദ്ധ്യവേനൽ അവധിക്കാലത്ത്, കലാ സാഹിത്യാഭിരുചിയുള്ള കുട്ടികൾക്ക് പരിശീലനക്കളരി ഏർപ്പെടുത്തുക.

8. വായനശാല, ക്ലബ്ബ്, സ്കൂൾ എന്നിവ വാർഷികാഘോഷങ്ങൾ നടത്തണം

9. ക്ലബ്ബുകളുടെയും മറ്റും ധനശേഖരണാർത്ഥം നടത്തുന്ന പരിപാടികൾക്ക് പഞ്ചായത്ത് നികുതി ഒഴിവാക്കുക.

10 വായനശാലകളോട് അനുബന്ധിച്ച് പുസ്തകങ്ങൾ വീടുകളിൽ നിരന്തരം എത്തിക്കാനുള്ള ഹോംലൈബ്രറി സർവ്വീസ് ആവശ്യമണ്. പ്രദേശിക തലത്തിലും പഞ്ചാത്തുതലത്തിലും, കലാകായിക മത്സരങ്ങൾ നടത്തുക.

11. വ്യാജമദ്യം നിരോധിക്കുക

12. അശ്ലീല പോസ്റ്ററുകൾ തടയുക

13. സാംസ്കാരിക നായകന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് സമ്മേളനങ്ങൾ നടത്തുക

14. നാടൻ കലകളേയും കലാകാരന്മാരേയും പ്രോത്സാഹിപ്പിക്കുക.

15. പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയവും, ഇൻഫർമേഷൻ സെൻററും ആരംഭിക്കുക.

16. ക്ലബ്ബുകളുടെയും, വായനശാലകളുടെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ, പഞ്ചായത്തുതലത്തിൽ ഭരണസമിതിക്ക് പങ്കാളിത്തമുള്ള ഒരു കലാസാംസ്കാരിക സമിതിയും , കായിക സമിതിയും രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം

അത്യാധുനിക ഇലക്ട്രോണിക്ക് മാധ്യമങ്ങൾ നമ്മളും അന്യരാജ്യങ്ങളും തമ്മിലുള്ള അകലം കുറച്ചു. എന്നാൽ ടി. വി., സിനിമ തുടങ്ങിയ മാധ്യമങ്ങളുടെ അതിപ്രസരം സാംസ്കാരിക അപചയത്തിനു വഴിയൊക്കുന്നു. ഇതിനെതിരെ നാം ജാഗരൂകരാകേണ്ടിയിരുക്കുന്നു. നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന, നമ്മുടെ സാംസ്കാരിക പാരമ്പര്യം വീണ്ടെടുക്കേണ്ടിയിരിക്കുന്ന ഒരു പുതിയ കായികസംസ്കാരം, കലാസംസ്കാരം, തൊഴിൽ സംസ്കാരം, ആരോഗ്യ ശുചിത്വസംസ്കാരം എന്നിവ രൂപപ്പെടത്തുവാൻ കൂട്ടായ യത്നം ആവശ്യമാണ്.

ജീവിതത്തിന്റെ നാനാമേഖലകളിലും ഗുണപരമായ മാറ്റം അഞ്ചുവർഷം കൊണ്ടുവരുത്താൻ സാംസ്കാരിക മണ്ഡലത്തിലെ ഉയിത്തെഴുന്നേല്പുകൊണ്ട് നമുക്ക് സാധിക്കും. അമൂല്യമെന്ന് നാം അനുമാനിച്ചിരുന്ന നൈതിക മൂല്യങ്ങൾക്ക് അനുക്ഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യശോഷണത്തിനെതിരെ ഉണർന്നു പ്രവർത്തിക്കുക. പ്രതിരോധ നിര പടുത്തുയർത്തി പ്രതിലോമശക്തിളെ ചെറുത്തു തോല്പിക്കുക. ഇതാണ് നമ്മുടെ ചരിത്രപരമായ കർത്തവ്യം

പട്ടിക എ. ഗ്രന്ഥശാല

നമ്പർ	സ്ഥാപനത്തിന്റെ പേര്	ആരംഭിച്ച വർഷം	ഗ്രേഡ്	ഇരിപ്പിടങ്ങളുടെ എണ്ണം	പുസ്തകശേഖരം	പ്രതിമാസ വരിസംഖ്യ	അംഗങ്ങൾ	അനുബന്ധപ്രവർത്തനങ്ങൾ
1	പൊതുജന വായനശാല ചളവറ	1957	ബി	450	7279	900	43	കലാ സാംസ്കാരിക പ്രവർത്തനം.
2	വേസലത്തുപാടം വായനശാല	1958	എ.	100	3000	350	5	ഇല്ല
3	ജനകീയ വായനശാല, മുണ്ടക്കോട്ടുകുർശ്ശി	1960		70	1500	100	5	ഇല്ല
4	ഗ്രാമീണ വായനശാല, കയിലിയാട്	1976		50	1000	25	-	ഇല്ല
5	യുവജന കലാസമിതി, കയിലിയാട്	1989		70	1725	400	7	കലാ, സാംസ്കാരിക, സാഹിത്യ പ്രവർത്തനങ്ങൾ

പട്ടിക ബി. ക്ലബ്ബുകൾ

നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	കെട്ടിടത്തിന്റെ വിവരം	ധനസഹായത്തിന്റെ വിവരം	കളിസ്ഥലത്തിന്റെ സൗകര്യം	മുഖ്യപ്രവർത്തനങ്ങൾ
1	[illegible] യൂത്ത് ക്ലബ്	1970	40	സ്വന്തം	ചെറുപ്പക്കാർ	ചെറുപ്പക്കാർ	സാമൂഹ്യ സാംസ്കാരിക. കായിക പ്രവർത്തനങ്ങൾ
2	[illegible] യൂത്ത് ക്ലബ്	1982	60	സ്വന്തം			കലാ. കായിക. സാംസ്കാരിക പ്രവർത്തനങ്ങൾ
3	യുവജന കലാസമിതി. കയിലിയാട്	1965	27	സ്വന്തം			കലാ കലാകായിക സാമൂഹ്യ. സാംസ്കാരിക. സാഹിത്യ പ്രവർത്തനങ്ങൾ
4	[illegible] യൂത്ത് ക്ലബ്	1982		സ്വന്തം		ഉണ്ട്	കലാ കായിക. സാമൂഹ്യ പ്രവർത്തനങ്ങൾ
5	[illegible] യൂത്ത് ക്ലബ്	1975	45	വാടക			കലാ. കായിക പ്രവർത്തനങ്ങൾ
6	[illegible] ക്ലബ്	1961	50	വാടക			കലാ കായിക പ്രവർത്തനങ്ങൾ
7	[illegible] യൂത്ത് ക്ലബ്	1964	50	വാടക			കലാ. കായിക പ്രവർത്തനങ്ങൾ
8	[illegible] യൂത്ത് ക്ലബ്	1980	40	വാടക			കലാ. കായിക പ്രവർത്തനങ്ങൾ
9	[illegible] യൂത്ത് ക്ലബ്	1956	30	വാടക			കലാ. കായിക പ്രവർത്തനങ്ങൾ

5 8 വിദ്യാഭ്യാസം

പാലക്കാട് ജില്ലാ തലസ്ഥാനത്തുനിന്ന് 50 കി. മീറ്റർ മാറി വടക്കുപടിഞ്ഞാറു ഭാഗത്ത് കിടക്കുന്ന ഒരു ഗ്രാമപഞ്ചായത്താണ് ചളവറ. നിളാനദിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ഷൊറണൂർ മുനിസിപ്പാലിറ്റിയോട് ചേർന്നാണ് ചളവറ സ്ഥിതി ചെയ്യുന്നത്. വള്ളുവനാടൻ ഗ്രാമമാണ് ചളവറ. സ്വാതന്ത്ര്യസമരക്കാലത്ത് നേതക്കാളുടെ ഒളിസങ്കേതമായിരുന്നു ഈ ഗ്രാമം. എടുത്തു പറയാവന്ന ഉന്നത വിദ്യാഭ്യാസ, വ്യാവസായിക, സാംസ്കാരിക സ്ഥാപനങ്ങൾ ഒന്നും തന്നെ ഇവിടെ ഇല്ല. ഭൂപരിഷ്കരണത്തിൻെറയും വിദ്യാഭ്യാസ ബില്ലിൻെറയും (1957) ഫലമായി പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഉപയോഗിച്ച് സാക്ഷരതാനിലവാരം ഉയർത്തൻ കഴിഞ്ഞ ഒരു പ്രദേശമാണിത്. മുപ്പത് വർഷം മുമ്പ് വരെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ഇന്നാട്ടുകാർ ആശ്രയിച്ചിരുന്നത് ചെർപ്പുളശ്ശേരി, വല്ലപ്പുഴ, ഷൊറണൂർ, വാണിയംകുളം, അനങ്ങന്നടി എന്നീ ഹൈസ്കൂളുകളെ ആയിരുനു. കോളേജ് വിദ്യാഭാസത്തിനായി ഒറ്റപ്പാലം, ഷൊറണൂർ, പട്ടാമ്പി, മണ്ണാർക്കാട് എന്നിവടങ്ങളിലെ കോളേജുകളെയാണ് മുഖ്യമായും ആശ്രയിച്ചിരുന്നത്. സാമ്പത്തിക ശേഷികുറഞ്ഞവർ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. എസ്. എസ്. എൽ. സി. പരീക്ഷയിൽ വിജയം നേടുന്നവർ ഉന്നത വിദ്യാഭ്യാസം നേടുന്നതിൽ നിഷ്കർഷകാണിക്കുന്നു. തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ അഭാവത്തിൽ തൊഴിൽ വൈദഗ്ധ്യം നേടാൻ സഹായിക്കുന്ന തരത്തിൽ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ചേരുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്. സാമൂഹ്യ ബോധത്തിൻെറയും രാഷ്ട്രീയ ബോധത്തിൻെറയും കാര്യത്തിൽ ഒട്ടും തന്നെ പിന്നിലല്ലാത്ത ഇവിടത്തെ സമൂഹം വിദ്യാഭ്യാസകാര്യങ്ങളിൽ വളരെയൊന്നും ഇടപെടുന്ന തരത്തിലല്ല. സാമ്പത്തികവും സാംസ്കാരികവുമായി പിന്നോക്കാവസ്ഥയിൽ കഴിയുന്നവരാണ് ഇവിടത്തെ ഭൂരിപക്ഷം. എഴുത്തും വായനയും സ്വായത്തമാക്കാത്ത മാതാപിതാക്കളുടെ മക്കൾ - ഒന്നാം തലമുക്കാർ- ഇവിടെത്തെ വിദ്യാലങ്ങളിൽ ധാരാളം ഉണ്ടെന്നതാണ് സത്യം.

1902 ലാണ് ഒരു അംഗീകൃത എലമെണ്ടറി സകൂൾ ആദ്യമായി ചളവറയിൽ ആരംഭിച്ചത. ശ്രീമാൻ തിരുവേഗപുറകളത്തിൽ രാമയ്യർ ആരംഭിച്ച പ്രസ്തുത എലമെണ്ടറി സ്കൂൾ 1939ൽ ഹയർ എലിമെൻററി സ്കൂൾ ആയി ഉയർത്തിയത് അന്നത്തെ മാനേജർ ശ്രീമാൻ ശങ്കുണ്ണിക്കുറുപ്പ് ആയിരുന്നു. വള്ളുവനാട് താലൂക്കിലെ പ്രശസ്ത വിദ്യാലയങ്ങളിലാന്നായിരുന്ന ഇന്നത്തെ ചളവറ യുപി സ്കൂൾ സ്ഥലപരിമിതി മാലം വിദ്യാർത്ഥികളുടെ തിരക്ക് ഏറ്റവും കൂടുതൽ ആയിരുന്ന വിദ്യാലയമാണ്. 1903 ൽ ശ്രീമാൻ സെയ്തലവി മൊല്ല ആരംഭിച്ച എ. എം. എൽ.പി സ്കൂൾ, 1924ൽ കാഞ്ഞങ്ങാട്ട് നാരായണൻ ആരംഭിച്ച വിദ്യാഭിവർദ്ധിനി എലമെണ്ടറി സ്കൂൾ (ഇന്നത്തെ കെ. വി. യു. പി.). 1930 ൽ അദ്ദേഹം തന്നെ ആരംഭിച്ച സീതാലക്ഷമി ഗേൾസ് സ്കൂൾ (ഇന്ന് കയിലുാട് എൽ.പി സ്കൂൾ), 1925ൽ പട്ടത്തിൽ ശ്രീകുട്ടി കൃഷ്ണൻ മാസ്റ്റർ ആരംഭിച്ച പുലിയാനം കുന്ന് എൽ.പി സ്കൂൾ , 1930 ൽ ശ്രീമാൻ രാമചന്ദ്രൻ നെടുങ്ങാടി ആരംഭിച്ച ആർ. വി. എർ. പി. സ്കൂൾ , 1931ൽ മുണ്ടക്കോട്ടുകുർശ്ശി വരേങ്ങൻ വി.പി കമുഞ്ഞിമുഹമ്മദ് ആരംഭിച്ച ലോവർ എലിമെൻററി സ്കൂൾ (ഇന്ന് മുണ്ടക്കോട്ടുകുർശ്ശി സ്കൂൾ), 1930 കാലത്ത് മാർക്കശ്ശേരി ഗോവിന്ദൻ നായർ ആരംഭിച്ച ഇന്നത്തെ എൽ.പി സ്കൂൾ, ൽ ചളവറ പാലാ;ട്ട് രാമൻകുട്ടി മേനോൻ ആരംഭിച്ച സിപി. ആർ.എൽ.പി. സ്കൂൾ എന്നീ വിദ്യാലയങ്ങൾ ചളവറയിലെ പ്രാഥമിക വിദ്യാഭ്യാസാവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തങ്ങളായിരുന്നു ചളവറക്ക് ഒരു ഹൈസ്ക്കൂൾ എന്ന ആശയം വെച്ചുകൊണ്ട് ശ്രീ കെ.വി നാരായണൻനായർ 1950കളിൽ നടത്തിയ ശ്രമം പരാജയപ്പെട്ടതുകൊണ്ട് 1966 വരെ ഹൈസ്കൂളില്ലാത്ത പഞ്ചായത്തയിരുന്നു ചളവറ. ചളവറയിലെ വിദ്യാഭ്യാസവ്യാപനത്തിൽ താൽപര്യം എടുത്തിരുന്ന ഒരു സംഘം ശ്രീമാൻ പി.വി. കുഞ്ഞുണ്ണി നായരുടെ നേതൃത്വത്തിൽ നടത്തിയ ശ്രമം വിജയിച്ചതിൻെറ ഫലമാണ് ഇന്നത്തെ ചളവറ ഹൈസ്കൂൾ. ഇവിടത്തെ മറ്റെല്ലാ വിദ്യാലയങ്ങളും വ്യക്തി മാനേജ്മെൻറിൽ പ്രവർത്തിക്കുമ്പോൾ ചളവറ ഹൈസ്കൂൾ കമ്മറ്റിക്കാണ് ചളവറ

ഹൈസ്ക്കൂൾ മാനേജ്മൻെറിൻെറ ഉത്തരവാദിത്വം. ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ലയിലെ ഹൈസ്ക്കൂളുകളിൽ ഒന്നായ ഇന്നത്തെ ചളവറ ഹൈസ്ക്കൂൾ ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ മുൻ പന്തിയിൽ നിൽക്കുന്നു.

ഏഴു പതിറ്റാണ്ടു ദൈർഘ്യമുള്ള ചളവറയുടെ വിദ്യാഭ്യാസ വികസന ചരിത്രത്തിൻെറ അണിയറ ശിൽപികളായിരുന്നു ശ്രീമാൻമാർ തിരുവേഗപ്പുറ കളത്തിൽ രാമയ്യർ, കുറുവാന്തൊടി കുഞ്ഞനെഴുത്തച്ഛൻ, മേലുവീട്ടിൽ ശങ്കുണ്ണി കുറുപ്പ് തോട്ടിങ്ങൽ സെയ്തലവി മൊല്ല, കാഞ്ഞങ്ങാട് നാരായണൻ നായർ, കരുണാകരൻ നായർ, പട്ടത്ത് കുട്ടി കൃണൻ നായർ, പാറക്കൽ കല്യാണിയമ്മ, കളത്തും പടിക്കൽ കുഞ്ഞറമ്മു ഹാജി, രാമചന്ദ്രൻ നെടുങ്ങാടി, വരയിങ്കൽ പി,.പി. കുഞ്ഞഹമ്മദ്, മാർക്കശ്ശേരി ഗോവിന്ദൻ നായർ, ചളവറ പാലാട്ട് രാമൻകുട്ടി മേനോൻ എന്നിവർ . ചളവറക്ക് ഒരു ഹൈസ്ക്കൂ ളുണ്ടാകാൻ വേണ്ടി പ്രയത്നിച്ചവരിൽ പ്രമുഖരായിരുന്നു ശ്രീമാൻ മാർ. പി.പി കുഞ്ഞുണ്ണിനായർ, കെ.പി കേശവൻ നായർ, പൊതതിയിൽ കൃഷ്ണൻകുട്ടി ഡോക്ടർ

ഇന്ന് 20,000 ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിൽ 10 വിദ്യാലയങ്ങളിലായി 2073 ആൺകുട്ടികളും 2063 പെൺകുട്ടികളുമായി 4136 കുട്ടികൾ പഠിക്കുന്നു. അദ്ധ്യാപകരുടെ എണ്ണം 138. (പട്ടിക വ)

ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ സാമ്പത്തിക സാമൂഹ്യ കാരണങ്ങളാൽ വിട്ടുപോകുന്നു. 1995 96ൽ കൊഴിഞ്ഞുപോയവരുടെ എണ്ണം പട്ടിക രണ്ടിൽ കൊടുക്കുന്നു.

പട്ടിക 1

നമ്പർ	സ്കൂൾ	മാനേജ്മൻെറ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	എ.എൽ.പി. എസ്. കയില്യാട്	എയിഡഡ്	123	123	246			8
2	എ.എൽ.പി.എസ. മുണ്ടക്കോട്ടുകുർശ്ശി	എയിഡഡ്	04	45	109			4
3.	എ.എം.എൽ.പി. ചളവറ	എയിഡഡ്	55	60	115			5
4.	സിപി.ആർ.എൽ.പി. തൃക്കാരമണ്ണ	എയിഡഡ്	59	71	130			5
5.	എ.എൽ.പി.എസ്. പുലിയാനം കുന്ന്	എയിഡഡ്	82	60	142			5
8.	ആർ.വി.എൽ.പി. കുയില്യാട്	എയിഡഡ്	57	50	107			4
7.	കെ.വി.യുപി., കുയില്യാട്	എയിഡഡ്	277	232	509			17
8.	യു.പി.എസ്., ചളവറ	എയിഡഡ്	378	361	739			19
9	എ.എം.യുപി.മുണ്ടക്കോട്ടുകുർശ്ശി	എയിഡഡ്	253	245	498			20
10.	എച്ച്.എസ്., ചളവറ	എയിഡഡ്	725	816	1541			51
	ആകെ		2073	2063	4136			138

അവലംബം സെക്കൻഡറി ഡാറ്റ

പട്ടിക 2

പഠനം നിറുത്തിയവർ

എസ്/എസ്ടി കുട്ടികൾ			മറ്റുള്ളവർ			മൊത്തം
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	പഠനം നിറുത്തിയവർ
31	27	58	171	62	233	291

പട്ടിക 3 എൽ.പി., യുപി, എച്ച് എസ് വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	എൽപി						യുപിഃ						എച്ച് എസ്					
	ആകെ കുട്ടികൾ			എസ്.സി.എസ്ടി കുട്ടികൾ			ആകെ കുട്ടികൾ			എസ്.സി.എസ്ടി കുട്ടികൾ			ആകെ കുട്ടികൾ			എസ്.സി.എസ്ടി കുട്ടികൾ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
	749	725	1474	193	174	367	780	747	1527	143	135	278	475	572	1047	108	149	257

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഒരെണ്ണം പോലും സർക്കാർ ഉടമസ്ഥതയിലില്ല. ഉന്നത വിദ്യാഭ്യാസത്തിന് അംഗീകൃത കോളേജുകളും ഇല്ല. 20 25 കി.മീ ദൂരെയുള്ള കോളേജുകളെയാണ് ഇവിടത്തെ കുട്ടികൾ ആശ്രറിക്കുന്നത് ദൂരെയുള്ള കോളേജുകളിൽ പോകാൻ കഴിയാത്തവർക്ക് ആശ്വാസാമയി സമാന്തര കോളേജുകൾ ഉണ്ട്.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇവിടെയില്ല. ഷൊറണൂർ ഗവ. പോളിയുടെ കീഴിൽ ഒരു എക്സ്റ്റൻഷൻ സെൻറർ രണ്ടുവർഷമായി ചളവറയിൽ പരിമിതമായെങ്കിലും കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നു. ഇതിന് ഒരു സ്ഥിരം കെട്ടിടം പണിയാനുള്ള സ്ഥലവും അനുവാദവും ലഭിച്ചിട്ടുണ്ട്. ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ 2 എണ്ണം ചളവറയിലുണ്ട്. പുറമെയുള്ള ഇത്തരം സ്ഥാപനങ്ങളെയും ഇവിടത്തുകാർ ഉപയോഗപ്പെടുത്തുന്നു.

പ്രീപൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം വളരെ വ്യാപകാമയി ഇവിടെ ഇല്ല. അത്തരം 2 സ്ഥാപനങ്ങളാണ് ഇവിടെയുള്ളത്.

ഈ പഞ്ചായത്തിലെ 10 വാർഡുകളിലായി 20 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തന പരിധിയിൽ വരുന്ന എല്ലാ വീടുകളിലെയും 3 വയസ്സു തികയുന്ന കുട്ടികൾ എല്ലാവരും അങ്കണവാടികളിൽ പോകുന്നില്ല. താഴ്ന്ന വരുമാനക്കാരുടെയും സാധാരണ ഇടത്തരക്കാരുടെയും കുട്ടികൾ ആണ് ഈ സ്ഥാപനങ്ങളെ ഉപയോഗിക്കുന്നത്. അതുതന്നെ കുട്ടികളിൽ ഒരു വിദ്യാഭ്യാസ താല്പര്യം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയല്ലതാനും ചിലർ അതിനെ പ്രീപൈമറി തല സ്ഥാപനമായി കണക്കാക്കുമ്പോൾ ചിലർ കുട്ടികളുടെ സംരക്ഷണം കേന്ദ്രങ്ങളയാണ് കണക്കാക്കുന്നത്.

ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസ ഭ്രമം ഏറെ ബാധിച്ചിട്ടില്ലാത്ത ഒരു സമൂഹമാണ് ഇവിടെയുള്ളത്. എങ്കിലും 100 ഓളം കുട്ടികൾ വിദൂരങ്ങളിലുള്ള അത്തരം സ്ഥാപനങ്ങളിലേക്ക് പഠനത്തിനായി പോകുന്നു. കഴിഞ്ഞ 2 വർഷങ്ങളായി പ്രവർത്തിക്കുന്ന ഒരു ഇംഗ്ലീഷ് മീഡിയം എൽ. കെ. ജി. നമ്മുടെ പഞ്ചായത്തിലുണ്ട്.

മതപഠനത്തിനായി പഞ്ചായത്തിൽ മദ്രസകൾ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ സമയത്തിനു മുൻപും പിൻപുമായി ഏതാണ്ട് മൂന്നു മണിക്കൂർ വീതം ഓരോ ദിവസവും ഇതിനായി ഉപയോഗിക്കുപ്പെടുന്നു. ഇത് കാരണം ഔപചാരിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഗൃഹപാഠങ്ങൾ ചെയ്യുന്നതിനും മുൻഒരുക്കമാനങ്ങൾ നടത്തുന്നതിനും പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സമയം കിട്ടാതെ വരുന്നതായി പൊതുവെ പരാതിയുണ്ട്.

ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ ഉപയോഗവും ഗൾഫ് പണത്തിൻെറ സ്വാധീനവും കുട്ടികളുടെ ശ്രദ്ധയെ ക്ലാസ്സുമുറിക്കു വെളിയിലേക്ക് നയിക്കുന്നു. പ്രായപൂർത്തിയായാൽ ഗൾഫ് ജോലി എന്ന ലക്ഷ്യത്തോടെ കഴിയുന്ന ഒരു ന്യൂനപക്ഷം വിദ്യാർത്ഥികളും പഠനം നിർത്താ;ൻ

നിർബ്ബന്ധിതരാകുന്ന ചെറിയൊരു ശതമാനം വിദ്യാർത്ഥിനികളും പഠന പ്രവർത്തനങ്ങളിൽ നിന്ന് അകന്നു നിൽക്കുന്നു.

ആവശ്യത്തിനു വിദ്യാലങ്ങളും ധാരാളം വിദ്യാ സമ്പന്നരും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടും ഇവിടെത്തെ എല്ലാ വാർഡുകളിലും നിരക്ഷരരായ സഹോദരർ ധാരാളമുണ്ടാകും. നിരക്ഷരരായ രക്ഷിതാക്കളുടെ അന്വേഷണക്കുറവ് അത്തരം ആൾക്കാരുടെ കുടുംബങ്ങളിൽ നിന്നുവരുന്ന കുട്ടികളെ പഠനകാര്യങ്ങളിൽ താല്പര്യകുറവുള്ളവരാക്കിമാറ്റുന്നു.

മിടുക്കരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി നാലു വിദ്യാലയങ്ങളിൽ എൻഡോവ്മെണ്ടുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ദരിദ്രരും പിന്നോക്ക വിഭഗക്കാരുമായ വിദ്യാർത്ഥികളുടെ പ്രോത്സഹനാർത്ഥം പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുകയൊ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. സർക്കാർ തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ലംപ്സം ഗ്രാൻറ്, മാസ്റ്റീം പെൺകുട്ടികൾക്കായുള്ള സ്കോളർ ഷിപ്പ്, എസ്. എസ്. എൽ. സി വിദ്യാർത്ഥികൾക്കായുള്ള സ്പെഷർ കോച്ചിങ്ങ് എന്നിവയായിരുന്നു അവർക്കുള്ള ആനുകൂല്യങ്ങൾ. എസ്. എസ്. എൽ. സി. ക്ലാസ്സിലെ പ്രത്യേക പരിശീലനം ഫലപ്രദമാകാത്ത സാഹചര്യത്തിൽ ഈ വർഷം മുതൽ ആ പിരപാടി ഗവർമെണ്ട് തന്നെ വേണ്ടെന്നുവച്ചു.

വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് സർക്കാർ തലത്തിൽ ആരംഭിച്ച പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ 2 വർഷങ്ങളായി നടക്കുന്നു അദ്ധ്യാപകരുടെ ഒത്തുചേരലും പഠന കാര്യങ്ങളെക്കുറിച്ചുള്ള കൂട്ടായ വിലയിരുത്തലും അദ്ധ്യപകർക്കിടയിൽ ആശയവിനിമയത്തിന് അവസരം സൃഷ്ടിക്കുന്നു. എന്നത് വളരെ അശാവഹമാണ്. പ്രൈമറി തലത്തിലുള്ള അദ്ധ്യപാകരിലുണ്ടായ കൂട്ടായ്മ പുതിയ ബോധനരീതികൾ പരിചയപ്പെടുന്നതിനും അത്തരം രീതികൾ പ്രായോഗികമാക്കുന്നതിനും അവരെ സഹായിച്ചു എന്ന് നിസ്സംശയം പറയാം. എന്നാൽ പ്രൈമറി ഹൈസ്കൂൾ അദ്ധ്യാപകർക്കിടയിലുണ്ടാകേണ്ട വിധത്തിലുള്ള ഒരു ആശയവിനിമയം കഴിഞ്ഞ കാല പ്രവർത്തനങ്ങളുടെ ഭാഗമായി വേണ്ടത്ര് ഉണ്ടായില്ല എന്നത് ഒരു പരിമിതിയായി നിൽക്കുന്നു. എന്നാൽ ചളവറ ഹൈസ്കൂളിൽ കേന്ദ്രമായി ഔദ്യോഗിക സ്വഭാവത്തിൽ പ്രവർത്തിച്ചിരുന്ന ചളവറ പഞ്ചായത്ത് സ്കൂൾ കോംപ്ലക്സിന്റെ നേതൃത്വം ചളവറ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത സാഹചര്യത്തിൽ ഈ പഞ്ചായത്തിലെ വിദ്യാലയ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ജനകീയ സമിതികൾ വിദ്യാലയതലത്തിലും പഞ്ചായത്ത് തലത്തിലും ഉണ്ടാകാൻ പോകുകയാണ്. അക്കാദമികവും അനക്കാദമികവുമായ പ്രവർത്തനങ്ങൾക്ക് ഈ സമിതികൾ നേതൃത്വം നൽകുന്നതാണ്. ഭൗതികസാഹചര്യങ്ങൾ ഇല്ലാത്ത വിദ്യാലയങ്ങളിൽ അവ ഉണ്ടാക്കുവാനുള്ള ഉത്തരവാദിത്വം സമൂഹം ഏറ്റെടുക്കേണ്ടിയിരിക്കുന്നു. അതിനായുള്ള വ്യാപകമായ ചർച്ചകൾ ഗ്രാമസഭകളിൽ നടക്കും. നിലവിലുള്ള പി. ടി. എ. മാതൃസമിതി എന്നിവക്കുപുറമെ വിദ്യാലയതലത്തിൽ വിദ്യാഭ്യാസസംരക്ഷണസമിതികൾ രൂപീകരിക്കാൻ തീരുമാനം എടുത്തു കഴിഞ്ഞിരിക്കുകയാണ്. ഇത്തരം സമിതികളുടെ പ്രവർത്തനത്തിന് ഒരു ഐക്യ രൂപം ഉണ്ടാക്കാനായി ഒരു പഞ്ചായത്ത് വിദ്യാഭ്യാസ സംരക്ഷണസമിതിയും രൂപീകരിച്ചിട്ടുണ്ട്.

അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് മാതൃകാപരമായി പ്രവർത്തിച്ചിരുന്ന വായനശാലകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സാംസ്കാരിക കേരളത്തിന്റെ വളർച്ചയിൽ ഒരു കാലത്ത് പ്രാമുഖ്യം ഉണ്ടായിരുന്ന വായനാശാലകൾ ഇന്ന് അത്തരം പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്താൻ ആലോചിക്കാൻ പോലും പറ്റാത്ത അവസ്ഥയിലാണ്. വായനശാലകളുടെ പ്രവർത്തനരീതി പുനർവിചിന്തനത്തിനു വിധേയമാകുന്നു. ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിച്ച് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഒത്തുകൂടുന്ന അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങളായി അവമാറണം.

നമ്മുടെ പഞ്ചായത്തിലെ 10 ഗ്രാമസഭകളുടെയും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് അവിടങ്ങളിലെല്ലാം ഔപചാരിക വിദ്യാഭ്യാസരംഗം സജീവ ചർച്ചക്കു വിധേയമായിരുന്നുവെന്നാണ്. പാഠപുസ്തകലഭ്യതയിലുണ്ടാകുന്ന കാലതാമസം, ഭൗതിക സാഹചര്യങ്ങളുടെ കുറവ്, കൂട്ട ക്ലാസ് കയറ്റം അക്കാദമിക്ക് നിലവാര തകർച്ച,. സമരംകൊണ്ടുണ്ടാകുന്ന അദ്ധ്യായന ദിവസനഷ്ടം. അദ്ധ്യാപന വിദ്യാർത്ഥി അനുപാതത്തിലെ അശാസ്ത്രീയത, രക്ഷിതാക്കളുടെ ശ്രദ്ധകുറവ്, അദ്ധ്യാപകരുടെ ഭാഗത്തുള്ള താല്പര്യക്കുറവ്, കുട്ടികളോടുള്ള സമീപനത്തിൽ ഉണ്ടാകേണ്ട മാറ്റത്തിന്റെ ആവശ്യം, അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാകേണ്ട ആവശ്യം എന്നിങ്ങിനെ സമസ്ത മേഖലകളും അവിടെ പരിശോധനാ വിധേയമായതായി കാണുന്നു.

പഞ്ചായത്തിലെ എല്ലാവിദ്യാലയങ്ങളും സ്വകാര്യ മാനേജ്മെൻറിൻെറ കിഴിലാണ്പ്രവർത്തിക്കുന്നത് എന്നതുകൊണ്ട് വിദ്യാലയ പ്രവർത്തനങ്ങളിൽ മാനേജ്മെൻറിൻെറ പങ്ക് പുനർ ചിന്തനത്തിനു വിധേയമാകേണ്ടി വരുന്നു. അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത വിദ്യാലയങ്ങളിൽ അദ്ധ്യായനം നടത്തുന്ന വിദ്യാർത്ഥി എല്ലാത്തരത്തിലും പിൻതള്ളപ്പെട്ടു പോകും എന്നതിൽ തർക്കിമല്ല. അതുകൊണ്ടു് അദ്ധ്യയന അദ്ധ്യാപന നിലവാരം പൊതുവെ തൃപ്തികരമല്ലാത്ത നമ്മുടെ പഞ്ചായത്തിൽ മാനേജരും, അദ്ധ്യാപകരും, രക്ഷിതാക്കളും. ബഹുജനങ്ങളുമെല്ലാ;ം അടങ്ങിയ പുതിയ കൂട്ടായ്മ വളർത്തിയെടുക്കേണ്ടതുണ്ട്.

സജ്ജീകരണങ്ങളോടും കൂടിയ വിദ്യാലയത്തിൽ അദ്ധ്യായനം നിർവ്വഹിക്കുന്ന കുട്ടികളുമായാണ് നമ്മുടെ മക്കൾ മത്സരിക്കേണ്ടിയിരിക്കുന്നത് എന്നത്കൊണ്ട് നമ്മുടെ വിദ്യാലയങ്ങളിലെ അക്കാദമിക സൗകര്യം മെച്ചപ്പെടുത്താനുള്ള ഉത്തരവാദിത്വം ഇവിടത്തെ സമൂഹം ഏറ്റെടുത്തേമതിയാകൂ.

പട്ടിക 4 ഭൗതിക സാഹചര്യങ്ങൾ

ക്രമനമ്പ്	സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1.	എ.എൽ.പി.എസ്.കയിലിയാട്	246	8	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
2.	എ.എൽ.പി.എസ്. മുണ്ടക്കോട്ടുകുറശ്ശി	109	4	ഇല്ല	ഇല്ല.	ഉണ്ട്	ഇല്ല
3.	എ.എം.എൻ.പി. ചളവറ	115	5	1	ഇല്ല	ഉണ്ട്	ഇല്ല
4.	സി.പി.ആർ.എൽ.പി. തൃക്കാറമണ്ണ	130	5	ഇല്ല	ഇല്ല	ഇല്ല	ഇല്ല
5.	എ.എൽ.പി.എസ്.പുലിയനാം കുന്ന്	142	5	ഇല്ല	ഇല്ല	ഇല്ല	ഇല്ല
6.	ആർ.പി.എൽ.പി. കയല്യാട്	107	4	1	1	ഇല്ല	ഉണ്ട്
7.	കെ.പി.യു.പി.കയല്യാട്	509	17	1	1	ഉണ്ട്	ഉണ്ട്
8.	യു.പി.എസ്. ചളവറ	739	19	2	1	ഉണ്ട്	ഉണ്ട്
9.	എ.എം.യു.പി.മുണ്ടക്കോട്ടുകുർശ്ശി	498	20	2	1	ഉണ്ട്	ഇല്ല
10.	എച്ച്.എസ്.ചളവറ	1541	51	2	2	ഉണ്ട്	ഉണ്ട്

മൂത്രപ്പുര ഇല്ലാത്ത നാലും, കക്കൂസില്ലാത്ത അഞ്ചും കുടിവെള്ളം ലഭ്യമല്ലാത്ത മൂന്നും വൈദ്യുതി ഇല്ലാത്ത ആറും വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ശരാശരി 460 പേർക്ക് ഒരു മൂത്രപ്പുരയും 690 പേർക്ക് ഒരു കക്കൂസുമാണ് നിലവിലുള്ളത്. അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മ മറ്റെല്ലാ പ്രദേശങ്ങളിലെയും പോലെ നമ്മുടെ പ്രദേശത്തും ഗൗരവപരിഗണന അർഹിക്കുന്നു.

ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം അവിടത്തെ അക്കാദമിക്ക് സൗകര്യങ്ങൾ പരമ പ്രധാനമാണ്. എല്ലാ വിധ ആധുനിക

പട്ടിക 5.

അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

	ലൈബ്രറി	പ്രവർത്തിക്കാത്തത്	ലാബ്	പ്രവർത്തിക്കാത്തത്	പാഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ്റിക്കാർഡർ	ടെലിവിഷൻ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	സ്റ്റോക്ക് ബോർഡ് ആവശ്യമുള്ളവ	മാതൃസംഗമം - സജീവം	ക്ലസ്റ്റർ പി. ടി. എ പ്രവർത്തിക്കുന്നുണ്ടോ
ഉള്ളത്	7	7	3	3	7	1	Nil	Nil	Nil	Nil	1	Nil	6	8
ഇല്ലാത്തത്	3	3	7	7	3	9	10	10	10	10	9	Nil	4	2

പട്ടിക 6

അക്കാദമിക് നിലവാരം

(മൂന്നാംക്ലാസ് മുതൽ മുകളിലോട്ട്)

ക്രമനമ്പർ	സ്കൂൾ	ആകെ.	കുട്ടികളുടെ പൊതു നിലവാരം				
			30% ൽ താഴെ കുട്ടികൾ	30-40% നേടുന്നവർ	40-50% നേടുന്നവർ	50-60% നേടുന്നവർ	60% മികച്ച നിലവാരം നേടുന്നവർ
1.	എ. എൽ.പി. എസ്. കയിലയിയാട്	148	21	12	19	24	72
2.	എ. എൽ.പി.എസ്. മു. കുറുശ്ശി	47	6	14	5	9	11
3.	എ. എം. എൽ. പി. ചളവറ	62	14	10	6	8	24
4.	സി.പി.ആർ.എൽ.പി, ചളവറ	79	27	13	9	9	21
5	എ. എൽ.പി.എസ്. പു. കുന്നു്	142	22	35	25	20	40
6.	ആർ.വി.എൽ.പി. കയിലിയാട്	46	5	6	9	11	15
7.	കെ. വി.യു.പി. കിയിലിയാട്	445	137	68	60	35	145
8.	യു.പി.എസ്.ചളവറ	542	141	153	141	52	55
9.	എ.യുപി.എസ്. മു. കുറുശ്ശി	397	130	115	90	37	25
10.	എച്ച് എസ്. ചളവറ						

വിദ്യാർത്ഥികളുടെ പഠന നിലവാരം ആശാവഹമല്ല. പ്രൈമറി വിഭാഗത്തിൽ പരീക്ഷാഫല വിശകലനം സൂചിപ്പിക്കുന്നത് 1918 കുട്ടികളിൽ 1295 പേരും 50% ൽ കുറവ് മാർക്ക് നേടിയവരാണ്. 623 പേർ മാത്രമാണ് 50% കൂടുതൽ മാർക്ക് നേടിയവർ. പഞ്ചായത്തിലെ ഒരേ ഒരു ഹൈസ്ക്കൂളിലെ വിജയശതമാനവും ആശാവഹമല്ല. കഴിഞ്ഞ കുറെ വർഷങ്ങളായി 30% ൽ താഴെയാണ് വിജയശതമാനം (പട്ടിക 6)

വിദ്യാഭ്യാസനിലവാരം തകരുന്നതിന് കാരണമായി നിരവധി വസ്തുതകൾ ചൂണ്ടിക്കാണിക്കാവുന്നതാണ്. ആവശ്യത്തിന് ക്ലാസ്സ് മുറികൾ ഇല്ലാത്ത 4 വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്. അതിൽ ഒരു വിദ്യാലയത്തിൽ തന്നെ (ചളവറ യു. പി. എസ്) ഇനിയും 10 ക്ലാസ്സ് മുറികൾ കൂടിവേണമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഗാർഹികാന്തരീക്ഷം പഠനപ്രവർത്തനങ്ങൾക്ക് സഹായകമല്ലാത്തത് ചെറുപ്രായത്തിലെ കുട്ടികൾക്ക് മാനസിക സംഘർഷമുണ്ടാക്കുകയും അവർ നിരാശരാകുകയും താല്പര്യക്കുറവ് പ്രകടിപ്പിക്കുകയും ചെയ്യുന്നു. പഠനശീലങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ പ്രാഥമിക വിദ്യാലയനുഭവങ്ങൾ സഹായകമാകുന്നില്ല. ആരോഗ്യകരമായ മത്സരത്തിനു പകരം ഏത് ഹീന മാർഗ്ഗത്തിലൂടെയും മാർക്ക് നേടാനുള്ള കിടമത്സരമായി വിദ്യാഭ്യാസ പ്രവർത്തനം തരം താണിരിക്കുന്നു. മാതൃസമിതികളും രക്ഷാകർതൃസമിതികളും ലക്ഷ്യബോധമില്ലാത്തവയായി നിലനിൽക്കുന്നു. ഇവയെ വിദ്യാലയ പ്രവർത്തനത്തിന് സഹായകരമായ രീതിയിൽ ഉപയോഗിക്കാൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. ഹൈസ്ക്കൂൾ തലത്തിലെത്തുന്നതിനു മുൻപുതന്നെ ഗൈഡുകളുടെയും ട്യൂഷൻക്ലാസ്സുകളുടെയും ആശ്രിതരായിതീരുന്ന കുട്ടികളിലെ സർഗാത്മകത നഷ്ടപ്പെട്ടു വരുന്നു. ഹൈസ്കൂൾ തലത്തിലെത്തുമ്പോൾ കൗമാര പ്രായത്തിന്റെ പ്രശ്നങ്ങൾ പഠിച്ച് മനശ്ശാസ്ത്രപരമായി അവയെ കൈകാര്യം ചെയ്യാൻ കഴിയാതെ പോകുന്നു. ഈ പ്രായത്തിൽ രക്ഷിതാക്കളിൽ നിന്നും മുതിർന്നവരിൽ നിന്നും ഉണ്ടാകുന്ന അകൽച്ച അവരെ സമപ്രായക്കാരുടെ സംഘത്തിൽ എത്തിക്കുന്നു. അവിടെയുള്ള അനുഭവങ്ങൾ അവരുടെ പെരുമാറ്റ രീതികൾക്ക് അംഗീകാരം നൽകുന്നവയായിത്തീരുന്നു. ആ പ്രായക്കാരുടെ സംഘടനകൾക്ക് ലക്ഷ്യബോധം നൽകുന്നതിനും അവരുടെ സന്നദ്ധതയും കർമ്മോത്സുകതയും പ്രയോജനപ്പെടുത്തുന്നതിനും സഹായകമായ അനുഭവങ്ങൾ ബോധപൂർവ്വം വിദ്യാലയങ്ങളിൽ ആസൂത്രണം ചെയ്യാൻ കഴിയാതെ പോകുന്നു. വീട്ടിലും വിദ്യാലയത്തിലും നല്ല മാതൃകകൾ ഇല്ലാത്ത കാരണം കൊണ്ട് മൂല്യബോധം നഷ്ടപ്പെട്ടവരും വികാരങ്ങളാൽ നയിക്കപ്പെടുന്നവരുമായി അവർ മാറുന്നു. വിദ്യാഭ്യാസ പ്രവർത്തനം സംഘബോധം, സാമൂഹ്യബോധം ഉണർത്തുന്നതിനു പകരം വ്യക്തിത്വ ബോധം, സഹകരണ മനോഭാവം, നേതൃത്വഗുണം എന്നിവ പരിപോഷിപ്പിക്കുന്നതരത്തിലാകുന്നില്ല. പഠനം രസകരവും ആകർഷകവും മാകുന്നില്ല. കേവലം യാന്ത്രികമാകുന്നു.

വരുന്ന അഞ്ച് കൊല്ലക്കാലത്തേക്ക് ചളവറ പഞ്ചായത്തിൽ നടത്തേണ്ട വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങളെ താഴെകൊടുക്കുന്ന രീതിയിൽ സംക്ഷിപ്തപ്പെടുത്തണം.

1. 3ാം വർഡിലെ കിഴക്കൽ മുക്കിലെ കുട്ടികളുടെ ആവശ്യാർത്ഥം പഞ്ചായത്തിന്റെ കീഴിൽ ഒരു എൽ. പി. സ്കൂൾ ആരംഭിക്കുക.

2. പ്രൈമറി വിദ്യാലയങ്ങളോടനുബന്ധിച്ച് ശാസ്ത്രീയമായി സംവിധാനം ചെയ്യുന്ന പ്രീപ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കുക.

3. ചളവറ ഹൈസ്കൂൾ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു മാതൃകാ പ്രീപ്രൈമറി വിദ്യാലയം ആരംഭിക്കുക.

4. പഞ്ചായത്ത് കോംപ്ലക്സിന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി താഴെപറയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

   എ. അദ്ധ്യാപകർക്ക് വർഷത്തിലൊരിക്കൽ റിഫ്രഷർ കോഴ്സുകൾ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നൽകുക.

   ബി. നിലവിലുള്ള പാഠപുസ്തകങ്ങൾ അടിസ്ഥാനമാക്കി ബോധനം രസകരവും ജീവിതഗന്ധിയും പരിസരഗന്ധിയുമാക്കുന്നതിനു സഹായകമാകും വിധം പാഠഭാഗങ്ങൾ പുന:സംവിധാനം ചെയ്യുക.

   സി. ക്ലാസ്സ്റൂം സാഹചര്യത്തിൽ സംഘപ്രവർത്തനം സാദ്ധ്യമാക്കുന്ന വിധം പാഠഭാഗങ്ങളിലെ സന്ദർഭങ്ങൾ നാടകങ്ങൾ സംഗീത ശില്പങ്ങൾ എന്നീ രൂപത്തിൽ അവതരിപ്പിക്കാൻ അദ്ധ്യാപകർക്കായി ശില്പശാലകൾ നടത്തുക.

   ഡി. പി.ടി.എ.കളുടെ ആഭിമുഖ്യത്തിൽ

കൈത്തൊഴിൽ ചെയ്യുന്ന രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ പഠനോപകരണ നിർമ്മാണ ശിലപശാല സംഘടിപ്പിക്കുക.

5. ഉച്ചക്കഞ്ഞിവിതരണത്തിന്റെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ വിദ്യാഭ്യാസ സംരക്ഷണസമിതികളെകൊണ്ട് ചെയ്യിക്കുക.

6. സ്കൂളുകളുടെ അറ്റകുറ്റപ്പണികളും നിർമ്മാണ പ്രവർത്തനങ്ങളും ജനകീയ സമിതികളെക്കൊണ്ട് ചെയ്യിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

7. പഞ്ചായത്തിലെ ആവശ്യം കണക്കാക്കി നോട്ടു പുസ്തകങ്ങൾ, കുട, സ്കൂൾ ബാഗ് എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനം ഹൈസ്കൂൾ വിദ്യാർത്ഥികൾക്കു് നൽകുക.

8. പഞ്ചായത്ത് വിദ്യാഭ്യാസ സംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ അനൌപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനായി ഒരു ദൃശ്യ-ശ്രാവ്യ സങ്കേതത്തിന് രൂപം നൽകുകയും എല്ലാ വിദ്യാലങ്ങളെയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തുകയും ചെയ്യുക.

9. നിലവിലുള്ള പരീക്ഷാ സംമ്പ്രദായം പരിഷ്ക്കരിക്കുക. യൂണിറ്റ് ടെസ്റ്റുകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പരിഹാരബോധനം ഒരു പരിപാടിയാക്കുകയും ചെയ്യുക. കോംപ്ലക്സ് അടിസ്ഥാനത്തിൽ പരീക്ഷാചോദ്യക്കടലാസുകൾ തയ്യാറാക്കുകയും ഒരു പഞ്ചായത്ത് തലപൊതു മാനദണ്ഡാടിസ്ഥാനത്തിൽ കുട്ടികളെ ഗ്രേഡ് ചെയ്യുകയും വേണം.

10. എല്ലാ വിദ്യാലയത്തെയും കേന്ദ്രീകരിച്ച് വിദ്യാഭ്യാസ സംരക്ഷണസമിതികളും പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു പഞ്ചായത്ത് വിദ്യാഭ്യാസ സംരക്ഷണസമിതിയും രൂപീകരിക്കുക. പഞ്ചായത്ത് തല വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ മേൽനോട്ടം ജനകീയ സമിതികളുടെ നേതൃത്വത്തിൽ പുനരാവിഷ്കരിക്കുക.

11. ചളവറ ഹൈസ്ക്കൂൾ അപ് ഗ്രേഡ് ചെയ്ത് ഹയർ സെക്കണ്ടറി സ്കൂളാക്കണം.

5 9 വനിത

ലോക ജനസംഖ്യയിൽ പകുതിയും സ്ത്രീകളാണ്. വിദ്യാഭ്യാസകാര്യത്തിൽ ഏറെ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തുപോലും സാമൂഹ്യ പ്രക്രിയയിലും, സാംസ്കാരിക മേഖലയിലും സ്ത്രീകളുടെ പങ്കാളിത്തം തുലോം പരിമിതമാണ്. കേരള വികസന മാതൃകയുടെ ദൗർബല്യങ്ങളിലൊന്നായി ചൂണ്ടിക്കാണിച്ചിട്ടുള്ളത് വികസന പ്രക്രിയയിൽ കുറഞ്ഞ സ്ത്രീ പങ്കാളിത്തമാണ്. സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിന് കാലാകാലങ്ങളിലായി പല പരിപാടികളും ആസൂത്രണം ചെയ്തു പോന്നിട്ടുണ്ടെങ്കിലും അവയെല്ലാം ഇന്നും ഏട്ടിലെ പശുക്കൾതന്നെ. സമൂഹം സ്ത്രീകളോടുകാണിക്കുന്ന വിവേചനം ജീവിതത്തിന്റെ സമസ്ത മേഖലയിലും കാണാനാവും. സമൂഹത്തിലെ പകുതിയിലേറെ വരുന്ന സ്ത്രീകളുടെ പുരോഗതി കണക്കാക്കാതെയുള്ള വികസനം വികലമായിരിക്കും. ചരിത്രപരമായ കാരണങ്ങളാൽ സ്ത്രീകൾ നേരിടുന്ന അവഗണനയും താഴ്ന്ന പദവിയും മാറ്റിയെടുക്കാൻ ശക്തമായ പോരാട്ടം സ്ത്രീകളുടെ ഭാഗത്തുനിന്നും കൂടിയേതീരൂ. ലോകമെമ്പാടും സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ കൂടിവരികയും, ചൂഷണം വർദ്ധിച്ചുവരികയും ചെയ്യുന്ന ഈ സാഹചര്യത്തിൽ ഈ വിഷയത്തിന്റെ പ്രസക്തി ഏറെയാണ്.

പൊതുപ്രവർത്തനരംഗത്തും സാമൂഹ്യസാംസ്കാരിക രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വളരെകുറവാണ്. തൊഴിൽ സംഘടന, സർവ്വീസ് സംഘടനാ രംഗത്തുപോലും അവരുടെ നേതൃത്വപരമായ പങ്ക് വളരെ കുറച്ച് മാത്രമേ കാണാൻ കഴിയുന്നുള്ളു. ഈ പൊതുസ്ഥിതി ചളവറ പഞ്ചായത്തിലും കാണുന്നു. സ്ത്രീകളെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം നേടുക എന്നത് പണ്ടുകാലം തൊട്ടേ ശ്രമകരമായ ഒരു ഏർപ്പാടായിരുന്നു. സമൂഹത്തിന്റെ കാഴ്ചപ്പാട് സ്ത്രീ വിദ്യാഭ്യാസത്തിന് അനുകൂലമായിരുന്നില്ല. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ചളവറയിൽ ഒരുസ്കൂൾ സ്ഥാപിതമായതോടെയാണ് പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നേടുന്നതിന് പരിമിതമായ സൗകര്യമെങ്കിലും ലഭിച്ചുതുടങ്ങിയത്. തുടർന്ന് 1920 കളിലും 30 കളിലുമായി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി സ്കൂൾ ആരംഭിച്ചതോടെ പെൺകുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ചുതുടങ്ങി. എന്നാൽ ഉന്നത വിദ്യാഭ്യാസത്തിനോ, സാങ്കേതിക വിദ്യാഭ്യാസത്തിനോ വേണ്ട സൗകര്യം സമീപപ്രദേശങ്ങളിലൊന്നും ഇല്ലാത്തതുകൊണ്ട് ഭൂരിപക്ഷം പെൺകുട്ടികളുടെയും വിദ്യാഭ്യാസം പ്രാഥമികഘട്ടത്തോടെ അവസാനിച്ചിരിക്കുന്നു. സ്ത്രീകൾ ജോലിക്കു പോകുന്നത് മോശമായ ഏർപ്പാടാണെന്ന് സ്ഥാപിച്ചിരുന ഒരു സാമൂഹ്യ ചുറ്റുപാടിൽ ഭൂരിപക്ഷം സ്ത്രീകളും അടുക്കളയിൽ ഒതുങ്ങിക്കൂടി. എന്നാൽ അടുക്കളയിലെ കാണാപ്പണിയുടെ തീക്കുണ്ഡങ്ങളിൽ നിന്ന് സ്ത്രീകളെ മോചിപ്പിക്കുന്നതിനുവേണ്ടിയുള്ള പോരാട്ടത്തിന് തിരികൊളുത്തി സമൂഹത്തിനാകെ പ്രചോദനം നൽകാനുള്ള ശ്രമങ്ങളും ചളവറ പഞ്ചായത്തിൽ നിന്നുതന്നെ ഉണ്ടായിയെന്നത് അഭിമാനാർഹമായ സംഗതിയാണ്. അര നൂറ്റാണ്ട് മുൻപ്തന്നെ അന്നുവരെ നിലനിന്നിരുന്ന ആചാരങ്ങളെയും വിശ്വാസങ്ങളെയും തകർത്തുകൊണ്ട് സ്വാതന്ത്ര്യസമരസേനാനിയും സാമൂഹ്യപരിഷ്ക്കർത്താവുമായ ശ്രീ. ഐ. സി. പി. നമ്പൂതിരിയുടെ പെങ്ങളുടെ (എം. ആർ. ബി. യുടെ ഭാര്യ ഉമാ അന്തർജനം) വിധവാ വിവാഹം കേരളസമൂഹത്തിൽ തന്നെ കോളിളക്കം സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ തന്നെ ചെറിയ സഹോദരിയായ പ്രയദത്തയുടെ കല്ലാട്ടു കൃഷ്ണനുമായുള്ള മിശ്ര വിവാഹം, കാമ്പ്രത്ത് പത്മാവതിയുടെ മിശ്രവിവാഹം ഇവയെല്ലാം സാമൂഹ്യ അനാചാരങ്ങൾക്കെതിരായ പോരാട്ടങ്ങൾക്കും, സ്ത്രീകളുടെ മോചനത്തിനും വേണ്ടിയുള്ള തീക്ഷ്ണമായ സമരങ്ങൾക്കും സാമൂഹ്യ പരിഷ്ക്കർത്താക്കൾക്ക് പ്രചോദനം നൽകി.

1991 ലെ സെൻസസ് അനുസരിച്ച് ചളവറ പഞ്ചായത്തിലെ ജനസംഖ്യ 19278 ആണ്. ഇതിൽ 8989 പേർ പുരുഷൻമാരും, 10284 സ്ത്രീകളുമാണ്. പുരുഷന്മാരേക്കൾ 1295 സ്ത്രീകൾ കൂടുതൽ ഉണ്ട്. ജനസംഖ്യയിൽ സ്ത്രീകളുടെ എണ്ണത്തിൽ

കാണുന്ന ഈ കൂടുതൽ തൊഴിൽ മേഖലയിലോ വിദ്യാഭ്യാസരംഗത്തോ കാണാൻ കഴിയുന്നില്ലയെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കർഷകർ, കർഷകതൊഴിലാളികൾ, കെട്ടിട നിർമ്മാണതൊഴിലാളികൾ, സ്വയം തൊഴിൽ ചെയ്യുന്നവർ, വ്യാപരികൾ വ്യവസായികൾ മറ്റു തൊഴിലുകളിൽ ഏർപ്പെട്ടവർ എന്നിവരുടെ കണക്കുപരിശോധിച്ചാൽ സ്ത്രീകളുടെ എണ്ണം പുരഷൻമാരുടേതിനേക്കാൾ തുലോം കുറവാണ്. അദ്ധ്യപാന രംഗത്ത് മാത്രമാണ് സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ കൂടുതൽ കാണുന്നത്.

പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലെ സ്ത്രീ പുരുഷ ജോലിക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു./

	സ്കൂളുകൾ	സ്ത്രീ	പുരുഷൻ
1	ചളവറ ഹൈസ്കൂൾ	29	22
2.	ചളവറ യു. പി.സ്കൂൾ	14	5
3.	മുണ്ടക്കോട്ടുകുർശ്ശി യു. പി. സ്കൂൾ	15	5
4.	സി. പി. ആർ. എൽ. പി. സ്കൂൾ, തൂക്കാരമണ്ണ	2	3
5.	കയിലിയാട് യു. പി. സ്കൂൾ	14	3
6.	എ. എം. എൽ. പി. സ്കൂൾ. ചളവറ	5	
7.	പുലിയാനം കുന്ന് എൽ. പി. സ്കൂൾ	5	
8.	വേമ്പലത്ത് പാടം ആർ. വി. എൽ. പി. സ്കൂൾ	3	1
9.	കയിലിയാട് എ. എൽ. പി. സ്കൂൾ	5	3
10.	മുണ്ടക്കോട്ടുകുർശ്ശി എ. എൽ. പി. സ്	2	2
	ആകെ	95	43
	മറ്റുസ്ഥാപനങ്ങൾ	സ്ത്രീ	പുരുഷൻ
1	പി. എച്ച്. സി., മുണ്ടക്കോട്ടുകുർശ്ശി	11	10
2.	ആയുവേദ ആശുപത്രി	2	7
3.	മൃഗാശുപത്രി	2	0
4.	പഞ്ചായത്ത് ഓഫീസ്	2	5
5.	വില്ലേജ് ഓഫീസ്	0	5
6.	വി.ഇ. ഒ.മാർ	1	2
7.	കോ. ഓ. ബാങ്ക് കയിലിയാട്	1	6
8.	കോ. ഓ. ബാങ്ക് കോതക്കുറുശ്ശി, ചളവറ ബ്രാഞ്ച്	1	7
9.	കനറാ ബാങ്ക്	2	7
10	കൃഷിഭവൻ	0	3
11.	പോസ്റ്റാഫീസ് ചളവറ, മുണ്ടക്കോട്ടുകുറുശ്ശി, കയിലിയാട്	0	13
		22	65

പഞ്ചായത്തിലെ വിവിധ വിദ്യാലങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിലും ജനസംഖ്യാനുപാതികമായ വർദ്ധനകാണാൻ കഴിയുന്നില്ല എന്ന വസ്തുത ചവുടെ കൊടുത്ത പട്ടികയിൽ നിന്നും മനസ്സിലാക്കാം.

	സ്കൂൾ	പെൺകുട്ടികൾ	ആൺകുട്ടികൾ
1	ചളവറ ഹൈസ്കൂൾ	816	725
2.	ചളവറ യു. പി.സ്കൂൾ	361	378
3.	മുണ്ടക്കോട്ടുകുർശ്ശി യു. പി. സ്കൂൾ	1245	253
4.	സി. പി. ആർ. എൽ. പി. സ്കൂൾ, തൂക്കാരമണ്ണ	232	277
5.	കയിലിയാട് യു. പി. സ്കൂൾ	71	59
6.	എ. എം. എൽ. പി. സ്കൂൾ. ചളവറ	60	55
7.	പുലിയാനം കുന്ന് എൽ. പി. സ്കൂൾ	60	82
8.	വേമ്പലത്ത് പാടം ആർ. വി. എൽ. പി. സ്കൂൾ	50	57
9.	കയിലിയാട് എ. എൽ. പി. സ്കൂൾ	123	123
10.	മുണ്ടക്കോട്ടുകുർശ്ശി എ. എൽ. പി. സ്കൂൾ	45	64
	ആകെ	2063	2073

വിദ്യാഭ്യാസത്തിൽ കുട്ടികളുടെ എണ്ണത്തിലും രോഗാതുരതയുടെ കാര്യത്തിലും സ്ത്രീപുരുഷ അന്തരം കാര്യമായി കാണാൻ കഴിയുന്നില്ലെങ്കിലും തൊഴിൽ പങ്കാളിത്തത്തിന്റെ കാര്യത്തിൽ ഈ അന്തരം പ്രകടമായി കാണുവാൻ സാധിക്കും. 1961 ലെയും 1991 ലെയും സെൻസസ് കണക്കുകൾ പരിശോധിച്ചാൽ പുരഷപങ്കാളിത്തതൊഴിൽ നിരക്കിന്റെ പകുതിയേ സ്ത്രീപങ്കാളിത്ത തൊഴിൽ നിരക്ക് വരുന്നുള്ളു. ജോലിക്കാരായ സ്ത്രീകളുടെ എണ്ണത്തിൽ 1961 നേക്കാൾ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും മറ്റു വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം ഗണ്യമായി കുറയുകയാണ്ടുണ്ടായിട്ടുള്ളത്. ഈ ഇടിവിന് പ്രധാന കാരണം കാർഷിക വൃത്തിയിൽ വന്ന മാറ്റമാണ്. മുൻപ് കർഷകർ നെൽകൃഷിക്കുപുറമെ പച്ചക്കറി ധാന്യങ്ങൾ,

കിഴങ്ങുവർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ മുതലയാവ കാര്യമായി കൃഷിചെയ്യാതിരിക്കുന്നതും, നെൽപ്പാടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും തൊഴിൽ സാദ്ധ്യത കുറക്കുവാൻ കാരണമായിട്ടുണ്ട്. തൊഴിലില്ലായ്മ വർദ്ധനവ് സ്ത്രീകളുടെ തൊഴിലന്വേഷണ താല്പര്യം പോലും ഇല്ലാതാകുന്നതായി കാണാം. യൂറോപ്പിലും മറ്റും കാർഷിക മേഖലയിലുണ്ടായ തൊഴിൽ നഷ്ടം ആധുനിക വ്യവസായങ്ങൾ വന്നതോടെ പരിഹരിക്കപ്പെടുകയും, ഉയർന്ന വിദ്യാഭ്യാസ നിലവാരവും സാമൂഹ്യബോധവും കാരണം സ്ത്രീകളും തൊഴിൽതേടി വ്യവസായശാലകളിൽ എത്തുകയും ചെയ്തു. ഇവിടെ അന്തരം തൊഴിലിയായ്മയും, അതിലുപരി സ്ത്രീകളുടെ തൊഴിലില്ലായ്മയും വർദ്ധിക്കുകയാണ് ചെയ്ത്. ഈ പഞ്ചായത്തിൽ സ്ത്രീകൾ പ്രധാനമായും തൊഴിൽ ചെയ്യുന്ന മേഖല കാർഷിക മേഖലയാണ്. കെട്ടിട നിർമ്മാണരംഗത്തും ഡി. ഡബ്ല്യു.സി. ആർ. എ. യൂണിറ്റുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിലും സ്ത്രീകൾ തൊഴിൽ ചെയ്യുന്നുണ്ട്. സ്കൂളുകൾ, അങ്കനവാടികൾ, സർക്കാർ ഓഫീസുകൾ, സർക്കാർ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയിലും തൊഴിലെടുക്കുന്നവരും, നാമമാത്രമായ എണ്ണം സ്വയംതൊഴിൽ എടുക്കുന്നവരും കഴിച്ചാൽ സ്ത്രീതൊഴിൽ പങ്കാളിത്തം പിന്നെ കാര്യമായി കാണുന്നില്ല.

കാർഷിക- കെട്ടിട നിർമ്മാണതൊഴിൽ മേഖലകളിൽ പുരുഷനു ലഭിക്കുന്ന വേതനം അതേ ജോലിചെയ്യുന്ന സ്ത്രീകൾക്ക് ലഭിക്കുന്നില്ല. ഡി. ഡബ്ല്യു. സി. ആർ. എ. യൂണിറ്റുകളിലേയും സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെയും വരുമാനം തന്നെ വളരെ തുച്ഛമാണ്. ജോലിക്കു പോകുന്നവരും അല്ലാത്തവരുമായ അനവധി സ്ത്രീകൾ ദൈനംദിന വീട്ടുജോലികൾക്കുപുറമെ ചെറിയ തോതിലാണെങ്കിലും ആടുവളർത്തൽ, കോഴിവളർത്തൽ, പുരയിടകൃഷി തുടങ്ങിയ പ്രവൃത്തികളും വിറക് ശേഖരണം, അങ്ങാടിയിൽ നിന്ന് സാധനങ്ങൾ കൊണ്ടുവരൽ തുടങ്ങിയ കാര്യങ്ങളും ചെയ്തുവരുന്നുണ്ട്. വീട്ടമ്മമാരുടെ ഈ പ്രവർത്തനങ്ങൾ പുരുഷൻമാരെ അപേക്ഷിച്ച് അവരുടെ ജോലിഭാരം വർദ്ധിപ്പിക്കുന്നു. എന്നിട്ടും ഇത്തരം സാമ്പത്തിക പ്രവർത്തനങ്ങൾ ഒരിടത്തും കണക്കെടുക്കപ്പെടുന്നില്ല. പുരുഷന്റെ വരുമാനം മാത്രമുള്ള കുടുംബത്തിലാണെങ്കിലും, സ്ത്രീകളുടെ മാത്രം വരുമാനമുള്ള കുടുംബത്തിലാണെങ്കിലും കുടുംബത്തിലെ തീരുമാനങ്ങളുടെ മുഖ്യപങ്ക് മിക്കവാറും പുരുഷന്റെതാണ്.

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് അങ്കനവാടികൾ. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരെ സഹായിക്കുന്നതിനും, കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവക്കും അങ്കനവാടികളുടെ ഫലപ്രദമായ പ്രവർത്തനം സഹായകരമാണ്. ഇവയുടെ പ്രവർത്തനം മെച്ചപ്പെട്ടതാക്കുന്നതിനുവേണ്ടി രൂപീകരിച്ച മഹിളാ സമാജങ്ങൾ വേണ്ടരീതിയിൽ പ്രവർത്തനം നടത്തുന്നതായി കാണുന്നില്ല. പ്രാദേശീക ഇടപെടലിന്റെ കുറവുമൂലം വിപുലമായ സാദ്ധ്യതകളുള്ള അങ്കനവാടികൾക്കു ചുറ്റുമുള്ള മുഴുവൻ കട്ടികളെയും അങ്കനവാടിയിൽ എത്തിക്കുവാനും കഴിയുന്നില്ല. സ്ത്രീകളുടെ സജീവ ഇടപെടൽ ആവശ്യമായ ഒരു സ്ഥാപനമാണ് അങ്കനവാടി. ചളവറ പഞ്ചായത്തിൽ 20 അങ്കനവാടികൾ പ്രവർത്തിക്കുന്നുണ്ട്.

സ്ത്രീകളുടെ ഉന്നമനത്തിനായി ബ്ലോക്കുമുഖേന നടത്തിവരുന്ന പദ്ധതിയാണ് ഡി. ഡബ്ല്യു.സി. ആർ. എ.. ഈ പദ്ധതിപ്രകാരം ചളവറയിൽ കറിപൗഡർ യൂണിറ്റും, കയിലിയാട് ഒരു കുടനിർമ്മാണ യൂണിറ്റും നന്നായി പ്രവർത്തിച്ചുവരുന്നുണ്ട്. ഈ പദ്ധതിപ്രകാരം തന്നെ ബീഡി നിർമ്മാണ യൂണിറ്റ്, ബാംബു ബാസ്ക്കറ്റ് നിർമ്മാണ യൂണിറ്റ് , രണ്ട് റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റുകൾ പായനെയ്ത് യൂണിറ്റ് എന്നിവയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഓരോ യൂണിറ്റിലും തൊഴിൽ ചെയ്യുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

യൂണിറ്റ്	അംഗങ്ങളുടെ എണ്ണം	തുടങ്ങിയ വർഷം
1. കറിപൗഡർ യൂണിറ്റ്	13	1994
2. കുടനിർമ്മാണ യൂണിറ്റ	7	
3. ബീഡി നിർമ്മാണ യൂണിറ്റ്	15	1988
4. ബാംബു ബാസ്ക്കറ്റ് നിർമ്മാണ യൂണിറ്റ്	15	1985
5. റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ്	5	1988
5. പായനെയ്ത് യൂണിറ്റ്	10	1989

സ്ത്രീകളുടെ ഉന്നമനത്തിന് ഏറെ സഹായകമായ ഈ പദ്ധതി വേണ്ടത്ര പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല. ഉള്ള യൂണിറ്റുകളിൽ പലതും തന്നെ ഫലപ്രദമായ പ്രവർത്തനം നടത്തുന്നില്ല. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത എത്രയോ പെൺകുട്ടികൾ ഇവിടെയുള്ളപ്പോൾ ഇത്തരം യൂണിറ്റുകൾ നന്നായി പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യത ഈ പഞ്ചായത്തിൽ ഉണ്ട്. ട്രൈസം

പരിശീലനം ലഭിച്ചവരും ഇതര തൊഴിൽ പരിശീലനം ലഭിച്ചവരും ഈ പഞ്ചായത്തിൽ ഉണ്ട്. ഇവയിൽ ഭൂരിഭാഗവും വനിതകാണ്.

സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ വനിതകളുടെ പ്രകടമായ സാന്നിദ്ധ്യം പഞ്ചായത്തിനകത്ത് കാര്യമായി അനുഭവപ്പെടുന്നില്ല. അങ്കനവാടികളോട് ബന്ധപ്പെട്ട് മഹിളാസമാജങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം സജീവമല്ല. ഒരു മഹിളാ സംഘടനാ എന്ന നിലയിൽ ജനാധിപത്യ മഹിളാ അസോസിയേഷന്റെ പ്രവർത്തനം പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റു സാമൂഹ്യ സാംസ്കാരിക, രാഷ്ട്രീയ സംഘടകളുടെ നേതൃത്വത്തിലൊന്നും സ്ത്രീകളില്ല.

വനിതകളുടെ വികസനത്തിനായി ഐ, സി. ഡി. എസ്.ന്റെ കീഴിലുള്ള അങ്കനവാടികൾ, ഡി. ഡബ്ലു. സി. ആർ. എ. പദ്ധതി, തൊഴിൽ പരിശീലന പദ്ധതി എന്നിവക്കുപുറമെ സംസ്ഥാന സർക്കാരിന്റെ, കീഴിലുള്ള വനിതാ വികസന കോർപ്പറേഷന്റേയും വിവിധ പദ്ധതികളുണ്ട്. വനിതാ കോർപ്പറേഷന്റെ കീഴിലുള്ള നടപ്പു പദ്ധതികളിൽ പ്രധാനമായവ ചുവടെ ചേർക്കുന്നു.

1. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.
2. തൊഴിൽ രഹിതരായ വനിതകൾക്ക് വേണ്ടിയുള്ള സ്ത്രീജ്യോതി പദ്ധതി.
3. താഴ്ന്ന വരുമാനക്കാരായ സ്ത്രീകൾക്ക് വ്യവസായം തുടങ്ങുന്നതിനുള്ള ധനസഹായം

സാമൂഹ്യക്ഷേമ ഉപദേശക ബോർഡിന്റെ കീഴിലുള്ള പ്രധാനപ്പെട്ട നടപ്പു പദ്ധതികൾ

1. ഫാമിലി കൗൺസിലിംഗ് സെന്ററുകൾ
2. ഗ്രാമീണ വനിതകളുടെ ബോധവൽക്കരണ ക്യാമ്പുകൾ
3. പൊതു ധന സഹായ പദ്ധതി

ഇതിനുപുറമെ അനെർട്ട് മുഖേന മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിച്ചുകൊടുക്കുന്ന പദ്ധതിയും നിലവിലുണ്ട്. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനും, വിറക് ലാഭത്തിനും ഇത്തരം അടുപ്പുകൾ സഹായകരമാണ്. ഇതിനു പുറമെ 'ശാസ്ത്ര സാഹിത്യ പരിഷത്ത്' കുറഞ്ഞ ചിലവിൽ പുകയില്ലാത്ത അടുപ്പ് നിർമ്മിച്ച് കൊടുക്കുന്നുണ്ട്. ഈ പദ്ധതികളെല്ലാം പഞ്ചായത്തുതലത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തി നടപ്പാക്കാവുന്നതാണ്,

ചളവറ പഞ്ചായത്തു സമിതിയുടെ നേതൃത്വം വഹിക്കുന്നതുതന്നെ വനിതയാണ്. വനിതാ പഞ്ചായത്തു പ്രസിഡണ്ടിനു പുറമെ മൂന്ന് വനിതാ ഗ്രാമപഞ്ചായത്തംഗങ്ങളും, ഒരു വനിതാ ബ്ലോക്ക് പഞ്ചായത്തംഗവും , ഒരു വനിത ജില്ലാ പഞ്ചായത്തംഗവും ചളവറ പഞ്ചായത്തിലുണ്ട്. മേൽപ്പറഞ്ഞ വനിതാ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വനിതകളുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ട പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയുന്നതാണ്.

പ്രശ്നങ്ങൾ

1. സ്ത്രീകൾക്കിടയിലെ രൂക്ഷമായ തൊഴിലില്ലായ്മ.. തൊഴിലില്ലായ്മ വർദ്ധിക്കുംതോറും സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ വർദ്ധിക്കുന്നു.
2. തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള വിവേചനങ്ങൾ. .പല തൊഴിൽ മേഖലകളിലും തുല്യജോലിക്ക് തുല്യവേതനമില്ല.
3. പൊതുരംഗങ്ങളിൽ സ്ത്രീകളുടെ അസാന്നിദ്ധ്യം
4. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാനുള്ള സത്രീകളുടെ വിമുഖതയും, തന്റേടക്കുറവും
5. തങ്ങളുടെ അവകാശാധികാരങ്ങളെക്കുറിച്ചുള്ള അവബോധക്കുറവ്
6. സ്ത്രീകൾക്കിടയിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, തെറ്റിദ്ധാരണകൾ.
7. സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പീഡനങ്ങളും
8. വിദ്യാഭ്യാസ, തൊഴിൽ പരിശീലനങ്ങളുടെ കുറവ്
9. സാമൂഹ്യ സേവനരംഗത്തേക്ക് വരാനുള്ള വിമുഖത
10. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള വൈമനസ്യം
11. സാമ്പത്തിക പ്രയാസം മൂലം സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുവാനുള്ള വൈമനസ്യത
12. സർക്കാർ സഹായ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ

13. ദാരിദ്ര്യം, കുടിവെള്ളക്ഷാമം, വിറക് ക്ഷാമം ഇവയുടെയെല്ലാം ഫലം കൂടുതൽ അനുഭവിക്കേണ്ടിവരുന്നത് സ്ത്രീകളാണ്.

14. റേഷൻകട, മാവേലിസ്റ്റോർ, മറ്റു പൊതുവിതരണ സംവിധാനങ്ങൾ എന്നിവിടങ്ങളിലേക്കുള്ള ദൂരക്കൂടുതൽ സ്ത്രീകൾക്ക് ബുദ്ധിമുട്ടാകുന്നു.

15. പുരുഷൻമാരുടെ മദ്യപാനം, സ്ത്രീപീഡനം ഇവയുടെ ദരുന്തഫലങ്ങൾ സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്നു.

16. നിലവാരം കുറഞ്ഞ മാധ്യമങ്ങൾ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നു.,

17. മഹിളാസമാജങ്ങൾ, അങ്കനവാടികൾ തുടങ്ങിവയുടെ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ല.

18. അങ്കനവാടികളിൽ പലതും വേണ്ടത്ര സൗകര്യങ്ങളോടുകൂടിയല്ല പ്രവർത്തിക്കുന്നത്.

സാദ്ധ്യതകൾ

1. ഓരോ വാർഡിലും അച്ചാറുനിർമ്മാണം, പായനെയ്ത്, തയ്യൽ കേന്ദ്രം, നൂൽനൂൽപ്പുകേന്ദ്രം, എന്നിങ്ങനെ ഡി. ഡബ്ല്യു. സി. ആർ. എ. യൂണിറ്റുകൾ 5 മുതൽ 10 വരെ എണ്ണമെങ്കിലും സ്ഥാപിക്കണം. ഇതിന് പരിശീലനം സിദ്ധിച്ചവർ ചേർന്ന് സംഘങ്ങൾ ഉണ്ടാക്കണം.

2. വനിതാ സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനമാരംഭിക്കണം.

3. പഞ്ചായത്തിൽ വനിതകൾക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം.

4. തൊഴിൽ സംരംഭകർക്ക് പരിശീലന ക്ലാസ്സുകളും ധനസഹായവും നൽകുക.

5. തുല്യജോലിക്ക് തുല്യവേതനം നടപ്പാക്കുക.

6. സ്ത്രീകൾക്കെതിരായ പീഡനങ്ങൾ, അക്രമങ്ങൾ, പുരുഷമദ്യപാനം മൂലം സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ എന്നിവക്കെതിരായി വ്യാപകമായ ബോധവൽക്കരണം നടത്തുകയും, വ്യാജ മദ്യവില്പനക്കെതിരായി സമരം നടത്തുകയും, മദ്യവില്പന കർശനമായി തടയുകയും വേണം.

7. പൊതുപ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ കൊടുക്കുയും, പ്രവർത്തനങ്ങളിൽ അവരെ സഹായിക്കുകയും ചെയ്യുക.

8. അങ്കനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അവയോട് ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങൾ സജീവമാക്കുക.

9. സാമൂഹ്യരംഗത്ത് സ്ത്രീകളുടെ ഇടപെടലും നേതൃത്വവും വളർത്തിയെടുക്കാൻ പഞ്ചായത്തുതലത്തിൽ കലാകായികമേളകളും മറ്റും നടപ്പിലാക്കണം

10. സ്ത്രീകൾക്കുവേണ്ടി ബോധവൽക്കരണ ക്ലാസുകളും നേതൃത്വപരിശീലന ക്യാമ്പുകളും നടത്തുക.

11. ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ സ്ത്രീകളെ കേന്ദ്രീകരിച്ച് നടപ്പിലാക്കുക.

12. മാധ്യമങ്ങൾ, പോസ്റ്ററുകൾ എന്നിവയിലൂടെ സ്ത്രീകളെ അവഹേളിക്കുന്നതു തടയാൻ നിയമം കൊണ്ടുവരിക. അതിനായി സമരം നടത്തുക.

13. അങ്കനവാടികളുടെ പ്രവർത്തനത്തിൽ ജനകീയ ഇടപെടൽ ഉറപ്പു വരുത്തുക.

14. പെൺകുട്ടികൾക്ക് കോളേജ് വിദ്യാഭ്യാസം ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ഒരു കോളേജ് സ്ഥാപിക്കണം.

15. പഞ്ചായത്തിന്റെ മൊത്തം പാലുല്പാദനവും ആവശ്യകതയും താരതമ്യം ചെയ്ത് പുതിയ ക്ഷീരവികസന സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഇത് സ്ത്രീകൾക്കിടയിൽ നടപ്പിലാക്കാൻ പറ്റിയ ഒരു പദ്ധതിയാണ്.

16. സ്ത്രീകൾക്കുമാത്രമായ ഒരു വായനശാല, സഞ്ചരിക്കുന്ന വായനശാല, സ്ത്രീകളുടെ കലാസാംസ്കാരിക സംഘടന തുടങ്ങിയവ സംസ്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ അദൃശ്യതക്ക് ഒരു പരിധിവരെ സഹായകമാകും.

17. വിധവാപെൻഷൻ, അഗതിപെൻഷൻ, അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

5 10 സഹകരണ മേഖല

1920 കളിൽ തന്നെ പഞ്ചായത്തിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1927 ൽ കയിലിയാട് കേന്ദ്രമായി പ്രവർത്തനം തുടങ്ങിയ കയിലിയാട് ഐക്യനാണയ സംഘമാണ് പിന്നീട് കയിലിയാട് സർവ്വീസ് സഹകരണബാങ്ക് ആയി മാറിയത്. കോതകുർശ്ശി കേന്ദ്രമായി തുടങ്ങിയ കോതകുർശ്ശി സർവീസ് സഹകരണ ബാങ്കിന് 1976 ൽ ചളവറ ബ്രാഞ്ച് തുടങ്ങിയത് ചളവറ , പുലിയാനംകുന്ന് പ്രദേശത്തുള്ളവർക്ക് സൗകര്യപ്രദമായി

കോതകുർശ്ശി സർവ്വീസ് സഹകരണ ബാങ്ക്

പാലക്കാട് ജില്ലയിലെ ക്ലാസ്സ് 1 ബാങ്കുകളിൽ ഒന്നാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സഹകരണസംഘം മെമ്പർമാക്ക് കഴിഞ്ഞവർഷം മുതൽ ഡിവിഡൻറ് നൽകുന്നുണ്ട്. ചളവറ ഗ്രാമ പഞ്ചായത്തിലെ ചളവറ, പുലിനാംകുന്ന് പ്രദേശങ്ങൾ അടങ്ങുന്ന 1, 2, 3, 4, വാർഡുകളും 5 ാം വാർഡിൻെറ പകുതിയും ആണ് ബാങ്കിൻെറ ഈ പഞ്ചായത്തിലെ പ്രവർത്തനമേഖല. ചളവറ ബ്രാഞ്ചിൻെറ പ്രവർത്തനപരിധിയിൽ 2,900 അ ംഗങ്ങൾ ഉണ്ട്. ചളവറ ബ്രാഞ്ചതിർത്തിയിൽ മാത്രം ഉള്ള നിക്ഷേപം 2,26,48,000/- കയും വായ്പാബാക്കി 1,66,00,000/ കയും ആണ്. ഏഷ്യയിലെ ഏറ്റവും വലിയ സഹകരണ സ്ഥാപനമായ IFFCO. വിൽ ബാങ്ക് അം ഗമാണ്.

അപേക്ഷ നൽകുന്ന മുഴുവർ കർഷകർക്കും ആൾജാമ്യത്തിന്മേൽ 10,000/ ക വരെ കാർഷിക വായ്പ അനുവദിക്കുന്നുണ്ട്. വസ്തുപണ യത്തിൻെറ ഈടിന്മേൽ 50,00 ക വരെയും സ്വർണ്ണപണയ വായ്പ വ്യക്തിഗതമായി 50,000 ക. വരെയും അനുവദിക്കുന്നുണ്ട് കൃഷിക്കാരുടെ സൗകര്യാർത്ഥം രാസവളങ്ങൾ, കീടനാശിനികൾ എന്നിവ വിതരണം ചെയ്യുന്നുണ്ട്. ബാങ്ക് കെട്ടിടത്തിൽ ആണ് പഞ്ചായത്തിലെ കൃഷിഭവൻ പ്രവർത്തിക്കുന്നത്. ബാങ്ക് കെട്ടിടത്തിൽ തന്നെ ഒരു കൺസ്യൂമർസ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. ബാങ്കിൽ ലോക്കർ സൗകര്യം ലഭ്യമാണ്.

കയിലിയാട് സർവീസ് സഹകരണബാങ്ക്

ചളവറ ഗ്രാമപഞ്ചായത്തിലെ 6, 7, 8, 9, 10 വാർഡുകളും 5ാം വാർഡിൻെറ പകുതിയും അടങ്ങുന്ന കയിലിയാട്, വേമ്പലത്തുപാടം, മുണ്ടക്കോട്ടുകുറുശ്ശി പ്രദേശവും വല്ലപ്പുഴ ഗ്രാമപഞ്ചായത്തിലെ 6, 7 വാർഡുകൾ അടങ്ങുന്ന കുറുവട്ടൂർ പ്രദേശവും ഉൾപ്പെടുന്നതാണ് പ്രവർത്തനമേഖല. 6210 അംഗങ്ങളുണ്ട്. കാർഷിക കാർഷികേതര വായ്പകളും സ്വർണ്ണപണയവായ്പകളും വിതരണം ചെയ്യുന്നുണ്ട്. കാർഷികവായ്പകൾ അപേക്ഷ നൽകുന്ന മുഴുവൻ കർഷകർക്കും ആൾജാമ്യത്തിൻമേൽ 10,000 ക വരെ അനു വദിക്കുന്നുണ്ട്. വസ്തുപണയത്തിൻെറ ഈടി ന്മേൽ 25,000 ക വരെയും സ്വർണ്ണപ്പണവായ്പ വ്യക്തിഗതമായി 25,000 ക വരെയും അനുവദി ക്കുന്നുണ്ട്. സമീപകാ ലത്തായി ബാങ്കിൻെറ നിക്ഷേപവും വായ്പബാക്കിയും 1 കോടി ക. യായി വർദ്ധിച്ചിട്ടുണ്ട്. പ്രവർത്തന നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. ജില്ലാ സഹകരണബാങ്കിൻെറ കാഷ്ക്രെഡിറ്റ് ഉപയോഗപ്പെടുത്തിയാണ് അധിക വിഭവ.സമാഹരണം സാധ്യമാക്കുന്നത്. രാസവളം, കീടനാശിനികൾ എന്നിവ വിതരണം ചെയ്യു ന്നുണ്ട്.

ചളവറ ഹൈസ്കൂൾ സഹകരണ സൊസൈറ്റി

ചളവറ ഹൈസ്ക്കൂൾ കേന്ദ്രമായി പ്രവർ ത്തിക്കുന്ന ഈ സംഘമാണ് ചളവറ പഞ്ചാ യത്തിലെ വിദ്യാർത്ഥികൾക്കാവശ്യമായ ടെക്സ്റ്റ് പുസ്തകങ്ങൾ സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നത്. സ്കൂളുകൾ മുഖേനയാണ് പാഠപുസ്തകവിതരണം നടക്കു ന്നത്. നോട്ടുപുസ്തകങ്ങളും കുറഞ്ഞ വിലക്ക് വിതരണം ചെയ്യുന്നുണ്ട്.

ചളവറ പട്ടികജാതി സഹകരണ സംഘം

ആരംഭിച്ചത് സമീപകാലത്താണ്. 50 അംഗങ്ങളാണ്

ഉള്ളത്. പ്രവർത്തന മൂലധനം കാര്യമായി ഒന്നുമില്ല. പ്രവർത്തനവും ഇല്ല.

മറ്റു സംഘങ്ങൾ :

ഷൊറണൂർ കോ. ഓപ്പറേറ്റീവ് അർബൻ ബാങ്ക്, ഒറ്റപ്പാലം കാർഷികവികസന ബാങ്ക്, ഒറ്റപ്പാലം ഭവനനിർമ്മാണ സഹകരണസംഘം എന്നിവയുടെ പ്രവർത്തന പരിധിയിൽ ചളവറ പഞ്ചായത്തും ഉൾപ്പെടുന്നു. ഈ സംഘങ്ങളുമായി പഞ്ചായത്തിലെ ജനങ്ങൾക്കുള്ള ഇടപാടുകൾ വളരെ കുറവാണ്. ഈ സംഘങ്ങളിൽ ഓരോന്നിലും 200 നും 300 നും ഇടക്ക് അംഗങ്ങളാണ് ഈ പഞ്ചായത്തിൽ നിന്നും ഉള്ളത്.

ചില പ്രശ്നങ്ങൾ

1. കാർഷിക വായ്പാ സംഘങ്ങളായി പ്രവർത്തനം ആരംഭിച്ച സഹകരണ സംഘങ്ങൾ വായ്പാ വിതരണത്തിൽ മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. കൃഷിക്കാരുടെ ഉൽപന്നങ്ങൾ- നെല്ല്, തേങ്ങ, അടക്ക, കുരുമുളക്, റബ്ബർ തുടങ്ങിയവ സംഭരിക്കുന്നതിന് സൗകര്യങ്ങളില്ല. മലഞ്ചരക്ക് ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് മാർക്കറ്റിങ്ങ് സൗകര്യങ്ങളോ സംഭരണ കേന്ദ്രങ്ങളോ ഇല്ല. ഇതുമൂലം ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.

2. മാറിവരുന്ന ജീവിതസാഹചര്യങ്ങൾ കണക്കിലെടുത്തും ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ പരിഗണിച്ചും വായ്പാ നയങ്ങളിൽ മാറ്റംവരുത്തിയിട്ടില്ല. കൺസ്യൂമർ, വാഹനവായ്പകൾ ആവശ്യത്തിനനുസരിച്ച് ലഭിക്കുന്നില്ല.

3. ദേശസാൽകൃത ബാങ്കുകൾക്ക് ഗുണകരമായ പ്രവർത്തന പദ്ധതികൾ ആരംഭിക്കുന്നതിന് മുതൽമുടക്കാൻ കഴിയുന്നില്ല. ദൈനംദിന ബാങ്കിംഗ് ഇടപാടുകൾക്ക് പുറമെ നിക്ഷേപ സ്വീകരണവും സ്വർണ്ണ പണയവായ്പാ വിതരണവും ആണ് നടക്കുന്നത്. ചളവറ പഞ്ചായത്തിൽ കനറാ ബാങ്കിന്റെ ആഭിമുഖ്യത്തിൽ വ്യവസായ തൊഴിൽ യൂണിറ്റുകൾ നിലവിലില്ല.

4. പഞ്ചായത്തിൽ തൊഴിൽ രഹിതരായ ചെറുപ്പക്കാരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്ന വ്യവസായ ചെറുകിട വ്യവസായ യൂണിറ്റുകൾ ഇല്ല. പണം മുടക്കാൻ ഏജൻസികളും മുന്നോട്ടു വരുന്നില്ല.

5. ട്രാക്ടർ, ട്രില്ലർ, മെതി, കൊയ്ത്ത് യന്ത്രങ്ങൾ എന്നിവ പഞ്ചായത്തിന് ലഭ്യമല്ല. ഇതുമൂലം കൃഷിക്കാർക്ക് അധികചെലവുണ്ടാകുന്നു.

6,. പാൽ ഉൽപാദകർക്ക് പാൽ വിറ്റഴിക്കാൻ സൗകര്യങ്ങളില്ല. അതിനാൽ പശുവളർത്തൽ ഒരു തൊഴിലായി സ്വീകരിക്കാൻ ആളുകൾക്ക് വൈമനസ്യം ഉണ്ട്.

7. മത്സ്യം വളർത്തൽ, കോഴിവളർത്തൽ, പശുവളർത്തൽ, പച്ചക്കറിതോട്ടങ്ങൾ എന്നിവ ആരംഭിക്കുന്നതിന് തയ്യാറുള്ള വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ സാമ്പത്തിക സഹായം നൽകാൻ നിലവിൽ സംവിധാനമില്ല.

8. പഞ്ചായത്തിൽ വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ആവശ്യത്തിനനുസരിച്ച് ഭവന നിർമ്മാണ വായ്പകൾ ലഭ്യമല്ല.

9. വായ്പകൾ എടുക്കുന്ന അംഗങ്ങൾ- ഏതാവശ്യത്തിനാണോ വായ്പ എടുക്കുന്നത് ആ ആവശ്യത്തിനല്ല ഉപയോഗിക്കുന്നത്. മിക്കാറും പ്രത്യുൽപാദനപരമല്ലാത്ത ആവശ്യങ്ങൾക്കാണ് വായ്പകൾ ഉപയോഗിക്കുന്നത്. അതിനാൽ ഉൽപാദനമേഖല മുരടിക്കുകയാണ്.

10. വായ്പകൾ യഥാസമയം തിരിച്ചടക്കുന്നതിൽ വീഴ്ചവരുന്നു. ഇതുമൂലം സംഘങ്ങൾക്ക് പ്രവർത്തന നഷ്ടം ഉണ്ടാകുന്നു.

11. മണ്ണ് പരിശോധിക്കാൻ കർഷകർക്ക് കഴിയുന്നില്ല. അതിനാൽ വളപ്രയോഗം അശാസ്ത്രീയമായ രീതിയിലാണ്.

പുതിയ സാധ്യതകൾ, നിർദ്ദേശങ്ങൾ

1. സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിലും ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിലും കാർഷികോൽപന്നങ്ങൾ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും പഞ്ചായത്തിനകത്തും പുറത്തും വിപണനം നടത്തുന്നതിനും സംവിധാനമുണ്ടാക്കണം. നെല്ല് പുഴുങ്ങുത്തി അരിയാക്കി വിൽക്കുന്നതിനുള്ള ഒരു സ്ഥാപനം മുന്തിയ പരിഗണനൽകി ആരംഭിക്കണം.

2. കൺസ്യൂമർ വായ്പകൾ- വീട്ടുപകരണങ്ങൾ വാങ്ങുന്നതിന് ഇൻസ്റ്റാൾമെന്റ് അടിസ്ഥാനത്തിൽ ലഭ്യമാക്കണം.

3. വാഹനങ്ങൾ കാർഷികയന്ത്രങ്ങൾ, ട്രാക്ടർ, ട്രില്ലർ എന്നിവ വാങ്ങുന്നതിന് വ്യക്തികൾക്കും, പാടശേഖരസമിതികൾക്കും വായ്പകൾ അനുവദിക്കണം. ഇതിനുള്ള വായ്പാസഹായം ബാങ്കുകൾ ലഭ്യമാക്കണം.

4. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഭവന നിർമ്മാണ വായ്പാസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം.

5. നിലവിലുള്ള പട്ടികജാതി സഹകരണ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.

6. നിർമ്മാണതൊഴിലാളികൾക്കുവേണ്ടി പഞ്ചായത്തിൽ ഒരു സഹകരണസംഘം രൂപീകരിക്കണം.

7. സ്കൂൾ സൊസൈറ്റിയുടെ പ്രവർത്തനം വിപുലമാക്കണം. യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ കുറഞ്ഞ വിലക്ക് വിതരണം ചെയ്യണം

8. പഞ്ചായത്തിൽ മിൽമയുടെ ആഭിമുഖ്യത്തിൽ ക്ഷീരോൽപാദക സഹകരണസംഘങ്ങൾ ആവശ്യാനുസരണം ആരംഭിച്ച് പ്രവർത്തിക്കണം.

9. കയിലിയാട് ബാങ്കിന്റെ ഒരു ശാഖ മുണ്ടക്കോട്ടുകുറുശ്ശിയിൽ തുറന്ന് പ്രവർത്തനം മെച്ചപ്പെടുത്തണം.

10. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിന് തന്നെ ഉപയോഗപ്പെടുത്താനും, വായ്പകൾ യഥാസമയം തിരിച്ചടക്കുന്നതിനും മെമ്പർമാരിൽ ബോധം ഉണ്ടാക്കണം. ഇതിനാവശ്യമായ ബോധവൽക്കരണ, ബഹുജനസമ്പർക്ക പരിപാടികൾ ആവിഷ്ക്കരിക്കണം.

11. മണ്ണു പരിശോധിക്കുന്നതിന് ബാങ്കുകൾ സൗകര്യമുണ്ടാക്കണം. ഇതിന് കൃഷിഭവന്റെ സഹായം ഉണ്ടാകേണ്ടതാണ്,

12. സമ്പാദ്യം ഒരു ശീലമാക്കുക എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു വീട്ടിൽ ഒരു സേവിംഗ്സ് ബാങ്ക് നിക്ഷേപമെങ്കിലും സഹകരണബാങ്കുകളിൽ ആരംഭിക്കണം.

5 12 പട്ടികജാതി ക്ഷേമം

ചളവറ പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 22.25% പട്ടികജാതി വിഭാഗമാണ്. 801 പട്ടികജാതി കുടുംബങ്ങൾ ആണ് പഞ്ചായത്തിലുള്ളത്. ആകെ ജനസംഖ്യയിൽ 4289 അംഗങ്ങളിൽ 2053 പുരുഷൻമാരും 2236 സ്ത്രീകളും ഈ വിഭാഗക്കാരാണ്. ഈ പഞ്ചായത്തിൽ 58 ഹരിജൻ കോളനികളിൽ 3 എണ്ണത്തെ ഐ. എച്ച്. ഡി. പി. കോളനികളായി അംഗീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ, സാമൂഹ്യ മേഖലകളിൽ ഇന്നും പിന്നോക്കം നില്ക്കുന്ന വിഭാഗക്കാരാണ് ഇവിടെയുള്ളത്. ഭൂപരിഷ്ക്കരണനിയമം മൂലം കുടികിടപ്പവകാശം ലഭിക്കുകയും ഇത് അവരുടെ സാമൂഹ്യ പുരോഗതിയിൽ ഒരു പരിധിവരെ നേട്ടം ഉണ്ടാക്കാൻ സഹാകമാവുകയും ചെയ്തിട്ടുണ്ട് ഇപ്പോഴും ഇവരുടെയിടയിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തുടരുന്നുണ്ട്.

സർക്കാരിന്റെ പല പദ്ധതികളും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കതെ വരുന്നു. സർക്കാർ നൽകുന്ന സഹായങ്ങൾ ഭാഗികമായി മാത്രമേ ഇവർക്ക് ഉപകരിക്കുന്നുള്ളൂ. പല പട്ടികജാതി കുടുംബങ്ങളും ഒറ്റപ്പെട്ടുകിടക്കുന്നതുകൊണ്ട് കോളനിയുടെ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര മെച്ചം ഉണ്ടാക്കാനകഴിഞ്ഞിട്ടില്ല. എസ്. എസ്. എൽ. സി. ക്കുശേഷം തുടർന്നു പഠിക്കാനുള്ള താല്പര്യം പലരും കാണിക്കുന്നില്ല. രക്ഷിതാക്കൾ വേണ്ടരീതിയിൽ അതിൽ ശ്രദ്ധ ചെലുത്തുന്നില്ല.

പട്ടിക 1

വാർഡ്	കോളനിയുടെ പേര്	വീടുകളുടെ എണ്ണം
	1. കല്ലംപറമ്പ് കോളനി	22
	2. ചെട്ടിത്തൊടി (ഐ.എച്ച്.ഡി.പി.) കോളനി	22
	3. ആക്കുന്നത്ത് കോളനി	9
1	4. മാത്രപറമ്പ് കോളനി	16
	5. ആലാച്ചിയിൽ കോളനി	7
	6. കളത്തിൽകുന്ന് കോളനി	16
	7. പാലാട്ട് കോളനി	20
	8. ചോലയിൽ കോളനി	6
	1. പാലാട്ട് കോളനി	20
	2. വാരിയത്തൊടി കോളനി	10
2	3. ചരപ്പറമ്പത്ത് കോളനി	22
	4. ചിറായ്ക്കിൽ കോളനി	13
	5. വരട്ടുപറമ്പ് പറക്കുന്നത്ത് കോളനി	10
	1. ആലങ്ങോട്ട് കോളനി	12
3.	2. ഓലഞ്ചേരി കോളനി	10
	3. പരിയത്തൊടി കോളനി	10.
	1. മനക്കത്തൊടി കോളനി	12
	2. ചിറയിൽ കോളനി	11
4	3. വട്ടോളിക്കുന്ന് കോളനി	20
	4. പട്ടത്തിൽ കോളനി	7
	5. പുലിയാനംകുന്ന് ലക്ഷം വീട്	12
	1. കിളിഞ്ഞീരിക്കുന്ന് കോളനി	22
	2. ചെറുവത്തൂർ കോളനി	46
	3. പാലന്തൂർ പറമ്പ് കോളനി	10
	4. കോഴിക്കോട് പറമ്പ് കോളനി	13
5	5 നാരായക്കുണ്ട് കോളനി	12
	6. കിഴക്കേപ്പാട്ട് കോളനി	15
	7 ഇട്ടിയാംപറമ്പ് കോളനി	5
	1. ചക്കുപുരക്കുണ്ട് കോളനി	12
	2. കുറിയേടുപറമ്പ് കോളനി	10
	3. കല്ലുവെട്ടുകുഴി കോളനി	8
	4. തൂവക്കാട്ട് പറമ്പ് കോളനി	10
6	5. വീരൻതടം കോളനി	15
	6 കളത്തിൽപടി കോളനി	15
	7 തടാട്ടിരിക്കുന്ന് കോളനി	15
	8. ഇട്ടീരിക്കുന്ന് കോളനി	15

3. ഒറ്റപ്പാലിപറമ്പ് കോളനി	15
1. നടുത്തൊടിപറമ്പ് കോളനി	15
2. കരടിക്കുന്ന് കോളനി	10
3. ചാത്തപറമ്പ് കോളനി	10
4 പുന്നാരത്ത് കോളനി	12
5. കവുക്കുണ്ട് കോളനി	11
1 മനക്കൽകുന്ന് കോളനി	15
2 പ്ലാച്ചിറ കോളനി	10
3 പിള്ളത്ത് പടി കോളനി	13
4 കാരാട്ടിൽ കോളനി	10
1. ഒകെതെരിക്കുന്ന് (ഐ. എച്ച്. ഡി. പി) കോളനി	36
2. പട്ടഞ്ചിക്കുന്ന് കോളനി	18
3. പറക്കുന്നത്ത് കോളനി	11
4. പൊരുതിയിൽപടി കോളനി	26
5 ലക്ഷംവീട് കോളനി	15
6 പുളക്കത്തൊടി കോളനി	15
7. കുന്നത്തൊടി കോളനി	8
8. കുറപ്പത്തൊടി കോളനി	8
1. ചാലിയംകുന്ന് (ഐ. എച്ച്.ഡി. പി. കോളനി	15
2. കുറപ്പത്ത് പടി കോളനി	10
3. കൊട്ടാരംതൊടി കോളനി	8
4. കോണത്തുപടി കോളനി	10
ആകെ	805

1996-97 അദ്ധ്യയന വർഷത്തിൽ 990 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. ചെറിയ ശതമാനം വിദ്യാർത്ഥികൾ വിവിധ ക്ലാസുകളിൽ നിന്ന് പഠനം നിർത്തുന്നതായി കാണുന്നു. 95- 96 വർഷത്തിൽ എസ്. എസ്. എൽ. സി. പരീക്ഷയിൽ കുട്ടികളുടെ വിജയശതമാനം 6.8 മാത്രമാണ്.

പട്ടികജാതി വിഭാഗങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികാണ്. ഈയിടെയായി കാർഷികത്തൊഴിലാളികൾ നിർമ്മാണതൊഴിലാളികളായി മാറിക്കൊണ്ടിരിക്കുന്നു. കാർഷിക മേഖലയിലെ തുല്പര്യക്കുറവും വേതനക്കുറവുമാണ് ഇതിന് കാരണങ്ങൾ.

സർക്കാർ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന സഹായധനം കൊണ്ട് ഒരു പരിധിവരെ പാർപ്പിട സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇന്നും ഓലമേഞ്ഞ കടിലുകളിൽ താമസിക്കുന്നവരുണ്ട്. വീട് നിർമ്മാണത്തിനനുവദിക്കുന്ന തുകയുടെ അപര്യാപ്തതകൊണ്ട് പല വീടകളും പൂർത്തീകരിക്കാൻ സാധിക്കാതെ കിടക്കുന്നു. വീടുവെയ്ക്കാനാവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവുമ അനുവദിച്ചുകൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമാവൂ. പല വീടുകൾക്കും കോളനി പ്രദേശങ്ങളിലും കക്കൂസിന്റെ സൗകര്യമില്ല. ഇതു പരിഹരിക്കപ്പെടേണ്ടതാണ്.

പട്ടിക 2

ക്രമനമ്പർ	വാർഡ് നമ്പർ	കോളനി കളുടെ എണ്ണം	ആകെ വീടുകൾ	ഓട്	ഓല	കക്കൂസ് ഇല്ലാത്തത്
1	1	8	120	87	33	115
2	2	3	75	60	15	61
3	3	3	32	20	12	32
4	4	3	62		20	50
5	5	7	123	101	22	42
6	6	9	120	93	27	115
7	7	5	58	40	18	18
8	8	3	38	8	30	20
9	9	8	144	94	50	100
10	10	3	43	35	8	21
ആകെ	10	52	815	518	203	574

ഈ പഞ്ചായത്തിൽ 1992 മുതൽ 1996 വരെയുള്ള ഐ. ആർ. ഡി. പി. സർവ്വെപ്രകാരം ദാരിദ്ര്യ രേഖക്കുതാഴെയുള്ള കുടുംബങ്ങൾ 461 ആണ്. ഇതിൽ 112 കുടുംബങ്ങൾക്ക് ഇതുവരെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച കണക്ക് 2ാം പട്ടികയിൽ ചേർത്തിട്ടുണ്ട്.

പ്രശ്നങ്ങൾ

1. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. തൊഴിലാളികൾ മറ്റു മേഖലയിലേക്ക് ഒഴിഞ്ഞുപോകുന്നു.
2. വേണ്ടത്ര വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. വിദ്യാർത്ഥികൾ പഠിത്തം

നിർത്തിപോകുന്നു.

3. വീടുവെയ്ക്കാൻ സ്ഥലമില്ലാത്തവരും വീട് ഇല്ലാത്തവരും ഇന്നുമുണ്ട്. സർക്കാർ അനുവദിക്കുന്നതുക കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്നില്ല. പ്രാഥമിക സൗകര്യങ്ങളില്ല.

4. കോളനിപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. വൈദ്യുതികരിക്കാത്ത കോളനികളുണ്ട്.

5. പല സ്ഥലങ്ങൾക്കും പട്ടയമോ മറ്റു രേഖകളോ ഇല്ല. ഇതുകാരണരം ബാങ്കുകളിൽ നിന്ന് വായ്പാ സൗകര്യം ഇല്ല.

6. ആരോഗ്യ സംരക്ഷണസംവിധാനങ്ങൾ ഇല്ല. പാവപ്പെട്ട കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

7. സർക്കാർ പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല. (ഐ. ആർ. ഡി. പി. പട്ടികജാതി വികസന കോർപ്പറേഷൻ, പട്ടികജാതി വികസന വകുപ്പ്)

8. കോളനികളിലേക്ക് റോഡ് സൗകര്യങ്ങളില്ല.

10. ചെമ്പരത്തിമാട് കോളനിക്ക് ഒരു പൊതുശ്മശാനം ഉണ്ടായിരുന്നു. അത് ഇപ്പോൾ വനംവകുപ്പിന്റെ കീഴിലാണ്.,

11. അംഗനവാടികേന്ദ്രങ്ങൾ വേണ്ടത്ര ഇല്ല.

പട്ടിക 3

ക്രമനമ്പർ	വാർഡ്	കോളനികളുടെ എണ്ണം	ഗതാഗതസൗകര്യമുള്ള കോളനികൾ	ഗതാഗതസൗകര്യമില്ലാത്ത കോളനികൾ	വൈദ്യുതീകരിക്കപ്പെടാത്തവ	വൈദ്യുതീകരിച്ചവ	കുടിവെള്ളം		പൊതുകക്കൂസ്
							കിണർ	ടാപ്പ്	
1	1	8	4	4	3	5	2	ഇല്ല	ഇല്ല
2	2	5	-	5	-	5	ഇല്ല	ഇല്ല	ഇല്ല
3.	3	3	.	2	.	3	ഇല്ല	ഇല്ല	ഇല്ല
4.	4	5	.	.	.	5	1	1	ഇല്ല
5	5	7	.	.	.7	1	1	ഇല്	
6	6	9	1	9	.	.	.	.	.
7	7	5	2	5	.	7	.	.	ഇല്ല
8	8	3	.	3	.	3	ഇല്ല	ഇല്ല	ഇല്ല
9.	9	8	.	7	1	8	2	1	ഇല്ല
10	10	3	.	2	.	2	ഇല്ല	ഇല്ല	ഇല്ല
	10	56	7	37	4	45			

സംവിധാനമുണ്ടാക്കണം. പൊതു പച്ചക്കറി മാർക്കറ്റുകളും മത്സ്യ മാംസ മാർക്കറ്റുകളും സ്ഥാപിച്ച് വിപണന കേന്ദ്രങ്ങൾ കണ്ടെത്തണം.

വാണിജ്യ, കാർഷിക വായ്പാ ബാങ്കുകളിൽ നിന്നും ദീർഘകാലാടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾക്കുള്ള വായ്പാ പദ്ധതികൾ ഉണ്ടാകണം.

ഗൾഫ് മേഖലയിലെ നിക്ഷേപം ആകർഷിച്ചുള്ള സംരംഭങ്ങൾ കണ്ടെത്തണം. സിനിമാ തിയ്യറ്റുകൾ, വീഡിയോ പാർലറുകൾ, കുട്ടികളുടെ പാർക്കുകൾ എന്നിവ സഹകാര്യ മേഖലയിൽ പ്രോത്സാഹിപ്പിക്കുവാനും അതുവഴി പഞ്ചായത്തിനു വരുമാനം കണ്ടെത്താനും കഴിയണം.

പഞ്ചായത്ത് ഒരു പൊതു വികസന ഫണ്ട്, രൂപീകരിക്കണം, പൊതുജനങ്ങളിൽ നിന്നും ഏത് ഏജൻസിയും ശേഖരിക്കുന്ന പണത്തിന്റെ കണക്ക് ശേഖരിക്കാനും പരിശോധിക്കാനുമുള്ള അധികാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു നൽകണം. ഇങ്ങനെ ശേഖരിക്കുന്ന തുകയുടെ ഒരു നിശ്ചിത ശതമാനം പൊതുവികസനഫണ്ടിലേക്ക് ലഭ്യമാക്കണം.

ഉപസംഹാരം

ദശാബ്ദങ്ങളായി മുകളിൽ നിന്ന് താഴോട്ട് എന്ന ക്രമത്തിൽ നടപ്പാക്കിയിരുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ താഴേതട്ടിൽ വെച്ച് ജനങ്ങളുടെ ആശക്കും അഭിലാഷത്തിനുമനുസരിച്ച്, രൂപം കൊടുക്കാനുള്ള ചരിത്ര ജനകീയ പരീക്ഷണത്തിലാണ് നാം ഏർപ്പെട്ടിരിക്കുന്നത്. നിലവിലുള്ള വികസന സങ്കല്പങ്ങളോട് പൊരുത്തപ്പോകുന്നതിന് നമുക്കിവിടെ സാധിച്ചുവെന്ന് വരില്ല. റോഡും പാലങ്ങളും ആശുപത്രിയും വിദ്യാലയവുമായാൽ വികസനം മുഴുവനായി എന്നത് ജനങ്ങളെ വ്യാപകമായി സ്വാധീനിക്കുന്ന അതിവികലമായ വികസന ബോധമാണ്. വികസന രംഗത്തുള്ള ഈ സാമാന്യ ബോധത്തെ മുറിച്ചു കടന്നുകൊണ്ടല്ലാതെ ജനകീയാസൂത്രണവുമായി നമുക്ക് മുന്നോട്ടു പോകാൻ കഴിയില്ല.

സമ്പത്തുല്പാദന രംഗമായ കൃഷിയും വ്യവസായവും മുരടിക്കുന്നു എന്നുള്ളതാണ് വികസന മേഖലയുടെ പ്രധാന പ്രതിസന്ധി. സർക്കാരിന്റെ മാത്രം നേതൃത്വത്തിലുള്ള ഔപചാരിക ആസൂത്രണ പ്രവർത്തനങ്ങളെ കൊണ്ട് ഈ രംഗത്ത് കൃത്യമായ ഒരു മുന്നേറ്റവും നടത്താനാവില്ല. ഔദ്യോഗിക സംവിധാനത്തിന്റെ പിന്നോക്കാവസ്ഥയെ മറികടന്നു കടക്കുന്നതിന് ആസൂത്രണ പദ്ധതി പ്രവർത്തന രംഗത്തേക്ക് മുഴുവൻ മലയാളികളുടെയും സർഗ്ഗാത്മകമായ സംഘചൈതന്യത്തെ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അതേസമയം ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് നിലവിലുള്ള ഔദ്യോഗിക സംവിധാനങ്ങൾക്ക് സമാന്തരമോ, ബദലോ ആകാൻ കഴിയുകയില്ല. ഉദ്യോഗസ്ഥ സംവിധാനത്തിന്റെ പിന്തുടി രീതികളോട് ജനകീയ അഭിലാഷങ്ങളെ കോർത്തിണക്കാൻ ഉള്ള ഒരു പുതിയ പ്രവർത്തന രീതിയാണ് നമുക്ക് അവലംബിക്കാനുള്ളത്. ഇതിലൂടെ വികസന പ്രവർത്തന മേഖലയിൽ പടർന്ന് പന്തലിച്ച് നിൽക്കുന്ന കടുകാര്യസ്ഥതയെയും കൈക്കൂലിയേയും ഒരു പരിധിവരെ നമുക്ക് ഇല്ലാതാക്കാൻ കഴിയും.

ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു വിശാലമായ വികസന രാഷ്ട്രീയ സംസ്ക്കാരം നാടൊട്ടുക്ക് പൊട്ടി വളർന്ന് വരുന്നുണ്ട്. നമ്മുടെ നാടിന്റെ ചരിത്രത്തിൽ തിളക്കമാർന്ന പലനേട്ടങ്ങളും കൈവരിക്കുന്നതിന് നിമിത്തമായി ഇത് മാറിക്കൊണ്ടിരിക്കുകയാണ്. വിപുലമായ അർത്ഥത്തിൽ രൂപപ്പെടുന്ന ഈ ജനകീയ ശക്തി ആഹരിച്ചുകൊണ്ട് വികസനാസൂത്രണ പ്രവർത്തനങ്ങളിൽ നമുക്ക് ഏറ്റെടുക്കാനുള്ള പ്രവർത്തനങ്ങളേയും പുല്ലുവിളികളേയും ധൈര്യപൂർവ്വം ഏറ്റെടുക്കാനുള്ള മാനസികാവസ്ഥയിലേക്ക് നമ്മുടെ പ്രദേശത്തെ ജനങ്ങളെ കൊണ്ടുവരാൻ ഈ വികസന റിപ്പോർട്ടിന്റെ ചർച്ചയും വികസന സെമിനാറും ഉപയോഗിക്കണമെന്ന് പ്രതീക്ഷിച്ചുകൊണ്ട് അഭിമാനപൂർവ്വം ഈ വികസന റിപ്പോർട്ട് സെമിനാർ മുമ്പാകെ സമർപ്പിക്കട്ടെ.

സാദ്ധ്യതകൾ

1. കാർഷികമേഖലയിൽ തൊഴിൽകൂട്ടാനും പരമ്പരാഗത തൊഴിലിൽ ഏർപ്പെടുന്നവർക്ക് സഹായങ്ങൾ നൽകി അവരെ അതിൽ നിലനിർത്തുന്നതിനും ശ്രമിക്കണം,

2. സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യങ്ങളെക്കുറിച്ച് രക്ഷിതാക്കളെ ബോധവാന്മാരാക്കണം. സാമ്പത്തിക സഹായം വർദ്ധിപ്പിക്കണം.

3. വീട് വെയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് വിതരണം ചെയ്യാത്ത മിച്ചഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യുകയും സർക്കാർ സഹായത്തോടുകൂടി വീട് ഉണ്ടാക്കിക്കൊടുക്കുകയും വേണം.

4. പഞ്ചായത്തിലെ വൈദ്യുതി എത്താത്ത കോളനികൾ വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ പദ്ധതികൾക്ക് രൂപം നല്കണം. കുടിർജ്യോതി പോലുള്ള പദ്ധതികൾ പുരാവിഷ്ക്കരിക്കണം. കോളനികളിൽ കുടിവെള്ള സൗകര്യം ഉണ്ടാക്കണം.

പട്ടിക 4 ൽ വിശദവിവരങ്ങൾ ചേർത്തിട്ടുണ്ട്.

5. പട്ടയം ലഭിക്കാത്ത എല്ലാവർക്കും പട്ടയം കൊടുക്കാനുള്ള സംവിധാനം ഉണ്ടാവണം.

6. പട്ടിക ജാതി ക്ഷേമത്തിനായി പ്രവർത്തിപ്പിക്കുന്ന വിവിധ പദ്ധതികളും ഏജൻസികളും സംയോജിപ്പിച്ചുകൊണ്ട് പ്രവർത്തിപ്പിക്കണം.

7. കോളനികളിൽ ആരോഗ്യ പ്രവർത്തകർ നേരിട്ട് ചെന്ന് ബോധവൽക്കരണക്ലാസുകൾ നടത്തണം.

പട്ടിക 4

ക്രമ			
നമ്പർ	ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനി	വാർഡ്	മറ്റുപകരാളിത്തങ്ങളുടെ ദിനംപ്രതിയുള്ള ഉപയോഗസൗകര്യം ഏർപ്പെടുത്താവുന്ന കോളനികൾ
1	പാലാട്ട്കോളനി	1	കളത്തിൽക്കുന്ന് കോളനി
2	ചോലയിൽമേട്	2	വാരിയത്തൊടി കോളനി
3	പറമ്പൻതൊടി	3	ആലങ്ങാട് കോളനി
4	ചിറയിൽ ലക്ഷംവീട് നെല്ലൻതൊടി	5	ചെറുവത്തൂർ കോളനി
5	കിളിഞ്ഞിരിക്കുന്ന്	6	ചോലക്കുളം കോളനി,
			ചക്കുപുരക്കുന്ന് കോളനി
			വെള്ളച്ചിറി പാസ് കോളനി
9	മനക്കൽക്കുന്ന്	7	നടുത്തൊടിപറമ്പ് കോളനി
		8	കാരാട്ടിൽ കോളനി
		10	ചാലിയാകുന്ന് കോളനി

പ്രാഥമിക ഇലക്ട്രോണിക്ക് അസംബ്ലി യൂണിറ്റ് ഉണ്ടാക്കിയാൽ പ്രാഥമിക വിദ്യാഭ്യാസം നേടിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ സൗകര്യപ്രദമായിരുന്നു.

ഗതാഗതം

10ാം വാർഡിലെ കുളത്തിൽ കുന്തികോളനിയിലേക്കുള്ള റോഡിന്റെ പണി തുടങ്ങുന്നതിന് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം. ചെട്ടിത്തൊടി കോളനിറോഡിൽ നിന്നും പോകുന്ന റോഡിൽ നിന്ന് മാത്രപ്പറമ്പ് കോളനിയിലേക്ക് പുതിയ റോഡ് വെട്ടണം. ചോലയിൽ കോളനി റോഡിന് ഫണ്ട് പാസ്സായിട്ടുണ്ട് പണി ഉടൻതന്നെ തുടങ്ങണം. ആലച്ചാലികോളനിറോഡ് പേരിന് ഒരു നടവഴി മാത്രമാണ്. ആ റോഡ് വീതികൂട്ടി ചെട്ടിത്തൊടി ഐ. ആർ. ഡി. പി. കോളനി റോ ഡുമായി

ബന്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

2 ാം വാർഡിൽ വരാട് പറമ്പ് പറക്കുന്ന് ഭാഗത്ത് കോളനി വഴിപോകുന്ന .റോഡിന്റെ പണി പൂർത്തീകരിക്കുന്നതിന് നടപടിയെടുക്കണം. ചെമ്പരത്തിയാട്ടുകോളനിയിലൂടെ ഒരു നടവഴി നിലവിലുണ്ട് . അത് ജനങ്ങൾക്ക് നടക്കാൻ യോഗ്യമാക്കണം. സ്ഥലം വിട്ടുകിട്ടുകയും ജനങ്ങളുടെ അദ്ധ്വാനം ലഭിക്കുകയും ചെയ്യും ചിറാക്കിൽത്തൊടി കോളനിയിലേക്കുള്ള റോഡിന്റെ പണി ക്രമേണമായി തുടങ്ങിയിട്ടുണ്ട്. അത് പൂർത്തികരിക്കുന്നതിനുള്ള ധനസഹായം അനുവദിക്കണം. ചരപ്പറമ്പത്ത് കോളനിയിലേക്ക് കാഞ്ഞിരപ്പുഴ മെയിൻ കനാൽറോഡിൽ നിന്ന് പുളിന്തറ വഴി പോക്കറ്റ് റോഡ് ആവശ്യമാണ്. സ്ഥലം വിട്ടുകിട്ടിയിട്ടില്ല. 25% ശ്രമദാനമായി ചെയ്യാൻ തയ്യാറാണ്.

3ാം വാർഡിൽ ആലങ്ങോട് കോളനി റോഡ് ഗതാഗതയോഗ്യമാക്കണം. പതിയംതൊടി കോളനിയിലേക്കുള്ള റോഡ് ശ്രമദാനം, വഴി തുടങ്ങിയിട്ടുണ്ട്. അത് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

4 ാം വാർഡിൽ മനക്കത്തൊടി കോളനിയിലേക്ക് ഇപ്പോൾ ഒരു ഇടവഴിയിലൂടെയാണ് നടന്നു പോകുന്നത്. അത് നേരെയാക്കി വാഹനങ്ങൾ പോകുന്നതരത്തിലുള്ള റോഡാക്കണം. പട്ടത്തിൽ കോളനി കിഴക്കുഭാഗത്തേക്ക് പോക്കറ്റ് റോഡ് വെട്ടണം. വട്ടോളിക്കുന്ന് കോളനിയിലേക്കുള്ള റോഡ് ഇപ്പോഴും അനിശ്ചിതത്വത്തിലാണ് . അതിന്റെ പണി തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ വേണം. പുലിയാനം കുന്ന് ലക്ഷം വീട് കോളനി റോഡ് ഗതാഗതയോഗ്യമാക്കണം. 25% ശ്രമദാനമായി ചെയ്യാൻ ജനങ്ങൾ തയ്യാറാണ്

5 ാം വർഡിൽ ചെറുവത്തൂർ കോളനിറോഡ് കിളിഞ്ഞീരിക്കുന്ന് കോളനിറോഡ് എന്നിവ പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കണം.

6 ാം വാർഡിൽപ്പെട്ട ഇട്ടിരിക്കുന്ന് കളത്തിൽപ്പടി ചക്കുപുരക്കുന്ന്,. എന്നീ കോളനികളിലൂടെ പോകുന്ന കനാൽ റോഡ് മെറ്റലിട്ട് ടാർചെയ്യണം ഇതിനായി റോഡ് കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിൽ നിന്നും പഞ്ചായത്ത് ഏറ്റെടുക്കണം ആർ. വി. എൽ. പി. കളത്തിൽപ്പടി കോളനിറോഡ് പൂർത്തിയാക്കാൻ സ്ഥലം വിട്ടുകിട്ടുന്നതിനും റോഡ് നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. പിരിങ്ങടം, തൂവ്വക്കാട്ടുപറമ്പ്,. കല്ലുവെട്ടുപറമ്പ് കോളനികളിലേക്ക് റോഡുകൾ നിർമ്മിക്കണം. ഉഴിഞ്ഞത്രപ്പടി മാരിയത്തൊടി കോളനി റോഡ് മെറ്റലിട്ട് ഗതാഗത യോഗ്യമാക്കണം. മഠത്തിൽപ്പടി റോഡ് വീതികൂട്ടണം.,

7ാ ംവാർഡിൽ കരടിക്കുന്ന്, നടത്തൊടിപ്പറമ്പ്, ചവതപ്പറമ്പ്, പറക്കുന്ന് പറമ്പ്, പുന്നാരത്ത് എന്നീ കോളനകളിലേക്ക് റോഡുകൾ ഇല്ല. ഈ കോളനികളിലേക്ക് റോഡുകൾ നിർമ്മിക്കുന്നതിന് അതതുപ്രദേശത്തെ ജനങ്ങളുടെ അദ്ധ്വാനം സംഭാവന ചെയ്യാൻ തയ്യാറാണ്. മാമ്പറ്റപ്പടി ശ്മശാനം റോഡ് നിർമ്മിക്കാൻ വരുന്ന ചിലവിന്റെ 15000 രൂപ ജനങ്ങളിൽ നിന്ന് സമാഹരിക്കുന്നതാണ്.

8 ാം വർഡിൽ പിലാച്ചിറകോളനി, കരാട്ടിൽ കോളനി എന്നിവിടങ്ങളിൽ ഏറ്റുവുമധികം യാത്രക്ലേശം അനുഭവിക്കുന്നു. ഇത് പരിഹരിക്കാൻ വേണ്ടി എ. എം. യു. പി. സ്കൂൾ, കുറുവട്ടൂർ റോഡ് ഗതാഗത യോഗ്യമാക്കണം.

5 12 വിഭവ സമാഹരണം

നമ്മുടെ ഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും ചെറുകിട കർഷകരോ നാമമാത്ര കർഷകരോ കർഷകത്തൊഴിലാളികളോ ആണ്. കാർഷിക മേഖലയിലെ ഉല്പാദനത്തെയും തൊഴിലിനേയും അടിസ്ഥാനമാക്കി വിശകലനം നടത്തുമ്പോൾ ഈ മേഖലയിൽ കഴിഞ്ഞ കാലങ്ങളിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന മുരടിപ്പ് പൊതുവായ സാമ്പത്തിക മാന്ദ്യത്തിന് ഇടവരുത്തിയതായി കാണാൻ കഴിയും. ഈ മുരടിപ്പ് കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറയാൻ കാരണമായി.

കഴിഞ്ഞ ഒന്നര ദശകത്തിനിടക്ക് ഗൾഫ് മേഖലയിൽ നിന്നുള്ള പണമൊഴുക്ക് കെട്ടിട നിർമ്മാണ മേഖലയിലെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഗൾഫ് വരുമാനം നമ്മുടെ പ്രദേശത്തിൻെറയാകെ വികസനത്തിന് അനുഗുണമായ രീതിയിൽ കാർഷിക മേഖലയിലോ, വ്യവസായ മേഖലയിലോ ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല. ഏതാണ്ട് ആയിരത്തിലധികം പേർ ഗൾഫ് നാടുകളിൽ ജോലിചെയ്യുന്നവരാണ്.

പഞ്ചായത്തിൻെറ തനതു വരവു ചെലവുകളുടെ ഒരു പട്ടികയാണ് ചുവടെ കൊടുത്തിരിക്കുന്നത്. വരവ് ചെലവിനങ്ങളിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടക്ക് വന്ന വ്യതിയാനങ്ങൾ ഇതിൽ നിന്നും വിലയിരുത്തണം.

ഇനങ്ങൾ	1991 92		1995 96	
	വരവ്	ചെലവ്	വരവ്	ചെലവ്
കെട്ടിട നികുതി	80811.15		112267.54	
തൊഴിൽ നികുതി	32505.00		58860.00	
[illegible]പയർ	127000.00		180000.00	
[illegible]	77000.00		160500.00	
[illegible]	201600.00		192276.00	
[illegible]	80054.00		96757.00	
[illegible]	556915.15		757580.54	
[illegible]		139708.00		211780.00
[illegible]				72072.00

കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടക്ക് വിവിധ മേഖലകളിലെ ചെലവുകൾ വർദ്ധിക്കുന്നതനുസരിച്ച് വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്നു കാണാം വർദ്ധിച്ചുവരുന്ന ഭരണച്ചെലവുകൾ നിർവ്വഹിക്കാൻ പോലും ഫണ്ട് കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങളിൽ വേണ്ട ഊന്നൽ നൽകാൻ കഴിയുന്നില്ല. വികസന പ്രവർത്തനങ്ങളിൽ കൂടുതലും റോഡ് നിർമ്മാണത്തിനും കേടുപാടുതീർക്കലിനും വേണ്ടിയാണ് ചെലവഴിക്കപ്പെടുന്നത്.

മൊത്തം നികുതിവരുമാനങ്ങളിൽ നാമമാത്രമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. പ്രധാന സ്രോതസ്സായ കെട്ടിട നികുതിയിൽ വന്ന കുറവ് ഗൗരവമായി പരിശോധിക്കണം തൊഴിൽ നികുതി സർക്കാർ ജീവനക്കാരിൽ നിന്നും മാത്രമാണ് പിരിച്ചെടുക്കുന്നത് ഇത് ഇതര മേഖലകൾക്കുകൂടി സാധകമാക്കുന്ന രീതി ചർച്ചചെയ്യണം.

പരിമിതമായ ധനമാർഗ്ഗങ്ങളിൽ നിന്നുള്ള വികസന പരിപടാകളിൽത്തന്നെ മരാമത്ത് ജോലികൾക്കു നീക്കിവെക്കുന്നതു ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കണം. നോമിനി വർക്കുകളും കോൺട്രാക്ട് ജോലികളും ഇടത്തട്ടുകാരുടെ കീശ വീർപ്പിക്കുന്നതിനുള്ള ഒരേർപ്പാടായി മാറിക്കൊണ്ടിരിക്കയാണ്

പഞ്ചായത്തിൽ സഹകരണ മേഖലയിൽ രണ്ട് ധനകാര്യ സ്ഥാപനങ്ങളുണ്ട്. എന്നാൽ പഞ്ചായത്തിൻെറ പൊതുവായ വികസന പദ്ധതികളിലൊന്നും ഈ സ്ഥാപനങ്ങൾക്ക് നേരിട്ടു പങ്കുവഹിക്കാൻ കഴിയുന്നില്ല. കൂടുതലും കാർഷിക മേഖലയിലും കാഷികേതര മേഖലകളിലുമുള്ള വായ്പകളാണ് ഈ സ്ഥാപനങ്ങൾ നൽകുന്നത്. കാർഷിക മേഖലയിലുള്ള വായ്പകൾത്തന്നെ പ്രത്യുല്പാദന പരമാകുന്നില്ല. എന്ന വിമർശനമുണ്ട്. പഞ്ചായത്തിനകത്ത് ഒരു ദേശസാൽകൃത ബാങ്ക് പ്രവർത്തിക്കുന്നുണ്ട്. ഗ്രാമീണ മേഖലയിലെ വികസനപ്രവർത്തനങ്ങളുമായി ഈ സ്ഥാപനത്തിന് നേരിട്ട്

പങ്കൊന്നും വഹിക്കാൻ കഴിയുന്നില്ല. ഇടത്തരക്കാരുടെയും സമ്പന്നരുടെയും നിക്ഷേപങ്ങളിൽ ചെറിയൊരു പങ്ക് മാത്രമാണ് വായ്പകളായി ഇവിടെ കൊടുക്കുന്നത്. ഇതിൽ ഗ്രാമീണ മേഖലയിലെ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സംരഭങ്ങൾ ഉൾപ്പെടുന്നു.

സഹകരണ വാണിജ്യ ബാങ്കുകൾക്കു പുറമെ ധാരാളം സ്വകാര്യ പണമിടപാടുകാർ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം ബ്ലേഡു കളുടെ പ്രധാന ഗുണഭോക്താക്കൾ ചെറുകിട ഇടത്തരം വാണിജ്യക്കാരാണ്.

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭവമാണ് മനുഷ്യ സമ്പത്ത്. മൊത്തം തൊഴിൽ ശേഷിയുടെ ഒരു ചെറിയ പങ്ക് സന്നദ്ധ പ്രവർത്തനമാക്കി മാറ്റാൻ കഴിഞ്ഞൽ വികസന പ്രവർത്തനങ്ങളിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാനാകും. നിലവിൽ പഞ്ചായത്തിൽ നിരവധി സന്നദ്ധ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്, ഇവരുടെ യോജിച്ച കർമ്മശേഷി ഉല്പാദന മേഖലകൾ ശക്തിപ്പെടുത്തുന്നതിന് ഉപകരിക്കും.

വികസന മേഖലകളിലെ വിഭവ സമാഹരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെടണം.

നികുതി ഘടനക മാറാത്തത് വരുമാനം വർദ്ധിക്കുന്നതിന് തടസ്സമാകുന്നു.

ഭരണച്ചിലവുകൾ വർദ്ധിക്കുന്നു

സർക്കാർ ഫണ്ടുകൾ അപര്യാപ്തമാണ്

വികസന പ്രവർത്തനങ്ങളിൽ ഉല്പാദന മേഖല അവഗണിക്കപ്പെടുന്നു

വികസന പ്രവർത്തനങ്ങൾക്ക് വായ്പ സംവിധാനങ്ങളില്ല.

ഗൾഫ് വരുമാനം ഉല്പാദന മേഖകളിലേക്ക് തിരിച്ചുവിടാൻ കഴിയുന്നില്ല.

വികസന പരിപാടികൾക്കു സംഭാവനയായി പൊതുഫണ്ടുകൾ രൂപീകരിക്കുന്നില്ല.

സന്നദ്ധ പ്രവർത്തനങ്ങളുടെ സാദ്ധ്യത ഉപയോഗപ്പെടുത്തുന്നില്ല.

പഞ്ചായത്തിന്റെ വരവുചെലവുകളെക്കുറിച്ച് പൊതുജനങ്ങൾ അജ്ഞരാണ്.

മുകളിൽകൊടുത്ത പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ വിഭവസമാഹരണ സാധ്യതകൾ പരിശോധിക്കണം. പദ്ധതികൾ രൂപപ്പെടുത്തുമ്പോൾ സർക്കാർ സഹായം പരിപൂർണ്ണമായും വേണ്ട മേഖലകൾ, സർക്കാർ ഇതര ഏജൻസികളിൽ നിന്നുള്ള സഹായങ്ങൾ, സന്നദ്ധ പ്രവർത്തനങ്ങൾ, തനതു വരുമാന വർദ്ധനവിനുള്ള സാദ്ധ്യതകൾ എന്നിവ സൂക്ഷമമായി പരിശോധിക്കണം.

സാധ്യതകൾ

നികുതി കൊടുക്കുന്നതുവഴി തന്റെ പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയാണെന്ന ബോധ്യമ ജനങ്ങളിൽ വളർത്തണം.

കെട്ടിടനികുതി മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കണം.

നിലവിലുള്ള ഭൂനികുതി വളരെക്കാലമായി പരിഷ്ക്കരിക്കപ്പെട്ടിട്ടില്ല. ഇതിനാവശ്യമായ നിയമ നിർമ്മാണങ്ങളുണ്ടാകണം

തൊഴിലെടുക്കുന്ന എല്ലാവരും, വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന്റെ ഭാഗമായി, തൊഴിൽ നികുതി അധിക ഭാരം വരാതെ കൊടുക്കണം.

ഓരോ വാർഡിലുള്ള കച്ചവടസ്ഥാപനങ്ങളെതരം തിരിക്കണം. കച്ചവടക്കാരിൽ നിന്നും വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതികൾ ഈടാക്കാവുന്നതാണ്.

സർക്കാർ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ഏതൊരു വികസന പ്രവർത്തനവും ഇടത്തട്ടുകാരെ ഒഴിവാക്കി നേരിട്ടു നടത്തണം.

വിവിധ മേഖലകളിലുള്ള തൊഴിൽ സേനകളുടെ വലിപ്പം കണ്ടെത്തണം. കാർഷിക, നിർമ്മാണ മേഖലകളിൽ ജോലിചെയ്യുന്നവരുടെ പട്ടിക വാർഡ് അടിസ്ഥാനത്തിൽ ഉണ്ടാക്കണം. ഓരോ മേഖലയിലുമുള്ള വികസന പ്രവർത്തനത്തിൽ സന്നദ്ധ പ്രവർത്തനങ്ങളുടെ പങ്ക് തീരുമാനിക്കണം.

എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ കുറക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കണം.

ഗ്രൂപ്പ് ഫാമിങ്ങ് , സാമൂഹ്യവനവൽക്കരണം, ക്ഷീരവികസനം എന്നീ പരിപാടികൾക്കായി സന്നദ്ധ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും പ്രോജക്ടുകൾ രൂപീകരിച്ച് സർക്കാർ ഇതര ഏജൻസികളിൽ നിന്നും ധനസഹായത്തിനുള്ള പദ്ധതികൾ രൂപീകരിക്കുകയും ചെയ്യണം

കാർഷിക മേഖലയിലെ വിഭവവങ്ങൾ സമാഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച്

റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

1.	ആമുഖം, ചരിത്ര പശ്ചാത്തലം	:	ഇ. ചന്ദ്രബാബു ടി. രാമകൃഷ്ണൻ, എൻ. രഘുനാഥൻ, ഗോവിന്ദ രാജൻ
2.	ഭൂപ്രകൃതി വിഭവങ്ങൾ		കെ. വേണുഗോപാലൻ, പി. കെ. ജയപ്രകാശ്, എം. കുഞ്ഞുനായർ
3.	കൃഷി ജലസേചനം	:	കെ. രാധാകൃഷ്ണൻ, കുഞ്ഞികൃഷ്ണപിള്ള, വി. ശങ്കരൻകുട്ടിനായർ കെ. പി. രാധാകൃഷ്ണൻ നായർ
4.	മത്സ്യമേഖല മൃഗപരിപാലനം	:	പി. കെ. ജയപ്രകാശ്, സി. സുരേഷ് ബാബു
5.	വിദ്യാഭ്യാസം	:	ടി. ഗോവിന്ദൻകുട്ടിമാസ്റ്റർ, അ ംബുജാക്ഷിടീച്ചർ, ഗോവിന്ദരാജൻ
6.	ആരോഗ്യം കുടിവെള്ളം		വി. സുകുമാരൻ, കുഞ്ഞാലൻ മാസ്റ്റർ, പി. ഹരിദാസൻ, ഏ. പി. സത്യപാലൻ
7.	വ്യവസായം		പി. സി. ഉണ്ണികൃഷ്ണൻ, എം. രാമദാസ്, പി. മാധവൻ
8.	ഗതാഗതം, ഊർജ്ജം		ടി രാമകൃഷ്ണൻ, വി. കെ. പി. വിജയനുണ്ണി, യു പ്രഭാകരൻ, ടി മുഹമ്മദ്
9.	ഭവന നിർമ്മാണം, സാമൂഹ്യ ക്ഷേമം		ഇ. ചന്ദ്രബാബു, എ. പ്രഭാവതി, കെ. പി. രാമചന്ദ്രൻ മാസ്റ്റർ, സി. പി. മുസ്തഫ, വി. കെ. പത്മാവതി,
10.	സംസ്കാരം		കെ. നന്ദനൻ, എം. കുഞ്ഞുനായർ, എം. സ്വാമിനാഥൻ, പി. കെ. ശശി
11.	വനിത		കെ. വത്സലാഭായി, എൻ ലീലഅമ്മ, ഉമാറാണി
12.	സഹകരണം	:	എൻ. രഘുനാഥൻ, പി. കെ. സുധാകരൻ, കെ. സത്യഭാമ
13.	പട്ടികജാതിക്ഷേമം	:	കെ. ഹേമമാലിനി, കെ. ഉണ്ണികൃഷ്ണൻ, പി. സദാനന്ദൻ, സി.ചാമി
14.	വിഭവ സമാഹരണം		എം. പി. ഗോവിന്ദരാജൻ, കെ. വേണുഗോപാലൻ, വി. നന്ദകുമാർ